# ലോകാനുഗ്രഹി

## പ്രവാചക ജീവിതത്തിലെ നൂറ്റിപ്പതിനൊന്ന് മഹദ് സംഭവങ്ങൾ

**By** ശൈഖ് മുഹമ്മദ് കാരക്കുന്ന്



1. പ്രവാചകൻ പിറക്കുന്നു 6
2. സഹധർമിണിയുടെ സാക്ഷ്യം 6
3. വെളിച്ചം വന്ന വഴി 7
4. അലിയുടെ പിന്തുണയും ഖുറൈശികളുടെ പരിഹാസവും 8
5. സ്വഫായുടെ മുകളിൽ 8
6. പരാജയപ്പെട്ട പ്രലോഭനങ്ങൾ 9
7. യാസിർ കുടുംബമേ, ക്ഷമിക്കൂ 9
8. അടിമത്തത്തിൽനിന്ന് അമരത്വത്തിലേക്ക് 10
9. തിന്മയെ നന്മകൊണ്ടു തടയാം 11
10. ദിവ്യ സഹായം 11
11. പരിഹാസം പരിഗണിക്കാതെ മുന്നോട്ട് 12
12. ലക്ഷ്യവും മാർഗവും 12
13. ഉമറിന്റെ മനംമാറ്റം 13
14. പിതാവിനെക്കാൾ പ്രിയപ്പെട്ട പ്രവാചകൻ 14
15. ധീരമായ സമീപനം, ദൃഢമായ പ്രഖ്യാപനം 14
16. വടികൊടുത്ത് അടിവാങ്ങിയ അബൂജഹ്ൽ 15
17. വെളിച്ചത്തെ വെറുക്കാൻ കാരണമായ കിടമൽസരം 16
18. അന്ധനുവേണ്ടി അവതരിച്ച വിശുദ്ധ വചനങ്ങൾ 17
19. മർദിതന്റെ അവകാശം നേടിക്കൊടുത്ത നബി 18
20. ഖുർആൻ വചനങ്ങളും പേർഷ്യൻ പുരാണവും 19
21. വിഫലമായ വിലക്കുകൾ 19
22. നാശത്തിലേക്ക് നയിച്ച കൂട്ടുകാരൻ 20
23. വേദവാക്യത്തിന് വഴിയൊരുക്കിയ കണ്ണീർ 21
24. അദ്ദാസിന്റെ സന്മാർഗസ്വീകരണം 21
25. ശത്രുക്കൾക്കുവേണ്ടി പ്രാർഥിച്ച പ്രവാചകൻ 22
26. പ്രയോജനപ്പെടാതെ പോയ പ്രത്യുപകാരം 23
27. ചിതലുകളുടെ സേവനം 25
28. ഒന്നാം അഖബാ ഉടമ്പടി 25
29. ഹിജ്റക്ക് പശ്ചാത്തലമൊരുക്കിയ പ്രതിജ്ഞ 26
30. പരാജയമടഞ്ഞ ഗൂഢാലോച 27
31. ക്ലേശകരമായ സത്യസന്ധത 28
32. അന്യൂനമായ ആസൂത്രണം 29
33. ‘ഭയപ്പെടേണ്ട; അല്ലാഹു നമ്മോടൊപ്പമുണ്ട്!’ 30
34. പിഴയ്ക്കാത്ത പ്രവചനം 31
35. അബൂ അയ്യൂബിന്റെ വീട്ടിൽ 31

36. യഥ്രിബ് മദീനയായിമാറുന്നു ........ 32
37. സമാനതകളില്ലാത്ത സാഹോദര്യം ........ 32
38. പ്രതീക്ഷിച്ച പ്രവാചകൻ ........ 33
39. ദുഅ്ഥൂറിന്റെ മനംമാറ്റം ........ 34
40. അടിക്കുപകരം ചുംബനം ........ 34
41. ഇരുളിൽനിന്ന് വെളിച്ചത്തിലേക്ക് ........ 35
42. ശത്രുവിന്റെ സാക്ഷ്യം ........ 36
43. ജനഹിതത്തെ പിന്തുണച്ച പ്രവാചകൻ ........ 37
44. അനുസരണക്കേട് വരുത്തിയ വിന ........ 38
45. അങ്ങ് സുരക്ഷിതരെങ്കിൽ മറ്റെന്തും നിസ്സാരം ........ 38
46. പ്രവാചക പ്രഖ്യാപനത്തിന് അല്ലാഹുവിന്റെ തിരുത്ത് .. 39
47. ശത്രുക്കൾക്കും സേവനം ........ 39
48. വിജയത്തിന് വഴിയൊരുക്കിയ വിട്ടുവീഴ്ച ........ 40
49. അബൂജൻദലിന്റെ കഥ ........ 41
50. പ്രിയതമയുടെ നിർദേശം നടപ്പാക്കിയ പ്രവാചകൻ ........ 42
51. അബൂബസ്വീറിന്റെ ദുഃഖം ........ 43
52. കരാർ തിരുത്തിയ തരുണി ........ 43
53. കുട്ടികൾക്കുവേണ്ടി കണ്ണീർ ........ 45
54. ശത്രുവായി വന്ന് മിത്രമായി മടങ്ങിയ ഉമൈർ ........ 45
55. ഉദാഹരണമില്ലാത്ത ഉദാരത ........ 46
56. പ്രവചനം പുലരുന്നു ........ 47
57. കാരുണ്യത്തിന്റെ പ്രവാചകൻ ........ 48
58. ജൂതകുടുംബത്തിന്റെ മനംമാറ്റം ........ 48
59. അബൂഉമൈറിന്റെ കിളി ........ 49
60. പക്ഷിക്കുഞ്ഞിന്റെ പക്ഷംചേർന്ന പ്രവാചകൻ ........ 49
61. ഉറുമ്പുകൾക്കു വേണ്ടി ........ 50
62. ഒട്ടകത്തിന്റെ കണ്ണീർ ........ 50
63. മരത്തിന്റെ വേദന ........ 51
64. സൂര്യഗ്രഹണവും പ്രവാചകപുത്രന്റെ മരണവും ........ 51
65. പ്രവാചകന് പ്രിയപ്പെട്ട കുട്ടി ........ 52
66. വിവേചന രഹിതമായ നീതി ........ 53
67. ശിക്ഷയും ശിക്ഷണവും ........ 53
68. രണ്ടു സംഭവം; രണ്ടു വിധി ........ 54
69. മറ്റുള്ളവർക്ക് ഭാരമാവാതിരിക്കാൻ ........ 55
70. ജനങ്ങളിലൊരുവൻ ........ 55
71. ലാളിത്യത്തിലെ മഹത്വം ........ 56

72. പരിവർത്തനത്തിന്റെ പാത ........ 56
73. വ്യഭിചരിക്കാനനുവാദം! ........ 57
74. ഫലപ്രദമായ ദാനം ........ 57
75. പള്ളിയിൽ മൂത്രമൊഴിച്ച ഗ്രാമീണൻ ........ 58
76. അനുവദിക്കപ്പെട്ട മോഷണം ........ 58
77. മനശ്ശാസ്ത്രപരമായ സമീപനം ........ 59
78. സ്വർഗം മാതാവിന്റെ കാൽക്കീഴിൽ ........ 59
79. വിശ്വാസത്തിന്റെ വിധിതീർപ്പ് ........ 60
80. പ്രവാചക സ്നേഹത്തിന്റെ മഹിത മാതൃക ........ 60
81. ഒട്ടകത്തിന്റെ ഉപമ ........ 61
82. പശ്ചാത്താപത്തിന്റെ പ്രാധാന്യം ........ 62
83. യഹൂദനുവേണ്ടി വേദവാക്യങ്ങൾ ........ 62
84. സാമ്പത്തിക വിശുദ്ധി ........ 63
85. വിനയത്തിലെ മഹത്ത്വം ........ 64
86. എന്തും കേൾക്കാൻ തയ്യാർ ........ 64
87. ഷാസിന്റെ കുതന്ത്രവും പ്രവാചകന്റെ പ്രതിരോധവും 64
88. അതിരുകളില്ലാത്ത ആർദ്രത ........ 65
89. ഥുമാമ സന്മാർഗത്തിലേക്ക് ........ 66
90. ശത്രുക്കൾക്കും സഹായം ........ 67
91. സന്മാർഗത്തിലേക്കു നയിച്ച സംവാദം ........ 67
92. അപവാദപ്രചാരകർക്കും മാപ്പ് ........ 68
93. കപട വിശ്വാസികൾക്കും മാപ്പ് ........ 69
94. പ്രധാനം സമാധാനം തന്നെ ........ 69
95. വിജയപ്രഖ്യാപനം ........ 70
96. മാന്യമായ പ്രതികാരം ........ 70
97. ഉചിതമായ തെരഞ്ഞെടുപ്പ് ........ 71
98. എല്ലാവർക്കും മാപ്പ് ........ 72
99. സ്വഫ്‌വാനും മാപ്പ് ........ 73
100. വിഷം കൊടുത്ത ജൂതപ്പെണ്ണിനും മാപ്പ് ........ 74
101. പ്രവാചകൻ പ്രകാശിപ്പിച്ച മഹദ് ഗുണങ്ങൾ ........ 74
102. പ്രവാചകന്റെ ക്ഷമ; സൈദിന്റെ മനംമാറ്റം ........ 75
103. അധ്വാനത്തിന്റെ മഹത്വം ........ 76
104. സ്ത്രീസ്വാതന്ത്ര്യം ........ 76
105. പ്രവാചകനെ ഹർഷപുളകിതനാക്കിയ കവിത ........ 77
106. സമ്പൂർണ സമത്വം ........ 77
107. അൻസ്വാറുകളുടെ സംതൃപ്തി ........ 78

108. പ്രവാചകന്റെ പള്ളിയിൽ ക്രൈസ്തവ പ്രാർഥന ................ 78
109. യുവത്വത്തിന് മികച്ച പരിഗണന ........................................................ 79
110. പ്രവാചകൻ വിടപറയുന്നു ................................................................ 80
111. പ്രവാചകന്റെ വിടവാങ്ങൽ പ്രഭാഷണം ................................... 81

# 1. പ്രവാചകൻ പിറക്കുന്നു

'വായിക്കുക!' മലക്ക് ജിബ്‌രീൽ മാലാഖ മുഹമ്മദിനോടാവശ്യപ്പെട്ടു. അദ്ദേഹം അറേബ്യയിലെ മക്കാനഗരത്തിൽനിന്ന് മൂന്ന് കിലോമീറ്റർ വടക്കുള്ള നൂർ മലയിലെ 'ഹിറാ' ഗുഹയിലായിരുന്നു. നാൽപത് വയസ്സായതോടെ അവിടെ ധ്യാനനിരതനായിരിക്കുക മുഹമ്മദ് പതിവാക്കി. ആത്മീയതയോടുള്ള ആഭിമുഖ്യം മാത്രമായിരുന്നില്ല അതിനു കാരണം. മക്കയിലെ മലിനമായ സാഹചര്യങ്ങളിൽ നിന്നകന്നു നിൽക്കാനുള്ള തീവ്രമായ ആഗ്രഹം കൂടിയായിരുന്നു. കഴിഞ്ഞ നാൽപത് വർഷമായി തുടർന്നുവരുന്ന വിശുദ്ധ ജീവിതത്തിന് ഭംഗം വരരുതെന്ന നിർബന്ധം മുഹമ്മദിനുണ്ടായിരുന്നു. അന്നോളം ആ ജീവിതത്തിൽ പാപത്തിന്റെ കറ പുരണ്ടിരുന്നില്ല. മക്ക അന്ധവിശ്വാസത്തിന്റെയും അനാചാരത്തിന്റെയും അക്രമത്തിന്റെയും അനീതിയുടെയും അധർമത്തിന്റെയും അശ്ലീലതയുടെയും പിടിയിലായിരുന്നിട്ടും.
മുഹമ്മദ് അക്കാലത്തെ മറ്റെല്ലാ ചെറുപ്പക്കാരെയുംപോലെ നിരക്ഷരനായിരുന്നു. അതിനാലൊട്ടും മടിയില്ലാതെ പറഞ്ഞു: 'എനിക്കു വായിക്കാനറിയില്ല.'
അതോടെ ജിബ്‌രീൽ അദ്ദേഹത്തെ അണച്ചുപിടിച്ചു. തുടർന്ന് വീണ്ടും വായിക്കാനാവശ്യപ്പെട്ടു. മുഹമ്മദ് തന്റെ മറുപടി ആവർത്തിച്ചു. മൂന്നാമതും വായിക്കാനാവശ്യപ്പെട്ടപ്പോൾ അദ്ദേഹം വിനയപൂർവം ചോദിച്ചു: 'ഞാനെന്താണ് വായിക്കേണ്ടത്!'
തന്റെ വാക്കുകൾക്ക് കാതോർക്കുന്ന മുഹമ്മദിനെ ജിബ്‌രീൽ തെളിഞ്ഞ ഭാഷയിലിങ്ങനെ വായിച്ചു കേൾപ്പിച്ചു:
'വായിക്കുക! സൃഷ്ടിച്ച നിന്റെ നാഥന്റെ നാമത്തിൽ. അവൻ മനുഷ്യനെ ഭ്രൂണത്തിൽനിന്ന് സൃഷ്ടിച്ചു. വായിക്കുക, നിന്റെ നാഥൻ അത്യുദാരനാണ്. അവൻ പേനകൊണ്ടു പഠിപ്പിച്ചവൻ. മനുഷ്യനെ അവനറിയാത്തത് അവൻ അഭ്യസിപ്പിച്ചു.'
അങ്ങനെ മുഹമ്മദ് ആദ്യമായി ദിവ്യസന്ദേശങ്ങൾ ഏറ്റുവാങ്ങി. കഴിഞ്ഞ നാൽപതു കൊല്ലം സാധാരണ മനുഷ്യനായി ജീവിച്ച അദ്ദേഹം അല്ലാഹുവിന്റെ അന്ത്യദൂതനായി നിയോഗിതനായി. പ്രിയപത്നി ഖദീജ സ്നേഹപൂർവം നൽകിയ ആഹാരപ്പൊതിയുമായി ഹിറാ ഗുഹയിലേക്കുപോയ മുഹമ്മദ് അവിടെ നിന്ന് പുറത്തുവന്നത്, ഹൃദയത്തിൽ ദിവ്യവെളിച്ചവും ചുണ്ടുകളിൽ വേദവാക്യങ്ങളുമായാണ്.

# 2. സഹധർമിണിയുടെ സാക്ഷ്യം

'ആരാണത്?' വാതിലിൽ മുട്ടുന്ന ശബ്ദം കേട്ട് ഖദീജ ചോദിച്ചു. തന്റെ പ്രിയതമൻ 'ഹിറാ'ഗുഹയിൽ പോയാൽ പതിവായി തിരിച്ചെത്താറുള്ള സമയമായിട്ടില്ല. അതിനാലാണ് അവർക്ക് അങ്ങനെ ചോദിക്കേണ്ടിവന്നത്.
അടുത്ത കാലത്തായി ഭർത്താവിലുണ്ടായ മാറ്റം ഖദീജ ശ്രദ്ധിച്ചിരുന്നു. മുമ്പെന്നത്തെക്കാളുമേറെ ഏകാന്തജീവിതത്തോട് ആഭിമുഖ്യം വർധിച്ചതും ആൾക്കൂട്ടത്തിൽനിന്ന് അകന്നുകഴിയാൻ തുടങ്ങിയതും അവരിൽ താൽപര്യമുണർത്തിയിരുന്നു. വീട്ടിൽനിന്ന് ഹിറാഗുഹയിലേക്ക് പോകുമ്പോൾ ഭക്ഷണപ്പൊതി തയ്യാറാക്കിക്കൊടുത്തിരുന്നതും അവർ തന്നെയാണ്.
'ഇതു ഞാനാണ്, ഖാസിമിന്റെ ഉപ്പ. വാതിൽ തുറക്കൂ. വേഗമാകട്ടെ.'
പ്രിയതമന്റെ ശബ്ദത്തിലെ ഇടർച്ചയും പതർച്ചയും ഖദീജ ശ്രദ്ധിച്ചു. അതുകൊണ്ടുതന്നെ അവർ ഓടിച്ചെന്ന് വാതിൽ തുറന്നുകൊടുത്തു. ഉടൻതന്നെ അദ്ദേഹം അകത്ത് പ്രവേശിച്ചു. മുഖത്ത് അമ്പരപ്പിന്റെ അടയാളം. കണ്ണുകളിൽ തീക്ഷ്ണഭാവം.
പ്രിയതമനെ പരിഭ്രാന്തനാക്കിയതെന്തെന്നറിയാനുള്ള ഉൽക്കടമായ തിടുക്കത്തോടെ അവർ ചോദിച്ചു: 'അബുൽ ഖാസിം, അങ്ങേക്ക് എന്തു പറ്റി?'
സഹധർമിണിയുടെ സ്നേഹനിർഭരവും ഉദ്വേഗപൂർണവുമായ ചോദ്യത്തിന് പെട്ടെന്ന് ഉത്തരം പറയാൻ പ്രവാചകന് സാധിച്ചില്ല. ഹിറാഗുഹയിൽനിന്നുണ്ടായ അനുഭവത്തിന്റെ ഞെട്ടൽ പെട്ടെന്നൊന്നും വിട്ടുമാറുന്നതായിരുന്നില്ല. എങ്കിലും ഏറെ പണിപ്പെട്ട് സംഭവിച്ചതെല്ലാം വിശദീകരിച്ചു. ഗുഹയിലായിരിക്കെ മലക്ക് ജിബ്‌രീൽ മനുഷ്യരൂപത്തിൽ പ്രത്യക്ഷപ്പെട്ടതും തന്നോട് വായിക്കാൻ ആവശ്യപ്പെട്ടതും അതിനു താൻ നൽകിയ മറുപടിയും പ്രിയതമയെ കേൾപ്പിച്ചു. തുടർന്നു മലക്ക് വായിച്ചുകൊടുത്ത കാര്യവും അവരുടെ ശ്രദ്ധയിൽ പെടുത്തി.

എല്ലാം അതീവ ശ്രദ്ധയോടെ കേട്ടുകൊണ്ടിരുന്ന ഖദീജ ശാന്തസ്വരത്തിൽ പറഞ്ഞു: 'പ്രിയപ്പെട്ടവനേ, സന്തോഷിച്ചു കൊള്ളുക. ദൃഢമാനസനാവുക. അങ്ങയുടെ ആത്മാവ് ആരുടെ കൈയിലാണോ അവൻ സാക്ഷി! അങ്ങ് ഈ ജനത്തിന്റെ പ്രവാചകനായിത്തീരുമെന്ന് തീർച്ചയായും ഞാൻ പ്രതീക്ഷിക്കുന്നു. അല്ലാഹു ഒരിക്കലും അങ്ങയെ അപമാനിക്കുകയില്ല. കഷ്ടപ്പെടുത്തുകയുമില്ല. അങ്ങ് കുടുംബബന്ധം ചേർക്കുന്നു. സത്യം മാത്രം പറയുന്നു; അശരണരെ സഹായിക്കുന്നു; അതിഥികളെ സൽക്കരിക്കുന്നു; സത്യത്തിന്റെ വിജയത്തിനായി പണിയെടുക്കുന്നു. ഒരു തെറ്റും ചെയ്യുന്നില്ല. എല്ലാം നല്ലതിനായിരിക്കുമെന്ന് എനിക്കുറപ്പുണ്ട്.'

## 3. വെളിച്ചം വന്ന വഴി

പ്രവാചകനും പ്രിയപത്നി ഖദീജയും നമസ്കരിക്കുകയായിരുന്നു. നബി തിരുമേനി അടുത്തുള്ളവർ കേൾക്കത്തക്കവിധമാണ് നമസ്കാരത്തിൽ ഖുർആൻ പാരായണം ചെയ്തുകൊണ്ടിരുന്നത്. അൽപം മാറിനിന്ന് ഇരുവരെയും ശ്രദ്ധിച്ചുകൊണ്ടിരുന്ന അബൂത്വാലിബിന്റെ മകൻ അലി ഇത് ശ്രദ്ധാപൂർവം കേട്ടുകൊണ്ടിരുന്നു. അവർ തലകുനിക്കുന്നതും നെറ്റി നിലത്തുവെച്ച് സാഷ്ടാംഗം ചെയ്യുന്നതുമെല്ലാം അങ്ങേയറ്റത്തെ അദ്ഭുതത്തോടെയും താൽപര്യത്തോടെയുമാണ് ആ ബാലൻ നോക്കിനിന്നത്.
അലിക്ക് ഭൂമിയിലേറ്റം പ്രിയപ്പെട്ടവൻ പിതൃവ്യപുത്രനായ മുഹമ്മദ് ആയിരുന്നു. കഴിഞ്ഞ കുറേകാലമായി അവരൊന്നിച്ചാണ് താമസം. അതിന് അവസരമൊരുക്കിയത് നബി തിരുമേനി തന്നെയാണ്. അലിക്ക് കുറേയേറെ സഹോദരങ്ങളുണ്ടായിരുന്നു. അതിനാൽ മക്ക കൊടിയ പട്ടിണിയുടെ പിടിയിലമർന്ന ഘട്ടത്തിൽ മുഹമ്മദ് പിതൃവ്യൻ അബ്ബാസിനെ സമീപിച്ച് ഇങ്ങനെ പറഞ്ഞു: 'നിങ്ങളുടെ സഹോദരൻ അബൂത്വാലിബിന് കുറേ കുട്ടികളുണ്ടല്ലോ. അവർ ദാരിദ്ര്യം കാരണം കഷ്ടപ്പെടുകയാണ്. അബൂത്വാലിബിന്റെ പ്രയാസം കുറേയൊക്കെ പരിഹരിക്കാൻ നമുക്കു കഴിയും. അദ്ദേഹത്തിന്റെ മക്കളിലൊരാളെ താങ്കൾ സംരക്ഷിക്കുക. മറ്റൊരാളെ ഞാനും ഏറ്റെടുക്കാം.' അങ്ങനെയാണ് അലി പിതൃവ്യപുത്രൻ മുഹമ്മദിന്റെ അടുത്തെത്തിയത്. ഒന്നിച്ചുള്ള ജീവിതത്തിൽ അലി അദ്ദേഹത്തിന്റെ അകവും പുറവും നന്നായി പഠിച്ചറിഞ്ഞിരുന്നു. ജീവിതത്തിൽ ഒരൊറ്റ കളവും പറയാത്തവനാണ് മുഹമ്മദ്. അദ്ദേഹം അന്നോളം ആരെയും ആക്രമിച്ചിട്ടില്ല; വഞ്ചിച്ചിട്ടില്ല; ആരോടും അനീതി കാണിച്ചിട്ടുമില്ല. ഇതൊക്കെയും സൂക്ഷ്മമായി മനസ്സിലാക്കിയ ആ ബാലന് മുഹമ്മദ് എന്താണ് ചെയ്തുകൊണ്ടിരിക്കുന്നതെന്ന് അറിയാൻ അതിയായ ആകാംക്ഷയുണ്ടായി. അതോടൊപ്പം അദ്ദേഹം ഉരുവിട്ടുകൊണ്ടിരുന്ന വചനങ്ങൾ അലിയെ വല്ലാതെ ആകർഷിക്കുകയും ചെയ്തു. അതിനാൽ മുഹമ്മദ് തന്റെ കർമത്തിൽനിന്ന് വിരമിക്കുന്നത് ആ ബാലൻ ആകാംക്ഷയോടെ കാത്തിരുന്നു. നമസ്കാരം കഴിഞ്ഞ ഉടനെ നബി തിരുമേനിയെ സമീപിച്ച് ചോദിച്ചു: 'നിങ്ങൾ എന്താണ് ചെയ്തുകൊണ്ടിരുന്നത്?'
മുഹമ്മദ് നബി താൻ ദൈവദൂതനായി നിയോഗിക്കപ്പെട്ടകാര്യവും നിർവഹിച്ചുകൊണ്ടിരുന്ന കർമവും ചുരുക്കിവിവരിച്ചു. ഇസ്‌ലാമിനെ മൊത്തത്തിൽ പരിചയപ്പെടുത്തുകയും ചെയ്തു. എല്ലാം ശ്രദ്ധിച്ചുകേട്ട ശേഷമാണ് ആ ബാലൻ ഉറങ്ങാൻ പോയത്. എന്നാൽ ആ രാത്രി അലിക്ക് ഉറക്കം വന്നതേയില്ല. അടുത്ത പുലരിക്ക് വേണ്ടി കണ്ണടക്കാതെ കാത്തിരുന്നു അവൻ. നേരം പുലർന്നയുടനെ നബി തിരുമേനിയെ സമീപിച്ചു. താൻ സന്മാർഗം സ്വീകരിച്ചതായി പ്രഖ്യാപിച്ചു. അന്ന് അലിയുടെ പ്രായം കേവലം പതിനൊന്നു വയസ്സായിരുന്നു. എന്നിട്ടും പിതാവിനോടുപോലും അനുവാദം ചോദിക്കാതെയാണ് പ്രവാചകന്റെ പാത പിന്തുടർന്നത്. അദ്ദേഹത്തെ ആ ബാലന് അത്രയേറെ വിശ്വാസമായിരുന്നു. പിതാവ് അബൂത്വാലിബിനോട് സമ്മതം ആരായുന്നതിനെ സംബന്ധിച്ച് അന്വേഷിച്ചപ്പോൾ അലിയുടെ പ്രതികരണമിതായിരുന്നു: 'അദ്ദേഹത്തോട് ചോദിച്ചല്ലല്ലോ അല്ലാഹു എന്നെ സൃഷ്ടിച്ചത്! അതിനാൽ അല്ലാഹുവിന് വഴിപ്പെടാനും അദ്ദേഹത്തോട് ചോദിക്കേണ്ടതില്ല.' ഇസ്‌ലാം സ്വീകരിച്ച ആദ്യത്തെ ബാലനാണ് അലി. എന്നാൽ അദ്ദേഹത്തിന്റെ പിതാവ് ജീവിതാന്ത്യംവരെ തന്റെ പഴയ ആചാരങ്ങളിൽ ഉറച്ചുനിൽക്കുകയാണുണ്ടായത്. ആദർശവിശ്വാസങ്ങളിലെ ഈ ഭിന്നത അവർക്കിടയിലെ ഊഷ്മള ബന്ധത്തെ ഒട്ടും ബാധിച്ചിരുന്നില്ല. പിതൃ-പുത്ര ബന്ധം സുദൃഢമായിത്തന്നെ തുടർന്നു.

## 4. അലിയുടെ പിന്തുണയും ഖുറൈശികളുടെ പരിഹാസവും

പരസ്യമായി സത്യപ്രബോധനം നടത്താൻ നിർദേശം ലഭിച്ചപ്പോൾ നബി തിരുമേനി തന്റെ വീട്ടിൽ ഒരു സദ്യയൊരുക്കി. അടുത്ത ബന്ധുക്കളെയാണ് അതിലേക്ക് ക്ഷണിച്ചത്. എല്ലാവരും എത്തിച്ചേർന്നപ്പോൾ നബി തിരുമേനി എഴുന്നേറ്റുനിന്ന് പറഞ്ഞു: 'നിങ്ങൾക്കായി ഞാൻ കൊണ്ടുവന്നതിനെക്കാൾ ഉത്തമമായ ഒന്നുമായി വന്ന് സ്വന്തം ജനതയെ സമീപിച്ച ആരെയും എനിക്കറിയില്ല. മെച്ചപ്പെട്ട ഇഹലോകവും ഉത്തമമായ പരലോകവുമാണ് ഞാൻണടനിങ്ങൾക്കായി കൊണ്ടുവന്നിരിക്കുന്നത്. നിങ്ങളെ ഈ വിജയപാതയിലേക്ക് ക്ഷണിക്കാൻ എന്റെ നാഥൻ എന്നോടാജ്ഞാപിച്ചിരിക്കുന്നു. ഇക്കാര്യത്തിൽ എന്നെ തുണക്കാൻ തയ്യാറുള്ള ആരുണ്ട്?'
ഈ ആഹ്വാനം കേട്ടവരൊക്കെ അതവഗണിച്ചും തള്ളിപ്പറഞ്ഞും  സ്ഥലംവിട്ടു. വ്യത്യസ്ത നിലപാടു സ്വീകരിച്ച ഏക വ്യക്തി പ്രവാചകന്റെ പിതൃവ്യൻ അബൂത്വാലിബിന്റെ മകൻ അലിയായിരുന്നു. കേവലം ഒരു ബാലൻ മാത്രമായിരുന്ന അലി എഴുന്നേറ്റുനിന്ന് ഉറക്കെ വിളിച്ചുപറഞ്ഞു: 'ദൈവദൂതരേ, അങ്ങയെ തുണക്കാൻ ഞാനുണ്ട്. താങ്കൾ ആരോടൊക്കെ സമരം ചെയ്യുന്നുവോ അവരോടെല്ലാം ഞാനും സമരം ചെയ്യും.'
അലിയുടെ ഈ പ്രഖ്യാപനം ഖുറൈശി പ്രമുഖർ തികഞ്ഞ പരിഹാസത്തോടെയാണ് ശ്രവിച്ചത്.

## 5. സ്വഫായുടെ മുകളിൽ

'ഈ മലയുടെ മറുഭാഗത്ത് നിങ്ങളെ ആക്രമിക്കാൻ സൈന്യം താവളമടിച്ചിട്ടുണ്ടെന്ന് ഞാൻ പറഞ്ഞാൽ നിങ്ങളത് വിശ്വസിക്കുമോ?'' മക്കയിലെ സ്വഫാമലയുടെ മുകളിൽ കയറിനിന്ന് നബി തിരുമേനി ചോദിച്ചു. അദ്ദേഹത്തിന്റെ മുമ്പിൽ തന്റെ ഗോത്രക്കാരായ ഖുറൈശികൾ കൂടിനിൽക്കുന്നുണ്ടായിരുന്നു. അദ്ദേഹം അവരെ വിളിച്ചുവരുത്തിയതായിരുന്നു.
''തീർച്ചയായും നിന്നെ വിശ്വസിക്കാതിരിക്കാൻ ഞങ്ങളൊരുകാരണവും കാണുന്നില്ല. നീ ഇന്നോളം കള്ളം പറഞ്ഞതായി ഞങ്ങൾക്ക് അനുഭവമില്ല.'' അവിടെക്കൂടിയവർ ഏകസ്വരത്തിൽ പറഞ്ഞു. മറിച്ചൊരു നിലപാടെടുക്കാൻ അവർക്ക് കഴിയുമായിരുന്നില്ല. സത്യവിരുദ്ധമോ വിശ്വസ്തതക്ക് ചേരാത്തതോ ആയി ഒന്നും അദ്ദേഹം ചെയ്തതോ പറഞ്ഞതോ ആയി, അദ്ദേഹത്തെ അടുത്തറിയുന്ന ആർക്കും ആരോപിക്കാനാവില്ല. 'വിശ്വസ്തൻ' എന്നർഥം വരുന്ന 'അൽഅമീൻ' എന്ന അപരനാമത്തിലാണല്ലോ അദ്ദേഹം അറിയപ്പെട്ടിരുന്നത്.
തന്റെ വിശ്വസ്തത കേൾവിക്കാരെക്കൊണ്ട് അംഗീകരിപ്പിച്ച ശേഷം പ്രവാചകൻ പറഞ്ഞു: 'കൊടിയ ശിക്ഷയെക്കുറിച്ച് താക്കീത് നൽകുന്നവനാണ് ഞാൻ. എന്റെ അടുത്ത ബന്ധുക്കൾക്ക് മുന്നറിയിപ്പ് നൽകുവാൻ അല്ലാഹു എന്നോട് കൽപിച്ചിരിക്കുന്നു. അതിനാൽ, അല്ലാഹുവല്ലാതെ ദൈവമില്ലെന്ന് നിങ്ങൾ പ്രഖ്യാപിക്കുക. നിങ്ങളങ്ങനെ ചെയ്യുന്നില്ലെങ്കിൽ നിങ്ങൾക്ക് ഈ ലോകത്ത് എന്തെങ്കിലും നേട്ടമോ പരലോകവിജയമോ ഉറപ്പു നൽകാൻ എനിക്കു സാധ്യമല്ല.'
ഇതു കേട്ടപ്പോഴേക്കും പ്രവാചകന്റെ പിതൃവ്യൻ അബൂലഹബ് അത്യധികം പ്രകോപിതനായി. കോപാധിക്യത്താൽ അയാൾ അലറി:'' നിനക്കു നാശം! ഇതു പറയാനാണോ നീ ഞങ്ങളെ ഇവിടെ ഒരുമിച്ചുകൂട്ടിയത്!''
അങ്ങനെ പരസ്യപ്രബോധനത്തിനുള്ള പ്രവാചകന്റെ പ്രഥമശ്രമം പിതൃവ്യൻ തന്നെ പരാജയപ്പെടുത്തി. എങ്കിലും ഒട്ടും നിരാശനാവാതെ നബി തിരുമേനി തന്റെ നിയോഗം തുടർന്നും നിർവഹിച്ചുകൊണ്ടിരുന്നു.

## 6. പരാജയപ്പെട്ട പ്രലോഭനങ്ങൾ

കൊടിയ അക്രമ മർദനങ്ങൾക്കൊന്നും പ്രവാചകനെയും അനുയായികളെയും പിന്തിരിപ്പിക്കാൻ സാധ്യമല്ലെന്ന് ബോധ്യമായ മക്കയിലെ ശത്രുക്കൾ, ആനുകൂല്യങ്ങൾ നൽകി അനുനയിപ്പിക്കാമെന്ന മിഥ്യാധാരണയിലായിരുന്നു. അങ്ങനെയാണ് അവരെ പ്രതിനിധീകരിച്ച് റബീഅഃയുടെ മകൻ ഉത്ബ നബി തിരുമേനിയെ സമീപിച്ചത്. അദ്ദേഹം പറഞ്ഞു: 'സഹോദരപുത്രാ, താങ്കൾ ഞങ്ങളിലെ മാന്യനാണ്. കുലീന  കുടുംബത്തിലെ അംഗമാണ്. എന്നാൽ താങ്കളിപ്പോൾ രംഗത്തിറങ്ങിയത് താങ്കളുടെ തന്നെ ആൾക്കാർക്ക് അപകടം വരുത്തുന്ന കാര്യവുമായാണ്. അത് അവരുടെ കെട്ടുറപ്പ് തകർത്തിരിക്കുന്നു. കൂട്ടായ്മക്ക് കോട്ടം വരുത്തിയിരിക്കുന്നു. അതിനാൽ ഇതൊന്നു കേൾക്കൂ; ഏറെ ഗുണകരവും സ്വീകാര്യവുമായ ചില കാര്യങ്ങൾ ഞാൻ പറയാം: നിന്റെ ഈ പുതിയ മതംകൊണ്ട് പണം നേടലാണ് ലക്ഷ്യമെങ്കിൽ അറേബ്യയിലെ ഏറ്റവും വലിയ സമ്പന്നനാകാനാവശ്യമായ സ്വത്ത് ഞങ്ങൾ തരാം. നേതൃത്വമാണ് ഉദ്ദേശ്യമെങ്കിൽ താങ്കളെ ഞങ്ങളുടെ നേതാവാക്കാം. താങ്കളുടെ ഇഷ്ടത്തിനെതിരായി ഞങ്ങളൊന്നും ചെയ്യുകയില്ല. ഭരണമാണ് വേണ്ടതെങ്കിൽ താങ്കളെ ഞങ്ങളുടെ രാജാവാക്കാം. ഏതെങ്കിലും പെണ്ണിനെ സ്വന്തമാക്കലാണ് ലക്ഷ്യമെങ്കിൽ അറേബ്യയിലെ ഏറ്റവും സുന്ദരിയെ താങ്കൾക്ക് വിവാഹം ചെയ്തുതരാം. ഇനി ഇതൊന്നുമല്ലാത്ത, താങ്കൾക്കു തന്നെ തടുക്കാനാവാത്ത വല്ല ജിന്നുബാധയുമാണ് ഇതൊക്കെ വിളിച്ചുപറയാൻ കാരണമെങ്കിൽ താങ്കളെ ഞങ്ങൾ വേണ്ടവിധം ചികിത്സിക്കാം. അതിനാവശ്യമായ സമ്പത്ത് ഞങ്ങൾ ചെലവഴിച്ചുകൊള്ളാം.'
ഉത്ബയുടെ നിർദേശം ശ്രദ്ധാപൂർവം കേട്ട നബിതിരുമേനി ഖുർആനിലെ മുപ്പത്തി രണ്ടാം അധ്യായമായ 'അസ്സജദ' ഓതിക്കേൾപ്പിച്ചു. അത്യാകർഷകമായ ആ വചനങ്ങൾ ഉത്ബ ഏറെ താൽപര്യത്തോടെയാണ് ശ്രവിച്ചത്. മുഹമ്മദിന്റെ ലക്ഷ്യം പണമോ പെണ്ണോ പദവിയോ ഒന്നുമല്ലെന്ന് അതോടെ അദ്ദേഹത്തിന് ബോധ്യമായി. നിഷേധിക്കാനാവാത്ത സത്യമാണ് അദ്ദേഹം പറയുന്നതെന്നും വിജയത്തിന്റെ വഴിയിലേക്കാണ് ജനങ്ങളെ ക്ഷണിക്കുന്നതെന്നും ഉത്ബയുടെ മനസ്സ് മന്ത്രിച്ചു. അതുകൊണ്ടുതന്നെ നബിതിരുമേനിയോട് കൂടുതലൊന്നും പറയാനുണ്ടായിരുന്നില്ല. അദ്ദേഹം, തന്നെ നിയോഗിച്ചയച്ച ഖുറൈശികളെ സമീപിച്ച് പറഞ്ഞു: 'മുഹമ്മദിന്റെ കാര്യം അറബികൾക്ക് പൊതുവായി വിട്ടുകൊടുക്കുക. അവർ അവനുമായി എതിരിടട്ടെ. ജയിക്കുന്നത് അറബികളാണെങ്കിൽ അതോടെ പ്രശ്നം പരിഹരിക്കപ്പെടും. അഥവാ, മുഹമ്മദാണ് ജയിക്കുന്നതെങ്കിൽ അതിന്റെ നേട്ടവും സൽപേരും ഖുറൈശികളായ നമുക്ക് തന്നെയാണല്ലോ.'
എന്നാൽ, ഉത്ബയുടെ ഈ അഭിപ്രായം പ്രവാചകന്റെ ശത്രുക്കളെ ഒട്ടും തൃപ്തിപ്പെടുത്തിയില്ല. അവർ തങ്ങളുടെ എതിർപ്പ് കൂടുതൽ ശക്തിയോടെ തുടരാൻ തന്നെയാണ് തീരുമാനിച്ചത്. എങ്കിലും നബിതിരുമേനിയുടെ ലക്ഷ്യം ഒരുവിധ ഭൗതിക നേട്ടവുമല്ലെന്ന് ഏവരെയും ബോധ്യപ്പെടുത്താൻ ഉത്ബയുടെ ദൗത്യം സഹായകമായി.

## 7. യാസിർ കുടുംബമേ, ക്ഷമിക്കൂ

മൂന്ന് അംഗങ്ങളാണ് യാസിർ കുടുംബത്തിലുണ്ടായിരുന്നത്. വൃദ്ധനായ യാസിർ, സഹധർമിണി സുമയ്യ, മകൻ അമ്മാർ. മൂന്നുപേരും മഖ്സൂം ഗോത്രത്തിന്റെ അടിമകളായിരുന്നു.
ചെറുപ്പത്തിന്റെ ചൈതന്യവും ചോരത്തിളപ്പും ഒത്തിണങ്ങിയ അമ്മാറാണ് ആദ്യം ഇസ്‌ലാം ആശ്ലേഷിച്ചത്. പിതാവ് യാസിറും മാതാവ് സുമയ്യയും അദ്ദേഹത്തിലൂടെയാണ് സന്മാർഗം പ്രാപിച്ചത്. മൂന്നുപേരും പ്രവാചകപാത പിൻപറ്റിയതോടെ മഖ്സൂം ഗോത്രവും ഖുറൈശിക്കൂട്ടവും ഒന്നുപോലെ ഇളകിവശായി. അവർ കൊടിയ പീഡനങ്ങളഴിച്ചുവിട്ടു. യാസിറിന്റെ ശരീരത്തിൽ ചുട്ടുപഴുത്ത പടയങ്കി അണിയിച്ചു. തല വെള്ളത്തിൽ മുക്കി ശ്വാസംമുട്ടിച്ചു. സുമയ്യയെ മലർത്തിക്കിടത്തി നെഞ്ചിൽ കരിങ്കല്ല് കയറ്റിവെച്ച് ചുട്ടുപഴുത്ത മണലിലൂടെ വലിച്ചിഴച്ചു. ഗുഹ്യഭാഗത്ത് കുന്തംകൊണ്ട് കുത്തി. മകൻ അമ്മാറിനെയും വെറുതെവിട്ടില്ല. തന്റെ അനുയായികളനുഭവിക്കുന്ന ഈ കൊടിയ ദുരിതങ്ങൾ നോക്കിനിൽക്കാനേ നബി തിരുമേനിക്കു കഴിഞ്ഞുള്ളൂ. അവിടുന്ന് അവരോടു പറഞ്ഞു: 'യാസിർ കുടുംബമേ, ക്ഷമിക്കൂ! ഉറപ്പായും നിങ്ങളുടെ വാഗ്ദത്ത സ്ഥലം സ്വർഗമാണ്.' പ്രവാചകന്റെ വാക്കുകൾ വൈകാതെ തന്നെ പുലരുകയായിരുന്നു. യാസിറും സുമയ്യയും രക്തസാക്ഷികളായി.

# 8. അടിമത്തത്തിൽനിന്ന് അമരത്വത്തിലേക്ക്

'നീ എന്താണ് ചൊല്ലിക്കൊണ്ടിരിക്കുന്നത്?' ഉമയ്യത്തിന്റെ ചോദ്യം ഒരലർച്ചയായിരുന്നു. അയാളുടെ കണ്ണുകൾ കോപത്താൽ കത്തിജ്ജ്വലിച്ചിരിക്കുന്നു. മുഖഭാവം ഭീകരത വിളംബരം ചെയ്തിരുന്നു.
മക്കയിലെ പ്രമുഖ പണക്കാരിലൊരാളാണ് ഉമയ്യത്ത്. അയാളുടെ പന്ത്രണ്ട് അടിമകളിലൊരാളാണ് ബിലാൽ. അദ്ദേഹത്തിന്റെ ഇസ്‌ലാം സ്വീകരണമാണ് ഉമയ്യത്തിനെ പ്രകോപിതനാക്കിയത്. 'ദാറുന്നദ്‌വ'യിൽ വെച്ചാണ് അയാളതറിഞ്ഞത്. അവിടെയാണ് പ്രവാചകനെതിരെ ഗൂഢാലോചന നടത്താൻ ഖുറൈശിക്കൂട്ടം ഒത്തുകൂടിയിരുന്നത്.
ബിലാലിന്റെ ഇസ്‌ലാം സ്വീകരണം സ്ഥിരീകരിക്കപ്പെട്ടതോടെ ഉമയ്യത്ത് പ്രഖ്യാപിച്ചു: 'ആ നീചന്റെ ഇസ്‌ലാം അവസാനിപ്പിച്ചിട്ടല്ലാതെ ഇന്ന് സൂര്യനസ്തമിക്കുകയില്ല.'
'ദൈവവചനങ്ങളാണ് ഞാൻ ചൊല്ലിക്കൊണ്ടിരിക്കുന്നത്.' ബിലാൽ ശാന്തസ്വരത്തിൽ പറഞ്ഞു.
'ഏതാണെടാ നിന്റെ ഈ ദൈവം? എപ്പോഴാണവൻ സംസാരിക്കാൻ തുടങ്ങിയത്?' ഉമയ്യത്ത് ഗർജിച്ചു.
'ദൈവം തന്റെ ദാസനും ദൂതനുമായ മുഹമ്മദിന് അവതരിപ്പിച്ച ഗ്രന്ഥത്തിലുള്ളതാണവ.' ബിലാൽ നിസ്സങ്കോചം അറിയിച്ചു.
'ഭ്രാന്ത് പറയാതിരിക്കൂ.'
'സത്യമായും അവനാണെന്റെ രക്ഷിതാവ്.' താഴ്ന്നതെങ്കിലും സുദൃഢ സ്വരത്തിൽ ബിലാൽ പറഞ്ഞു.
'ഏതാണ് നിന്റെ ഈ രക്ഷിതാവ്?'
'ആകാശഭൂമികളെയും അവയ്ക്കിടയിലുള്ളവയെയും സൃഷ്ടിച്ചവൻ.'
'നീ ഞങ്ങളുടെ ദൈവങ്ങളെ ഒഴിവാക്കുകയാണോ? ആ മാരണക്കാരനെ പിൻപറ്റുകയും?' ഉമയ്യത്ത് ക്ഷോഭിച്ചു.
'അല്ലാഹു എന്നെ നേർവഴിയിലാക്കിയിരിക്കുന്നു.' ബിലാൽ പറഞ്ഞുതീർന്നപ്പോഴേക്കും ഉമയ്യത്തിന്റെ ചാട്ടവാർ ഉയർന്നുതാണു. അത് അനേക തവണ ബിലാലിന്റെ ശരീരത്തിൽ പതിച്ചു. അദ്ദേഹത്തിന്റെ മുഖത്തും ചുമലിലും പുറത്തും ചോര പൊടിഞ്ഞു.
'അടിമക്ക് തന്നിഷ്ടം കാണിക്കാനധികാരമില്ലെന്ന് നിനക്കറിഞ്ഞുകൂടേ? യജമാനന്റേതല്ലാത്ത മതം പിന്തുടരാൻ അവന്നവകാശമില്ല. നീ എന്റെ അടിമയാണ്. എന്റെ ദൈവങ്ങൾ തന്നെയാണ് നിന്റെയും ദൈവങ്ങൾ. എനിക്കില്ലാത്ത ഒരു ദൈവം നിനക്കുണ്ടായിക്കൂടാ. ഞാനാഗ്രഹിക്കുന്നതാണ് നിന്നെക്കൊണ്ട് ഞാൻ ചെയ്യിക്കുക. നീ പ്രവർത്തിക്കേണ്ടത് എന്റെ ഇഷ്ടപ്രകാരമാണ്. വിശ്വസിക്കേണ്ടത് ഞാൻ പറയുന്നതും.' ഉമയ്യത്ത് പ്രഖ്യാപിച്ചു.
'ഞാൻ നിങ്ങളുടെ അടിമ തന്നെ; സംശയമില്ല. നിങ്ങൾക്കിഷ്ടമുള്ളതാണ് നിങ്ങളെന്നെക്കൊണ്ട് ചെയ്യിക്കുകയെന്നും നിങ്ങൾ കൽപിക്കുന്നതാണ് ഞാൻ പ്രവർത്തിക്കേണ്ടതെന്നും എനിക്കറിയാം. എന്നാൽ നിങ്ങൾക്കെന്റെ ശരീരത്തിന്റെ മേൽ മാത്രമേ അവകാശമുള്ളൂ. മനസ്സിന്റെയും ആത്മാവിന്റെയും മേലില്ല. അവിടെ എന്ത് സൂക്ഷിക്കണമെന്നും വിശ്വസിക്കണമെന്നും തീരുമാനിക്കാനുള്ള അവകാശം എനിക്കാണ്; മറ്റാർക്കുമല്ല. എന്തെങ്കിലും വിശ്വാസം എന്റെ മേൽ അടിച്ചേൽപിക്കാൻ ആർക്കും അധികാരമില്ല.'
'മടങ്ങുന്നതാണ് നിനക്കുത്തമം. ഇല്ലെങ്കിൽ മുഹമ്മദ് മലിനമാക്കിയ നിന്റെ ആത്മാവ് നിനക്കു നഷ്ടപ്പെടും.' ഉമയ്യത്ത് ഭീഷണിപ്പെടുത്തി.
'മുഹമ്മദ് അത് മലിനമാക്കുകയല്ല; സംസ്കരിക്കുകയാണ് ചെയ്തത്.'
'നീ ധിക്കാരം തുടരുകയാണോ? എന്റെ കൽപന ലംഘിക്കുകയും''
'അല്ലാഹുവിനെ അനുസരിക്കാൻ, അനിവാര്യമെങ്കിൽ നിങ്ങളുടെ കൽപനകളും ലംഘിക്കേണ്ടിവരും.'
'അധികപ്രസംഗം നിർത്തെടാ; നിന്റെ പുതിയ മതമുപേക്ഷിച്ചില്ലെങ്കിൽ...'
'നിങ്ങളെന്നെ അരിഞ്ഞരിഞ്ഞു കൊല്ലുമായിരിക്കും. എന്നാലും ഞാൻ സത്യമതമുപേക്ഷിക്കില്ല. സന്മാർഗം സ്വീകരിച്ചശേഷം ദുർമാർഗം പിൻപറ്റുകയില്ല.' ബിലാൽ തറപ്പിച്ചുപറഞ്ഞു.
പിന്നീട് കൊടിയ മർദനമായിരുന്നു. നട്ടുച്ച നേരത്ത് ചുട്ടുപഴുത്ത മണലിൽ മലർത്തിക്കിടത്തി നെഞ്ചിൽ കരിങ്കല്ല് കയറ്റിവെച്ച് കഴുത്തിൽ കയറുകെട്ടി വലിച്ചിഴച്ചു; പട്ടിയുടെ ശവം പൊട്ടക്കിണറ്റിൽ വലിച്ചെറിയാനെന്നപോലെ. ചാട്ടവാറടിയുടെ പാടുകളും മുള്ളുകൾ തറച്ച മുറിവുകളുമുള്ള ബിലാലിന്റെ ശരീരം ചതഞ്ഞരയുകയായിരുന്നു. അപ്പോഴും അദ്ദേഹം

ഉരുവിട്ടുകൊണ്ടിരുന്നു: 'ദൈവം ഏകൻ, ദൈവം ഏകൻ!'
ഉമയ്യത്തും കൂട്ടുകാരും ബിലാലിനെ തങ്ങൾക്കാവുന്ന എല്ലാ വിധ പീഡനങ്ങളും ഏൽപിച്ചു. സത്യപാത ഉപേക്ഷിക്കാൻ നിരന്തരം പ്രേരിപ്പിക്കുകയും ചെയ്തു. എന്നാൽ എല്ലാം പരാജയപ്പെടുകയായിരുന്നു. ബിലാൽ എല്ലാം ധീരമായി നേരിട്ടു. അത്യസാധാരണമായ ക്ഷമയവലംബിച്ചു. അബൂബക്കർ സിദ്ദീഖ് അദ്ദേഹത്തെ വാങ്ങി സ്വതന്ത്രനാക്കുവോളം ഈ അവസ്ഥ തുടർന്നു. ഏതു കൊടിയ പീഡനങ്ങളെയും പ്രതിസന്ധികളെയും ഇവ്വിധം ധീരമായി നേരിടാൻ കെൽപും കരുത്തുമുള്ള നിരവധി ധീരന്മാരെ വാർത്തു വളർത്തിയെടുക്കാൻ കഴിഞ്ഞുവെന്നതാണ് പ്രവാചകന്റെ ഏറ്റവും വലിയ നേട്ടങ്ങളിലൊന്ന്. പ്രവാചക വിപ്ലവത്തെ വിജയത്തിലെത്തിച്ചതും ഇതുതന്നെ.

## 9. തിന്മയെ നന്മകൊണ്ടു തടയാം

കുടുംബാംഗങ്ങളുടെയും കൂടെയുള്ളവരുടെയും സംരക്ഷണമുണ്ടായിരുന്നിട്ടും നബി തിരുമേനി എതിരാളികളുടെ കൊടിയ പീഡനങ്ങൾക്കിരയായി. അബൂലഹബിന്റെ ഭാര്യ ഉമ്മു ജമീൽ അദ്ദേഹത്തിന്റെ വീട്ടിനുമുമ്പിൽ മലിന പദാർഥങ്ങൾ കൊണ്ടിടുക പതിവായിരുന്നു. നടന്നുപോകുന്ന വഴികളിൽ മുള്ള് വിതറാനും അവർ മറന്നില്ല.
ഒരു ദിവസം പ്രവാചകൻ നമസ്കാരത്തിൽ സാഷ്ടാംഗത്തിലായിരിക്കെ അബൂജഹ്ൽ വിഗ്രഹങ്ങൾക്കായി ബലിയർപ്പിച്ച ഒട്ടകത്തിന്റെ കുടൽമാല അദ്ദേഹത്തിന്റെ കഴുത്തിൽ കൊണ്ടിട്ടു. അതിന്റെ ഭാരം കാരണം അദ്ദേഹത്തിന് തല ഉയർത്താൻ കഴിഞ്ഞില്ല. മകൾ ഫാത്വിമ വന്ന് ആ മാലിന്യം എടുത്തു മാറ്റിയ ശേഷമാണ് അവിടുന്ന് സാഷ്ടാംഗത്തിൽനിന്ന് എഴുന്നേറ്റത്.
ഇവ്വിധം മർദനമനുഭവിക്കുമ്പോഴെല്ലാം പ്രവാചകനും അനുചരന്മാരും തികഞ്ഞ സംയമനം പാലിക്കുകയായിരുന്നു. അവർ പ്രകോപിതരാവുകയോ പ്രതികാരത്തിനൊരുങ്ങുകയോ ചെയ്തില്ല. ഖുർആന്റെ നിർദേശവും അതു തന്നെയാണല്ലോ.
''നന്മയും തിന്മയും തുല്യമാവുകയില്ല. തിന്മയെ ഏറ്റവും നല്ല നന്മകൊണ്ടു തടയുക. അപ്പോൾ നിന്നോട് ശത്രുതയിൽ കഴിയുന്നവൻ ആത്മമിത്രത്തെപ്പോലെയായിത്തീരും. ക്ഷമ പാലിക്കുന്നവർക്കല്ലാതെ ഈ നിലവാരത്തിലെത്താനാവില്ല. മഹാ ഭാഗ്യവാനല്ലാതെ ഈ പദവി ലഭ്യമല്ല.'' (41: 34,35

## 10. ദിവ്യ സഹായം

പ്രവാചകന്റെ എതിരാളികളിൽ പ്രമുഖനായിരുന്നു അബൂജഹ്ൽ. ഒരു ദിവസം തന്റെ കൂട്ടുകാരായ ഖുറൈശിക്കൂട്ടത്തോട് പറഞ്ഞു: 'മുഹമ്മദ് നമസ്കരിക്കുമ്പോൾ പാറക്കല്ലുകൊണ്ട് ഞാനവന്റെ ശിരസ്സ് തകർക്കും. പിന്നെ അവന്റെ ശല്യമുണ്ടാവില്ല.' അബൂജഹ്ൽ തന്റെ തീരുമാനം നടപ്പാക്കാൻ വലിയൊരു പാറക്കല്ലുമായി കഅ്ബയുടെ അടുത്ത് കാത്തുനിന്നു. നബി തിരുമേനി അവിടെയെത്തി നമസ്കാരത്തിൽ പ്രവേശിച്ചതോടെ അയാൾ നടന്നടുത്തു. ഖുറൈശിക്കൂട്ടം സംഭവിക്കാൻ പോകുന്നത് നേരിൽ കാണാനായി അൽപം ദൂരെ കാത്തുനിൽക്കുന്നുണ്ടായിരുന്നു. അവർ ഏറെ പ്രതീക്ഷയിലും ആകാംക്ഷയിലുമായിരുന്നു.
നബി തിരുമേനി സാഷ്ടാംഗത്തിലായിരിക്കെ തലക്കെറിയാനായി അബൂജഹ്ൽ പാറക്കല്ലുയർത്തി. രണ്ടടി മുന്നോട്ടുവെച്ച അയാൾ പെട്ടെന്ന് പേടിച്ചരണ്ട് പിന്മാറി. അയാൾ ആലില പോലെ വിറയ്ക്കുന്നുണ്ടായിരുന്നു. പ്രവാചകന്റെ കഥകഴിക്കുന്നത് നേരിൽ കാണാൻ ശ്വാസമടക്കിപ്പിടിച്ച് കാത്തുനിന്ന ഖുറൈശി പ്രമുഖർ അത്ഭുതസ്തബ്ധരായി. അവർ അത്യധികം നിരാശരായിരുന്നുവെങ്കിലും അബൂജഹ്ലിന്റെ ഹാവഭാവങ്ങൾ കണ്ടപ്പോൾ ചിരിയടക്കാനായില്ല.

## 11. പരിഹാസം പരിഗണിക്കാതെ മുന്നോട്ട്

''മുഹമ്മദിന് സ്വഫാ-മർവാ മലകളെ സ്വർണക്കുന്നുകളാക്കാൻ കഴിയുമോ? ഖുർആൻ ആകാശത്തുനിന്ന് ഗ്രന്ഥരൂപത്തിൽ ഇറക്കാത്തതെന്ത്? ജിബ്‌രീൽ എന്ന മലക്കിനെ കാണിച്ചുതരുമോ? മരിച്ചുപോയവരെ ജീവിപ്പിക്കാൻ കഴിയുമോ? പ്രവാചകന്റെ എതിരാളികൾ ഇത്തരം നിരവധി പരിഹാസചോദ്യങ്ങൾ ഉന്നയിച്ചുകൊണ്ടിരുന്നു. അപ്പോഴൊക്കെ ദിവ്യമായ കഴിവൊന്നും തനിക്കില്ലെന്നും താൻ ദൈവദൂതൻ മാത്രമാണെന്നും വിനയപൂർവം അറിയിക്കുകയാണ് അദ്ദേഹം ചെയ്തുകൊണ്ടിരുന്നത്. ഖുർആൻ അദ്ദേഹത്തോട് ആജ്ഞാപിച്ചതും അതിനുതന്നെ.
''പറയുക: ഞാൻ എനിക്കുതന്നെ ഗുണമോ ദോഷമോ വരുത്താൻ കഴിയാത്തവനാണ്. അല്ലാഹു ഇച്ഛിച്ചതുമാത്രം നടക്കുന്നു. എനിക്ക് അഭൗതിക കാര്യങ്ങൾ അറിയുമായിരുന്നെങ്കിൽ ഉറപ്പായും ഞാൻ എനിക്കുതന്നെ അളവറ്റ നേട്ടങ്ങൾ കൈവരുത്തുമായിരുന്നു. ദോഷങ്ങൾ എന്നെ ഒട്ടും ബാധിക്കുമായിരുന്നുമില്ല. എന്നാൽ ഞാനൊരു മുന്നറിയിപ്പുകാരൻ മാത്രമാണ്. വിശ്വസിക്കുന്ന ജനത്തിന് ശുഭവാർത്ത അറിയിക്കുന്നവനും.'' (7: 188)
എതിരാളികളുടെ എല്ലാ എതിർപ്പുകളും നബി തിരുമേനി സന്തോഷത്തോടെ ഏറ്റുവാങ്ങി. പരിഹാസങ്ങളൊന്നും അദ്ദേഹത്തെ പ്രകോപിതനാക്കിയില്ല. തീർത്തും ശാന്തനായി തന്റെ പ്രബോധന പ്രവർത്തനങ്ങൾ തുടരുകയും ചെയ്തു

## 12. ലക്ഷ്യവും മാർഗവും

അറബികൾക്ക് തീർത്തും അപരിചിതമായ ആദർശ വിശ്വാസമാണ് പ്രവാചകനും അനുചരന്മാരും അംഗീകരിച്ചത്. അതിനാൽ അതിന്റെ പ്രബോധനം അവരെ വളരെയേറെ പ്രകോപിതരാക്കി. തങ്ങളുടെ കുലദൈവങ്ങളെ തള്ളിപ്പറഞ്ഞവരും പാരമ്പര്യങ്ങളെ ചോദ്യംചെയ്തവരും ആചാരങ്ങളംഗീകരിക്കാത്തവരുമായ മുഹമ്മദിനെയും കൂട്ടുകാരെയും

റബികൾക്ക് തീർത്തും അപരിചിതമായ ആദർശ വിശ്വാസമാണ് പ്രവാചകനും അനുചരന്മാരും അംഗീകരിച്ചത്. അതിനാൽ അതിന്റെ പ്രബോധനം അവരെ വളരെയേറെ പ്രകോപിതരാക്കി. തങ്ങളുടെ കുലദൈവങ്ങളെ തള്ളിപ്പറഞ്ഞവരും പാരമ്പര്യങ്ങളെ ചോദ്യംചെയ്തവരും ആചാരങ്ങളംഗീകരിക്കാത്തവരുമായ മുഹമ്മദിനെയും കൂട്ടുകാരെയും നിശ്ശേഷം നശിപ്പിക്കണമെന്ന് തീരുമാനിച്ചുറപ്പിക്കുകയും ചെയ്തു. പുതിയ മതത്തെ പിഴുതെറിയാനും അതിന്റെ പ്രവാചകന്റെ കഥ കഴിക്കാനും അവർ കഠിനാധ്വാനം ചെയ്തു.
നബി തിരുമേനിയും അനുചരന്മാരും എതിരാളികളുടെ എല്ലാ അക്രമ മർദനങ്ങളും സഹിച്ചു. സാധ്യമാവുന്നതിലധികം ക്ഷമിച്ചു. അതിനാലവർ മോചനം കൊതിച്ചു. പ്രത്യേകിച്ചും അവരിലെ ഏറ്റം ദുർബലർ.
ഒരിക്കൽ നബി തിരുമേനി വിശുദ്ധ കഅ്ബയുടെ തണലിൽ വിശ്രമിക്കുകയായിരുന്നു. അപ്പോൾ അവിടത്തെ അനുചരന്മാരിൽ ഏതാനും പേർ അദ്ദേഹത്തെ സമീപിച്ചു. തങ്ങളുടെ ദയനീയാവസ്ഥയിലേക്ക് ശ്രദ്ധ ക്ഷണിച്ചുകൊണ്ട് അവർ ചോദിച്ചു: 'ഞങ്ങൾക്കുവേണ്ടി അങ്ങ് അല്ലാഹുവോട് സഹായമർഥിക്കുന്നില്ലയോ?'
ഇതിന് നബി തിരുമേനി, താൻ പ്രാർഥിക്കുന്നുണ്ടെന്നോ ഇല്ലെന്നോ മറുപടി പറഞ്ഞില്ല. പകരം, അവർക്ക് ആവേശവും പ്രതീക്ഷയും പകർന്നുകൊടുക്കുകയായിരുന്നു. അവിടുന്ന് പറഞ്ഞു: 'നിങ്ങൾക്കുമുമ്പ് മനുഷ്യരെ വലിയ കുഴി കുത്തി അതിൽ കൊണ്ടുവന്ന് നിർത്തിയിരുന്നു. എന്നിട്ട് ഈർച്ചവാളുകൊണ്ട് തല കീറി രണ്ടായി പകുത്തിരുന്നു. അവരുടെ മാംസവും എല്ലുകളും ഇരുമ്പിന്റെ ചീർപ്പുപയോഗിച്ച് ചീകി വേർപെടുത്തിയിരുന്നു. എന്നിട്ടും അതൊന്നും അവരെ തങ്ങളുടെ ആദർശത്തിൽനിന്ന് പിന്തിരിപ്പിച്ചിരുന്നില്ല! അല്ലാഹുവാണ, ഇക്കാര്യം അല്ലാഹു പൂർത്തീകരിക്കുകതന്നെ ചെയ്യും; സൻആഅ്1 മുതൽ ഹദറമൗത്ത്2 വരെ ഒരു യാത്രാ സംഘത്തിന് അല്ലാഹുവെയും തന്റെ ആടിനെ വേട്ടയാടുന്ന ചെന്നായയെയുമല്ലാതെ മറ്റൊന്നിനെയും ഭയപ്പെടാതെ സഞ്ചരിക്കാൻ സാധിക്കുവോളം! പക്ഷേ, നിങ്ങൾ ധൃതി കാണിക്കുകയാണ്.'
ഇതിലൂടെ പ്രവാചകൻ പ്രബോധനം ചെയ്യുന്ന ആദർശം, ശാന്തവും ഭദ്രവും സമാധാനനിരതവുമായ സമൂഹത്തെയും രാഷ്ട്രത്തെയും സൃഷ്ടിക്കുമെന്ന് അവിടുന്ന് അനുയായികളെ ശുഭവാർത്ത അറിയിക്കുകയായിരുന്നു. ഒപ്പം അതിനുള്ള മാർഗം ഏറെ

ദുർഘടമാണെന്ന് ബോധ്യപ്പെടുത്തുകയും. തീ തൊടാത്ത തങ്കത്തിന് തിളക്കമില്ലാത്തപോലെ, കടുത്ത പരീക്ഷണങ്ങൾ തരണംചെയ്യാത്തവർക്ക് മഹത്തായ ലക്ഷ്യം നേടാനാവില്ല.

## 13. ഉമറിന്റെ മനംമാറ്റം

'അല്ലാഹുവാണ് സത്യം! ഉമറേ, താങ്കൾ സ്വയം വഞ്ചിതനായിരിക്കുന്നു. മുഹമ്മദിന്റെ കഥ കഴിച്ചശേഷം ഈ ഭൂമിയിൽ നിലനിൽക്കാൻ അബ്ദുമനാഫ് കുടുംബം താങ്കളെ അനുവദിക്കുമെന്ന് കരുതുന്നുണ്ടോ? താങ്കളെന്താണ് സ്വന്തം വീട്ടുകാരുടെ കാര്യം നേരെയാക്കാത്തത്? അതിനാൽ ആദ്യം അതാവട്ടെ! അവിടേക്ക് ചെല്ല്.'' നുഐമുബ്നു അബ്ദില്ല ഉമറുബ്നുൽ ഖത്താബിനോട് പറഞ്ഞു. പ്രവാചകനെ വധിക്കാൻ ഇറങ്ങിപ്പുറപ്പെട്ടതായിരുന്നു അദ്ദേഹം. നബി തിരുമേനിയും അനുയായികളും ഒരുമിച്ചുകൂടാറുണ്ടായിരുന്ന ദാറുൽഅർഖമായിരുന്നു ലക്ഷ്യം. വഴിയിൽ വെച്ചാണ് നുഐം അയാളെ കണ്ടുമുട്ടിയത്.
ഉമർ തന്റെ സഹോദരി ഫാത്വിമയും ഭർത്താവ് സൈദും ഇസ്‌ലാം സ്വീകരിച്ച വിവരം അറിഞ്ഞിരുന്നില്ല. ഇപ്പോൾ നുഐം അതറിയിച്ചിരിക്കുന്നു. അതിനാൽ ആദ്യം നേരെയാക്കേണ്ടത് അവരെയാണ്. അങ്ങനെ സഹോദരിയുടെ വീട്ടിലേക്ക് പുറപ്പെട്ടു. അവിടെയെത്തിയപ്പോൾ അവരിരുവരും ഖുർആൻ പാരായണം ചെയ്യുകയായിരുന്നു. കൂടെ ഖബ്ബാബുമുണ്ടായിരുന്നു. ഉമറിന്റെ ആഗമനവിവരമറിഞ്ഞ ഖബ്ബാബ് ഓടിയൊളിച്ചു.
'ഞാനിവിടെനിന്ന് കേട്ട ശബ്ദമെന്താണ്?' ഉമറിന്റെ ചോദ്യം ഒരു ഗർജനമായിരുന്നു. കലിയടക്കാനാവാതെ അയാൾ കൊലവിളിനടത്തി.
'ഒന്നുമില്ല, തോന്നിയതായിരിക്കാം.' ഖുർആൻ എഴുതിയ ഏട് ഒളിപ്പിച്ചുവെച്ച് ഫാത്വിമ പറഞ്ഞു.
'നിങ്ങൾ മുഹമ്മദിന്റെ മതം സ്വീകരിച്ചതായി കേട്ടു. ശരിയാണോ?' ഉമർ ഉറക്കെ ചോദിച്ചു. ഉത്തരം കിട്ടുന്നതിനുമുമ്പെ സഹോദരീഭർത്താവിനെ മർദിക്കാൻ തുടങ്ങി. പ്രിയതമന്റെ രക്ഷക്കെത്തിയ ഫാത്വിമക്കും കിട്ടി തല്ല്. അവരുടെ തലക്കു മുറിവേറ്റു. രക്തം ഒലിച്ചുകൊണ്ടിരിക്കെ ധൈര്യമവലംബിച്ച് അവർ പ്രഖ്യാപിച്ചു: 'അതെ, ഞങ്ങൾ ഇസ്‌ലാം സ്വീകരിച്ചിരിക്കുന്നു. നിനക്കിഷ്ടമുള്ളത് ചെയ്തുകൊള്ളുക.'
സഹോദരിയുടെ ഈ ധൈര്യവും സ്വരത്തിലെ ദൃഢതയും ഉമറിനെ അഗാധമായി സ്വാധീനിച്ചു. അതോടെ കോപം കെട്ടടങ്ങി. ശാന്തസ്വരത്തിൽ സഹോദരിയോട് അവർ പാരായണം ചെയ്തിരുന്ന ഏട് ആവശ്യപ്പെട്ടു. ഫാത്വിമ അദ്ദേഹത്തോട് കുളിച്ചുവരാൻ നിർദേശിച്ചു. ചോദ്യം ആത്മാർഥതയോടെയാണോ എന്നറിയലായിരുന്നു മുഖ്യ ഉദ്ദേശ്യം. കൂടെ കോപമടങ്ങാനുള്ള ഏറ്റം നല്ല മാർഗവും.
ഉമർ കൊച്ചു കുട്ടിയെപ്പോലെ സഹോദരിയെ അനുസരിച്ചു. അതോടെ അവർ തങ്ങൾ പാരായണം ചെയ്തുകൊണ്ടിരുന്ന ഖുർആൻ ലിഖിതം അദ്ദേഹത്തിനു നൽകി. 'ത്വാഹാ' അധ്യായത്തിലെ ആദ്യ സൂക്തങ്ങളാണ് അതിലുണ്ടായിരുന്നത്. അവയുടെ ആശയ ഗാംഭീര്യവും സ്വരമാധുരിയും ശൈലീഭംഗിയും അദ്ദേഹത്തെ അഗാധമായി സ്വാധീനിച്ചു. പാരായണത്തിനിടെ ഉമർ ആത്മഗതം ചെയ്തു: 'എന്തൊരു സൗന്ദര്യം! എത്ര ചാരുതയാർന്ന വചനങ്ങൾ.'
അതോടെ അത്രയും സമയം ഒളിച്ചിരുന്ന ഖബ്ബാബും രംഗത്തെത്തി. ഉമറിന്റെ മനംമാറ്റത്തിൽ സംതൃപ്തി രേഖപ്പെടുത്തിക്കൊണ്ടു പറഞ്ഞു: ''പ്രവാചകൻ സദാ പ്രാർഥിക്കാറുണ്ടായിരുന്നു. 'എന്റെ നാഥാ! അബുൽഹകമിനാലോ ഉമറുബ്നുൽ ഖത്താബിനാലോ നീ ഇസ്‌ലാമിന് കരുത്ത് പകരേണമേ!' എന്ന്.
താങ്കളുടെ കാര്യത്തിലാണ് തിരുമേനിയുടെ പ്രാർഥന അല്ലാഹു സ്വീകരിച്ചിരിക്കുന്നതെന്ന് തോന്നുന്നു. അതിനാൽ, ഉമറേ വരൂ! അല്ലാഹുവിന്റെ മാർഗത്തിലേക്ക് വരൂ!'' അപ്പോൾ അദ്ദേഹം അവർ പറയുന്നതെന്തും അനുസരിക്കാൻ സന്നദ്ധനായിരുന്നു. ഖുർആൻ സൂക്തങ്ങൾ അദ്ദേഹത്തെ അത്തരമൊരു മാനസികാവസ്ഥയിലേക്കാണ് എത്തിച്ചത്!
ഖബ്ബാബ് ഉമറിനെയും കൂട്ടി ദാറുൽഅർഖമിലേക്ക് പുറപ്പെട്ടു. അവരെ ദൂരെനിന്ന് കാണാനിടയായ ഒരാൾ നബി തിരുമേനിയെ വിവരമറിയിച്ചു. ഇതു കേട്ട പ്രവാചകന്റെ പിതൃവ്യൻ ഹംസ പറഞ്ഞു: 'ഉമർ വരട്ടെ, സദുദ്ദേശ്യത്തോടെയാണ് വരവെങ്കിൽ നാം സ്വാഗതം ചെയ്യും. ദുരുദ്ദേശ്യത്തോടെയാണെങ്കിൽ ഉമറിന്റെ വാളുകൊണ്ടുതന്നെ ഞാനയാളുടെ കഥകഴിക്കും.'
ദാറുൽഅർഖമിൽ പ്രവേശിച്ച ഉമറിനെ നബി തിരുമേനിതന്നെ സ്വീകരിച്ചു. അവിടുന്ന് ചോദിച്ചു: 'ഖത്താബിന്റെ മകനേ, എന്ത് ഉദ്ദേശ്യത്തോടെയാണ് താങ്കളുടെ വരവ്?'

‘ദൈവദൂതരേ, അല്ലാഹുവിലും അവന്റെ പ്രവാചകനിലും അദ്ദേഹത്തിലൂടെ അവതീർണമായ സത്യത്തിലും ഞാനിതാ വിശ്വസിച്ചിരിക്കുന്നു.’ ഉമർ തന്റെ ഇസ്‌ലാം സ്വീകരണം പ്രഖ്യാപിച്ചു.

## 14. പിതാവിനെക്കാൾ പ്രിയപ്പെട്ട പ്രവാചകൻ

''മുഹമ്മദേ, ഇതെന്തു മതമാണ്?’ പിതൃവ്യൻ അബൂത്വാലിബ് ചോദിച്ചു. പ്രവാചകൻ തന്നോടൊപ്പമുള്ള ചെറു സംഘത്തോടൊപ്പം പ്രാർഥനയിലായിരുന്നു. മുഹമ്മദ് പുതിയ മതം പ്രബോധനം ചെയ്യുന്നതിനെ സംബന്ധിച്ച് അബൂത്വാലിബിന് നേരത്തെ തന്നെ കേട്ടറിവുണ്ടായിരുന്നു. എങ്കിലും അതേക്കുറിച്ച് നേരിൽ സംസാരിച്ചിരുന്നില്ല. സഹോദരപുത്രൻ മുഹമ്മദിന്റെ കൂടെ താമസിക്കുന്ന സ്വന്തം മകൻ അലിയെ തേടിയാണ് അബൂത്വാലിബ് അപ്പോൾ അവിടെ എത്തിയത്. തന്റെ മകനും പുതിയ മതത്തിൽ ചേർന്നിട്ടുണ്ടെന്ന് പറഞ്ഞുകേട്ടതിനാലാണ് പെട്ടെന്ന് പ്രവാചക ഭവനത്തിലെത്തിയത്. മകനെ കൂടെ കൂട്ടലായിരുന്നു പ്രധാന ഉദ്ദേശ്യം.
‘ഇത് പരമോന്നതനായ ദൈവത്തിന്റെ മതമാണ്.’ മുഹമ്മദ് നബി ശാന്തസ്വരത്തിൽ പറഞ്ഞു. ഏതാനും നിമിഷത്തെ മൗനത്തിനുശേഷം വിശദീകരിച്ചു: ‘നമ്മുടെ പൂർവ പിതാവ് ഇബ്‌റാഹീം പ്രവാചകന്റെ മതം.’
‘അപ്പോൾ നീ ആരാണ്?’ പിതൃവ്യൻ ആകാംക്ഷയോടെ അന്വേഷിച്ചു. ‘ഞാൻ ദൈവത്തിന്റെ ദാസനും ദൂതനും.’ പ്രവാചകൻ തികഞ്ഞ ആത്മവിശ്വാസത്തോടെ ഉറച്ചസ്വരത്തിൽ പറഞ്ഞു. തന്റെ മറുപടി കേട്ട് പ്രത്യേകിച്ചൊന്നും പറയാതിരുന്ന പിതൃവ്യനിൽ പ്രതീക്ഷ പുലർത്തിയ മുഹമ്മദ് നബി പറഞ്ഞു: ‘അങ്ങ് ഞങ്ങളോടൊപ്പം ചേരണമെന്നാണ് എന്റെ ആഗ്രഹം. അങ്ങ് അങ്ങനെ ചെയ്താലും.’
അബൂത്വാലിബിന് സഹോദരപുത്രനെ ഏറെ ഇഷ്ടമായിരുന്നു. എന്നിട്ടും ക്ഷണം സ്വീകരിക്കാൻ തയാറായില്ല. പ്രധാന കാരണം പൂർവികാചാരങ്ങളോടും പാരമ്പര്യങ്ങളോടും വിടപറയാനുള്ള മടി തന്നെ. അതിനാൽ, ക്ഷണം നിരസിച്ചുകൊണ്ടിങ്ങനെ പറഞ്ഞു:
‘മുഹമ്മദ്, നിന്റെ ആത്മാർഥതയെക്കുറിച്ച് എനിക്ക് നന്നായറിയാം. പക്ഷേ, നമ്മുടെ പൂർവികരുടെ മതം ഞാനെങ്ങനെ കൈയൊഴിക്കും? എന്നാലും എനിക്കാവുന്നതൊക്കെ ഞാൻ ചെയ്തുകൊള്ളാം. ഞാൻ ജീവിച്ചിരിക്കുന്നിടത്തോളം കാലം നമ്മുടെ ആൾക്കാരുടെ എതിർപ്പിൽനിന്ന് നിന്നെ ഞാൻ രക്ഷിക്കാം. നിനക്കൊരാപത്തും വരില്ലെന്ന് ഞാൻ ഉറപ്പുതരാം.’
തുടർന്ന് അദ്ദേഹം തന്റെ ആഗമനോദ്ദേശ്യം വ്യക്തമാക്കിക്കൊണ്ട് മകനെ വിളിച്ചു: ‘മോനേ അലീ, വരൂ!’
എന്തു ചെയ്യണമെന്നും പറയണമെന്നും അറിയാതെ അലി പ്രയാസപ്പെട്ടു. പ്രവാചകനെ വിട്ട് പിതാവിനോടൊപ്പം പോവുന്നതിനെക്കുറിച്ച് ആലോചിക്കാൻ പോലും ആ ബാലന് സാധ്യമായിരുന്നില്ല. അവർക്കിടയിലെ ബന്ധം അത്രയേറെ ഗാഢവും ഹൃദ്യവുമായിരുന്നു. അതിനാൽ ധൈര്യമവലംബിച്ചുകൊണ്ട് പിതാവിനോട് പറഞ്ഞു: ‘അങ്ങയോടൊപ്പം വരാനെനിക്ക് പ്രയാസമാണ്. അല്ലാഹുവിനെയും അവന്റെ ദൂതനെയും സേവിക്കാമെന്ന് ഞാൻ പ്രതിജ്ഞയെടുത്തിരിക്കുന്നു.’
‘നിനക്ക് ഇഷ്ടമാണെങ്കിൽ പിതാവിനോടൊപ്പം പോയിക്കോളൂ.’ പ്രവാചകൻ അലിയുടെ ചുമലിൽ കൈവെച്ചു പറഞ്ഞു.
‘ഇല്ല; ഞാൻ പോകുന്നില്ല.’ അലി ദൃഢസ്വരത്തിൽ അറിയിച്ചു.
‘എങ്കിൽ നീ വരേണ്ട.’ അബൂത്വാലിബ് പ്രതിഷേധസ്വരത്തിൽ പറഞ്ഞു. തുടർന്ന് പ്രവാചകന്റെ നേരെ തിരിഞ്ഞ് തന്റെ മനോഗതം വ്യക്തമാക്കി: ‘മുഹമ്മദേ, നിന്നോടൊപ്പം നിൽക്കുന്നതുകൊണ്ട് അവനൊരു വിപത്തും വരില്ലെന്ന് എനിക്കറിയാം. നീ അവനെ വഴിപിഴപ്പിക്കുകയില്ലെന്നും.’

## 15. ധീരമായ സമീപനം, ദൃഢമായ പ്രഖ്യാപനം

{പവാചകനെ ശത്രുക്കളുടെ അക്രമമർദനങ്ങളിൽനിന്ന് സംരക്ഷിച്ചു കൊണ്ടിരുന്നത് പിതൃവ്യൻ അബൂത്വാലിബാണ്. അദ്ദേഹം ഇസ്‌ലാം സ്വീകരിച്ചിരുന്നില്ല. എന്നിട്ടും മുഹമ്മദ് നബിയെ കൈവിട്ടില്ല. ഇത് ശത്രുക്കളെ വല്ലാതെ പ്രയാസപ്പെടുത്തി. പല കാരണങ്ങളാലും അബൂത്വാലിബുമായി ഏറ്റുമുട്ടാൻ അവർക്ക് കഴിയുമായിരുന്നില്ല. അതിനാൽ

സ്നേഹപ്രകടനങ്ങളിലൂടെ അദ്ദേഹത്തെ സ്വാധീനിക്കാനാണ് ശ്രമിച്ചത്. എന്നാൽ, അവരുടെ അത്തരം ശ്രമങ്ങളൊക്കെയും പാഴാവുകയായിരുന്നു. അബൂത്വാലിബ് മുഹമ്മദിനോടൊപ്പം ഉറച്ചുനിന്നു.
അതിനാലാണ് അവർ വലീദിന്റെ പുത്രനും മുനീറയുടെ പൗത്രനുമായ ഉമാറയെയും കൂട്ടി അബൂത്വാലിബിന്റെ സന്നിധിയിലെത്തിയത്. ഉമാറ സുന്ദരനും കരുത്തനുമായിരുന്നു. ആ ചെറുപ്പക്കാരനെ മകനായി സ്വീകരിച്ച് മുഹമ്മദിനെ വിട്ടുകൊടുക്കാൻ അവർ അബൂത്വാലിബിനോടാവശ്യപ്പെട്ടു. ഉമാറയെ അദ്ദേഹം മകനായി സ്വീകരിച്ച് പോറ്റിവളർത്തണമെന്നും പകരം മുഹമ്മദിനെ തങ്ങൾക്ക് കൊല്ലാൻ വിട്ടുതരണമെന്നുമായിരുന്നു അവരുടെ ആവശ്യത്തിന്റെ ചുരുക്കം. ഇതൊന്നും മനസ്സിലാക്കാൻ കഴിയാത്തവനായിരുന്നില്ല അബൂത്വാലിബ്. അതുകൊണ്ടുതന്നെ അവരുടെ ആവശ്യം അദ്ദേഹം പുച്ഛിച്ചുതള്ളി.
അങ്ങനെ പ്രവാചകൻ തന്റെ പ്രബോധന പ്രവർത്തനങ്ങൾ തുടർന്നു. ശത്രുക്കൾ അവരുടെ എതിർപ്പും. മുഹമ്മദിനെ വകവരുത്താനും അതുവഴി അയാളുടെ ശല്യം അവസാനിപ്പിക്കാനും തടസ്സം അബൂത്വാലിബാണെന്ന് അവർക്ക് ബോധ്യമുണ്ടായിരുന്നതിനാൽ വീണ്ടും അദ്ദേഹത്തെ സമീപിച്ചു. ഇത്തവണ ഭീഷണിയുടെ സ്വരത്തിലാണ് അവർ സംസാരിച്ചത്. അവർ പറഞ്ഞു:
''അല്ലയോ അബൂത്വാലിബ്! ഞങ്ങൾക്കിടയിൽ അന്തസ്സും ആഭിജാത്യവും പ്രായവും പദവിയുമുള്ള ആളാണ് താങ്കൾ. താങ്കളുടെ സഹോദരപുത്രനെ നിലക്കുനിർത്തണമെന്ന് ഞങ്ങൾ പലതവണ ആവശ്യപ്പെട്ടതാണ്. എന്നിട്ടും താങ്കളത് ചെയ്തില്ല. ഞങ്ങളുടെ പൂർവികരെ തള്ളിപ്പറയുന്നതും ആചാരങ്ങളെ ചോദ്യംചെയ്യുന്നതും ദൈവങ്ങളെ നിരാകരിക്കുന്നതും  ഞങ്ങൾക്കിനി സഹിക്കാൻ സാധ്യമല്ല. ഒന്നുകിൽ താങ്കളവനെ തടയണം. അല്ലെങ്കിൽ താങ്കളോടും അവനോടും ഞങ്ങൾ യുദ്ധം ചെയ്യും. രണ്ടിലൊരു കൂട്ടർ നശിക്കും വരെ.''
കഴിഞ്ഞകാലമത്രയും കൂടെ ജീവിച്ച വേണ്ടപ്പെട്ടവരുടെ വെറുപ്പും എതിർപ്പും അബൂത്വാലിബിനെ വല്ലാതെ വിഷമിപ്പിച്ചു. മുഹമ്മദിനെ കൈവിടാൻ ഏതായാലും സാധ്യമല്ല. അതിനാലെന്തു വേണമെന്ന ചിന്ത അദ്ദേഹത്തെ അലോസരപ്പെടുത്തിക്കൊണ്ടിരുന്നു. അവസാനം സഹോദരപുത്രൻ മുഹമ്മദിനെ വിളിച്ചുവരുത്തി. തന്നോട് ചേർത്തുനിർത്തിക്കൊണ്ട് ഖുറൈശികളുടെ ആവശ്യം വിശദീകരിച്ചു. തുടർന്നിങ്ങനെ പറഞ്ഞു: ''നീ എന്നെ രക്ഷിക്കണം. നിന്നെയും രക്ഷിക്കണം. എനിക്ക് താങ്ങാനാവാത്ത ഭാരം നീ എന്നെക്കൊണ്ട് വഹിപ്പിക്കരുത്.''
പ്രവാചകനെ സംബന്ധിച്ചിടത്തോളം ഇത് തീർത്തും അപ്രതീക്ഷിതമായിരുന്നു. പിതൃവ്യൻ തന്നെ കൈവിടുമെന്ന് അദ്ദേഹം ഒരിക്കലും കരുതിയിരുന്നില്ല. അതിനാൽ ഒരു നിമിഷം പതറുകയും പകച്ചുപോവുകയും ചെയ്തു. പക്ഷേ, പെട്ടെന്നുതന്നെ പ്രവാചകൻ മനോധൈര്യം വീണ്ടെടുത്തു. പിതൃവ്യൻ കൈയൊഴിച്ചാൽ തുണക്കാൻ കാര്യമായി ആരുമില്ലെന്ന് അറിയാമായിരുന്നിട്ടും ഉറച്ച സ്വരത്തിൽ പ്രവാചകൻ പ്രഖ്യാപിച്ചു: ''സൂര്യനെ എന്റെ വലതുകൈയിലും ചന്ദ്രനെ ഇടതു കൈയിലും വെച്ചുതന്നാലും ഞാൻ ഈ ശ്രമം ഉപേക്ഷിക്കുകയില്ല; അല്ലാഹു ഈ ഉദ്യമം വിജയിപ്പിക്കുകയോ അല്ലെങ്കിൽ ഈ മാർഗത്തിൽ ഞാൻ വധിക്കപ്പെടുകയോ ചെയ്യുംവരെ.''
സഹോദരപുത്രന്റെ ധീരമായ ഈ സമീപനവും ദൃഢമായ വാക്കുകളും അബൂത്വാലിബിനെ അഗാധമായി സ്വാധീനിച്ചു. അദ്ദേഹം മുഹമ്മദ് നബിയെ തലോടിക്കൊണ്ട് സ്നേഹപൂർവം പറഞ്ഞു: ''മോനേ, പോയ്ക്കൊള്ളുക. നിനക്കിഷ്ടമുള്ളത് നീ പറഞ്ഞുകൊള്ളുക. നിനക്ക് ഇഷ്ടമില്ലാത്ത ഒന്നിനും ഞാൻ നിന്നെ വിട്ടുകൊടുക്കുകയില്ല.''

## 16. വടികൊടുത്ത് അടിവാങ്ങിയ അബൂജഹ്ൽ

അബൂജഹ്ൽ നബിതിരുമേനിയെ തല്ലി. ചീത്ത വിളിക്കുകയും കഠിനമായി പരിഹസിക്കുകയും ചെയ്തു. വാർത്ത അബ്ദുൽ മുത്ത്വലിബിന്റെ മകൻ ഹംസയുടെ കാതുകളിലുമെത്തി. അദ്ദേഹം പ്രവാചകന്റെ പിതൃവ്യനാണ്. മുലകുടിബന്ധത്തിൽ സഹോദരനും. എങ്കിലും അന്നോളം ഇസ്ലാം സ്വീകരിച്ചിരുന്നില്ല. അദ്ദേഹത്തെ കൂടെ കിട്ടണമെന്ന് നബിതിരുമേനി അതിയായി ആഗ്രഹിച്ചിരുന്നു. ധൈര്യവും സ്ഥൈര്യവും കഴിവും കരുത്തും ഒത്തിണങ്ങിയ ഹംസയുടെ സാന്നിധ്യം തന്റെ പ്രബോധന പ്രവർത്തനങ്ങളിൽ ഏറെ സഹായകമാകുമെന്ന് അദ്ദേഹം പ്രതീക്ഷിച്ചു; എതിർപ്പുകളുടെ രൂക്ഷത അൽപമെങ്കിലും കുറക്കുമെന്നും.

അതുകൊണ്ടുതന്നെ പ്രവാചകൻ അദ്ദേഹത്തിന് ദൈവികസന്മാർഗത്തെ വിശദമായി പരിചയപ്പെടുത്തി. പലതവണ സത്യപാത സ്വീകരിക്കാൻ പ്രേരിപ്പിച്ചു. എല്ലായ്പോഴും എന്തെങ്കിലും തടസ്സം പറഞ്ഞ് ഒഴിഞ്ഞുമാറുകയായിരുന്നു. പക്ഷേ, മറ്റു അവിശ്വാസികളെപ്പോലെ ശത്രുപക്ഷം ചേർന്ന് അക്രമ മർദനങ്ങളിലേർപ്പെട്ടിരുന്നില്ല. മുഹമ്മദിനെ അബൂജഹ്ൽ ആക്രമിച്ച വിവരം ഹംസ അറിഞ്ഞത് വേട്ട കഴിഞ്ഞ് മടങ്ങിവരവെയാണ്. വേട്ടയാടുന്നതിൽ അതീവതൽപരനായിരുന്ന അദ്ദേഹം അന്നും മക്കക്ക് പുറത്തുള്ള മലഞ്ചെരിവുകളിൽ ഉരുക്കളെ തേടിപ്പോയതായിരുന്നു. അബൂജഹൽ ക്രൂരമായി പ്രഹരിക്കുകയും മോശമായി പെരുമാറുകയും ചെയ്തിട്ടും മുഹമ്മദ് നബി എന്തെങ്കിലും പ്രതികരിക്കുകയോ തീരെ പ്രതിരോധിക്കുകയോ ചെയ്യാതെ മൗനം പാലിച്ച് ശാന്തനായി നടന്നുപോവുകയാണുണ്ടായതെന്ന കാര്യം കൂടി അറിഞ്ഞതോടെ ഹംസയുടെ മനസ്സിൽ പ്രവാചകനോടുള്ള സഹതാപവും അബൂജഹ്ലിനോടുള്ള പ്രതികാരവാഞ്ഛയും ഉണർന്നു. വേട്ട കഴിഞ്ഞെത്തിയാൽ വിശുദ്ധ കഅ്ബ പ്രദക്ഷിണം ചെയ്ത ശേഷമേ ഹംസ വീട്ടിൽ പ്രവേശിക്കാറുണ്ടായിരുന്നുള്ളൂ. അന്നും പതിവ് തെറ്റിച്ചില്ല. എങ്കിലും വഴിയിൽ കാണുന്നവരെയൊക്കെ അഭിവാദ്യം ചെയ്യാറുണ്ടായിരുന്ന അദ്ദേഹം അന്ന് ആരോടും ഒന്നും പറയാതെ കഅ്ബയുടെ നേരെ നടന്നടുക്കുകയായിരുന്നു. അവിടെ നിൽക്കുകയായിരുന്ന അബൂജഹ്ലിനെ തന്റെ വശമുള്ള വില്ലുകൊണ്ട് പൊതിരെത്തല്ലി. മേലിൽ മുഹമ്മദിനെ ദ്രോഹിച്ചാൽ വെറുതെവിടില്ലെന്ന് ഭീഷണിപ്പെടുത്തുകയും ചെയ്തു. കഅ്ബയുടെ പരിസരത്തുണ്ടായിരുന്ന മഖ്സൂം ഗോത്രത്തിൽപെട്ട ചിലർ അബൂജഹ്ലിനെ സഹായിക്കാനെത്തിയെങ്കിലും അദ്ദേഹം അതിനനുവദിച്ചില്ല. അങ്ങനെ ചെയ്താൽ അതിന്റെ പ്രത്യാഘാതം വളരെ വലുതായിരിക്കുമെന്ന് അബൂജഹ്ലിന് നന്നായറിയാമായിരുന്നു. തന്റെ മനസ്സിൽ ഏറെക്കാലമായി കാത്തുസൂക്ഷിക്കുന്ന ആഗ്രഹം പൂർത്തീകരിക്കാൻ ഏറ്റം പറ്റിയ അവസരം അതുതന്നെയാണെന്ന് ഹംസക്ക് തോന്നി. അങ്ങനെ താൻ ഇസ്‌ലാം സ്വീകരിക്കുന്നതായും മുഹമ്മദിന്റെ മാർഗം പിന്തുടരുന്നതായും അദ്ദേഹം പ്രഖ്യാപിച്ചു. അബൂജഹ്ലിനെ സംബന്ധിച്ചിടത്തോളം വില്ലുകൊണ്ടുള്ള അടിയെക്കാൾ കടുത്ത പ്രഹരം അതായിരുന്നു. അയാൾ വടികൊടുത്ത് അടിവാങ്ങുകയായിരുന്നു.

## 17. വെളിച്ചത്തെ വെറുക്കാൻ കാരണമായ കിടമൽസരം

അബൂജഹ്ലും അബൂസുഫ്‌യാനും അഖ്നസും പ്രവാചകനോട് കടുത്ത ശത്രുത പുലർത്തുന്നവരായിരുന്നു. ഇസ്‌ലാമിന്റെ ശക്തരായ വിമർശകരും. അതിനാൽ, ഖുർആൻ കേൾക്കരുതെന്ന് മൂവരും ജനങ്ങളോട് നിരന്തരം ആവശ്യപ്പെട്ടുകൊണ്ടിരുന്നു. എന്നിട്ടും ജനം അതിൽ ആകൃഷ്ടരായി പ്രവാചകന്റെ പാത പിന്തുടർന്നു കൊണ്ടിരുന്നു. അതിന്റെ രഹസ്യമറിയാൻ മൂവർക്കും ഏറെ താൽപര്യം തോന്നി. അതിനാൽ, ഖുർആൻ കേൾക്കാൻ അവരോരോരുത്തരും തീരുമാനിച്ചു. പരസ്പരം അക്കാര്യം അറിയിച്ചതുമില്ല. രാത്രിയുടെ അവസാനയാമങ്ങളിൽ മുഹമ്മദ് ഖുർആൻ പാരായണം ചെയ്ത് പ്രാർഥിക്കാറുണ്ടെന്ന് അവർക്കറിയാമായിരുന്നു. അങ്ങനെ നിലാവില്ലാത്ത ഒരു രാവിൽ അബൂജഹ്ൽ നബിതിരുമേനിയുടെ വീടിന്റെ അടുത്ത് പതുങ്ങിനിന്ന് അദ്ദേഹത്തിന്റെ ഖുർആൻ പാരായണം ശ്രവിക്കാൻ തുടങ്ങി. അതേ രാത്രിയിൽ വീടിന്റെ മറ്റൊരിടത്ത് അബൂസുഫ്‌യാൻ ഒളിച്ചിരിക്കുന്നുണ്ടായിരുന്നു. വേറൊരിടത്ത് അഖ്നസും. ഖുർആൻ പാരായണത്തിന്റെ വശ്യതയിൽ ആകൃഷ്ടരായി അതിൽ ലയിച്ചുചേർന്ന മൂവരും അന്യോന്യം കണ്ടിരുന്നില്ല. പ്രഭാതോദയത്തിന് അൽപം മുമ്പ് പ്രവാചകൻ പ്രാർഥനയിൽനിന്ന് വിരമിച്ചു. അപ്പോൾ പിരിഞ്ഞുപോകവെയാണ് അവർ പരസ്പരം കണ്ടുമുട്ടിയത്. അതോടെ, രഹസ്യം പരസ്യമായി. അവരന്യോന്യം കുറ്റപ്പെടുത്തി. എന്നാൽ, അതിലൊട്ടും അർഥമുണ്ടായിരുന്നില്ല. മൂന്നുപേരും അതിൽ പങ്കാളികളായിരുന്നുവല്ലോ. ഈ തിരിച്ചറിവു നേടിയ അവരിങ്ങനെ പറഞ്ഞു: 'മുഹമ്മദിന്റെ വാക്കുകൾ കേൾക്കരുതെന്ന് ജനങ്ങളോട് പറയുന്ന നാം തന്നെ അതു കേൾക്കുകയോ? ആളുകളിതറിഞ്ഞാൽ അപകടമാണ്. അവർ മുഹമ്മദിന്റെ കൂടെ കൂടും. അതോടെ നാം ദുർബലരാകും. അതിനാൽ, ഇനിയൊരിക്കലും ഇതാവർത്തിക്കരുത്.' എന്നാൽ, രാത്രി തലേന്നാളത്തെ സമയമായതോടെ അവരിലാർക്കും സ്വയം നിയന്ത്രിക്കാനായില്ല. ഖുർആൻ കേൾക്കാൻ അവരുടെ കാതുകൾ കൊതിപൂണ്ടു. ഹൃദയങ്ങൾ തുടികൊട്ടി. ഇന്നുതാൻ മാത്രമേ ഉണ്ടാവുകയുള്ളൂവെന്ന ധാരണയോടെ ഓരോരുത്തരും നബി തിരുമേനിയുടെ വീടിനരികിലെത്തി ഖുർആൻ കേൾക്കാൻ തുടങ്ങി. ഇരുൾ നീങ്ങിത്തുടങ്ങിയതോടെ പരസ്പരം കണ്ടുമുട്ടുകയും ചെയ്തു. അന്നും അവർ തലേന്നാളത്തെ പ്രതിജ്ഞ ആവർത്തിച്ചു. എങ്കിലും മൂന്നാംനാളും അതാവർത്തിച്ചു.

അവസാനം തങ്ങൾ നിരന്തരം തോൽക്കുകയാണെന്ന തോന്നൽ അവരുടെ അഹങ്കാരത്തെ തട്ടിയുണർത്തി. അങ്ങനെയാണ് അവർ തങ്ങളുടെ ഖുർആൻ കേൾക്കൽ അവസാനിപ്പിച്ചത്. ഏതാനും നാളുകൾക്കുശേഷം അഖ്നസ് അബൂജഹ്‌ലിനോടു ചോദിച്ചു: 'അന്ന് നാം മുഹമ്മദിൽനിന്ന് കേട്ട വചനങ്ങളെപ്പറ്റി എന്തുപറയുന്നു?' 'എന്തു പറയാനാണ്? ഞങ്ങളും അബ്ദുമനാഫ് വംശവും കഴിഞ്ഞ കുറേ കാലമായി കിടമൽസരത്തിലായിരുന്നു. അവർ ജനങ്ങൾക്ക് അന്നം നൽകി. ഞങ്ങളും അതു തന്നെ ചെയ്തു. അവർ ആളുകളുടെ ഭാരം ചുമന്നു. അവരെപ്പോലെ ഞങ്ങളും ഏറെ ത്യാഗം സഹിച്ചു. ദാനധർമങ്ങളിൽ വ്യാപൃതരായി. അവരും ഞങ്ങളും വാഹനപ്പുറത്ത് യാത്ര ചെയ്യുന്നതുപോലും ഒരുതരം മൽസരം പോലെയാണ്. അങ്ങനെ ഞങ്ങൾ ഇരുകൂട്ടരും വിജയം വരിക്കാനായി പാടുപെട്ടുകൊണ്ടിരിക്കുകയായിരുന്നു. പന്തയത്തിലേർപ്പെട്ട കുതിരകളെ പോലെ. എന്നാൽ, ഇപ്പോൾ അവരിതാ അവകാശപ്പെടുന്നു: ഞങ്ങളുടെ കൂട്ടത്തിൽ ഒരു നബിയുണ്ട്. അദ്ദേഹത്തിന് ഉന്നതങ്ങളിൽ നിന്ന് ദിവ്യസന്ദേശം ലഭിക്കുന്നു. ഞങ്ങൾ ഇതെങ്ങനെ സഹിക്കും? ഇല്ല, ഒരിക്കലും ഞാനിത് അംഗീകരിക്കുകയില്ല. അതിൽ വിശ്വസിക്കുകയുമില്ല.'

## 18. അന്ധനുവേണ്ടി അവതരിച്ച വിശുദ്ധ വചനങ്ങൾ

വലീദുബ്നു മുഗീറ ഖുറൈശികളുടെ പ്രമുഖ നേതാവായിരുന്നു. മക്കയിലെ സമുന്നത നേതാവും. അദ്ദേഹത്തിന്റെ നിലപാടുകൾക്കും വാക്കുകൾക്കും സമൂഹത്തിൽ വലിയ സ്വാധീനമുണ്ടായിരുന്നു. അതുകൊണ്ടുതന്നെ വലീദ് സന്മാർഗം സ്വീകരിച്ചെങ്കിലെന്ന് പ്രവാചകൻ അതിയായാഗ്രഹിച്ചു. എങ്കിലത് മക്കയിൽ ഇസ്‌ലാമിന് വളരെയേറെ കരുത്ത് പകരും. എതിർപ്പുകൾ ഗണ്യമായി കുറയും. അക്രമ മർദനങ്ങൾക്കും ശമനമുണ്ടാകും. ഇക്കാരണങ്ങളാലെല്ലാമാണ് നബിതിരുമേനി അദ്ദേഹത്തെ ക്ഷണിച്ചുവരുത്തിയത്. അവിടുന്ന് വലീദുമായി ശ്രദ്ധാപൂർവം സംസാരിച്ചുകൊണ്ടിരിക്കുകയാണ്. അപ്പോഴാണ് അന്ധനായ അബ്ദുല്ലാഹിബ്നു ഉമ്മു മക്തൂം അവിടെ കടന്നുവന്നത്. അദ്ദേഹം പ്രവാചകനോട് ഖുർആൻ വാക്യങ്ങൾ പാരായണം ചെയ്തുകൊടുക്കാൻ ആവശ്യപ്പെട്ടു. ഏറെ പ്രതീക്ഷയോടെയും ജാഗ്രതയോടെയും വലീദുമായി സംസാരിച്ചുകൊണ്ടിരുന്ന പ്രവാചകൻ അദ്ദേഹത്തിന്റെ അഭ്യർഥന ശ്രദ്ധിച്ചില്ല. അതിനാൽ, അന്ധനായ അബ്ദുല്ല തന്റെ ആവശ്യം ആവർത്തിച്ചു. എങ്കിലും പ്രവാചകനത് പരിഗണിച്ചില്ല. മുഖത്ത് നീരസം പ്രകടമാവുകയും ചെയ്തു. ഇതൊന്നും ആ അന്ധൻ അറിഞ്ഞിരിക്കില്ല. അറിഞ്ഞാലും ഗൗരവത്തിലെടുക്കാനും ഇടയില്ല. പ്രവാചകൻ തിരക്കിലായതിനാലായിരിക്കാമെന്ന് കരുതി സമാധാനിച്ചേക്കാം. എന്നാലും അന്ത്യദൂതനും ലോകഗുരുവും വിശുദ്ധിയുടെ വിശ്വരൂപവുമായ നബിതിരുമേനിയിൽനിന്ന് ഇങ്ങനെയൊന്നുണ്ടാവുന്നത് അല്ലാഹുവിന് അംഗീകരിക്കാൻ സാധിക്കുമായിരുന്നില്ല. അന്ധനായ അടിമ അവഗണിക്കപ്പെടുന്നതും അവ്വിധം തന്നെ. അതിനാൽ, പ്രവാചകന്റെ നാവിലൂടെ അവതീർണമായ വിശുദ്ധ ഖുർആൻ വാക്യങ്ങളിലൂടെ തന്നെ അദ്ദേഹം നിശിതമായി നിരൂപണം ചെയ്യപ്പെട്ടു. അല്ലാഹു അറിയിച്ചു:
'അദ്ദേഹം നെറ്റിചുളിച്ചു; മുഖം തിരിച്ചു; കുരുടന്റെ വരവുകാരണം. നിനക്കെന്തറിയാം? ഒരുവേള അവൻ വിശുദ്ധിവരിച്ചെങ്കിലോ? അഥവാ, ഉപദേശം ശ്രദ്ധിക്കുകയും ആ ഉപദേശം അയാൾക്ക് ഉപകരിക്കുകയും ചെയ്തേക്കാമല്ലോ. എന്നാൽ, താൻ പോരിമ നടിച്ചവനോ; അവന്റെ നേരെ നീ ശ്രദ്ധതിരിച്ചു. അവൻ നന്നായില്ലെങ്കിൽ നിനക്കെന്ത്? എന്നാൽ നിന്നെത്തേടി ഓടിവന്നവനോ? അവൻ ദൈവഭക്തിയുള്ളവനാണ്. എന്നിട്ടും നീ അവന്റെ നേരെ അശ്രദ്ധകാണിച്ചു. അറിയുക: ഇതൊരുദ്ബോധനമാണ്. അതിനാൽ മനസ്സുള്ളവർ ഇതോർക്കട്ടെ, ആദരണീയമായ ഏടുകളിലാണിതുള്ളത്. ഉന്നതങ്ങളും വിശുദ്ധങ്ങളുമായ ഏടുകളിൽ.'(ഖുർആൻ: 80: 1-14)
ഇവിടെ ഖുർആൻ വാദിച്ചത് കണ്ണുപൊട്ടനുവേണ്ടിയാണ്. ഗുണദോഷിച്ചത് പ്രവാചകനെയും. അതും പ്രവാചകന്റെ നാവിലൂടെ ദൈവിക ഗ്രന്ഥത്തിൽ. അങ്ങനെ അന്ധനായ അബ്ദുല്ല ചരിത്രത്തിൽ അനശ്വരനായി. അദ്ദേഹത്തെപ്പോലുള്ളവരെ അവഗണിക്കുന്നവർക്ക് താക്കീതും.

## 19. മർദിതന്റെ അവകാശം നേടിക്കൊടുത്ത നബി

ഇറശ് ഗോത്രത്തിലെ ഇബ്നുൽ ഗൗസ് തന്റെ ഒട്ടകത്തെ വിൽക്കാനായി മക്കയിൽ വന്നു. അയാളതിനെ അവിടത്തെ ചന്തയിൽ പ്രദർശിപ്പിച്ചു. ഒട്ടകത്തെ ഏറെ ഇഷ്ടപ്പെട്ട അബൂജഹ്ൽ അതിനെ വാങ്ങി. എങ്കിലും വില നൽകിയില്ല. അതിനാൽ അയാൾ മക്കയിലെ പ്രമുഖരായ പലരോടും പരാതി പറഞ്ഞു. പക്ഷേ, അയാളുടെ എല്ലാ ശ്രമങ്ങളും പാഴാവുകയായിരുന്നു. അങ്ങനെ ഒരുദിവസം ഇബ്നുൽ ഗൗസ് കഅ്ബയുടെ അടുത്തുചെന്നു. ഏതാനും ഖുറൈശി പ്രമുഖർ അവിടെ കൂടിയിരിക്കുന്നുണ്ടായിരുന്നു. അദ്ദേഹം അവരെ സമീപിച്ച് തന്റെ പ്രയാസങ്ങളും അബൂജഹ്ലിന്റെ ക്രൂരതയും വിശദീകരിച്ചു. എല്ലാം കേട്ട ശേഷം അവർ പ്രവാചകന്റെ നേരെ വിരൽചൂണ്ടി. അദ്ദേഹം അൽപം അകലെ പ്രാർഥനാനിരതനായി കഴിയുകയായിരുന്നു. ഖുറൈശി പ്രമുഖർ ഇബ്നുൽ ഗൗസിനെ അദ്ദേഹത്തിന്റെ അടുത്തേക്കയച്ചു. അവർ പറഞ്ഞു: 'ആ ഇരിക്കുന്ന മനുഷ്യനെ കാര്യം ധരിപ്പിക്കുക. അയാൾ നിന്റെ പണം വാങ്ങിത്തരും.' അവർ പ്രവാചകനെ പരിഹസിക്കുകയായിരുന്നു. അബൂജഹ്ൽ നബിയുടെ കഠിന ശത്രുവായിരുന്നു. ഒപ്പം എന്തിനും മടിക്കാത്തവനും. അതിനാൽ മുഹമ്മദ് നബി അയാളെ സമീപിക്കില്ലെന്നാണ് അവർ കരുതിയത്. അഥവാ, ചെന്നുകണ്ടാലും പണം ചോദിക്കാൻ ധൈര്യപ്പെടില്ലെന്നും.

ഖുറൈശി പ്രധാനികളുടെ വാക്കുകേട്ട് ഇബ്നുൽ ഗൗസ് പ്രവാചകനെ സമീപിച്ചു. സംഭവമെല്ലാം വിശദീകരിച്ചുകൊണ്ട് അയാൾ പറഞ്ഞു: 'എത്ര ആവശ്യപ്പെട്ടിട്ടും അബൂജഹ്ൽ തരാനുള്ള സംഖ്യതരുന്നില്ല. ഞാൻ നന്നെ ദരിദ്രനാണ്. അതിനാൽ എനിക്കെന്റെ പണം വാങ്ങിത്തന്നാലും.'

നബിതിരുമേനി കാര്യങ്ങളെല്ലാം വിശദമായി ചോദിച്ചറിഞ്ഞു. അയാളുടെ ആവലാതി ന്യായമാണെന്ന് ബോധ്യമായതിനാൽ പണം വാങ്ങിക്കൊടുക്കാൻ തീരുമാനിച്ചു. അദ്ദേഹം ഇബ്നുൽ ഗൗസിനോടു പറഞ്ഞു: 'നടക്കൂ, ഞാനും വരാം.'

നബിതിരുമേനിയും ഇബ്നുൽ ഗൗസും അബൂജഹ്ലിന്റെ വീട്ടിലേക്ക് പുറപ്പെട്ടു. ഇത് കണ്ട ഖുറൈശിക്കൂട്ടത്തിന്റെ മട്ട് മാറി. അതുവരെ പ്രവാചകനെ പരിഹസിച്ച അവർ അദ്ഭുതസ്തബ്ധരായി. അവരുടെ കണക്കുകൂട്ടലുകൾ തെറ്റുകയായിരുന്നു. മർദിതന്റെ പ്രാർഥനക്കും ദൈവത്തിനുമിടയിൽ മറയില്ലെന്ന് പഠിപ്പിച്ച പ്രവാചകന് ഇബ്നുൽ ഗൗസിന്റെ അഭ്യർഥന നിരസിക്കാനാവുമായിരുന്നില്ല.

മുഹമ്മദ് ആവശ്യപ്പെട്ടാലും അബൂജഹ്ൽ അതംഗീകരിക്കില്ലെന്ന് അപ്പോഴും ഖുറൈശി പ്രമുഖർ സമാധാനിച്ചു. എന്താണ് സംഭവിക്കുന്നതെന്നറിയാൻ ഒരാളെ പ്രവാചകന്റെ പിന്നാലെ അയയ്ക്കുകയും ചെയ്തു.

നബിയും ഇബ്നുൽ ഗൗസും അബൂജഹ്ലിന്റെ വീട്ടിലെത്തി. അടഞ്ഞുകിടന്നിരുന്ന വാതിലിൽ ശക്തിയായി മുട്ടി. അകത്തുണ്ടായിരുന്ന അബൂജഹ്ൽ പരുഷ സ്വരത്തിൽ ചോദിച്ചു:

'ആരാണ് വാതിലിൽ മുട്ടുന്നത്?'

'ഇത് ഞാനാണ്. മുഹമ്മദ്. ഇങ്ങ് ഇറങ്ങിവരൂ' –നബിതിരുമേനി ആവശ്യപ്പെട്ടു.

അയാൾ അനുസരണയുള്ള കൊച്ചുകുട്ടിയെപ്പോലെ പുറത്തുവന്നു. പ്രവാചകന്റെ പ്രകൃതവും മുഖഭാവവും അബൂജഹ്ലിനെ അമ്പരപ്പിച്ചു. അയാൾ പേടിച്ച് വിറച്ചു.

'ഈ പാവത്തിന്റെ പണം കൊടുക്ക്, ഉം, ഉടനെയാവട്ടെ.....' നബി തിരുമേനി കൽപിച്ചു.

'ഇതാ, ഇപ്പോൾതന്നെ കൊടുക്കാം.'

ഇതും പറഞ്ഞ് അബൂജഹ്ൽ അകത്തുപോയി. ഒട്ടും വൈകാതെ പണപ്പൊതിയുമായി തിരിച്ചുവന്നു. അപ്പോഴും അയാളുടെ കൈകൾ വിറയ്ക്കുന്നുണ്ടായിരുന്നു. അബൂജഹ്ൽ ഒട്ടകത്തിന്റെ വിലഇബ്നുൽ ഗൗസിനെ ഏൽപിച്ചു.

തന്റെ പണം കിട്ടിയ സന്തോഷത്തോടെ ഇബ്നുൽ ഗൗസ് കഅ്ബയുടെ അടുത്തെത്തി. തന്നെ നബിതിരുമേനിയുടെ അടുത്തേക്ക് അയച്ചവരുടെ അടുത്തുചെന്ന് വിവരമറിയിച്ചു. പക്ഷേ, അവർക്കത് വിശ്വസിക്കാൻ കഴിഞ്ഞില്ല. എങ്കിലും ഏറെക്കഴിയുംമുമ്പേ വിവരമറിയിക്കാൻ പിറകെ അയച്ച ആളും തിരിച്ചെത്തി. അയാൾ കടുത്ത നിരാശയോടെ പറഞ്ഞു: 'മുഹമ്മദ് പണം കൊടുക്കാൻ കൽപിച്ചപ്പോൾ ഒരക്ഷരം പോലും മറുത്തുപറയാതെ ആ പേടിത്തൊണ്ടൻ അതനുസരിച്ചു. അകത്തുപോയി പണം കൊണ്ടുവന്നു കൊടുത്തു.'

## 20. ഖുർആൻ വചനങ്ങളും പേർഷ്യൻ പുരാണവും

നബി തിരുമേനിയുടെ നാവിലൂടെ പുറത്തുവന്ന ദിവ്യവചനങ്ങൾ സമൂഹത്തെ സാരമായി സ്വാധീനിച്ചുകൊണ്ടിരുന്നു. ഇത് ഇസ്‌ലാമിന്റെ ശത്രുക്കൾക്ക് സഹിക്കാൻ സാധിച്ചില്ല. അക്രമ മർദനങ്ങൾക്കോ പ്രലോഭനങ്ങൾക്കോ പ്രവാചകനെയും അനുചരന്മാരെയും പിന്തിരിപ്പിക്കാനായില്ല. മുഹമ്മദ് മാരണക്കാരനും കവിയും ജ്യോത്സ്യനും ഭ്രാന്തനുമൊക്കെയാണെന്ന അവരുടെ പ്രചാരണവും ഫലിച്ചില്ല. എതിരാളികൾ എത്ര ശ്രമിച്ചിട്ടും വിശ്വാസികളുടെ എണ്ണം വർധിച്ചു കൊണ്ടിരുന്നു. അതിനാൽ എന്തു ചെയ്യണമെന്ന ചിന്ത ഖുറൈശിക്കൂട്ടത്തെ അലോസരപ്പെടുത്തി. എല്ലാം പരാജയപ്പെട്ട സാഹചര്യത്തിൽ ഹാരിസിന്റെ മകൻ നള്റിനെ ഉപയോഗപ്പെടുത്താമെന്ന നിർദേശം എല്ലാവർക്കും സ്വീകാര്യമായിത്തോന്നി. ഖുറൈശികളിലെ അറിയപ്പെടുന്ന തന്ത്രശാലിയായിരുന്നു അയാൾ. ദീർഘകാലം ഹീറയിലായിരുന്നു താമസം. അക്കാലത്ത് പേർഷ്യക്കാരുടെ പുരാണേതിഹാസങ്ങൾ പഠിക്കാൻ അവസരം ലഭിച്ചിരുന്നു. പേർഷ്യൻ ചക്രവർത്തിമാരുടെ ചരിത്രവും കഥകളും നള്റിന് നന്നായറിയാമായിരുന്നു. അതോടൊപ്പം അവരുടെ ആരാധനാരീതികളും ആചാരക്രമങ്ങളും വശമാക്കിയിരുന്നു. ഇതെല്ലാമുപയോഗിച്ച് ഖുർആനെ നേരിടാമെന്നാണ് അവർ കണക്കുകൂട്ടിയത്. അതിനാൽ ഖുറൈശികൾ പ്രവാചകന്റെ പിന്നാലെ നള്റിനെ അയച്ചു. നബി തിരുമേനി ഖുർആൻ പാരായണം ചെയ്താൽ അയാൾ തനിക്കറിയാവുന്ന പേർഷ്യൻ കഥകളും ചരിത്രവും ഏറ്റവും നല്ല ഭാഷയിലും ശൈലിയിലും വിവരിക്കാൻ തുടങ്ങും. പ്രവാചകന്റെ വ്യക്തിസംഭാഷണങ്ങളെയും കൊച്ചു സംഘങ്ങളോടുള്ള ഹ്രസ്വഭാഷണങ്ങളെയും ഇവ്വിധം പരാജയപ്പെടുത്താൻ നള്ർ പരമാവധി ശ്രമിച്ചുകൊണ്ടിരുന്നു. തന്റെ കഥപറച്ചിലും സംഭവവിവരണങ്ങളും കഴിഞ്ഞാൽ അയാൾ ചോദിക്കുമായിരുന്നു; 'ഏതു കാര്യത്തിലാണ് മുഹമ്മദിന്റെ വാക്കുകൾ എന്റേതിനെക്കാൾ നന്നായത്? ഞാൻ പറയുന്നതുപോലുള്ള കഥകൾ തന്നെയല്ലേ അയാളും പറയുന്നത്?'

എന്നാൽ ജനം നള്റിന്റെ വാക്കുകൾ കേട്ടിരുന്നത് ഖുറൈശിക്കൂട്ടത്തെ ഭയന്നാണ്. പ്രവാചകനിൽനിന്ന് ഖുർആൻ കേട്ടിരുന്നതും അങ്ങനെത്തന്നെ. പക്ഷേ, നള്റിന്റേത് കേൾക്കാതിരുന്നാലുള്ള ഭവിഷ്യത്തുകളെയും ഖുർആൻ കേട്ടാലുള്ള മർദനങ്ങളെയുമാണ് അവർ ഭയപ്പെട്ടിരുന്നത്. അതുകൊണ്ടുതന്നെ പേർഷ്യൻ പുരാണങ്ങളും രാജാക്കന്മാരുടെ ചരിത്രകഥകളും ആരെയും അൽപവും സ്വാധീനിച്ചില്ല. പ്രവാചകൻ പാരായണം ചെയ്ത ഖുർആൻ സൂക്തങ്ങൾ എതിരാളികളിൽ പോലും താൽപര്യമുണർത്തുകയും ചെയ്തു.

## 21. വിഫലമായ വിലക്കുകൾ

മക്കയിലെത്തുന്ന വിദേശികളെയെല്ലാം ഖുറൈശികൾ സ്വാധീനിക്കാൻ ശ്രമിച്ചിരുന്നു. മുഹമ്മദുമായി കാണുന്നതും ഖുർആൻ കേൾക്കുന്നതും ഒഴിവാക്കലായിരുന്നു ലക്ഷ്യം. മറ്റെല്ലാവരെയുമെന്നപോലെ യമനിൽനിന്നെത്തിയ അംറിന്റെ മകൻ തുഫൈലിനെയും അവർ സമീപിച്ചു. അദ്ദേഹം അറിയപ്പെടുന്ന കവിയും ഗായകനുമായിരുന്നു. ഖുറൈശികൾ അനുനയസ്വരത്തിൽ പറഞ്ഞു: 'ഞങ്ങളുടെ നാട്ടിൽ ഒരാൾ താൻ നബിയാണെന്നും പറഞ്ഞ് നടക്കുന്നുണ്ട്. ഒരുവേള താങ്കളും അതറിഞ്ഞിരിക്കും. അവൻ സമർഥനായ മാരണക്കാരനാണ്. അവന്റെ വാക്കുകൾക്ക് എന്തോ വശ്യതയുണ്ട്. കേൾക്കുന്നവരെയൊക്കെ അത് കുഴപ്പത്തിലാക്കും. പിന്നെ അതിൽനിന്ന് രക്ഷപ്പെടാനാവില്ല. ഇവിടെ കുറേ പേർ അതിൽ കുടുങ്ങിയിരിക്കുന്നു. അവന്റെ മാരണത്തിൽ മയങ്ങി പഴയമതം തന്നെ കൈയൊഴിച്ചിരിക്കുന്നു. അവരിപ്പോൾ നാട്ടിൽ കുഴപ്പവും കുടുംബങ്ങളിൽ ഭിന്നിപ്പും ഉണ്ടാക്കിക്കൊണ്ടിരിക്കുകയാണ്: മക്കളെ മാതാപിതാക്കളിൽനിന്നകറ്റുന്നു. ഭാര്യാഭർത്താക്കന്മാരെ വേർപിരിക്കുന്നു. അതിനാൽ, താങ്കൾ അവനെ കാണരുത്. അവന്റെ വാക്കുകൾ കേൾക്കരുത്. അബദ്ധം സംഭവിക്കാതിരിക്കട്ടെയെന്നു കരുതിയാണ് മുൻകൂട്ടി എല്ലാം പറയുന്നത്.'

ഖുറൈശികളുടെ ഈ വാക്കുകൾ ഓർത്തുകൊണ്ടാണ് തുഫൈൽ കഅ്ബയുടെ അടുത്തേക്കു ചെന്നത്. അപ്പോൾ പ്രവാചകൻ അവിടെനിന്ന് നമസ്കരിക്കുകയായിരുന്നു. ചുറ്റുമുള്ളവരൊക്കെ കേൾക്കത്തക്കവിധം ഖുർആൻ പാരായണം ചെയ്യുന്നുണ്ടായിരുന്നു. ഒരു നിമിഷം അത് തുഫൈലിന്റെ കാതുകളിലും വന്നെത്തി. എത്ര ശ്രമിച്ചിട്ടും അയാൾക്കത് കേൾക്കാതിരിക്കാനായില്ല. അതിലെ ഓരോ വാക്കും അദ്ദേഹത്തെ അതിയായി ആകർഷിച്ചു.

മനസ്സിൽ വമ്പിച്ച ചലനങ്ങളുണ്ടാക്കി. ഉള്ളടക്കം തുഫൈലിന്റെ ഉള്ളിലേക്കിറങ്ങിച്ചെന്നു. നബിതിരുമേനിയുടെ നമസ്കാരം തീരുന്നതുവരെ അദ്ദേഹം അവിടെത്തന്നെ നിന്നു. പ്രാർഥന പൂർത്തിയാക്കി വീട്ടിലേക്കുപോകുന്ന പ്രവാചകനെ തുഫൈലും പിന്തുടർന്നു. വീട്ടിലെത്തിയ ഉടനെ സംഭവങ്ങളെല്ലാം വിവരിച്ചുകൊടുത്തു. സാഹചര്യത്തിന്റെ തേട്ടം നന്നായി മനസ്സിലാക്കിയ നബിതിരുമേനി ഖുർആനിലെ ഏതാനും സൂക്തങ്ങൾ കൂടി ഓതിക്കേൾപ്പിച്ചു. എല്ലാം ശ്രദ്ധിച്ചുകേട്ട തുഫൈൽ പ്രഖ്യാപിച്ചു: 'ദൈവം സാക്ഷി! അവൻ എല്ലാം അറിയുന്നവനും എല്ലാറ്റിനും കഴിവുള്ളവനുമാണല്ലോ. ഞാൻ ഇപ്പോൾ കേട്ടത് അറബി സാഹിത്യത്തിൽ തുല്യതയില്ലാത്ത വചനങ്ങളാണ്. തീർച്ചയായും അവ അത്യുൽകൃഷ്ടമാണ്; ഏറെ ആകർഷകവും. അതു വളരെ വിശുദ്ധവും അർഥപൂർണവുമാണ്. ഇതുപോലൊന്ന് ഞാൻ ഇതിനുമുമ്പ് കേട്ടിട്ടേയില്ല. അല്ലാഹു സാക്ഷി! ഇതു മനുഷ്യവചനമല്ല. ഒരു മനുഷ്യന് ഇങ്ങനെയൊന്ന് രചിക്കാനാവില്ല. അതിനാലിത് ദൈവികം തന്നെ; തീർച്ച.'
അറബി സാഹിത്യത്തറവാട്ടിലെ ഒരു കുലപതി കൂടി ഖുർആന് കീഴ്പ്പെട്ട് സർവതും അതിന്റെ മുമ്പിൽ സമർപ്പിക്കുകയായിരുന്നു. തങ്ങളുടെ വിലക്കുകൾ വിഫലമായതിലുള്ള കഠിനമായ കുണ്ഠിതം പ്രകടിപ്പിക്കാൻ ഖുറൈശിക്കൂട്ടത്തിന് കഴിഞ്ഞില്ല. തുഫൈൽ അത്രയേറെ ജനപിന്തുണയും സ്വാധീനവുമുള്ള വ്യക്തിയായിരുന്നു. അതോടൊപ്പം മക്കയിലെത്തുന്ന വിദേശികളെ ദ്രോഹിക്കുന്നത് വമ്പിച്ച വിപത്തിനും ഇടവരുത്തും.

## 22. നാശത്തിലേക്ക് നയിച്ച കൂട്ടുകാരൻ

മക്കയിലെ പ്രമുഖരിലൊരാളായിരുന്നു ഉഖ്ബ. വളരെ സമ്പന്നനും. താൻ എന്തിനും പോന്നവനാണെന്ന തോന്നൽ അയാളെ കടുത്ത അഹങ്കാരിയാക്കി. ഇസ്‌ലാം സത്യമാണെന്ന് ഉത്തമബോധ്യമുണ്ടായിരുന്നിട്ടും അത് സ്വീകരിക്കാൻ സന്നദ്ധനാവാതിരുന്നത് ആ ഒരൊറ്റ കാരണം കൊണ്ടാണ്.
ഒരിക്കൽ ഉഖ്ബ ഒരു വിരുന്നൊരുക്കി. പ്രദേശത്തെ പ്രമുഖരെയെല്ലാം അതിലേക്ക് ക്ഷണിച്ചു. പ്രവാചകനെ അവഗണിക്കാനാവാത്തതിനാൽ അദ്ദേഹത്തെയും വീട്ടിലേക്ക് വിളിച്ചുവരുത്തി. പ്രവാചകന്റെ പ്രബോധനം ശ്രവിച്ച ഉഖ്ബ സന്മാർഗം സ്വീകരിച്ചു. സംഭവം നടക്കുമ്പോൾ സമീപത്തുണ്ടായിരുന്ന ഉബയ്യിന് ഇതൊട്ടും ഇഷ്ടപ്പെട്ടില്ല. അയാൾ ഉഖ്ബയുടെ ഉറ്റമിത്രമായിരുന്നു. പ്രവാചകന്റെ പ്രധാന എതിരാളികളിലൊരാളും. ഉബയ്യ് തന്റെ കൂട്ടുകാരന്റെ നടപടിയെ രൂക്ഷമായി ആക്ഷേപിച്ചു. അയാളെ കടുത്ത ശൈലിയിൽ പരിഹസിക്കുകയും ചെയ്തു. ഉഖ്ബ ക്ഷമാപണസ്വരത്തിൽ പറഞ്ഞു: 'ക്ഷണിച്ചുവരുത്തിയ മാന്യനായ ഒരതിഥിയെ  മാനിച്ച് ചെയ്തതാണ്.'
ഈ മറുപടി ഉബയ്യിനെ തൃപ്തനാക്കിയില്ല. അയാൾ പറഞ്ഞു: 'ഇതിന് പ്രായശ്ചിത്തമായി താങ്കൾ മുഹമ്മദിന്റെ പിരടിക്ക് ചവിട്ടുകയും മുഖത്ത് കാർക്കിച്ചുതുപ്പുകയും ചെയ്താലല്ലാതെ നമുക്കിടയിൽ ഇനി ഒരു ബന്ധവുമുണ്ടാവില്ല.'
ഉബയ്യിന്റെ ആവശ്യം നിരസിക്കാൻ ഉഖ്ബക്ക് സാധിച്ചില്ല. അയാൾ ആൾക്കൂട്ടത്തിൽ വെച്ചുതന്നെ പ്രവാചകന്റെ മുഖത്ത് കാർക്കിച്ചു തുപ്പി. തിന്മയെ നന്മകൊണ്ട് തടയണമെന്നും സൗഭാഗ്യവാന്മാരുടെ പാത ക്ഷമയുടേതാണെന്നുമുള്ള ഖുർആന്റെ നിർദേശം ശിരസ്സാവഹിച്ച നബി തിരുമേനി മുഖം തുടച്ചു നടന്നുനീങ്ങി. കോപം കാണിക്കുകയോ അനിഷ്ടം പ്രകടിപ്പിക്കുകയോ ചെയ്തില്ല. അപ്പോഴും പ്രവാചകന്റെ മുഖത്ത് ആ ധിക്കാരികളുടെ ഭാവിയെ സംബന്ധിച്ച കടുത്ത ഉത്കണ്ഠയായിരുന്നു. അതുണർത്തിയ സഹതാപവികാരവും. പ്രവാചകന്റെ ആശങ്ക യാഥാർഥ്യമാവുകയായിരുന്നു. ഉഖ്ബയെ കാത്തിരിക്കുന്ന പരലോകത്തെപ്പറ്റി ദൈവം വേദഗ്രന്ഥത്തിലൂടെ അറിയിച്ചു:
'ആ അക്രമി ഖേദത്താൽ വിരൽ കടിക്കുന്ന ദിനമാണ്. അന്ന് അയാൾ വിലപിക്കും: ഹാ കഷ്ടം! ഞാൻ ദൈവദൂതനോടൊപ്പം അദ്ദേഹത്തിന്റെ മാർഗം സ്വീകരിച്ചിരുന്നെങ്കിൽ!
'എന്റെ നിർഭാഗ്യം! ഞാൻ ഇന്നയാളെ കൂട്ടുകാരനാക്കിയിരുന്നില്ലെങ്കിൽ!
'എനിക്ക് ഉദ്ബോധനം വന്നെത്തിയ ശേഷം അവനെന്നെ അതിൽനിന്ന് തെറ്റിച്ചുകളഞ്ഞല്ലോ. പിശാച് മനുഷ്യനെ സംബന്ധിച്ചേടത്തോളം കൊടിയ വഞ്ചകൻ തന്നെ.' (ഖുർആൻ 25:27-29)

## 23. വേദവാക്യത്തിന് വഴിയൊരുക്കിയ കണ്ണീർ

നബി തിരുമേനി ഒരിടത്ത് വിശ്രമിക്കുകയായിരുന്നു. കൂടെ ഉമറുൽഫാറൂഖ് ഉൾപ്പെടെയുള്ള അനുചരന്മാരുമുണ്ട്. അപ്പോൾ ഒരു ഗ്രാമീണൻ അവിടെ കടന്നുവന്നു. പ്രവാചകനുമായി സംസാരിച്ചുകൊണ്ടിരിക്കെ അയാൾ തന്റെ പഴയകാല ജീവിതാനുഭവങ്ങളിലൊന്ന് വിവരിക്കാൻ തുടങ്ങി. പെൺകുഞ്ഞുങ്ങൾ പിറക്കുന്നത് അപമാനമായി കരുതുന്ന ഗോത്രങ്ങളിലൊന്നായിരുന്നു അയാളുടേത്. അതിനാൽ അവരിൽ ചിലർ തങ്ങളുടെ പെൺമക്കളെ ജീവനോടെ കുഴിച്ചുമൂടാറുണ്ടായിരുന്നു. അത്തരമൊരു ക്രൂരകൃത്യം കാണിച്ച ആളായിരുന്നു ആ ഗ്രാമീണനും. ആ സംഭവമാണ് അയാൾ പ്രവാചകനോട് വിവരിച്ചത്. അയാൾക്ക് ഒരു മകളുണ്ടായിരുന്നു. അയാൾ അവളെ അതിയായി സ്നേഹിച്ചിരുന്നു. എങ്കിലും സമൂഹത്തിന്റെ പരിഹാസം സഹിക്കാവുന്നതിലപ്പുറമായിരുന്നു. അതോടൊപ്പം വേണ്ടപ്പെട്ടവരെല്ലാം അവളുടെ ശല്യം ഒഴിവാക്കാൻ പ്രേരിപ്പിച്ചുകൊണ്ടിരുന്നു. ക്രമേണ അയാളുടെ മനസ്സും അതിനനുകൂലമായി. അങ്ങനെയാണ് ആ ഗ്രാമീണൻ സ്വന്തം മകളെ ജീവനോടെ കുഴിച്ചുമൂടാൻ തീരുമാനിച്ചത്.
ഒരു ദിവസം അയാൾ മകളെ കുളിപ്പിച്ച് വസ്ത്രമണിയിച്ചു. ആവശ്യമായ ആഹാരവും നൽകി. അപ്പോഴൊന്നും ഇത് തന്റെ അവസാനത്തെ ഭക്ഷണമാണെന്ന് ആ കുഞ്ഞ് അറിഞ്ഞിരുന്നില്ല. അവൾ പിതാവിന്റെ കൈ പിടിച്ച് പടിയിറങ്ങി. അയാൾ അവളെ വീട്ടിൽ നിന്ന് ഏറെ ദൂരെ ആളൊഴിഞ്ഞ ഒരിടത്തേക്ക് കൂട്ടിക്കൊണ്ടുപോയി. ആ ഗ്രാമീണൻ മകളെ തന്റെ അടുത്തുനിർത്തി കുഴിവെട്ടാൻ തുടങ്ങി. കുനിഞ്ഞുനിന്ന് കുഴിവെട്ടവെ നെറ്റിയിലും താടിരോമങ്ങളിലും പറ്റിപ്പിടിച്ച മണൽത്തരികൾ ആ കൊച്ചു കുട്ടി തന്റെ ഇളം കൈകൾകൊണ്ട് തടവിമാറ്റിക്കൊണ്ടിരുന്നു. എന്നാൽ, അതൊന്നും അയാളുടെ തീരുമാനത്തെ ഒട്ടും സ്വാധീനിച്ചില്ല.
കുഴി പൂർത്തിയായപ്പോൾ ആ ഗ്രാമീണൻ മകളെ അതിലേക്ക് പിടിച്ചുതള്ളി. ആ കുട്ടി വാവിട്ട് കരയാൻ തുടങ്ങി. അപ്പോഴും അവൾ വിളിച്ചിരുന്നത് പിതാവിനെത്തന്നെയാണ്. എന്നിട്ടും അയാൾ പതറിയില്ല. തന്റെ തീരുമാനം തിരുത്തിയതുമില്ല. അയാൾ മണൽവാരി അവളുടെ വായിലിട്ടു. അവളെ നിശ്ശബ്ദയാക്കി. തുടർന്ന് മണ്ണിട്ട് മൂടുകയും ചെയ്തു.
ആ ഗ്രാമീണൻ പ്രവാചകനോട് ഇക്കഥ വിവരിച്ചത് തികഞ്ഞ നിസ്സംഗതയോടെയാണ്. അയാളെ സംബന്ധിച്ചിടത്തോളം പുതുമയുള്ള കാര്യമായിരുന്നില്ല അത്. അസ്വാഭാവികവുമായിരുന്നില്ല. തന്റെ ഗോത്രത്തിലത് സാധാരണമായിരുന്നുവല്ലോ.
എന്നാൽ, ഗ്രാമീണന്റെ വിവരണം കേട്ട് പ്രവാചകന്റെ കരളലിഞ്ഞു. കണ്ണുകൾ നിറഞ്ഞു. കവിളുകളിലൂടെ ഒലിച്ചിറങ്ങിയ കണ്ണീർത്തുള്ളികൾ താടിരോമങ്ങളെ നനച്ച് നിലത്ത് ഇറ്റിവീണു. ഏറെക്കഴിയും മുമ്പെ പ്രവാചകന്റെ ദുഃഖം ദൈവികസിംഹാസനം ഏറ്റുവാങ്ങി. എന്നും എവിടെയും ക്രൂരമായി കൊലചെയ്യപ്പെടുന്ന കുഞ്ഞുങ്ങൾക്കു വേണ്ടിയുള്ള നബി തിരുമേനിയുടെ കണ്ണീർത്തുള്ളികൾക്ക് അറുതിവരുത്തിക്കൊണ്ട് ദൈവിക ശാസനയുണ്ടായി. വിശുദ്ധ ഖുർആനിലൂടെ അല്ലാഹു താക്കീത് ചെയ്തു: 'കുഴിച്ചുമൂടപ്പെട്ട പെൺകുട്ടിയോട് ചോദിക്കുന്ന ദിനം വരികതന്നെ ചെയ്യും; താൻ ഏതൊരു പാപത്തിന്റെ പേരിലാണ് കുഴിച്ചുമൂടപ്പെട്ടതെന്ന്.' (ഖുർആൻ 81: 8,9)

## 24. അദ്ദാസിന്റെ സന്മാർഗസ്വീകരണം

പ്രവാചകത്വത്തിന്റെ പത്താം വർഷം ത്വാഇഫിൽ അഭയം ലഭിക്കാതെ ആട്ടിയോടിക്കപ്പെട്ട പ്രവാചകൻ ഉത്ബയുടെയും ശൈബയുടെയും തോട്ടത്തിൽ അഭയം തേടി. മനസ്സിനും ശരീരത്തിനും ഒരുപോലെ മുറിവേറ്റ പ്രവാചകൻ ഏറെ ക്ഷീണിതനായിരുന്നു. എങ്കിലും ഒട്ടും നിരാശനായിരുന്നില്ല. അവിടുന്ന് അല്ലാഹുവോടിങ്ങനെ പ്രാർഥിച്ചു: 'നാഥാ, എന്റെ ദൗർബല്യത്തെയും കഴിവുകേടിനെയും ജനങ്ങൾക്കിടയിലെ വിലക്കുറവിനെയും സംബന്ധിച്ച് എനിക്ക് നിന്നോടുമാത്രമേ പരാതിപ്പെടാനുള്ളൂ. നീ ദുർബലരുടെ രക്ഷകനാണ്. എന്റെ നാഥനും നീ തന്നെ. എന്നെ നീ ആർക്കാണ് ഏൽപിച്ചുകൊടുക്കുന്നത്? എന്നെ പരാജയപ്പെടുത്തുന്ന എതിരാളികൾക്കോ; അതേ-പരിഹസിക്കുകയും ദ്രോഹിക്കുകയും ചെയ്യുന്ന അപരിചിതർക്കോ? നിനക്ക് എന്നോട് വെറുപ്പില്ലെങ്കിൽ മറ്റൊന്നും എനിക്ക് പ്രശ്നമല്ല. നിന്റെ പ്രീതിയാണെനിക്കാവശ്യം. നിന്റെ വെറുപ്പും കോപവും എന്നിൽ വന്നുഭവിക്കുന്നതിൽനിന്ന് ഞാനിതാ നിന്നിലഭയം തേടുന്നു. ഇരുളകറ്റി ഇഹ-പര ലോകങ്ങളെ പ്രശോഭിതമാക്കുന്ന നിന്റെ വദനശോഭയിൽ ഞാനിതാ രക്ഷതേടുന്നു. നീ

സംതൃപ്തനാകുംവരെ ആക്ഷേപിക്കാനും ശാസിക്കാനുമുള്ള അവകാശം നിനക്കുണ്ടല്ലോ. സർവ്വസ്തുതിയും സർവ കഴിവുകളും നിനക്കു മാത്രം.'
പ്രവാചകന്റെ മുഖത്ത് വിശപ്പിന്റെയും ക്ഷീണത്തിന്റെയും അടയാളങ്ങൾ പ്രകടമായിരുന്നു. ഇതു കണ്ട ഉത്ബക്കും ശൈബക്കും അലിവും അനുകമ്പയും തോന്നി. അവർ ഇസ്‌ലാമിന്റെ കഠിന ശത്രുക്കളായിരുന്നുവെങ്കിലും പ്രവാചകനുമായുള്ള വ്യക്തിബന്ധം അറുത്തുമാറ്റിയിരുന്നില്ല. അതിനാലവർ തങ്ങളുടെ ഭൃത്യൻ അദ്ദാസ് വശം തോട്ടത്തിലെ മുന്തിരി പറിച്ച് കൊടുത്തയച്ചു. നബി തിരുമേനി അതു വാങ്ങി തിന്നാനൊരുങ്ങവെ, 'പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ' എന്നർഥം വരുന്ന 'ബിസ്മി' ചൊല്ലി. ഇതുകേട്ട് അദ്ദാസ് ചോദിച്ചു: 'ഇന്നാട്ടുകാരാരും പറയാത്ത വചനമാണല്ലോ ഇത്?' അപ്പോൾ പ്രവാചകൻ ചോദിച്ചു: 'നീ ഏതു നാട്ടുകാരനാണ്.'
'നീനവൈഹിക്കാരൻ'-അദ്ദാസ് അറിയിച്ചു.
'അപ്പോൾ എന്റെ സഹോദരൻ യൂനുസ് പുണ്യവാളന്റെ നാട്ടുകാരനാണല്ലോ?' പ്രവാചകന്റെ ഈ ചോദ്യം കേട്ട് അമ്പരന്ന അദ്ദാസ് അന്വേഷിച്ചു: 'താങ്കളെങ്ങനെയാണ് യൂനുസിനെ അറിയുന്നത്?!'
'യൂനുസ് ദൈവദൂതനായിരുന്നുവല്ലോ. ഞാനും ദൈവദൂതനാണ്.' പ്രവാചകൻ പ്രതിവചിച്ചു. അദ്ദാസിന്റെ സന്മാർഗ സ്വീകരണത്തോടെയാണ് ഈ സംഭാഷണത്തിന് വിരാമമുണ്ടായത്.

## 25. ശത്രുക്കൾക്കുവേണ്ടി പ്രാർഥിച്ച പ്രവാചകൻ

പ്രവാചക ജീവിതത്തിലെ ഏറ്റവും ദുഃഖകരമായ ദിനം എന്നാണ്? പ്രത്യക്ഷത്തിൽ തോന്നുക ഉഹുദ് യുദ്ധദിനമാണെന്നാണ്. ഒരിക്കൽ മാത്രമേ നബി തിരുമേനിക്ക് ശത്രുക്കളുടെ ആക്രമണത്തിൽ പരിക്ക് പറ്റിയിട്ടുള്ളൂ. അത് അന്നാണ്. ഉഹുദിൽവെച്ച് പ്രവാചകന്റെ പല്ല് പൊട്ടുകയും ശരീരത്തിൽ മുറിവ് പറ്റുകയും ചെയ്തു. തനിക്കേറെ പ്രിയപ്പെട്ട പിതൃവ്യൻ ഹംസയും അടുത്ത അനുയായി മിസ്അബും ഉൾപ്പെടെ പ്രമുഖരായ പലരും കൊല്ലപ്പെട്ടതും ഉഹുദിൽതന്നെ.
പ്രവാചകപത്നി ആഇശയുടെപോലും ധാരണ അദ്ദേഹം ജീവിതത്തിൽ ഏറ്റവും കൂടുതൽ പ്രയാസമനുഭവിച്ച ദിവസം അന്നാണെന്നായിരുന്നു. അതിനാൽ അവർ പ്രിയതമനോട് ചോദിച്ചു: 'അങ്ങയുടെ ജീവിതത്തിൽ ഉഹുദ് ദിനത്തെക്കാൾ ദുരിതമനുഭവിച്ച ഏതെങ്കിലും ദിവസമുണ്ടോ?' 'ഉണ്ട്. ത്വാഇഫിൽ അഭയം തേടിയ ദിവസമാണത്. അവർ അഭയം നിഷേധിച്ചപ്പോൾ എനിക്കുണ്ടായ പ്രയാസത്തിന് സമാനമായത് മറ്റൊരിക്കലും ഉണ്ടായിട്ടില്ല.'
പ്രവാചകത്വ ലബ്ധിയുടെ പത്താം വർഷം പ്രിയപത്നി ഖദീജയും പിതൃവ്യൻ അബൂത്വാലിബും പരലോകം പ്രാപിച്ചു. അവരിരുവരുമാണ് എല്ലാ പ്രയാസങ്ങളിലും പ്രതിസന്ധികളിലും പ്രവാചകന് താങ്ങും തുണയുമായുണ്ടായിരുന്നത്. മാതൃതുല്യമായ പരിലാളനയും സഹപ്രവർത്തകയുടെ സഹകരണവും സഹധർമിണിയുടെ സ്നേഹവാൽസല്യവും സമ്മാനിച്ച് നബി തിരുമേനിക്ക് സദാ സാന്ത്വനവും ആശ്വാസവും നൽകിയിരുന്നത് ഖദീജയാണ്. ശത്രുക്കളുടെ അക്രമമർദനങ്ങളിൽനിന്ന് രക്ഷിച്ചിരുന്നത് അബൂത്വാലിബും. ഇരുവരുടെയും വിയോഗം സംഭവിച്ചതിനാൽ അക്കൊല്ലം ദുഃഖവർഷമെന്ന പേരിലാണ് അറിയപ്പെടുന്നത്. ഈ ഇരട്ട നഷ്ടം പ്രവാചകന് മക്കയിൽ ജീവിക്കാൻ സാധിക്കാത്ത സാഹചര്യം സൃഷ്ടിച്ചു.
അങ്ങനെയാണ് അദ്ദേഹം ത്വാഇഫിൽ അഭയം തേടാൻ തീരുമാനിച്ചത്. മക്കയുടെ അടുത്ത പ്രദേശമാണ് ത്വാഇഫ്. അവിടെ മുഹമ്മദ് നബിയുടെ അകന്ന രക്തബന്ധുക്കളുണ്ടായിരുന്നു. അദ്ദേഹത്തിന് കൊച്ചുനാളിൽ മുലകൊടുത്ത ഹലീമയുടെ കുടുംബം ത്വാഇഫുകാരുടെ അയൽക്കാരായിരുന്നു. ഇക്കാരണങ്ങളാലെല്ലാം അവിടത്തുകാർ തന്നെ കൈയൊഴിക്കില്ലെന്ന് പ്രവാചകൻ പ്രതീക്ഷിച്ചു. അങ്ങനെ പ്രവാചകത്വത്തിന്റെ പത്താം വർഷം ശവ്വാൽ മാസാവസാനം ത്വാഇഫിലേക്ക് പുറപ്പെട്ടു. സൈദുബ്നു ഹാരിസ് മാത്രമേ കൂടെ ഉണ്ടായിരുന്നുള്ളൂ. പരമ രഹസ്യമായാണ് ഇരുവരും ത്വാഇഫിലേക്ക് പോയത്.
കല്ലും മുള്ളും കുന്നും കുഴിയുമുള്ള പ്രയാസകരമായ വഴിയിലൂടെ കാൽനടയായി യാത്ര ചെയ്തതിനാൽ നബിക്കും കൂട്ടുകാരനും കഠിനമായ ക്ഷീണവും തളർച്ചയും അനുഭവപ്പെട്ടു. എങ്കിലും അതൊന്നും പരിഗണിക്കാതെ പ്രവാചകൻ താൻ ലക്ഷ്യംവെച്ച മൂന്നുപേരെ തേടി പുറപ്പെട്ടു. അംറിന്റെ മകൻ അബ്ദുയാലൈൽ, സഹോദരന്മാരായ മസ്ഊദ്, ഹബീബ് എന്നിവരായിരുന്നു അവർ.
അദ്ദേഹം അവരെ സന്ദർശിച്ച് ദൈവിക സന്മാർഗത്തെ സംബന്ധിച്ച് സംസാരിച്ചു. തുടർന്ന് തനിക്ക് അഭയം നൽകാനാവശ്യപ്പെട്ടു. അവരാരും അതംഗീകരിച്ചില്ല. അതോടൊപ്പം

പ്രവാചകനെ രൂക്ഷമായി ആക്ഷേപിക്കുകയും ശകാരിക്കുകയും ചെയ്തു. അന്ന് പ്രവാചകനു നേരെ വന്ന കല്ലുകൾ സൈദുബ്നു ഹാരിസ് സ്വന്തം കൈകൾ കൊണ്ട് തടുക്കുകയായിരുന്നു. പെട്ടെന്നുതന്നെ അവിടംവിടാൻ ആവശ്യപ്പെട്ടു.
അഭയം നിഷേധിച്ച സാഹചര്യത്തിൽ താനിവിടെ വന്നതും സഹായം തേടിയതും മക്കയിലെ ശത്രുക്കളെ അറിയിക്കരുതെന്ന് നബി തിരുമേനി അവരോട് അഭ്യർഥിച്ചു. എന്നാൽ അതും അവരംഗീകരിച്ചില്ല. ഉടനെത്തന്നെ അവർ ആ വിവരം മക്കയിലെ പ്രവാചകശത്രുക്കളെ അറിയിക്കുകയും ചെയ്തു. അതുകൊണ്ടും മതിയാക്കാതെ അദ്ദേഹത്തിന്റെ ചുറ്റും കൂടി തെറിവിളിക്കാനും പുലഭ്യം പറയാനും അങ്ങാടിപ്പിള്ളേരെ ഏർപ്പെടുത്തുകയും ചെയ്തു. മുറിവേറ്റ ശരീരവും മനസ്സുമായി മുഹമ്മദ് നബി ത്വാഇഫിനോട് വിട പറഞ്ഞു. കഠിനമായ ക്ഷീണം കാരണം റബീഅയുടെ മക്കളായ ഉത്ബയുടെയും ശൈബയുടെയും തോട്ടത്തിൽ പ്രവേശിച്ച് അവിടെ ഒരു മരച്ചുവട്ടിലിരുന്നു. ഇത്തിരി നേരത്തെ വിശ്രമത്തിനുശേഷം ഇരുകൈകളും ഉയർത്തി പ്രപഞ്ചനാഥനായ അല്ലാഹുവോട് ദീർഘമായി പ്രാർഥിച്ചു. താനകപ്പെട്ട പ്രയാസത്തിൽനിന്ന് മോചനം ലഭിക്കാനായി ദൈവത്തിന്റെ സഹായം തേടി. ഏറെത്താമസിയാതെ അല്ലാഹുവിന്റെ സന്ദേശകനായ മലക്ക് പ്രവാചകന്റെ മുമ്പിൽ പ്രത്യക്ഷപ്പെട്ടു. അദ്ദേഹത്തിന് അഭയം നിഷേധിക്കുകയും ആക്ഷേപിക്കുകയും ചെയ്ത അന്നാട്ടുകാരോട് പ്രതികാരം ചെയ്യാനും അവരെ ശിക്ഷിക്കാനും മലക്ക് അനുവാദമാരാഞ്ഞു. എന്നാൽ കാരുണ്യത്തിന്റെ നിറകുടമായ നബിതിരുമേനിക്ക് അതംഗീകരിക്കുക സാധ്യമായിരുന്നില്ല. അതിനാൽ അദ്ദേഹം അനുവാദം നൽകിയില്ല. തുടർന്ന് അല്ലാഹുവോട് ഇങ്ങനെ പ്രാർഥിക്കുകയും ചെയ്തു: 'അല്ലാഹുവേ, എന്റെ ജനതയെ നീ നേർവഴിയിൽ നയിക്കേണമേ! അവർക്ക് നീ മാപ്പേകേണമേ! അവർ അറിവില്ലാത്ത ജനമാണ്.'

## 26. പ്രയോജനപ്പെടാതെ പോയ പ്രത്യുപകാരം

നബി തിരുമേനി നയിച്ച ആദ്യ യുദ്ധം-ബദ്ർ ആണ്. നന്നെ നിർബന്ധിതാവസ്ഥയിലാണ് അവിടുന്ന് ഇതു ചെയ്തത്. ശത്രുക്കൾ അദ്ദേഹത്തെയും അനുയായികളെയും ജന്മനാടായ മക്കയിൽ ജീവിക്കാൻ അനുവദിച്ചില്ല. നാടുവിടാനവരെ നിർബന്ധിതരാക്കി. അങ്ങനെയാണവർ മദീനയിലെത്തിയത്. അവിടെയും സ്വൈരമായി കഴിയാൻ എതിരാളികൾ അനുവദിച്ചില്ല. പ്രവാചകനെയും അനുചരന്മാരെയും തളർത്താനും തകർക്കാനും ആവുന്നതൊക്കെ ചെയ്തു. അതിനാൽ മക്കയിലെ ശത്രുക്കളെ ഒതുക്കാതെ ഒരടി മുന്നോട്ടു നീങ്ങുക സാധ്യമായിരുന്നില്ല. മറ്റെല്ലാ മാർഗങ്ങളും കൊട്ടിയടയ്ക്കപ്പെട്ടതിനാൽ യുദ്ധം അനിവാര്യമാവുകയാണുണ്ടായത്. ഏറെ ചിന്തിച്ചും കൂടിയാലോചിച്ചും എടുത്ത തീരുമാനമായിരുന്നു അത്.
പടക്കളത്തിൽ പാലിക്കേണ്ട മര്യാദകളൊക്കെ പ്രവാചകൻ അനുചരന്മാരെ പഠിപ്പിച്ചിരുന്നു. കൂട്ടത്തിലൊരു കാര്യമവരോട് പ്രത്യേകം പറഞ്ഞു: 'യുദ്ധഭൂമിയിലെ ശത്രുനിരയിൽ മുത്ഇമിനെ കണ്ടാൽ നിങ്ങൾ അദ്ദേഹത്തെ കൊല്ലരുത്.'
യുദ്ധം ആരംഭിച്ചു. ഇരുവിഭാഗങ്ങൾക്കുമിടയിൽ രൂക്ഷമായ പോരാട്ടം. ആയുധപ്രയോഗത്തിനിടയിൽ പ്രവാചക ശിഷ്യന്മാർ പ്രതിയോഗികൾക്കിടയിൽ മുത്ഇമിനെ കണ്ടു. ഉടനെ അവരദ്ദേഹത്തെ വിളിച്ചു പറഞ്ഞു: 'താങ്കൾക്ക് നബി തിരുമേനി അഭയം നൽകിയിരിക്കുന്നു. താങ്കളെ വധിക്കരുതെന്ന് വിധിച്ചിരിക്കുന്നു.'
'എന്റെ കൂട്ടുകാർക്കോ? അവർക്ക് അഭയമുണ്ടോ?' മുത്ഇം ചോദിച്ചു. 'ഇല്ല. അവർ പോർക്കളത്തിലെ പടയണിയിലായിരിക്കുവോളം അവരെ നേരിടാതെ നിർവാഹമില്ല-അവരറിയിച്ചു. 'എങ്കിൽ ഞാനും അവരോടൊപ്പം യുദ്ധം തുടരുകയാണ്'-മുത്ഇം അറിയിച്ചു. അതോടെ ഇരുവിഭാഗവും ആയുധപ്രയോഗം തുടർന്നു. അവസാനം മുത്ഇം രണഭൂമിയിൽ മുറിവേറ്റ് നിലംപതിച്ചു. അങ്ങനെ അദ്ദേഹം അന്ത്യശ്വാസം വലിച്ചു.
യുദ്ധത്തിൽ പ്രവാചകനും അനുയായികളും വിജയംവരിച്ചു. അംഗബലത്തിലും ആയുധബലത്തിലും എതിരാളികൾ ഏറെ മികച്ചവരായിരുന്നു. എന്നിട്ടുമവർ ദയനീയമായി തോറ്റമ്പി. വീരന്മാരായി വാഴ്ത്തപ്പെട്ടിരുന്ന പലരും വധിക്കപ്പെട്ടു. അവശേഷിക്കുന്നവരിൽ പല പ്രമുഖരും പ്രവാചകശിഷ്യന്മാരുടെ പിടിയിൽ പെട്ടു. യുദ്ധത്തടവുകാരെ എന്തുചെയ്യണമെന്ന ചർച്ചക്കിടയിൽ നബി തിരുമേനി പറഞ്ഞു: 'അദിയ്യിന്റെ മകൻ മുത്ഇം ജീവിച്ചിരിക്കുകയും എന്നിട്ട് അദ്ദേഹം ഈ തടവുകാരുടെ കാര്യത്തിൽ ഔദാര്യം കാണിക്കാനാവശ്യപ്പെടുകയും ചെയ്തിരുന്നെങ്കിൽ അദ്ദേഹത്തിന്റെ അഭ്യർഥന മാനിച്ച് ഞാൻ ഇവരെയൊക്കെ നിരുപാധികം വിട്ടയക്കുമായിരുന്നു.'

പ്രവാചകന്റെ ഈ പ്രതികരണത്തിന്റെ പ്രചോദനം അവിടത്തെ അനുചരന്മാർക്ക് നന്നായറിയാമായിരുന്നു. അത് നന്ദിനിറഞ്ഞ മനസ്സിന്റെ ഉദാരനിരതമായ പ്രത്യുപകാരമായിരുന്നു. അദ്ദേഹം മക്കയിൽ സത്യപ്രബോധനം നടത്തിക്കൊണ്ടിരിക്കെ ഖുറൈശിക്കൂട്ടം കൊടും പീഡകൾക്കിരയാക്കി. നബി തിരുമേനിയും അനുയായികളും നന്നെ ചെറിയ സംഘമായിരുന്നു. സ്വന്തം സമൂഹത്തിന്റെ ദൃഷ്ടിയിലവർ ധിക്കാരികളായിരുന്നു. കുഴപ്പം കുത്തിപ്പൊക്കുന്ന കലാപകാരികളായിരുന്നു. തങ്ങളുടെ കുലദൈവങ്ങളെ ആദരിക്കാത്തവർ; വിശ്വാസങ്ങളെ വിലവെക്കാത്തവർ; പാരമ്പര്യങ്ങളെ പുഛിച്ചു തള്ളിയവർ; ആചാരങ്ങളനുഷ്ഠിക്കാത്തവർ; പൂർവികരുടെ പാത പിന്തുടരാതെ വഴിപിഴച്ചവർ. അതിനാൽ പ്രവാചകനെയും അനുയായികളെയും എന്തു ചെയ്താലും അധികമാവില്ലെന്ന് ഖുറൈശികളും കൂട്ടാളികളും കരുതി. അതിനാൽ നബി തിരുമേനിക്കും കൂടെയുള്ളവർക്കുമെതിരെ അക്രമങ്ങളഴിച്ചുവിട്ടു. നിർദയ മർദനങ്ങളുടെ നീണ്ട പരമ്പരകൾ അരങ്ങേറി. പുതിയ മതത്തെ പിഴുതെറിയാനവർ പരമാവധി ശ്രമിച്ചു; അതിനായി പ്രവാചകന്റെ കഥ കഴിക്കാനും.

പ്രവാചകത്വലബ്ധിയെ തുടർന്നുള്ള പത്തുവർഷം നബി തിരുമേനിയെ പരിരക്ഷിച്ചത് പിതൃവ്യൻ അബൂത്വാലിബായിരുന്നു. താങ്ങും തണലും ഇണയും തുണയുമായി പ്രിയപത്നി ഖദീജയുമുണ്ടായിരുന്നു. പത്താം വർഷം പിതൃവ്യനും പ്രിയതമയും പ്രവാചകനോട് വിടപറഞ്ഞു. ആ ഇരട്ട വിയോഗത്തിന്റെ വിടവ് വളരെ വലുതായിരുന്നു; ആർക്കും നികത്താനാവാത്തതും. അതിന്റെ ദുഃഖം ഏറെ തീവ്രവും. ശത്രുക്കൾ ഈ അവസരം നന്നായുപയോഗിക്കാൻ ദൃഢനിശ്ചയം ചെയ്തു. അതിനാൽ നബി തിരുമേനിക്ക് പുതിയ താങ്ങ് തേടേണ്ടിവന്നു. മക്കയിൽ അഭയം നൽകാൻ ആരുമില്ലാതിരുന്നതിനാൽ സഹായവും സംരക്ഷണവും തേടി ത്വാഇഫിലെത്തി. അവിടെ അദ്ദേഹത്തിന് അകന്ന രക്തബന്ധുക്കളുണ്ടായിരുന്നു. എങ്കിലും അവർ അദ്ദേഹത്തിന് അഭയം നൽകിയില്ല. അതോടൊപ്പം അവഹേളിച്ച് ആട്ടിയോടിക്കുകയും ചെയ്തു. അവർ പ്രവാചകനെ ക്രൂരമായി ദ്രോഹിച്ചു. അങ്ങനെ അദ്ദേഹം വ്രണിതനായി. ശരീരത്തിനെന്നപോലെ മനസ്സിനും മുറിവേറ്റു. എങ്കിലും അവിടുന്ന് ഒട്ടും നിരാശനായില്ല. അല്ലാഹുവിൽ അഭയം തേടുന്നവർക്ക് ആശാഭംഗം അന്യമാണല്ലോ. പ്രതീക്ഷാപൂർവം പ്രവാചകൻ മക്കയിലെ അഖ്നസുബ്നു ശരീഖിനോട് അഭയമാവശ്യപ്പെട്ടു. അദ്ദേഹം തന്റെ നിസ്സഹായത പ്രകടിപ്പിച്ചു. അപ്പോൾ സുഹൈലുബ്നു അംറിന്റെ സഹായം തേടി. അദ്ദേഹവും അതംഗീകരിച്ചില്ല. അങ്ങനെയാണ് തന്റെ പിതൃവ്യൻ അബൂത്വാലിബിന്റെ കൂട്ടുകാരൻ മുത്ഇമുബ്നു അദിയ്യിനോട് അഭയമാവശ്യപ്പെട്ടത്. അദ്ദേഹം നബി തിരുമേനിക്ക് അഭയം നൽകാമെന്ന് സമ്മതിച്ച്, തന്റെ വീട്ടിലേക്ക് ക്ഷണിച്ചു. പ്രവാചകൻ മുത്ഇമിന്റെ വീട്ടിൽ ഒരു രാത്രി കഴിച്ചുകൂട്ടി. പ്രഭാതമായപ്പോൾ മുത്ഇമും ആറു മക്കളും ആയുധമണിഞ്ഞ് പ്രവാചകനെയും കൂട്ടി കഅ്ബയുടെ അടുത്തേക്ക് പുറപ്പെട്ടു. തുടർന്ന് താൻ പ്രവാചകന് സംരക്ഷണം നൽകിയ കാര്യം പരസ്യമായി പ്രഖ്യാപിച്ചു. തന്റെയും മക്കളുടെയും കാവലിൽ നബി തിരുമേനിക്ക് ആരാധന നടത്താൻ അവസരമൊരുക്കുകയും ചെയ്തു. തുടർന്ന് ഹിജ്റ വരെയുള്ള മൂന്നു വർഷക്കാലം മുഹമ്മദ് നബി മുത്ഇമിന്റെ സംരക്ഷണത്തിലാണ് മക്കയിൽ കഴിഞ്ഞുകൂടിയത്. അതോടൊപ്പം മുത്ഇം ബഹുദൈവാരാധകനായി തന്നെ തുടരുകയാണുണ്ടായത്. എന്നല്ല, ഹിജ്റ രണ്ടാം വർഷം ബദ്ർ യുദ്ധത്തിൽ നബി തിരുമേനിക്കും അനുയായികൾക്കുമെതിരെ യുദ്ധം ചെയ്യാൻ ശത്രുക്കളോടൊപ്പം പുറപ്പെടുകയും യുദ്ധത്തിൽ പങ്കാളിയാവുകയും ചെയ്തു. ബദ്റിൽ പ്രവാചകന്റെ ഉദാരനിർഭരമായ പ്രതികരണം ഇതിനുള്ള പ്രത്യുപകാരമായിരുന്നു. തട്ടിമാറ്റിയതിനാൽ മുത്ഇമിന് പ്രയോജനപ്പെട്ടില്ലെങ്കിലും പ്രവാചകൻ തന്റെ ബാധ്യത ഭംഗിയായി പൂർത്തീകരിച്ചു. അതിലൂടെ പ്രത്യുപകാരത്തിന് ആദർശ, വിശ്വാസ, ജാതി, മത, സമുദായ പരിഗണന ബാധകമല്ലെന്ന് ലോകത്തെ ബോധ്യപ്പെടുത്തുകയും ചെയ്തു. പ്രവാചകനുവേണ്ടി കവിത രചിക്കുകയും ചൊല്ലുകയും ചെയ്തിരുന്ന ഹസ്സാനുബ്നു സാബിത് ബദ്റിൽ തങ്ങൾക്കെതിരെ യുദ്ധംചെയ്ത് വധിക്കപ്പെട്ട മുത്ഇമിനുവേണ്ടി അനുശോചനകാവ്യം ചൊല്ലാൻ നബി തിരുമേനിയോട് അനുവാദം ചോദിച്ചു. അദ്ദേഹം അതനുവദിക്കുകയും അങ്ങനെ ഹസ്സാൻ അനുശോചനകാവ്യം ആലപിക്കുകയും ചെയ്തു. തങ്ങൾക്കെതിരെ യുദ്ധംചെയ്ത് വധിക്കപ്പെട്ട ശത്രുവിനുവേണ്ടി രചിക്കപ്പെട്ട ചരിത്രത്തിലെ ഏക അനുശോചനകാവ്യം പ്രവാചകശിഷ്യൻ ഹസ്സാനുബ്നു സാബിതിന്റേതാവാനാണ് സാധ്യത.

## 27. ചിതലുകളുടെ സേവനം

പ്രവാചകന്നും കുടുംബാംഗങ്ങൾക്കുമെതിരെ ശത്രുക്കൾ ബഹിഷ്കരണവും ഉപരോധവും ഏർപ്പെടുത്തി. അബൂജഹ്ലാണ് ഇതിന് നേതൃത്വം നൽകിയത്. മുസ്ലിംകൾ കടുത്ത ദാരിദ്ര്യത്തിലും കൊടിയ കഷ്ടപ്പാടുകളിലുമകപ്പെട്ടു. പച്ചിലകൾ ഭക്ഷിച്ചുപോലും കഴിയേണ്ടിവന്നു. എന്നാൽ, ഈ ദുരിത ദിനങ്ങളിലും ചില സുമനസ്സുകൾ വളരെ രഹസ്യമായി ആഹാരപദാർഥങ്ങൾ എത്തിച്ചുകൊടുത്തിരുന്നു. ഹിശാമുബ്നു അംറ് അവരിൽ ഏറെ പ്രമുഖനാണ്.
തുല്യതയില്ലാത്ത കഷ്ടപ്പാടുകളുടെ ഈ നാളുകളിലും പ്രവാചകനും അനുചരന്മാരും അദ്ഭുതകരമായ ക്ഷമ പാലിച്ചു. അവരുടെ അതുല്യമായ ഈ ത്യാഗം പലരിലും മതിപ്പുളവാക്കി. അവരിൽ ചിലരെങ്കിലും വിശ്വാസികളോട് അകമറിഞ്ഞ സഹതാപം പ്രകടിപ്പിച്ചു. അപൂർവം ചിലർ സന്മാർഗം സ്വീകരിക്കാനും ഇതു കാരണമായി.
ബഹിഷ്കരണം മൂന്നുകൊല്ലം പിന്നിട്ടതോടെ ചില നല്ല മനുഷ്യർ രംഗത്തുവന്നു. ഹിശാമുബ്നു അംറ്, സുഹൈറുബ്നു അബീ ഉമയ്യ പോലുള്ളവർ ഉപരോധത്തിനും ബഹിഷ്കരണത്തിനുമെതിരെ രംഗത്തുവന്നു. ഖുറൈശി പ്രമുഖരോട് സുഹൈർ പ്രഖ്യാപിച്ചു: 'മക്കാനിവാസികളേ, നാം സുഭിക്ഷമായി ജീവിക്കുന്നു. തിന്നുകയും കുടിക്കുകയും ധരിക്കുകയും ചെയ്യുന്നു. നമ്മുടെ ബന്ധുക്കളായ ഹാശിം-മുത്ത്വലിബ് കുടുംബാംഗങ്ങൾ ആ മലഞ്ചെരുവിൽ കിടന്നു പൊറുതിമുട്ടുന്നു. അന്യായമായ ഈ ബഹിഷ്കരണ കരാർ പത്രിക കീറിനശിപ്പിച്ചാലല്ലാതെ ഇനി വിശ്രമമില്ലെന്ന് ഞാനിതാ പ്രതിജ്ഞ ചെയ്യുന്നു.'
ഇതു കേട്ട് കോപാകുലനായ അബൂജഹ്ൽ പറഞ്ഞു: 'ഈ കരാർ ലംഘിക്കാനുള്ളതല്ല. ആർക്കും അത് റദ്ദാക്കാനാവില്ല.'
എന്നാൽ, ഹിശാമും കൂട്ടുകാരും വിട്ടുകൊടുത്തില്ല. കരാർ റദ്ദാക്കിയേ അടങ്ങൂ എന്നവർ തീരുമാനിച്ചു. കഅ്ബയിൽ പതിച്ചിരുന്ന കരാർ പരസ്യമായി കീറിക്കളയുമെന്ന് പ്രഖ്യാപിക്കുകയും ചെയ്തു. അങ്ങനെ കരാർ പത്രിക കീറാനായി ചെന്നു. അപ്പോൾ 'അല്ലാഹുവിന്റെ നാമത്തിൽ' എന്നെഴുതിയ ആദ്യഭാഗമൊഴിച്ചുള്ളതെല്ലാം ചിതൽ തിന്ന് നശിപ്പിച്ചിരുന്നു. അങ്ങനെ 'അബൂത്വാലിബ് താഴ്വര'യിൽ ഉപരോധിക്കപ്പെട്ട പ്രവാചകന്റെയും അനുചരന്മാരുടെയും മോചനത്തിൽ ചിതലുകളും അവയുടേതായ പങ്കുവഹിച്ചു.

## 28. ഒന്നാം അഖബാ ഉടമ്പടി

പ്രവാചകത്വത്തിന്റെ പത്താം വർഷം മക്കയിലെത്തിയ യഥ്രിബ് നിവാസികളായ ഖസ്റജ് ഗോത്രക്കാരുടെ മുമ്പിൽ നബി തിരുമേനി ഇസ്ലാമിനെ സമർപ്പിച്ചു. അവർ ആറു പേരായിരുന്നു. യഹൂദർക്കിടയിൽ കഴിഞ്ഞിരുന്ന അവർ വരാനിരിക്കുന്ന ഒരു പ്രവാചകനെ സംബന്ധിച്ച് ധാരാളമായി കേട്ടിരുന്നു. യഹൂദർ ഒരു പ്രവാചകന്റെ ആഗമനം പ്രതീക്ഷിക്കുന്നവരും അദ്ദേഹത്തിലൂടെ തങ്ങളുടെ മേധാവിത്വം സ്വപ്നം കാണുന്നവരുമായിരുന്നു. ഇക്കാര്യം നന്നായറിയാമായിരുന്ന ഖസ്റജ് ഗോത്രക്കാർക്ക് മുഹമ്മദ് നബിയുടെ പ്രവാചകത്വം അംഗീകരിക്കാൻ അൽപം പോലും ചിന്തിക്കേണ്ടിയിരുന്നില്ല.
പിൽക്കാലത്ത് മദീനയായിമാറിയ യഥ്രിബിൽ അവരിലൂടെ  ഇസ്ലാം പ്രചരിച്ചു. അങ്ങനെ സന്മാർഗം സ്വീകരിച്ച പന്ത്രണ്ടു പേർ അടുത്ത വർഷം മക്കയുടെ അടുത്തുള്ള അഖബയിൽ വെച്ച് പ്രവാചകനുമായി സന്ധിച്ചു. അവർ നബി തിരുമേനിയുമായി സന്ധിയിലേർപ്പെട്ടു. 'അല്ലാഹുവിൽ ആരെയും പങ്കുചേർക്കാതിരിക്കുക, മോഷ്ടിക്കാതിരിക്കുക, വ്യഭിചരിക്കാതിരിക്കുക, കുട്ടികളെ കൊല്ലാതിരിക്കുക, വ്യഭിചാരാരോപണം നടത്താതിരിക്കുക, സൽക്കാര്യങ്ങളിലെല്ലാം പ്രവാചകനെ അനുസരിക്കുക'- ഇവയൊക്കെയായിരുന്നു സന്ധി വ്യവസ്ഥകൾ. ഇത് പാലിക്കുകയാണെങ്കിൽ സ്വർഗം ലഭിക്കുമെന്ന് പ്രവാചകൻ അവരോട് വാഗ്ദാനം ചെയ്തു. വഞ്ചന കാണിച്ചാൽ പിന്നെ അല്ലാഹു പൊറുത്തുതരികയോ ശിക്ഷിക്കുകയോ ചെയ്തേക്കാമെന്ന് അവരെ അറിയിക്കുകയും ചെയ്തു. ഈ കരാർ ഒന്നാം അഖബാ ഉടമ്പടി എന്ന പേരിൽ അറിയപ്പെടുന്നു.

## 29. ഹിജ്റക്ക് പശ്ചാത്തലമൊരുക്കിയ പ്രതിജ്ഞ

പ്രവാചകന്റെ ഹിജ്റയോടെ മദീനയായി മാറിയ യഥ്രിബില്‍ നിന്ന് ഹജ്ജിനെത്തിയവരുമായി നബി തിരുമേനി ബന്ധം സ്ഥാപിച്ചു. അവര്‍ രണ്ടു സ്ത്രീകളടക്കം എഴുപത്തി അഞ്ച് പേരായിരുന്നു. ഹജ്ജ് കര്‍മങ്ങള്‍ പൂര്‍ത്തിയാക്കി രണ്ടാം ദിവസം പാതിരാവില്‍ പരമ രഹസ്യമായി 'അഖബ'യില്‍ ഒരുമിച്ചുകൂടാന്‍ പ്രവാചകന്‍ അവരോടാവശ്യപ്പെട്ടു. ബന്ധപ്പെട്ട ആളുകളല്ലാതെ ആരും വിവരമറിയരുതെന്ന് പ്രത്യേകം നിഷ്കര്‍ഷിച്ചു.
നേരത്തെ നിശ്ചയിച്ച പ്രകാരം അവര്‍ അഖബയിലെത്തി. പിതൃവ്യന്‍ അബ്ബാസിനോടൊപ്പം പ്രവാചകനും അവിടെയെത്തി അവരുമായി സന്ധിച്ചു. അപ്പോഴും അബ്ബാസ് മുസ്ലിമായിരുന്നില്ല. കുശലാന്വേഷണങ്ങള്‍ക്കുശേഷം അബ്ബാസ് പറഞ്ഞു:
'അല്ലയോ ഖസ്റജ് ഗോത്രമേ, ഞങ്ങള്‍ക്കിടയില്‍ മുഹമ്മദിന്റെ സ്ഥിതിയും സ്ഥാനവും നിങ്ങള്‍ക്കറിയാമല്ലോ. അവനെ സംബന്ധിച്ച് ഞങ്ങളുടെ അഭിപ്രായം തന്നെയുള്ള ജനതയുടെ അക്രമത്തില്‍നിന്ന് ഇത്രയും കാലം ഞങ്ങളവനെ സംരക്ഷിച്ചു. സ്വന്തം ആള്‍ക്കാര്‍ക്കിടയിലും സ്വന്തം നാട്ടിലും അവന്‍ തീര്‍ത്തും നിര്‍ഭയനാണ്. പൂര്‍ണ സുരക്ഷിതനും. എന്നാല്‍ അവനിപ്പോള്‍ നിങ്ങളുടെ കൂടെ വന്നുചേരണമെന്ന് നിര്‍ബന്ധം കാണിക്കുന്നു. അവനോട് ചെയ്ത കരാര്‍ പാലിക്കാനും അവനു സംരക്ഷണം നല്‍കാനും നിങ്ങള്‍ സന്നദ്ധരും കഴിവുള്ളവരുമാണെങ്കില്‍ മാത്രം നിങ്ങള്‍ക്കവനെ സ്വീകരിക്കാം. മറിച്ച്, നിങ്ങളുടെ കൂടെ ചേര്‍ന്നശേഷം അവനെ കൈവിടാനും എതിരാളികള്‍ക്ക് ഏല്‍പിച്ചുകൊടുക്കാനുമാണ് പരിപാടിയെങ്കില്‍ അതിപ്പോള്‍ തന്നെ വ്യക്തമാക്കുന്നതും അവനെ വിട്ടേക്കുന്നതുമാണുത്തമം.'
അബ്ബാസിന്റെ വാക്കുകള്‍ ശ്രദ്ധാപൂര്‍വം ശ്രവിച്ച യഥ്രിബുകാര്‍ പറഞ്ഞു: ''താങ്കള്‍ പറഞ്ഞതൊക്കെ ഞങ്ങള്‍ കേട്ടു. അതിനാല്‍ അല്ലാഹുവിന്റെ ദൂതരേ, ഇനി താങ്കള്‍ പറയൂ! താങ്കള്‍ക്ക് ഇഷ്ടമുള്ളത് തെരഞ്ഞെടുക്കൂ.''
നബി തിരുമേനി അവരുടെ വിശ്വാസവര്‍ധനവിന് സഹായകമായ ഏതാനും ഖുര്‍ആന്‍ വാക്യങ്ങള്‍ പാരായണം ചെയ്തു. തുടര്‍ന്ന് അവരോട് പറഞ്ഞു: 'നിങ്ങളുടെ ഭാര്യമാരെയും മക്കളെയും നിങ്ങള്‍ സംരക്ഷിക്കുന്നപോലുള്ള സംരക്ഷണം നിങ്ങളില്‍നിന്ന് എനിക്കുണ്ടാകണമെന്നാണ് ഞാനാഗ്രഹിക്കുന്നത്.'
'അല്ലാഹുവിന്റെ ദൂതരേ, സത്യസന്ദേശവുമായി അങ്ങയെ നിയോഗിച്ചവനാണ് സത്യം. ഞങ്ങള്‍ അങ്ങയെ സംരക്ഷിക്കുമെന്ന് ഇതാ പ്രതിജ്ഞ ചെയ്യുന്നു. വാളിന്റെയും യുദ്ധത്തിന്റെയും മക്കളാണ് ഞങ്ങള്‍. തലമുറകള്‍ തലമുറകളില്‍നിന്ന് അനന്തരമെടുത്തതാണത്.'
യഥ്രിബുകാരിലെ പ്രമുഖനായ ബര്‍റാഉബ്നു മഅ്റൂര്‍ പറഞ്ഞു.
'അല്ലാഹുവിന്റെ ദൂതരേ, ഞങ്ങള്‍ യഹൂദരുമായി ചില കരാറുകള്‍ ചെയ്തിട്ടുണ്ട്. ഞങ്ങളവയൊക്കെ ദുര്‍ബലമാക്കിയശേഷം അല്ലാഹു താങ്കള്‍ക്ക് വിജയം നല്‍കുകയും സ്വന്തം ജനത താങ്കളുടെ ദൗത്യം അംഗീകരിക്കുകയും ചെയ്താല്‍ അങ്ങ് ഞങ്ങളെ ഉപേക്ഷിച്ച് അവരിലേക്ക് തിരിച്ചുപോകുമോ?' ബര്‍റാഇന്റെ സംസാരം അവസാനിക്കും മുമ്പെ അബുല്‍ഹൈഥം ചോദിച്ചു. ''ഇല്ല, ഒരിക്കലുമില്ല. നിങ്ങളുടെ രക്തം എന്റെ രക്തമാണ്; നിങ്ങളുടെ നാശം എന്റെ നാശവും; നിങ്ങള്‍ എന്റേതും ഞാന്‍ നിങ്ങളുടേതുമാണ്. നിങ്ങള്‍ യുദ്ധം ചെയ്യുന്നവരോട് ഞാനും യുദ്ധം ചെയ്യും. സന്ധി ചെയ്യുന്നവരോട് സന്ധി ചെയ്യും.''
പ്രവാചകന്റെ ഈ വാക്കുകള്‍ യഥ്രിബുകാരെ ഹര്‍ഷപുളകിതരാക്കി. അവര്‍ പ്രതിജ്ഞക്കുസന്നദ്ധരായി മുന്നോട്ടുവന്നു. അപ്പോള്‍ അബ്ബാസുബ്നു ഉബാദ ഇടക്കുകയറി പറഞ്ഞു: 'ഖസ്റജുകാരേ, ഈ മനുഷ്യനുമായി നിങ്ങള്‍ ചെയ്യാന്‍പോകുന്ന പ്രതിജ്ഞ ഏതുതരമാണെന്ന് ആലോചിച്ചിട്ടുണ്ടോ? ചുവന്നവരും കറുത്തവരുമായ എല്ലാ കരുത്തന്മാരോടും എതിരിടുമെന്ന കരാറാണ് നിങ്ങള്‍ ചെയ്യുന്നത്. നിങ്ങളുടെ സ്വത്തിന് നാശവും നേതാക്കള്‍ക്ക് ജീവഹാനിയും സംഭവിക്കുമ്പോള്‍ ഇദ്ദേഹത്തെ കയ്യൊഴിക്കാമെന്നാണ് കരുതുന്നതെങ്കില്‍ അതിപ്പോള്‍ തന്നെ തുറന്നുപറയുന്നതാണ് നല്ലത്. എന്നാല്‍ അറിയുക; അത് ഈ ലോകത്തും പരലോകത്തും നിന്ദ്യവും നീചവുമാണ്. സമ്പത്ത് നശിക്കുകയും നേതാക്കള്‍ വധിക്കപ്പെടുകയും ചെയ്താലും നിങ്ങള്‍ ചെയ്ത പ്രതിജ്ഞ പാലിക്കുമെന്ന് ഉറപ്പുണ്ടെങ്കില്‍ മാത്രം അദ്ദേഹത്തെ സ്വീകരിച്ചുകൊള്ളുക.അല്ലാഹുവാണ് സാക്ഷി; ഇഹത്തിലും പരത്തിലും അതാണുത്തമം.'
''സമ്പത്തിന്റെ നഷ്ടവും നേതാക്കളുടെ മരണവും ഞങ്ങള്‍ക്കു പ്രശ്നമല്ല. തീര്‍ച്ചയായും ഞങ്ങള്‍ അദ്ദേഹത്തെ സ്വീകരിക്കും. അല്ലാഹുവിന്റെ ദൂതരേ, ഈ പ്രതിജ്ഞ പാലിച്ചാല്‍ ഞങ്ങള്‍ക്കെന്താണ് കിട്ടുക?'' അവര്‍ ഏകസ്വരത്തില്‍ അന്വേഷിച്ചു.
'സ്വര്‍ഗം!' പ്രവാചകന്‍ പ്രതിവചിച്ചു.

ഇതു കേട്ടതോടെ അവർ കൈകൾ നീട്ടി. നബി തിരുമേനിയും. അങ്ങനെ പ്രതിജ്ഞ പൂർത്തിയായതോടെ പ്രവാചകൻ പറഞ്ഞു: 'സ്വന്തം ജനതയുടെ കർമങ്ങൾക്കുത്തരവാദികൾ നിങ്ങൾ തന്നെയായിരിക്കും. മർയമിന്റെ മകൻ ഈസായുടെ ശിഷ്യന്മാർ ഉത്തരവാദികളായതുപോലെത്തന്നെ. എന്റെ ജനതയുടെ ഉത്തരവാദിത്വം ഞാനേറ്റെടുക്കുന്നു.'
''സുഖത്തിലും ദുഃഖത്തിലും സൗഭാഗ്യത്തിലും നിർഭാഗ്യത്തിലും കേൾക്കുകയും അനുസരിക്കുകയും ചെയ്യുമെന്ന് ഞങ്ങൾ പ്രതിജ്ഞ ചെയ്യുന്നു. ഞങ്ങൾ എവിടെയായിരുന്നാലും സത്യം മാത്രമേ പറയൂ എന്നും അല്ലാഹുവിന്റെ കാര്യത്തിൽ ഒരാക്ഷേപകന്റെയും ആക്ഷേപത്തെ പേടിക്കുകയില്ലെന്നും ഞങ്ങൾ പ്രതിജ്ഞ ചെയ്യുന്നു''-അവർ ഒന്നടങ്കം പ്രത്യുത്തരം നൽകി.
ഇതോടെ പ്രവാചകന്റെയും അനുയായികളുടെയും ഹിജ്റക്ക് പശ്ചാത്തലമൊരുക്കിയ രണ്ടാം അഖബാ ഉടമ്പടി നിലവിൽ വന്നു.

## 30. പരാജയമടഞ്ഞ ഗൂഢാലോച

ഓരോ പ്രഭാതം പൊട്ടിവിടരുമ്പോഴും മുസ്‌ലിംകളുടെ എണ്ണം കുറഞ്ഞുകൊണ്ടിരുന്നു. അവർ നാടുവിടുകയാണെന്ന് ഖുറൈശികൾ തിരിച്ചറിഞ്ഞു. യഥ്‌രിബിലേക്കായിരിക്കും യാത്രയെന്ന് അവരൂഹിച്ചു. അവിടത്തുകാരും മുഹമ്മദുമായുണ്ടാക്കിയ കരാറിനെക്കുറിച്ച് തങ്ങൾ പറഞ്ഞുകേട്ടിരുന്നത് ശരിയാണെന്ന് അവർക്ക് ബോധ്യമായി. അതേക്കുറിച്ച് സൂചന ലഭിച്ചപ്പോൾ തന്നെ അവർ യഥ്‌രിബുകാരെ സമീപിച്ചിരുന്നു. അവർ പറഞ്ഞു: ''നിങ്ങളോട് യുദ്ധം ചെയ്യാൻ ഞങ്ങൾക്ക് ഉദ്ദേശ്യമില്ലല്ലോ. പിന്നെയെന്തിന് ഞങ്ങളോട് യുദ്ധം ചെയ്യാൻ നിങ്ങൾ മുഹമ്മദുമായി കരാറുണ്ടാക്കി?''
ഖുറൈശികൾ സംസാരിച്ചത് പ്രവാചകനുമായി പ്രതിജ്ഞ ചെയ്തവരുമായിട്ടായിരുന്നില്ല. അതിനാലവർ അക്കാര്യം തീർത്തും നിഷേധിച്ചു. സംഭാഷണം കേട്ട മുസ്‌ലിംകൾ മൗനം പാലിക്കുകയും ചെയ്തു.
മുസ്‌ലിംകൾ നാടുവിടുകവഴി മക്കയിൽ അവരുടെ ശല്യം അവസാനിക്കുകയാണെന്ന ആശ്വാസവികാരമല്ല ഖുറൈശികൾക്കുണ്ടായത്. മറിച്ച്, കൂടുതൽ ശക്തിയോടെ തിരിച്ചുവരുമെന്ന ആശങ്കയും ഭീതിയുമായിരുന്നു. അതിനാലവർ പലായനത്തെ തടയാൻ പരമാവധി ശ്രമിച്ചു. ദമ്പതികളുടെ യാത്രാവേളയിൽ സ്ത്രീകളെ തടഞ്ഞുവെച്ചു. തങ്ങളുടെ നിർദേശം ലംഘിക്കുന്നവരെ ക്രൂരമായി പീഡിപ്പിച്ചു.
ഇനി എന്തുവേണമെന്ന് ഖുറൈശികൾ ഗാഢമായി ആലോചിച്ചു. അവസാനം അവരെത്തിച്ചേർന്ന നിഗമനം മുഹമ്മദിന്റെ കഥകഴിക്കാതെ രക്ഷയില്ലെന്നായിരുന്നു. അതേസമയം മുഹമ്മദിനെ വധിച്ചാൽ ഹാശിം-മുത്ത്വലിബ് കുടുംബങ്ങൾ പ്രതികാരത്തിന് ഒരുങ്ങും. ഇതൊഴിവാക്കാൻ എന്തു ചെയ്യുമെന്ന് അവർ ചിന്തിച്ചു. മുഹമ്മദിനെ കൊല്ലാതെ ചങ്ങലയ്ക്കിട്ട് തടവറയിൽ അടച്ചുപൂട്ടുന്നതുൾപ്പെടെ പലതും അവരുടെ പരിഗണനക്കുവന്നു. കൂടിയാലോചനകൾക്കുശേഷം കൂട്ടായ തീരുമാനത്തിലെത്തി. ''ഓരോ ഗോത്രത്തിൽനിന്നും കരുത്തും ധൈര്യവുമുള്ള ഓരോ ചെറുപ്പക്കാരെ തെരഞ്ഞെടുക്കുക. അവർക്കെല്ലാം വാൾ നൽകുക. എന്നിട്ട് എല്ലാവരും കൂടി ഒരുമിച്ച് മുഹമ്മദിനെ വെട്ടിക്കൊല്ലുക. അങ്ങനെ ഉത്തരവാദിത്വത്തിൽ എല്ലാ ഗോത്രങ്ങളും തുല്യപങ്കാളികളാവുക. അപ്പോൾ എല്ലാവരോടും ഒരുമിച്ച് പ്രതികാരം ചെയ്യാൻ മുഹമ്മദിന്റെ ആൾക്കാർക്ക് സാധിക്കുകയില്ല. അതിനാൽ നഷ്ടപരിഹാരംകൊണ്ട് തൃപ്തിപ്പെട്ടുകൊള്ളും. അങ്ങനെ ഖുറൈശികളുടെ കെട്ടുറപ്പിന് കോട്ടം തട്ടിക്കുകയും മറ്റു ഗോത്രങ്ങൾക്കിടയിൽ ഭിന്നത ഉണ്ടാക്കുകയും ചെയ്ത മുഹമ്മദിന്റെ ശല്യം എന്നെന്നേക്കുമായി ഇല്ലാതാക്കാം.''
പ്രവാചകൻ ശത്രുക്കളുടെ ഗൂഢാലോചനയെക്കുറിച്ച് മനസ്സിലാക്കിയെങ്കിലും മക്ക വിടാൻ തിടുക്കം കാണിച്ചില്ല. അനുയായികൾ പോയിത്തീരുംവരെ കാത്തിരുന്നു. അവസാനം തന്റെ യാത്രക്ക് ദൈവാനുമതി ലഭിച്ച് പോകാനൊരുങ്ങിയതിന്റെ തലേന്നാൾ രാത്രിയാണ് ശത്രുക്കൾ വീടുവളഞ്ഞത്. അവരെത്തുമ്പോൾ നബി തിരുമേനി ഉറങ്ങുകയായിരുന്നു. ഉണരുംവരെ കാത്തിരിക്കാമെന്ന് കരുതി അവർ വീടുവളഞ്ഞു. എന്നാൽ അവരുടെ ശ്രദ്ധയിൽപെടാതെ രക്ഷപ്പെടാൻ അല്ലാഹുവിന്റെ പ്രത്യേകമായ സഹായത്താൽ പ്രവാചകന് സാധിച്ചു. അങ്ങനെ ശത്രുക്കളുടെ ഗൂഢാലോചനയും കുടിലതന്ത്രവും പരാജയപ്പെട്ടു.

## 31. ക്ലേശകരമായ സത്യസന്ധത

നബി തിരുമേനി പ്രവാചകത്വലബ്ധി മുതൽ നീണ്ട പതിമൂന്നു വർഷം മക്കയിൽ ഇസ്‌ലാമിക പ്രബോധനപ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരുന്നു. അവിടത്തുകാരിൽ ചെറിയൊരു വിഭാഗം അദ്ദേഹത്തെ അംഗീകരിച്ചു. അവർ അനുസരണമുള്ള അനുയായികളായിത്തീർന്നു. അധികപേരും ധിക്കരിച്ചു. അവർ നിഷേധികളായി നിലകൊണ്ടതോടൊപ്പം പ്രവാചകനെയും അനുചരന്മാരെയും പരമാവധി പീഡിപ്പിക്കാനും പ്രയാസപ്പെടുത്താനും കിണഞ്ഞ് ശ്രമിച്ചു. അവിടത്തെ പ്രതിയോഗികൾ നാട്ടിലെ പ്രധാനികളും പ്രമാണിമാരുമായിരുന്നു. അതുകൊണ്ടുതന്നെ മേധാവിത്വം അവർക്കായിരുന്നു. അതിനാൽ, മക്കയെ ഇസ്‌ലാമിക വ്യവസ്ഥ പുലരുന്ന ഒരു രാഷ്ട്രമാക്കി പരിവർത്തിപ്പിക്കാൻ പരിതഃസ്ഥിതി തീർത്തും പ്രതികൂലമായിരുന്നു.
ഈ സാഹചര്യത്തിലാണ് ഇസ്‌ലാമിക പ്രബോധനം ഫലപ്രദമാവുന്ന പുതിയ പ്രദേശം പരതാൻ പ്രവാചകൻ സാഹസപ്പെട്ടത്. മക്കയിൽ തന്റെ ദൗത്യം പൂർത്തീകരിക്കപ്പെട്ടിരുന്നു. സന്മനസ്സുള്ളവരൊക്കെ സത്യമതം സ്വീകരിച്ചു. മാനുഷിക കഴിവുകൾ അസ്ഥാനത്ത് പാഴാക്കുന്നത് അർഥശൂന്യമത്രെ. വിഗ്രഹ സംസ്കാരത്തിന്റെ വിനകൾ വിശ്വാസികളുടെ വിശിഷ്ട വ്യക്തിത്വത്തെ ദുഷിപ്പിക്കാൻ ഇടവരുത്താത്ത ഒരു സാമൂഹ്യഘടന രൂപപ്പെട്ടുവരേണ്ടതുണ്ടായിരുന്നു. അതിന് രാഷ്ട്രവും ഭരണകൂടവും അനിവാര്യം. മുസ്‌ലിംകളുടെ കർമശേഷി ഖുറൈശിക്കൂട്ടങ്ങളുടെ കുടിലവും കിരാതവുമായ ക്രൂരവൃത്തികളാൽ ശിഥിലമാവാതെ, ലക്ഷ്യപ്രാപ്തിക്കായി ഉദ്ദിഷ്ടപാതയിൽ പ്രയോഗിക്കപ്പെടണമെങ്കിൽ മക്കയോടു വിടപറയാതെ നിർവാഹമില്ല. പലായനത്തിന് പ്രപഞ്ചനാഥനാൽ നിർണയിക്കപ്പെട്ട പ്രദേശം, പിൽക്കാലത്ത് മദീനയായിത്തീർന്ന യഥ്‌രിബ് ആയിരുന്നു.
നബി തിരുമേനി അനുചരന്മാർക്ക് പലായനത്തിനു നിർദേശം നൽകി. യാത്ര പരമാവധി രഹസ്യമായും തനിച്ചുമാകണമെന്ന് നിഷ്കർഷിച്ചു. അതോടെ മക്കയിലെ നടപ്പാതകൾക്ക് പരിചിതമായ പല പാദങ്ങളും അവക്ക് അന്യമായിത്തുടങ്ങി. മക്കയിലെ മുസ്‌ലിംകളുടെ അംഗസംഖ്യ അനുദിനം കുറഞ്ഞുകൊണ്ടിരുന്നു. മരിച്ചു തീരുകയല്ല; മതം മാറുകയുമല്ല. അതുകൊണ്ടുതന്നെ ഈ അപ്രത്യക്ഷമാകൽ ഖുറൈശികളുടെ കണ്ണു തുറപ്പിച്ചു. തലമുറകളിലൂടെ തങ്ങൾക്കു ലഭിച്ചതും പാടുപെട്ട് പണിയെടുത്ത് നേടിയതുമൊക്കെ ത്യജിച്ച് നാടുവിടുന്ന വിശ്വാസ സമൂഹത്തിന്റെ തിരോധാനം ശല്യമൊഴിഞ്ഞെന്ന സുഖചിന്തകളല്ല അവരിലുണർത്തിയത്. എന്തും നേരിടാനുള്ള നെഞ്ചൂക്കോടെ സ്വത്തും സന്താനങ്ങളും നാടും വീടും വിട്ട് വെറുംകൈയുമായി വിടപറഞ്ഞവരുടെ ചുടുനിശ്വാസങ്ങളിൽ ശക്തമായ ഒരു തിരിച്ചുവരവിന്റെ ആരവമവർ ശ്രവിച്ചു. പരിഹാരം കാണാനായി ഖുറൈശികൾ ദാറുന്നദ്‌വയിൽ ഒത്തുകൂടി. നബി തിരുമേനിയുടെ കഥ കഴിക്കാനായിരുന്നു അവരുടെ തീരുമാനം.
നബി തിരുമേനി ഹിജ്റക്കൊരുങ്ങി. സഹയാത്രികനായ അബൂബക്കറും സജ്ജമായി. പ്രവാചകൻ വീട്ടിലുണ്ടായിരുന്ന അലിയെ വിളിച്ച് തന്റെ വിരിപ്പിൽ കിടന്നുറങ്ങാൻ കൽപിച്ചു. അനന്തരം സ്വർണത്തിന്റെയും വെള്ളിയുടെയും കുറെ കിഴികൾ അവിടുന്ന് അലിയുടെ മുമ്പിൽ കൊണ്ടുവന്നുവെച്ചു. മക്കയിലെ അവിശ്വാസികൾ അദ്ദേഹത്തെ സൂക്ഷിക്കാൻ ഏൽപിച്ചവയായിരുന്നു അവ. എല്ലാം ഉടമസ്ഥർക്ക് തിരിച്ചുകൊടുക്കാൻ നബി തിരുമേനി അലിയെ ചുമതലപ്പെടുത്തി.
അവയുടെ ഉടമകൾ ആരായിരുന്നു? പത്തു-പന്ത്രണ്ടു വർഷം പ്രവാചകനെയും അനുചരന്മാരെയും അതികഠിനമായി ദ്രോഹിച്ചവർ; സാമൂഹിക ബഹിഷ്കരണത്തിന് വിധേയമാക്കിയവർ; അവസാനം നാടുവിടാൻ നിർബന്ധിതരാക്കിയവർ; അതും മതിയാവാതെ തിരുമേനിയെ വധിക്കാൻ, വീടു വളയാൻ ആളെ അയച്ചവർ. എല്ലാവരും തങ്ങളുടെ സമ്പാദ്യം സൂക്ഷിക്കാൻ ഏൽപിച്ചത് അദ്ദേഹത്തെയായിരുന്നു. അവർക്ക് അപ്പോഴും അൽഅമീന്റെ സത്യസന്ധതയിൽ പൂർണ ബോധ്യമായിരുന്നു.
പാതിരാവിൽ പരമരഹസ്യമായി പലായനത്തിനു പുറപ്പെടുമ്പോഴും ആ പണമൊക്കെയും തിരിച്ചുകൊടുക്കാൻ ഏർപ്പാട് ചെയ്യുന്നതിൽ പ്രവാചകൻ നിഷ്കർഷ പുലർത്തി. എന്തിന്? ഈ സംഭവം വിവരിച്ചുകൊണ്ട് ഡോക്ടർ ഇമാദുദ്ദീൻ ഖലീൽ എഴുതുന്നു: ‘ശാഖാപരമായ ധാർമിക നിയമങ്ങൾ പാലിക്കുന്നതിനെക്കാൾ മഹത്തരമായൊരു ലക്ഷ്യമാണ് ഹിജ്റയുടെ പിന്നിലുള്ളത്. അതിനാൽ, വിജയകരമായി ഹിജ്റ നടത്തുക; അതാണ് പ്രധാനം. വേണമെങ്കിൽ ഇത്രകൂടി പറയാം: നബി തിരുമേനിയുടെ വശം നിക്ഷേപിക്കപ്പെട്ട സൂക്ഷിപ്പുസ്വത്തുക്കൾ തന്നെ മർദിച്ചോടിക്കുന്നവരുടെ ധനമാണ്. അവ തിരിച്ചുകൊടുക്കാതെ

മദീനയിലേക്ക് കൊണ്ടുപോവുകയായിരുന്നു അവിടുന്ന് ചെയ്യേണ്ടിയിരുന്നത്. അവിടെ താൻ സ്ഥാപിക്കുന്ന പുതിയ ഇസ്‌ലാമിക രാഷ്ട്രത്തിന്റെ അടിത്തറ ഭദ്രമാക്കാൻ അതുപയോഗിക്കാമായിരുന്നു. ആധുനിക വിപ്ലവപ്രസ്ഥാനങ്ങളുടെ നിലപാടുകളോടും വീക്ഷണങ്ങളോടും തുലനം ചെയ്താൽ അത് അനീതിയോ അക്രമമോ ഒന്നുമല്ല; വിപ്ലവത്തിന്റെ താൽപര്യം മാത്രമാണ്.
'പക്ഷേ, ഇസ്‌ലാമിന്റെ വീക്ഷണങ്ങളും പ്രവാചകന്റെ നയങ്ങളും തികച്ചും വ്യത്യസ്തമാണ്. സന്ദിഗ്ധവേളകളിലും പ്രതിസന്ധികളിലും ധാർമികമൂല്യങ്ങളിൽനിന്ന് അവസരോചിതം മോചിതമാകുന്നുവെങ്കിൽ ഭൗതിക പ്രസ്ഥാനങ്ങളും ഇസ്‌ലാമും തമ്മിൽ എന്ത് വ്യത്യാസമാണുള്ളത്? നിക്ഷേപങ്ങൾ തിരിച്ചുനൽകാതെ നബി തിരുമേനി പലായനം ചെയ്തിരുന്നുവെങ്കിൽ അത് മക്കയിലെ പ്രതിയോഗികളിൽ സൃഷ്ടിക്കുമായിരുന്ന പ്രതികരണമെന്തായിരിക്കുമെന്ന് ഒന്നാലോചിച്ചു നോക്കുക. ഇളിഭ്യതയുടെയും രോഷത്തിന്റെയും തീക്കുണ്ഡത്തിൽ കിടന്ന് എരിയുന്ന അവർ വിളിച്ചുകൂവുമായിരുന്നു: 'വിശ്വസ്തൻ കള്ളനായി മാറിയിരിക്കുന്നു! ഞങ്ങൾ മുമ്പേ പറഞ്ഞില്ലേ, അവന് വേണ്ടത് പണമാണെന്ന്.'

## 32. അന്യൂനമായ ആസൂത്രണം

പ്രവാചകൻ നീണ്ട പതിമൂന്നാണ്ടുകൾ ജന്മനാടായ മക്കയിൽ സത്യപ്രബോധനം നടത്തി. അടുത്തവരെയും അകന്നവരെയും നേർവഴിയിലേക്ക് ക്ഷണിച്ചു. അദ്ദേഹത്തിന്റെ ശബ്ദം കേൾക്കാത്ത ആരും അവിടെ അവശേഷിച്ചിരുന്നില്ല. ഓരോരുത്തരെയും പത്തും ഇരുപതും തവണ സമീപിച്ച് ഇസ്‌ലാമിനെ പരിചയപ്പെടുത്തി. അങ്ങനെ സുമനസ്സുകളൊക്കെയും സന്മാർഗം സ്വീകരിച്ചു. അവശേഷിക്കുന്നവർ സത്യനിഷേധത്തിലുറച്ചുനിന്നു. അതിനാൽ മക്കയിലിനിയും സമയം ചെലവഴിക്കുന്നത് പാഴ്‌വേലയാണ്; അധ്വാനിക്കുന്നത് അർഥശൂന്യവും.
അഖബയിൽവെച്ച് യഥ്‌രിബുകാരുമായി കരാറുണ്ടാക്കിയതോടെ പുതിയ കർമരംഗം തുറന്നുകിട്ടി. ഒപ്പം കൊടും പീഢകളിൽനിന്ന് മോചനവും. നബി തിരുമേനി, അനുയായികളെല്ലാം പോയിത്തീർന്നു എന്നുറപ്പുവരുത്തി. തന്നോടൊന്നിച്ച് യാത്ര ചെയ്യാനുള്ള അബൂബക്ർ സിദ്ദീഖും താൻ ഏൽപിച്ച ഉത്തരവാദിത്വങ്ങൾ പൂർത്തീകരിക്കാനുള്ള അലിയും മാത്രമേ അടുത്ത അനുയായികളിൽ അവിടെ അവശേഷിച്ചിരുന്നുള്ളൂ.
പ്രവാചകൻ യാത്രക്കുള്ള വാഹനവും മറ്റും സജ്ജീകരിക്കാൻ തന്റെ ആത്മമിത്രമായ അബൂബക്ർ സിദ്ദീഖിനെ ചുമതലപ്പെടുത്തി. അതോടെ ചെന്നെത്താനുള്ള യഥ്‌രിബിലെ സുരക്ഷിതത്വവും യാത്രക്കാവശ്യമായ ഒരുക്കങ്ങളും പൂർത്തിയായി. അപ്പോഴാണ് ശത്രുക്കളുടെ വധ ഗൂഢാലോചന. അതിൽനിന്ന് അദ്ഭുതകരമായി രക്ഷപ്പെട്ട നബി തിരുമേനി അബൂബക്കറിന്റെ വീട്ടിലെത്തി. തന്റെ വിരിപ്പിൽ തന്റെ പച്ചപ്പുതപ്പുകൊണ്ട് ശരീരം മൂടി ഉറങ്ങാൻ അലിയെ ചുമതലപ്പെടുത്തിയശേഷമായിരുന്നു പുറപ്പാട്. കൊല്ലാൻ കാത്തിരിക്കുന്നവർ എത്തിനോക്കുമ്പോൾ പ്രവാചകൻ വിരിപ്പിലുണ്ടെന്ന ധാരണ സൃഷ്ടിക്കലായിരുന്നു ലക്ഷ്യം.
നബി തിരുമേനിയും അബൂബക്ർ സിദ്ദീഖും വീടിന്റെ പിൻവശത്തെ വാതിലിലൂടെ പുറത്ത് കടന്നു. യഥ്‌രിബിന്റെ ഭാഗത്തേക്ക് പോകുന്നതിനു പകരം നേരെ എതിർദിശയിൽ തെക്കോട്ടാണ് അവർ പോയത്. ശത്രുക്കൾ അന്വേഷിച്ചു പുറപ്പെട്ടാൽ കാണാതിരിക്കലായിരുന്നു ലക്ഷ്യം. ഇരുവരും മക്കയുടെ തെക്കുഭാഗത്തുള്ള ചെങ്കുത്തായ മലയുടെ മുകളിലുള്ള സൗർ ഗുഹയിൽ അഭയംതേടി. ശത്രുക്കളുടെ അന്വേഷണം അവസാനിക്കുംവരെ അവിടെ കഴിയാനായിരുന്നു തീരുമാനം. അതിനാൽ ഭക്ഷണമെത്തിക്കാൻ അബൂബക്കർ സിദ്ദീഖിന്റെ മകൾ അസ്മാഇനെ ചുമതലപ്പെടുത്തി. കുടിക്കാൻ പാലിനുവേണ്ടി ഭൃത്യൻ ആമിറുബ്നു ഫുഹൈറയോട് ആടുകളെ അതുവഴി കൊണ്ടുവരാൻ നിർദേശിച്ചു. ശത്രുക്കളുടെ ഗൂഢാലോചനകളെയും പദ്ധതികളെയും സംബന്ധിച്ച് മനസ്സിലാക്കി വിവരമറിയിക്കാൻ മകൻ അബ്ദുല്ലയോടാവശ്യപ്പെട്ടു. ഗുഹയിലേക്കുള്ള ചവിട്ടടിപ്പാടുകൾ കാണാതിരിക്കാൻ അതുവഴി ആടുകളെ തെളിച്ചുകൊണ്ടുപോകാൻ കൽപിച്ചു. അങ്ങനെ അത്യസാധാരണമായ ആസൂത്രണ പാടവത്തോടെ പ്രവാചകൻ കാര്യങ്ങളൊക്കെ നിർവഹിച്ചു. അതോടൊപ്പം അല്ലാഹുവിന്റെ സഹായത്തിനായി നിരന്തരം പ്രാർഥിക്കുകയും ചെയ്തു. രണ്ടും ഒത്തുവന്നപ്പോൾ ദിവ്യസഹായവും വന്നെത്തി. ശത്രുക്കൾ ഗുഹാമുഖത്തെത്തിയിട്ടും അവരെ

കണ്ടെത്താനായില്ല.
മൂന്നു ദിവസത്തെ ഗുഹാവാസത്തിനുശേഷം ഇരുവരും പുറത്തിറങ്ങി. അപ്പോഴേക്കും അസ്മാഅ് യാത്രക്കാവശ്യമായ ഭക്ഷണവുമായി അവിടെ എത്തിയിരുന്നു. അബ്ദുല്ലാഹിബ്നു ഉറൈഖിദ് അബൂബക്ർ സിദ്ദീഖ് സജ്ജമാക്കി വെച്ചിരുന്ന ഒട്ടകങ്ങളെയും അവിടെ എത്തിച്ചു. യഥ്രിബിലേക്കുള്ള അപരിചിതമായ മാർഗമറിയുന്ന അദ്ദേഹം മുസ്ലിമായിരുന്നില്ല. എന്നിട്ടും പരമരഹസ്യമായി നിർവഹിക്കേണ്ട ഹിജ്റക്ക് വഴികാട്ടിയായി പ്രവാചകൻ തെരഞ്ഞെടുത്തത് അദ്ദേഹത്തെയാണ്.

## 33. ‘ഭയപ്പെടേണ്ട; അല്ലാഹു നമ്മോടൊപ്പമുണ്ട്!’

പെട്ടെന്നുള്ള പ്രകോപനത്തിന്റെയോ പ്രചോദനത്തിന്റെയോ ഫലമായിരുന്നില്ല പ്രവാചകന്റെ ഹിജ്റ. സുദൃഢമായ തീരുമാനത്തിന്റെയും വ്യക്തമായ ആസൂത്രണത്തിന്റെയും ഫലമായിരുന്നു അത്. ഐതിഹാസികമായ ഈ സംഭവത്തിൽ സൗർ ഗുഹക്കുള്ള സ്ഥാനം സുവിദിതമാണ്. വീടുവിട്ടിറങ്ങിയ നബി തിരുമേനിയും സഹയാത്രികൻ അബൂബക്കർ സിദ്ദീഖും മൂന്നു ദിവസം ഒളിച്ചിരുന്നത് അവിടെയാണ്. ശത്രുക്കളുടെ പിടിയിൽപ്പെടാതെ അവരെ സംരക്ഷിക്കാൻ പ്രപഞ്ചനാഥൻ സൗഭാഗ്യമേകിയത് സൗർ ഗുഹക്കാണ്.
മക്കയുടെ മൂന്നു കിലോമീറ്റർ തെക്കാണ് സൗർ പർവതം. അബ്ദുമനാഫിന്റെ മകൻ സൗർ ജനിച്ച സ്ഥലമായതിനാലാണ് ആ പ്രദേശത്തിന് പ്രസ്തുത പേര് ലഭിച്ചത്. സൗറിലേക്കുള്ള പാതയുടെ ഇരുവശവും പർവതങ്ങളാണ്. സൗർ മലയുടെ മുകളിൽ ഭീമാകാരമായ ഒരു പാറയുണ്ട്. അകം പൊള്ളയായതിനാൽ അവിടം സാമാന്യം വിശാലമായ ഗുഹയാണ്. അതിനു കിഴക്കും പടിഞ്ഞാറും ഓരോ കവാടങ്ങളുണ്ട്. പടിഞ്ഞാറു ഭാഗത്തുള്ള കവാടത്തിലൂടെയാണ് നബി തിരുമേനിയും അബൂബക്കർ സിദ്ദീഖും ഗുഹയിൽ പ്രവേശിച്ചത്.
പ്രവാചകന്റെ കഥകഴിക്കാൻ രാത്രി മുഴുവനും വീടിനു ചുറ്റും കാവലിരുന്ന ശത്രുക്കൾ നേരം പുലർന്നപ്പോൾ കാണുന്നത് പ്രവാചകന്റെ വിരിപ്പിൽ അലിയെയാണ്. ഇത് അവരെ അത്യധികം നിരാശരാക്കി; അതിലേറെ പ്രകോപിതരും. അവർ പ്രവാചകനെ പരതി പരക്കംപാഞ്ഞു.
അതിനിടെ അവരിലൊരു സംഘം സൗർ ഗുഹയുടെ മുമ്പിലുമെത്തി. അവരുടെ കാലൊച്ചയും സംസാരവും, ദൈവകീർത്തനങ്ങളിലും പ്രാർഥനകളിലും വ്യാപൃതരായിരുന്ന നബി തിരുമേനിയുടെയും അബൂബക്കർ സിദ്ദീഖിന്റെയും ശ്രദ്ധയിൽ പെട്ടു. ഇത് അബൂബക്കറിനെ വളരെയേറെ അസ്വസ്ഥനാക്കി. പ്രവാചകന്റെ ജീവനെക്കുറിച്ചായിരുന്നു അദ്ദേഹത്തിന്റെ ആശങ്കയൊക്കെയും. അതിനാൽ ഭീതിയോടെ പറഞ്ഞു: ‘അവരെങ്ങാനും ഒന്നെത്തിനോക്കിയാൽ നമ്മെ കണ്ടതുതന്നെ.’
നബി തിരുമേനി അദ്ദേഹത്തെ ആശ്വസിപ്പിച്ചുകൊണ്ടു പറഞ്ഞു: ‘മൂന്നാമനായി അല്ലാഹു കൂട്ടിനുള്ള രണ്ടു പേരുടെ കാര്യത്തിൽ താങ്കൾക്ക് എന്തിനാണ് ഈ ആശങ്ക?’ ശത്രുക്കളുടെ സാന്നിധ്യത്തിലും പ്രവാചകൻ പുലർത്തിയ ഈ മനോദാർഢ്യവും ആത്മധൈര്യവും അബൂബക്കർ സിദ്ധീഖിന് ആശ്വാസമേകി.
ഗുഹാമുഖം ശ്രദ്ധയോടെ നിരീക്ഷിച്ച ശത്രുക്കൾ അവിടെ കാലപ്പഴക്കം തോന്നിക്കുന്ന ചിലന്തിവലയും പ്രാവിന്റെ കൂടും കണ്ടു. അതോടെ അതിനകത്ത് ആരുമുണ്ടാവില്ലെന്നുറപ്പിച്ച് അവിടെനിന്നും നടന്നുനീങ്ങി. ഗുഹക്കകത്ത് കയറി പരിശോധിക്കുന്നതിനെ സംബന്ധിച്ച സംഘത്തിലൊരാളുടെ ചോദ്യത്തിന് മറ്റുള്ളവരുടെ പ്രതികരണം ഇതായിരുന്നു: ‘ഗുഹാമുഖത്ത് മുഹമ്മദിനെക്കാൾ പ്രായമുള്ള ചിലന്തിവലയും പ്രാവിന്റെ കൂടുമുണ്ട്. അതിനാൽ അതിനകത്ത് ആരുമില്ലെന്നുറപ്പ്.’
ശത്രുക്കളുടെ ഈ വാക്കുകൾ പ്രവാചകന്നും സഹയാത്രികന്നും ആശ്വാസം പകർന്നു. നബി തിരുമേനി ദൈവത്തിനു നന്ദിരേഖപ്പെടുത്തി: ‘സർവ സ്തുതിയും അല്ലാഹുവിന്. അല്ലാഹു ഏറ്റം മഹാൻ.’
ഈ സംഭവം വിശുദ്ധ ഖുർആൻ ഇങ്ങനെ പരാമർശിക്കുന്നു: ‘‘സത്യനിഷേധികൾ അദ്ദേഹത്തെ പുറത്താക്കിയ സന്ദർഭത്തിൽ അല്ലാഹു അദ്ദേഹത്തെ സഹായിച്ചിട്ടുണ്ട്. അദ്ദേഹം രണ്ടിലൊരുവനാവുകയും ഇരുവരും ആ ഗുഹയിലായിരിക്കുകയും ചെയ്തപ്പോൾ അദ്ദേഹം തന്റെ കൂട്ടുകാരനോട് പറഞ്ഞു: ‘ദുഃഖിക്കാതിരിക്കുക; അല്ലാഹു നമ്മോടൊപ്പമുണ്ട്.’ അന്നേരം അല്ലാഹു തന്നിൽനിന്നുള്ള സമാധാനം അദ്ദേഹത്തിന് സമ്മാനിച്ചു.’’ (അത്തൗബ:40)

## 34. പിഴയ്ക്കാത്ത പ്രവചനം

പ്രവാചകനെ പിടികൂടാൻ കഴിയാതെ പരാജിതരായ ഖുറൈശി പ്രമുഖരുടെ കോപം പതിന്മടങ്ങ് വർധിച്ചു. അവർ അദ്ദേഹത്തിന്റെ തലക്ക് നൂറ് ഒട്ടകം ഇനാം പ്രഖ്യാപിച്ചു. ഇതിലാകൃഷ്ടരായ പലരും പലയിടത്തും പ്രവാചകനെ പരതിനടന്നു.
സൗർ ഗുഹയിൽനിന്ന് യാത്രപുറപ്പെട്ട പ്രവാചകനെയും അബൂബക്കർ സിദ്ദീഖിനെയും രണ്ടാം നാൾ മുദ്‌ലജ് വംശജനായ ഒരാൾ കാണാനിടയായി. അയാൾ ഓടിവന്ന് ഖുറൈശികളെ വിവരം ധരിപ്പിച്ചു. അപ്പോൾ അവിടെ ഉണ്ടായിരുന്ന അതേ വംശത്തിൽപ്പെട്ട സുറാഖതുബ്നു മാലിക്, അത് മറ്റു ചിലരായിരിക്കുമെന്നുപറഞ്ഞ് അവരുടെ ശ്രദ്ധ തെറ്റിച്ചു. തുടർന്ന് സമയമൊട്ടും പാഴാക്കാതെ അതിവേഗതയുള്ള ഒരു കുതിരപ്പുറത്തു കയറി പ്രവാചകനെ പിടികൂടാൻ പുറപ്പെട്ടു. ആയുധധാരിയായ അയാളുടെ മനസ്സിൽ നൂറ് ഒട്ടകങ്ങൾ ചാടിക്കളിക്കുകയായിരുന്നു.
സുറാഖയുടെ കുതിരക്ക് ഒന്നിലേറ തവണ അടിതെറ്റിയെങ്കിലും അയാൾ അതൊന്നും പരിഗണിക്കാതെ പ്രയാണം തുടർന്നു. അവസാനം അയാൾ ദൂരെ നിന്ന് നബി തിരുമേനിയെയും അബൂബക്കർ സിദ്ദീഖിനെയും കണ്ടു. സമയം വൈകുന്നേരമായിരുന്നതിനാൽ അവരെ പിടികൂടാനായി അദ്ദേഹം കുതിരയുടെ വേഗം കൂട്ടി. അത് പ്രവാചകന്റെ അടുത്തെത്താറായപ്പോൾ മുൻ കാലുകൾ മണലിൽ പൂണ്ടുപോയി. അതോടെ സുറാഖ നിലം പതിച്ചു. രണ്ടുമൂന്ന് തവണ ഇതാവർത്തിച്ചതോടെ സുറാഖ അത്യധികം പരിഭ്രാന്തനായി. നിരാശനായ അയാൾ തന്റെ തീരുമാനം മാറ്റി. ഒരഭയാർഥിയെപ്പോലെ പ്രവാചകനെയും സഹയാത്രികനെയും കണ്ടുമുട്ടിയ വിവരം ഖുറൈശികളെ ബോധ്യപ്പെടുത്തിയാൽ മതിയെന്ന് തീരുമാനിച്ചു. അതിനാൽ അക്കാര്യം എഴുതിക്കൊടുക്കാൻ നബി തിരുമേനിയോടാവശ്യപ്പെട്ടു. അവിടത്തെ നിർദേശാനുസാരം അബൂബക്കർ സിദ്ദീഖ് ഒരു കല്ലിൽ അതെഴുതിക്കൊടുക്കുകയും ചെയ്തു. സുറാഖ അതുമായി നടന്നു നീങ്ങവെ നബി തിരുമേനി അദ്ദേഹത്തെ വിളിച്ചു. അടുത്തെത്തിയ സുറാഖയോട് നബി തിരുമേനി ചോദിച്ചു: ''സുറാഖേ, സീസറിന്റെ രണ്ടു സ്വർണവളകൾ നിനക്കു ലഭിച്ചാൽ നിന്റെ സ്ഥിതി എന്താകും?''
സുറാഖക്ക് ഒന്നും മനസ്സിലായില്ല. ആരുമാരും സഹായിക്കാനില്ലാതെ ആട്ടിയോടിക്കപ്പെട്ട മുഹമ്മദ് മഹാ ചക്രവർത്തി സീസറിന്റെ സ്വർണവളകൾ വാഗ്ദാനം ചെയ്യുന്നതിലെ വിഡ്ഢിത്തമോർത്ത് അയാൾ അകമേ ചിരിച്ചു. മനസ്സിലൂടെ ഓടിച്ചാടി നടന്നിരുന്ന നൂറൊട്ടകം നഷ്ടപ്പെട്ടതിലെ ദുഃഖചിന്തയുമായി മക്കയിലേക്ക് തിരിച്ചു.
വർഷങ്ങൾ പലത് പിന്നിട്ടു. രണ്ടാം ഖലീഫ ഉമറുൽ ഫാറൂഖിന്റെ ഭരണകാലത്ത് സീസറിന്റെ സാമ്രാജ്യം തകർന്നു. അദ്ദേഹത്തിന്റെ കൊട്ടാരവും അതിലെ വിലപിടിപ്പുള്ള വസ്തുക്കളും ഖലീഫയുടെ അധീനതയിലായി. കൂട്ടത്തിൽ സീസറിന്റെ സ്വർണവളകളുമുണ്ടായിരുന്നു. ആ സാധനസാമഗ്രികളെല്ലാം മദീനയിലെത്തിയതോടെ ഉമറുൽ ഫാറൂഖ് സുറാഖയെ വിളിച്ചുവരുത്തി. തുടർന്ന് സീസറിന്റെ സ്വർണവളകൾ അദ്ദേഹത്തിന്റെ കൈകളിലണിയിച്ചു. അങ്ങനെ വർഷങ്ങൾക്കു മുമ്പ് പ്രവാചകൻ നടത്തിയ പ്രവചനം യാഥാർഥ്യമായി

## 35. അബൂ അയ്യൂബിന്റെ വീട്ടിൽ

മദീനയിലെത്തിയ പ്രവാചകനെ അവിടത്തെ വിശ്വാസികളോരോരുത്തരും തങ്ങളുടെ അതിഥിയായി വീട്ടിൽ താമസിക്കാൻ സ്നേഹപൂർവം നിർബന്ധിച്ചുകൊണ്ടിരുന്നു. അതുകൊണ്ടുതന്നെ നബി തിരുമേനി അതിൽ സ്വന്തമായൊരു തീരുമാനമെടുത്തില്ല. അത് ദൈവവിധിക്കു വിട്ടുകൊടുത്തു. ഒട്ടകം മുട്ടുകുത്തുന്നത് ആരുടെ വീടിനടുത്താണോ അവിടെ തങ്ങാമെന്ന് തീരുമാനിച്ചു.
അവസാനം ആ സൗഭാഗ്യം സിദ്ധിച്ചത് അബൂഅയ്യൂബുൽ അൻസ്വാരിക്കാണ്. വീടിന്റെ മുകൾത്തട്ടിനു പകരം അടിഭാഗത്ത് താമസിക്കാനാണ് പ്രവാചകൻ ഇഷ്ടപ്പെട്ടത്. അത് അബൂഅയ്യൂബിയെ വല്ലാതെ പ്രയാസപ്പെടുത്തി. പ്രവാചകന്റെ മുകളിൽ താനും കുടുംബവുമാകുമല്ലോ എന്നതായിരുന്നു അദ്ദേഹത്തിന്റെ ആകുലത. അക്കാര്യം നബി തിരുമേനിയോട് തുറന്നുപറയുകയും ചെയ്തു. എന്നാൽ ജനങ്ങൾക്ക് ബന്ധപ്പെടാൻ കൂടുതൽ സൗകര്യം താഴെതന്നെയായതിനാൽ തിരുമേനി അവിടം തന്നെ തെരഞ്ഞെടുക്കുകയാണുണ്ടായത്.
ഒരു രാത്രി അബൂഅയ്യൂബിന്റെ പാത്രം വീണുടഞ്ഞ് വെള്ളം നിലത്തൊഴുകി. അത് ഒലിച്ചിറങ്ങി

പ്രവാചകന്റെ ശരീരത്തിൽ ഇറ്റി വീഴുമോയെന്ന ചിന്ത അദ്ദേഹത്തെയും സഹധർമിണിയെയും അത്യധികം അലോസരപ്പെടുത്തി. മറ്റൊന്നും ചിന്തിക്കാതെ അവർ തങ്ങളുടെ വശമുണ്ടായിരുന്ന പുതപ്പുകൊണ്ട് ആ വെള്ളമൊക്കെയും ഒപ്പിയെടുത്തു. നല്ല തണുപ്പുള്ള ആ രാത്രി അവർ പുതപ്പില്ലാതെ കഴിച്ചുകൂട്ടുകയും ചെയ്തു.

## 36. യഥ്രിബ് മദീനയായിമാറുന്നു

''ഖൈലക്കാരേ, നിങ്ങളുടെ കൂട്ടുകാരൻ ഇതാ എത്തിക്കഴിഞ്ഞു.'' ഇത് വിളിച്ചുപറഞ്ഞത് ഒരു ജൂതനായിരുന്നു. പ്രവാചകന്റെ ആഗമനം പ്രതീക്ഷിച്ചിരിക്കുന്നവരിൽ അദ്ദേഹവുമുണ്ടായിരുന്നു.
കത്തിക്കാളുന്ന വെയിലിൽ ചുട്ടുപൊള്ളുന്ന മണൽക്കാടുകളിലൂടെ കുന്നും കുഴിയും താണ്ടി, തിഹാമ മരുഭൂമി മുറിച്ചുകടന്ന് നബി തിരുമേനിയും കൂട്ടുകാരും യഥ്രിബിനെ ലക്ഷ്യംവെച്ചു യാത്ര തുടർന്നു. സൂര്യതാപത്തിൽനിന്ന് രക്ഷനൽകുന്ന തണലോ യാത്രാക്ലേശം തീർക്കാനുള്ള വിശ്രമകേന്ദ്രമോ ഉണ്ടായിരുന്നില്ല. എല്ലാം അല്ലാഹുവിലർപ്പിച്ച് ക്ഷമയോടെ രാപകൽ ഭേദമില്ലാതെ അവർ തങ്ങളുടെ പ്രയാണം തുടർന്നു. ഏഴുനാളത്തെ ഒട്ടകയാത്രക്കുശേഷം 'സഹം' ഗോത്രത്തിന്റെ വാസസ്ഥലത്തെത്തിയപ്പോൾ ഗോത്രത്തലവൻ ബുറൈദ അവരെ ഹാർദമായി സ്വീകരിച്ചു.
യഥ്രിബിൽനിന്ന് അൽപമകലെ ഖുബാഇൽ എത്തിയ പ്രവാചകൻ നാലു ദിവസം അവിടെ താമസിച്ചു. ഖുബാഇൽ ഒരു പള്ളി പണിയുകയും ചെയ്തു. ഇതിനിടെ പ്രവാചകൻ മക്കയിൽ നിർത്തിയിരുന്ന അലി സൂക്ഷിപ്പുസ്വത്തുക്കളെല്ലാം അവകാശികളെ ഏൽപിച്ചശേഷം അവിടെയെത്തി.
ഖുബാഇലെ താമസമവസാനിപ്പിച്ച് യഥ്രിബിലേക്ക് പുറപ്പെട്ടനബി തിരുമേനിയുടെ ആഗമന വിവരമറിഞ്ഞ നാട്ടുകാർ ആഹ്ലാദഭരിതരായി അദ്ദേഹത്തെ സ്വീകരിക്കാനൊരുങ്ങി. അവർ വീടു വിട്ടിറങ്ങി പ്രവാചകൻ വരുന്ന ഭാഗത്തേക്കു നീങ്ങി. ദൈവത്തിന് സ്തുതികീർത്തനങ്ങളർപ്പിച്ചും സന്തോഷം പ്രകടിപ്പിച്ചും തദ്ദേശീയരെല്ലാം ഒത്തുകൂടി. പല ഗോത്രനേതാക്കളും തങ്ങളുടെ അതിഥിയാകാൻ നബി തിരുമേനിയോടാവശ്യപ്പെട്ടു. സ്നേഹപ്രകടനത്തിന് നന്ദി പ്രകാശിപ്പിച്ചുകൊണ്ട് പുഞ്ചിരിയോടെ പ്രവാചകൻ പറഞ്ഞു: 'ഒട്ടകത്തെ വിട്ടേക്കുക. അത് അല്ലാഹുവിന്റെ ആജ്ഞ അനുസരിച്ച് നീങ്ങിക്കൊള്ളും.' ഒട്ടകം മെല്ലെ മുന്നോട്ടു നീങ്ങി. പ്രവാചകനെ സ്വാഗതം ചെയ്തുകൊണ്ട് വീടുകളുടെ മട്ടുപ്പാവിൽനിന്ന് സ്ത്രീകൾ പാടിക്കൊണ്ടിരുന്നു:
''വിദാഅ് മല വിടവിലൂടെ പൂർണചന്ദ്രനിതാ ഞങ്ങൾക്കിടയിൽ ഉദിച്ചുയർന്നിരിക്കുന്നു.
കൊച്ചു ബാലികമാർ ദഫ് മുട്ടിപ്പാടി:
''ബനുന്നജ്ജാർ വംശത്തിലെ പെൺകുട്ടികളാണ് ഞങ്ങൾ. മുഹമ്മദ് എത്ര നല്ല അയൽക്കാരൻ!''
ഒട്ടകം തങ്ങളുടെ വീടിനടുത്ത് മുട്ടുകുത്തണമെന്ന് ഓരോരുത്തരും അതിയായാഗ്രഹിച്ചു. അവസാനം അത് രണ്ട് അനാഥ ബാലന്മാരുടെ സ്ഥലത്താണ് ചെന്നുനിന്നത്. മആദുബ്നു അഫ്റാഇന്റെ സംരക്ഷണത്തിലുള്ള സഹ്ലിന്റെതും സുഹൈലിന്റേതുമായിരുന്നു പ്രസ്തുത സ്ഥലം. പ്രവാചകൻ മതിയായ വില നൽകി ആ സ്ഥലം വാങ്ങി. അവിടെ ഒരു പള്ളിയുണ്ടാക്കാനും അതിന്റെ പരിസരത്ത് പരിമിത സൗകര്യത്തോടെ തനിക്കും കുടുംബത്തിനും താമസിക്കാൻ ഇടമുണ്ടാക്കാനും തീരുമാനിച്ചു.
പ്രവാചകന്റെ വരവോടെ യഥ്രിബ് 'മദീനതുന്നബി'1യായി മാറി. പിന്നീട് ഇന്നോളം അവിടം അറിയപ്പെടുന്നത് 'മദീന' എന്ന പേരിലാണ്.

## 37. സമാനതകളില്ലാത്ത സാഹോദര്യം

മക്കയിൽനിന്ന് പലായനം ചെയ്ത് മദീനയിലെത്തിയ വിശ്വാസികൾക്കും മദീനയിലുണ്ടായിരുന്ന വിശ്വാസികൾക്കും ഇടയിൽ പ്രവാചകൻ സാഹോദര്യ ബന്ധം സ്ഥാപിച്ചു. മക്കയിൽനിന്നെത്തിയവർ  അഭയാർഥികൾ എന്ന അർഥത്തിൽ മുഹാജിറുകളെന്നും, മദീനയിലുണ്ടായിരുന്നവർ സഹായികളെന്ന അർഥത്തിൽ അൻസ്വാറുകളെന്നും അറിയപ്പെട്ടു. മനുഷ്യ ചരിത്രത്തിൽ തീരേ സമാനതകളില്ലാത്തതാണ് നബി തിരുമേനി അവർക്കിടയിൽ രൂപപ്പെടുത്തിയെടുത്ത ആത്മ ബന്ധം. അൻസ്വാറുകൾ തങ്ങളുടെ വീടും സ്വത്തുമെല്ലാം മുഹാജിറുകളുമായി പങ്കുവെക്കാൻ തയ്യാറായി. അവർ

പ്രവാചകനെ സമീപിച്ച് തങ്ങളുടെ സമ്പത്ത് മുഹാജിറുകൾക്ക് ഭാഗിച്ചുകൊടുക്കാൻ ആവശ്യപ്പെട്ടു. മുഹാജിറുകളെ തങ്ങളുടെ വീടുകളിൽ താമസിപ്പിക്കാനും അവർ നിർബന്ധം ചെലുത്തി. അതിനാൽ നറുക്കെടുത്താണ് ആതിഥേയരുടെ വീടുകൾ തെരഞ്ഞെടുത്തിരുന്നത്. മുഹാജിറുകൾ ഈന്തപ്പനത്തോട്ടത്തിൽ അൻസ്വാറുകളെ സഹായിക്കുകയും അൻസ്വാറുകൾ വിളവിൽ അവരെ പങ്കാളികളാക്കുകയും ചെയ്തു. ഇരു വിഭാഗങ്ങൾക്കുമിടയിൽ നിലനിന്നിരുന്ന സാഹോദര്യ ബന്ധം സുദൃഢവും ഒട്ടും പോറലേൽക്കാത്തതുമായിരുന്നു. ഇതിൽ ഏറ്റവും കൂടുതൽ പ്രശംസയർഹിക്കുന്നത് അൻസ്വാറുകളാണ്. വിശുദ്ധ ഖുർആൻ അവരുടെ സുമനസ്സിനെ ഇങ്ങനെ വാഴ്ത്താനുള്ള കാരണവും അതുതന്നെ.
'പലായനം ചെയ്ത് തങ്ങളിലേക്കെത്തുന്നവരെ അവർ സ്നേഹിക്കുന്നു. അവർക്ക് നൽകിയ സമ്പത്തിനോട് ഇവരുടെ മനസ്സുകളിൽ ഒട്ടും മോഹമില്ല. തങ്ങൾക്കുതന്നെ ആവശ്യമുണ്ടെങ്കിൽ പോലും അവർ സ്വന്തത്തെക്കാൾ മറ്റുള്ളവർക്ക് മുൻഗണന നൽകുന്നു. സ്വമനസ്സിന്റെ പിശുക്കിൽനിന്ന് മോചിതരായവർ ആരോ, അവർ തന്നെയാണ് വിജയികൾ.' (അൽഹശ്ർ: 9)
തങ്ങളനുഭവിച്ച ഊഷ്മളമായ സാഹോദര്യ ബന്ധത്തെ സംബന്ധിച്ച് മുഹാജിറുകൾ പറഞ്ഞതായി അനസുബ്നു മാലിക് നിവേദനം ചെയ്യുന്നു: 'അല്ലാഹുവിന്റെ ദൂതരേ, ഞങ്ങൾ വന്നെത്തിയ ഈ സമൂഹത്തെക്കാൾ നന്നായി ചെലവഴിക്കുന്നവരെ ഞങ്ങളൊരിക്കലും എവിടെയും കണ്ടിട്ടില്ല. അവരെ ജോലിയിൽ സഹായിക്കാൻ  പോലും ഞങ്ങളെ അനുവദിക്കുന്നില്ല. അതോടൊപ്പം വിളവിൽ ഞങ്ങളെ പങ്കാളികളാക്കുകയും ചെയ്യുന്നു.'

## 38. പ്രതീക്ഷിച്ച പ്രവാചകൻ

അബ്ദുല്ലാഹിബ്നു സലാം മദീനയിലെ ആദരണീയനായ ജൂത പണ്ഡിതനും പുരോഹിതനുമായിരുന്നു. ഒരു പ്രവാചകന്റെ ആഗമനം മറ്റു ജൂത നേതാക്കളെപ്പോലെത്തന്നെ അദ്ദേഹവും പ്രതീക്ഷയോടെ കാത്തിരിക്കുന്നുണ്ടായിരുന്നു.
അബ്ദുല്ലാഹിബ്നു സലാം തന്റെ ഈന്തപ്പനത്തോട്ടത്തിൽ ജോലി ചെയ്തുകൊണ്ടിരിക്കെ ഒരാൾ ഓടിവന്ന് പ്രവാചകന്റെ ആഗമനവൃത്താന്തം അറിയിച്ചു. നബി തിരുമേനി അപ്പോൾ മദീനക്കടുത്ത ഖുബായിൽ എത്തിയിട്ടേ ഉണ്ടായിരുന്നുള്ളൂ. അബ്ദുല്ലയുടെ കൂടെ പിതൃ സഹോദരി ഖാലിദഃ ബിൻത് ഹാരിസുമുണ്ടായിരുന്നു. ഈന്തപ്പനയുടെ മുകളിലായിരുന്ന അദ്ദേഹം നബിതിരുമേനിയെ സംബന്ധിച്ച് കേട്ടപ്പോൾ അല്ലാഹുവെ വാഴ്ത്തി. ഇത് പിതൃ സഹോദരിക്ക് ഒട്ടും ഇഷ്ടപ്പെട്ടില്ല. മൂസാ നബി വന്നാലുള്ളതുപോലുള്ള സന്തോഷമാണല്ലോ പ്രകടിപ്പിക്കുന്നതെന്ന് പറഞ്ഞ് അദ്ദേഹത്തെ ആക്ഷേപിക്കുകയും ചെയ്തു.
'അമ്മായീ, അല്ലാഹുവാണ് സത്യം!! ആ വന്നത് മൂസായുടെ സഹോദരനാണ്. മൂസായുടെ മതവുമായാണ് അദ്ദേഹം നിയോഗിതനായത്.' അബ്ദുല്ലാഹിബ്നു സലാം അറിയിച്ചു.
'അല്ല, മോനേ, നാം പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്ന ആ പ്രവാചകനാണോ അദ്ദേഹം?' ഖാലിദഃ ആകാംക്ഷയോടെ അന്വേഷിച്ചു.
'അതെ, അമ്മായീ!'
'എങ്കിൽ നീ ചെയ്തത് തന്നെ ശരി.' അവർ പറഞ്ഞു.
തോട്ടത്തിൽനിന്ന് തിരിച്ചെത്തിയ അബ്ദുല്ലാഹിബ്നു സലാം പ്രവാചകനെ സമീപിച്ച് സന്മാർഗം സ്വീകരിച്ചു. തുടർന്ന് അദ്ദേഹത്തിന്റെ കുടുംബവും സത്യപാത പിന്തുടർന്നു. പിന്നീട് അദ്ദേഹം പ്രവാചകനെ സമീപിച്ച് പറഞ്ഞു: 'ജൂതന്മാർ വല്ലാതെ കള്ളം പറയുന്നവരാണ്. അതിനാൽ ഞാൻ ഇസ്‌ലാം സ്വീകരിച്ച വിവരമറിയിക്കാതെ താങ്കൾ അവരോട് എന്നെക്കുറിച്ച് അന്വേഷിക്കുക. സത്യമതം സ്വീകരിച്ച വിവരമറിഞ്ഞാൽ അവർ കള്ളമേ പറയൂ.'
ഈ അഭ്യർഥന മാനിച്ച് നബി തിരുമേനി ജൂതന്മാരെ സമീപിച്ച് അബ്ദുല്ലാഹിബ്നു സലാമിനെ സംബന്ധിച്ച അവരുടെ അഭിപ്രായമാരാഞ്ഞു. അവർ ഏകസ്വരത്തിൽ പറഞ്ഞു: 'അദ്ദേഹം ഞങ്ങളുടെ നേതാവാണ്. നേതാവിന്റെ മകനാണ്. ഞങ്ങളിലെ പണ്ഡിതനും പുരോഹിതനുമാണ്.'
ഈ സന്ദർഭം ഉപയോഗിച്ച് അബ്ദുല്ലാഹിബ്നു സലാം അവരുടെ അടുത്തുചെന്ന് അവർക്ക് പ്രവാചകനെ പരിചയപ്പെടുത്തുകയും സന്മാർഗം സ്വീകരിക്കാൻ അവരോടാവശ്യപ്പെടുകയും ചെയ്തു.
ഇത് ജൂതന്മാരെ അത്യധികം പ്രകോപിതരാക്കി. അവർ അബ്ദുല്ലാഹിബ്നു സലാമിനെ തള്ളിപ്പറയുകയും രൂക്ഷമായി ആക്ഷേപിക്കുകയും ചെയ്തു.

## 39. ദുഅ്ഥൂറിന്റെ മനംമാറ്റം

പ്രവാചകനും അനുചരന്മാരും മദീനയിലെത്തിയിട്ട് രണ്ടു വർഷം പിന്നിട്ടു. ഇരുപത്തഞ്ചാം മാസം രണ്ടാം പാതിയിലേക്ക് പ്രവേശിച്ചു. അപ്പോഴാണ് ദുഅമർറ് എന്ന പ്രദേശത്തെ ഒന്നു രണ്ടു ഗോത്രങ്ങൾ ദുഅ്ഥൂറുബ്നുൽ ഹാരിസിന്റെ നേതൃത്വത്തിൽ യുദ്ധത്തിനൊരുങ്ങുന്ന വിവരം ലഭിച്ചത്. നബിതിരുമേനി നാനൂറ്റമ്പത് പേരോടൊന്നിച്ച് അവിടം ലക്ഷ്യംവെച്ചു പുറപ്പെട്ടു.
പ്രവാചകന്റെയും അനുയായികളുടെയും ആഗമന വിവരമറിഞ്ഞ ദുഅ്ഥൂറും സംഘവും മലമുകളിലേക്ക് ഓടിപ്പോയി. അതിനാൽ നബി തിരുമേനിയും കൂടെയുള്ളവരും ദുഅമർറിൽ തമ്പടിച്ചു. പ്രവാചകൻ പ്രാഥമികാവശ്യം പൂർത്തീകരിക്കാനായി അനുചരന്മാരിൽ നിന്ന് അൽപമകലെ താഴ്വരയിലേക്കുപോയി. ശക്തമായ മഴ കാരണം തിരുമേനിയുടെ വസ്ത്രം നനഞ്ഞു. അതുണക്കാനായി വെയിലത്തു വിരിച്ചശേഷം അവിടുന്ന് മരത്തണലിൽ വിശ്രമിക്കാൻ കിടന്നു. മലമുകളിൽ ഒളിച്ചിരിക്കുന്ന ശത്രുക്കൾ ഇതു കാണുന്നുണ്ടായിരുന്നു. അവർ തങ്ങളുടെ നേതാവ് ദുഅ്ഥൂറിനോട് പറഞ്ഞു: 'മുഹമ്മദ് താങ്കൾക്ക് സൗകര്യം ചെയ്തുതന്നിരിക്കുന്നു. അയാളിപ്പോൾ തനിച്ചാണ്. അനുയായികളൊക്കെ ദൂരെയാണ്. താങ്കൾ മുഹമ്മദിന്റെ കഥ കഴിച്ച് രക്ഷപ്പെടുംവരെ അവർ വിവരമറിയുകപോലുമില്ല.'
ഇതുകേട്ട് ആവേശഭരിതനായ ദുഅ്ഥൂർ മൂർച്ചയേറിയ വാളുമായി പ്രവാചകന്റെ ചാരത്തെത്തി. വാൾ നബി തിരുമേനിയുടെ തലക്കുനേരെ ഉയർത്തിക്കൊണ്ട് ചോദിച്ചു: 'മുഹമ്മദേ, നിന്നെയിപ്പോൾ എന്നിൽനിന്ന് ആരു രക്ഷിക്കും?'
പ്രവാചകൻ ജീവനുവേണ്ടി കെഞ്ചുമെന്നാണ് അയാൾ പ്രതീക്ഷിച്ചത്. എന്നാൽ, പ്രവാചകൻ ഒട്ടും പതറിയില്ല. അചഞ്ചല ചിത്തനായി പ്രഖ്യാപിച്ചു: 'അല്ലാഹു!'
ഇതു കേട്ട് വിഭ്രാന്തനായ ദുഅ്ഥൂർ പേടിച്ചുവിറച്ചു. വാൾ നിലത്തുവീണു. നബി തിരുമേനി അതെടുത്ത് അയാളുടെ നേരെ ഉയർത്തി ചോദിച്ചു: 'ഇപ്പോൾ എന്നിൽനിന്ന് നിന്നെയാര് രക്ഷിക്കും?'
'അങ്ങല്ലാതെ ആരും എന്നെ രക്ഷിക്കാനില്ല.' ദുഅ്ഥൂർ തന്റെ നിസ്സഹായത വ്യക്തമാക്കി.
'എങ്കിൽ ഞാൻ നിന്നെ രക്ഷിച്ചിരിക്കുന്നു.' പ്രവാചകൻ അയാൾക്കു മാപ്പു നൽകി. വാൾ തിരിച്ചേൽപിക്കുകയും ചെയ്തു. അതുമായി നടന്നുനീങ്ങിയ ദുഅ്ഥൂർ ഏറെക്കഴിയുംമുമ്പെ മടങ്ങിവന്ന് സന്മാർഗം സ്വീകരിച്ചു. തന്നെ കൊല്ലാൻ വന്ന് അനുയായിയായി മാറിയ അയാൾക്ക് നബി തിരുമേനി ആവശ്യമായ ഉപദേശ നിർദേശങ്ങൾ നൽകി.
സത്യപാത പിന്തുടർന്ന് പുതിയ മനുഷ്യനായി മാറിയ ദുഅ്ഥൂർ തന്റെ അനുയായികളുടെ അടുത്തേക്ക് തിരിച്ചുചെന്ന് അവരെ സന്മാർഗത്തിലേക്കു ക്ഷണിച്ചു. പ്രവാചകന്റെ അത്യസാധാരണമായ ധീരതയും, എല്ലാം അല്ലാഹുവിൽ ഭരമേൽപിക്കുന്ന വിശ്വാസ ദാർഢ്യവുമാണ് ഈ വിജയത്തിനൊക്കെയും വഴിയൊരുക്കിയത്.

## 40. അടിക്കുപകരം ചുംബനം

മനുഷ്യചരിത്രത്തിലെ ഏറ്റവും ശ്രദ്ധേയമായ യുദ്ധമാണ് ബദ്ർ. ആരംഭിച്ച ഏതാനും മണിക്കൂറുകൾക്കകം അതവസാനിച്ചു. ബദ്റിൽ കൊല്ലപ്പെട്ടത് ഇരുപക്ഷത്തുനിന്നുംകൂടി നൂറിൽതാഴെ പേർ മാത്രം. എന്നിട്ടും അത് ചരിത്രഗതിയെ മാറ്റിമറിച്ചു. മദീനയിൽ സ്ഥാപിതമായ ഇസ്‌ലാമിക രാഷ്ട്രത്തിന്റെയും സമൂഹത്തിന്റെയും സുരക്ഷ ഉറപ്പുവരുത്തിയത് അതാണ്. അങ്ങനെ ലോകഭൂപടത്തിൽ ഇസ്‌ലാമിനും ഇസ്‌ലാമിക സമൂഹത്തിനും സംസ്കാരത്തിനും നാഗരികതക്കും ഇടംനേടിക്കൊടുക്കാൻ ബദ്ർ യുദ്ധം കാരണമായി. കഴിഞ്ഞ പതിനാല് നൂറ്റാണ്ടിലേറെയായി അത് ജനകോടികളെ അഗാധമായി സ്വാധീനിച്ചുകൊണ്ടിരിക്കുന്നു. ഇരുഭാഗത്തുനിന്നുമായി ആയിരത്തിനാനൂറിൽ താഴെ പേർ മാത്രം പങ്കെടുത്ത ആ യുദ്ധം ലോകചരിത്രത്തിലെ മഹാ വിസ്മയമായി മാറുകയായിരുന്നു. സത്യപാതയിൽ നിലയുറപ്പിച്ച പ്രവാചകനും അനുയായികൾക്കും മൂന്നിരട്ടി വരുന്ന ആക്രമണകാരികളെ പരാജയപ്പെടുത്താൻ കഴിഞ്ഞതിലൂടെയാണ് ഇത് സാധിതമായത്.
നബി തിരുമേനി സൈന്യത്തെ അണിനിരത്തുകയായിരുന്നു. സമരമുന്നണിയുടെ വിടവും വളവും നികത്തുന്നതിൽ അവിടുന്ന് തികഞ്ഞ ജാഗ്രത പുലർത്തി. വല്ല പോരായ്മയും സംഭവിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിനിടയിൽ ഒരാൾ അൽപം മുന്നോട്ടു തള്ളിനിൽക്കുന്നത് ശ്രദ്ധയിൽ പെട്ടു. സവാദുബ്നു ഗസിയ്യ എന്ന സൈനികനായിരുന്നു അത്.

അപ്പോൾ നബി തിരുമേനി തന്റെ കൈവശമുണ്ടായിരുന്ന ഈന്തപ്പന മടൽകൊണ്ട് അദ്ദേഹത്തെ തട്ടിമാറ്റി. അവിടുന്ന് പറഞ്ഞു: 'നേരെ നിൽക്കൂ സവാദേ.'
പ്രവാചകന്റെ ഈ പ്രവൃത്തിയിൽ പരിഭവം തോന്നിയ സവാദ് പറഞ്ഞു: 'അല്ലാഹുവിന്റെ ദൂതരേ, അങ്ങ് എന്നെ വേദനിപ്പിച്ചിരിക്കുന്നു. സത്യവും നീതിയും നടത്താൻ നിയുക്തനായ വ്യക്തിയാണല്ലോ താങ്കൾ. എന്നാൽ എന്നോട് അങ്ങ് ചെയ്തത് അനീതിയാണ്. അതിനാലെനിക്ക് പ്രതികാരം ചെയ്യണം.'
യുദ്ധരംഗത്ത് ഇത്തരം നിസ്സാര കാര്യങ്ങളെപ്പറ്റി പരാതിപറയാൻ പാടില്ലെന്നും അഥവാ പറഞ്ഞാൽതന്നെ പരിഗണിക്കേണ്ടതില്ലെന്നും തീരുമാനിച്ച് നബി തിരുമേനിക്ക് അത് അവഗണിക്കാമായിരുന്നു. എന്നാൽ അവിടുന്ന് സ്വീകരിച്ചത് തീർത്തും വ്യത്യസ്തമായ സമീപനമായിരുന്നു. തന്റെ നഗ്നമായ വയർ കാണിച്ചുകൊടുത്ത് പ്രവാചകൻ പറഞ്ഞു: 'പ്രതികാരം ചെയ്യൂ സവാദേ, ഞാൻ നിന്നെ വേദനിപ്പിച്ചപോലെ നീ എന്നെയും അടിക്കൂ.'
നബി തിരുമേനി തന്റെ വശമുണ്ടായിരുന്ന ഈന്തപ്പന മടൽ സവാദിന് കൊടുത്തു. അയാളത് വാങ്ങിയതോടെ കണ്ടുനിന്നവർക്കെല്ലാം ഉത്കണ്ഠയായി. അല്ലാഹുവിന്റെ അന്ത്യദൂതനും തങ്ങളുടെ ഭരണാധികാരിയും ന്യായാധിപനും സർവസൈന്യാധിപനുമായ മുഹമ്മദ് നബിയോട് സാധാരണ അനുയായികളിലൊരാളായ സവാദ് പ്രതികാരം ചെയ്യുമോ എന്നറിയാനുള്ള ആകാംക്ഷയിലായിരുന്നു അവർ.
സവാദ് വടി നിലത്തിട്ട് മുന്നോട്ടുവന്ന് പ്രവാചകനെ ആശ്ലേഷിച്ചു. തുടർന്ന് വയററ്റത്ത് ചുംബിച്ചുകൊണ്ടിങ്ങനെ പറഞ്ഞു: 'ഇനി നടക്കാൻ പോകുന്നതെന്താണെന്ന് അങ്ങേക്കറിയാമല്ലോ. അതിനുമുമ്പ് അങ്ങയോടുള്ള എന്റെ ഉടമ്പടി ഈ ചുംബനത്തിലൂടെയാകട്ടെ എന്നതായിരുന്നു എന്റെ ആഗ്രഹം!.'

## 41. ഇരുളിൽനിന്ന് വെളിച്ചത്തിലേക്ക്

പ്രവാചകപുത്രി സൈനബിന്റെ ഭർത്താവ് അബുൽ ആസ് ബദ്ർ യുദ്ധത്തിൽ ബന്ദിയായി പിടിക്കപ്പെട്ടു. മറ്റു ബന്ദികളോടൊപ്പം അദ്ദേഹവും മോചിതനായി. ഭാര്യ സൈനബിനെ നബി തിരുമേനിയുടെ അടുത്തേക്ക് സുരക്ഷിതയായി അയക്കാമെന്ന വ്യവസ്ഥയിലായിരുന്നു അദ്ദേഹത്തിന്റെ മോചനം. മക്കയിൽനിന്ന് രക്ഷപ്പെട്ടുവരുന്ന മകളെ കൂട്ടിക്കൊണ്ടുവരാൻ നബി തിരുമേനി സൈദുബ്നു ഹാരിസയെയും മറ്റൊരാളെയുംകൂടി തൻഈമിന് അടുത്തുള്ള യഅ്ജജ് താഴ്വരയിലേക്കയച്ചു.
സൈനബ് യാത്രക്കു തയ്യാറെടുത്തുകൊണ്ടിരിക്കെ ഉത്ബയുടെ പുത്രി ഹിൻദ് സാമ്പത്തിക സഹായങ്ങളും യാത്രാ സാധനങ്ങളും വാഗ്ദാനം ചെയ്തുവെങ്കിലും അവരത് നിരാകരിക്കുകയാണുണ്ടായത്. നിശ്ചിതസമയമായപ്പോൾ അവർ ഭർതൃസഹോദരൻ കിനാനയുടെ കൂടെ യാത്ര പുറപ്പെട്ടു. സൈനബ് ഒട്ടകപ്പുറത്ത് തന്റെ കൂടാരത്തിലായിരുന്നു. എങ്കിലും ഖുറൈശി പ്രമുഖർ അവരുടെ യാത്രാവിവരമറിഞ്ഞു. അവരെ ശത്രുക്കൾ വഴിയിൽവെച്ച് പിടികൂടി. അവരെ തടയാൻ ആദ്യമവിടെയെത്തിയത് ഹബ്ബാറുബ്നുൽ അസ്വദായിരുന്നു. അയാൾ അവരെ കൊന്നുകളയുമെന്ന് ഭീഷണിപ്പെടുത്തി. ഹബ്ബാറ് സൈനബിനെ ശാരീരികമായി ഉപദ്രവിക്കുമെന്ന അവസ്ഥയെത്തിയപ്പോഴേക്കും അബൂസുഫ്യാന്റെ നേതൃത്വത്തിൽ ഒരുസംഘം ഖുറൈശി നേതാക്കൾ അവിടെയെത്തി. അബൂസുഫ്യാൻ സൈനബിന്റെ ഭർതൃസഹോദരൻ കിനാനയോട് പറഞ്ഞു: 'നമുക്കു സംഭവിച്ച വിപത്തിനെയും നാശത്തെയും സംബന്ധിച്ച് താങ്കൾക്ക് നന്നായറിയാമല്ലോ. എന്നിട്ടും മുഹമ്മദിന്റെ മകളെ പകൽവെളിച്ചത്തിൽ പരസ്യമായി രക്ഷപ്പെടുത്താനാണോ താങ്കളുടെ ശ്രമം? ഇത് അനുവദിക്കാനാവില്ല. കാരണം, ഇത് ഞങ്ങളെ നിന്ദിക്കുന്നതിനും പരിഹസിക്കുന്നതിനും തുല്യമാണ്. എന്നാൽ, ഞങ്ങൾ

ഇവളെ ദ്രോഹിക്കാനോ ബന്ദിയാക്കാനോ ഉദ്ദേശിക്കുന്നില്ല. പ്രതികാരം ചെയ്യലും ഞങ്ങളുടെ ലക്ഷ്യമല്ല. അതിനാൽ അവളെ വീട്ടിലേക്കുതന്നെ തിരിച്ചുകൊണ്ടുപോവുക. നിർബന്ധമാണെങ്കിൽ ഞങ്ങൾ തടഞ്ഞുവെച്ച വിവരം നാട്ടിൽ പാട്ടായശേഷം രാത്രി ആരുമറിയാതെ രക്ഷപ്പെടുത്തിക്കൊള്ളുക.'
കിനാനക്ക് അബൂസുഫ്യാനെ അനുസരിക്കുകയേ നിർവാഹമുണ്ടായിരുന്നുള്ളൂ. അങ്ങനെ അവർ യാത്ര ഉപേക്ഷിച്ച് മടങ്ങി. പിന്നീട് രാത്രിയായി ബഹളമെല്ലാം അടങ്ങിയശേഷമാണ് അയാൾ സഹോദര ഭാര്യ സൈനബിനെ രക്ഷപ്പെടുത്തി സൈദുബ്നു ഹാരിസയുടെയും കൂട്ടുകാരന്റെയും അടുത്തെത്തിച്ചത്. സൈനബിനെ സംബന്ധിച്ചിടത്തോളം ഭർത്താവുമായി

പിരിയുകയെന്നത് ഏറെ പ്രയാസകരമായിരുന്നുവെങ്കിലും സത്യത്തോടും സന്മാർഗത്തോടുമുള്ള സ്നേഹവും കൂറും മറ്റെന്തിനേക്കാളും വലുതായിരുന്നു. അതിനാൽ അവരുടെ യാത്ര ഭർത്താവിൽനിന്ന് പിതാവിലേക്കെന്നതിലുപരി ദുർമാർഗത്തിൽനിന്ന് സന്മാർഗത്തിലേക്കും ഇരുളിൽനിന്ന് വെളിച്ചത്തിലേക്കുമുള്ള പ്രയാണമായിരുന്നു. സത്യത്തോടുള്ള പ്രതിബദ്ധത മറ്റെല്ലാ വികാരങ്ങളെയും പരാജയപ്പെടുത്താൻ പര്യാപ്തമാണെന്നു തെളിയിച്ച പ്രയാണം![1]

1. പിൽക്കാലത്ത് ഇസ്‌ലാം സ്വീകരിച്ചു മദീനയിലെത്തിയ ഭർത്താവ് അബുൽ ആസിന് പ്രവാചകൻ പുത്രി സൈനബിനെ പുനർ വിവാഹം കൂടാതെ തിരികെ നൽകി.

## 42. ശത്രുവിന്റെ സാക്ഷ്യം

മുഹമ്മദ് നബി റോമാ ഭരണാധികാരിയായിരുന്ന ഹെരാക്ലിയസിന് ഒരു കത്തയച്ചു. ദൈവികസന്മാർഗം പരിചയപ്പെടുത്തുന്ന സന്ദേശമായിരുന്നു അത്. കത്ത് കിട്ടിയ ഹെരാക്ലിയസ് മക്കയിൽ നിന്നെത്തിയ ആരെങ്കിലും സ്ഥലത്തുണ്ടോയെന്ന് അന്വേഷിച്ചു. അപ്പോൾ അബൂസുഫ്‌യാൻ അവിടെ ഉണ്ടായിരുന്നു. കച്ചവടാവശ്യാർഥം എത്തിയതായിരുന്നു അയാൾ. അബൂസുഫ്‌യാൻ പ്രവാചകന്റെ കഠിന ശത്രുവായിരുന്നു. ഹെരാക്ലിയസിന്റെ ക്ഷണമനുസരിച്ച് കൊട്ടാരത്തിലെത്തിയ അബൂസുഫ്‌യാനോട് കുശലാന്വേഷണങ്ങൾക്കുശേഷം അയാൾ ചോദിച്ചു: ‘നിങ്ങളുടെ നാട്ടിൽ മുഹമ്മദ് എന്ന ഒരാൾ പ്രവാചകത്വവാദവുമായി രംഗത്തുവന്നിട്ടുണ്ടോ?’
‘ഉണ്ട്’– അബൂസുഫ്‌യാൻ അറിയിച്ചു.
‘കുലീന കുടുംബാംഗമാണോ അദ്ദേഹം?’
‘അതെ.’
‘അദ്ദേഹത്തിന്റെ കുടുംബത്തിൽ മറ്റാരെങ്കിലും പ്രവാചകത്വവാദമുന്നയിച്ചിരുന്നോ?’
‘ഇല്ല.’
‘അദ്ദേഹത്തിന്റെ കുടുംബത്തിൽ എന്നെങ്കിലും രാജാക്കന്മാരുണ്ടായിരുന്നോ?’
‘ഇല്ല, ഒരിക്കലും ഉണ്ടായിട്ടില്ല.’
‘മുഹമ്മദിന്റെ അനുയായികൾ പാവങ്ങളോ പണക്കാരോ?’
‘പാവങ്ങളും ദുർബലരുമാണ്.’
‘അനുയായികൾ കൂടുകയോ കുറയുകയോ?’ – ഹെരാക്ലിയസ് ചോദിച്ചു.
‘ദിനംപ്രതി കൂടുകയാണ്.’
‘അദ്ദേഹം എപ്പോഴെങ്കിലും കളവുപറഞ്ഞതായി അറിയാമോ?’
‘ഇല്ല, സത്യസന്ധൻ എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്’ – അബൂസുഫ്‌യാൻ അറിയിച്ചു.
‘കരാർ ലംഘിച്ചതായി കേട്ടിട്ടുണ്ടോ?’
‘ഇതേവരെ ഇല്ല. ഇപ്പോൾ ഞങ്ങൾ തമ്മിലൊരു സന്ധിയുണ്ട്. ഹുദൈബിയാസന്ധി. അതിൽ ഉറച്ചുനിൽക്കുമോ എന്നറിയില്ല.’
‘നിങ്ങൾ എപ്പോഴെങ്കിലും അയാളുമായി യുദ്ധം ചെയ്തിട്ടുണ്ടോ?’
‘ഉണ്ട്.’
‘അപ്പോൾ ആർക്കായിരുന്നു വിജയം?’
‘ചിലപ്പോൾ അയാൾക്കും മറ്റു ചിലപ്പോൾ ഞങ്ങൾക്കും’– അബൂസുഫ്‌യാൻ ഒന്നും മറച്ചുവെച്ചില്ല.
‘എന്തൊക്കെയാണ് അയാൾ ജനങ്ങളോട് പറയുന്നത്?’ – ഹെർക്കുലീസ് ചോദിച്ചു.
‘ദൈവം ഏകനാണ്. അവന് മാത്രം വഴിപ്പെടുക. അവനിൽ ആരെയും പങ്കുചേർക്കരുത്. പരിശുദ്ധി പുലർത്തുക. സത്യം മാത്രം പറയുക. പരസ്പരം സഹകരണത്തോടെയും കാരുണ്യത്തോടെയും വർത്തിക്കുക. ഇത്തരം കാര്യങ്ങളാണ് മുഹമ്മദ് ജനങ്ങളോട് പറയുന്നത്.’
‘ശരി, എന്നാൽ, മുഹമ്മദ് ദൈവദൂതൻ തന്നെ. ദൈവദൂതന്മാർ എന്നും എവിടെയും കുലീന കുടുംബാംഗങ്ങളായിരിക്കും. നിങ്ങളുടെ നാട്ടിൽ പുതുതായി പ്രവാചകത്വവാദവുമായി പ്രത്യക്ഷപ്പെട്ട വ്യക്തിയുടെ കുടുംബത്തിൽ നേരത്തേ ആരെങ്കിലും ആ വാദവുമായി രംഗത്തുവന്നിരുന്നെങ്കിൽ അതിന്റെ സ്വാധീനഫലമാണെന്ന് ധരിക്കാമായിരുന്നു. അപ്രകാരംതന്നെ കുടുംബത്തിൽ രാജാക്കന്മാർ ഉണ്ടായിരുന്നെങ്കിൽ അധികാരമോഹം മൂലമാണ് പ്രവാചകത്വവാദമുന്നയിക്കുന്നതെന്ന് വിചാരിക്കാമായിരുന്നു. സാധാരണ ജീവിതത്തിൽ കളളം പറയാത്ത ഒരാൾ ദൈവത്തിന്റെ പേരിൽ പെരുംകള്ളം

പ്രചരിപ്പിക്കുമെന്ന് കരുതാൻ ഒരു ന്യായവുമില്ല. ആദ്യഘട്ടത്തിൽ പ്രവാചകന്മാരെ പിന്തുടരുക പാവങ്ങളാണെന്നതും പരക്കെ അംഗീകരിക്കപ്പെട്ട കാര്യമാണ്. സത്യത്തിന്റെ അനുയായികൾ കൂടിക്കൊണ്ടിരിക്കുമെന്നതും ശരിയാണ്. ദൈവദൂതൻ ആരെയും വഞ്ചിക്കുകയില്ലെന്നതും സുവിദിതമാണ്.
'നിങ്ങളുടെ നാട്ടുകാരൻ വിശുദ്ധിവരിക്കാനും ഭക്തി ഉൾകൊള്ളാനും ഉപദേശിക്കുന്നതായും നിങ്ങൾ പറയുന്നു. ഇതൊക്കെയും ശരിയാണെങ്കിൽ മുഹമ്മദ് ദൈവദൂതൻ തന്നെ. എനിക്ക് അദ്ദേഹത്തിന്റെ അടുത്തെത്താൻ കഴിഞ്ഞിരുന്നെങ്കിൽ ഞാൻ ആ പാദങ്ങൾ കഴുകിക്കൊടുക്കുമായിരുന്നു.'
ഹെരാക്ലിയസിന്റെ പ്രതികരണം അബൂസുഫ്യാനെ അദ്ഭുതസ്തബ്ധനാക്കി. കഠിന ശത്രുവായിരുന്നിട്ടും അബൂസുഫ്യാൻ പ്രവാചകനെപ്പറ്റി നല്ലതുമാത്രം പറഞ്ഞത്, മുഹമ്മദിന്റെ മേന്മയും മഹത്വവും ആർക്കും മറച്ചുവെക്കാനാവാത്തവിധം മികവുറ്റവയും പരക്കെ അറിയപ്പെട്ടിരുന്നവയുമായതിനാലാണ്.

## 43. ജനഹിതത്തെ പിന്തുണച്ച പ്രവാചകൻ

മക്കയിലെ ഖുറൈശികൾ ബദർയുദ്ധത്തിലെ പരാജയത്തിനു പ്രതികാരം ചെയ്യാനൊരുങ്ങി. കഅ്ബുബ്നു അശ്റഫിനെപ്പോലുള്ള ഇസ്ലാമിന്റെ കഠിന ശത്രുക്കൾ അവർക്ക് ആവേശം പകരുകയും ചെയ്തു. അങ്ങനെ അബൂസുഫ്യാന്റെ നേതൃത്വത്തിലുള്ള കച്ചവടസംഘം തിരിച്ചെത്തിയപ്പോൾ അവരുടെ വശമുള്ള സമ്പത്തെല്ലാം മുസ്ലിംകൾക്കെതിരെ യുദ്ധം ചെയ്യാനുള്ള ചെലവിലേക്ക് നീക്കിവെച്ചു. മദീനയെ തകർത്ത് തരിപ്പണമാക്കാൻ മാത്രം ശക്തമായ സൈന്യത്തെ അവർ സജ്ജീകരിച്ചു. അവർക്ക് ആവേശവും ആനന്ദവും പകരാൻ അബൂസുഫ്യാന്റെ ഭാര്യ ഹിൻദിന്റെ നേതൃത്വത്തിൽ ഒരു സംഘം സ്ത്രീകൾ അണിഞ്ഞൊരുങ്ങി. അവരെ തടയാനൊരുങ്ങിയവരോട് ഹിൻദ് പറഞ്ഞു: 'നിങ്ങൾ ബദ്റിൽനിന്ന് രക്ഷപ്പെട്ടു. നിങ്ങളുടെ സ്ത്രീകളുടെ അടുത്തേക്ക് മടങ്ങിയെത്തുകയും ചെയ്തു. അതിനാൽ അറിയുക: ഞങ്ങൾ യുദ്ധത്തിന് പോവുകതന്നെ ചെയ്യും. ഞങ്ങളെ തടയാനാരും നോക്കേണ്ട. ബദ്റിലേക്കു പുറപ്പെട്ട സ്ത്രീകളെ തുഹ്ഫയിൽവെച്ച് നിങ്ങൾ തിരിച്ചയക്കുകയുണ്ടായി. അതിനാൽ പട്ടാളക്കാർക്ക് ആവേശം പകരാൻ ആരുമുണ്ടായിരുന്നില്ല. അതുകൊണ്ട് അന്ന് പ്രിയപ്പെട്ടവർ വധിക്കപ്പെട്ടു.'
ഖുറൈശികളുടെ പടപ്പുറപ്പാടിനെ സംബന്ധിച്ച സൂക്ഷ്മമായ വിവരം ശേഖരിച്ച നബി തിരുമേനി തന്റെ അനുചരന്മാരെ ഒരുമിച്ചുകൂട്ടി. ഖുറൈശികളുടെ ആക്രമണലക്ഷ്യത്തെയും ആയുധശേഷിയെയും ആൾബലത്തെയും സംബന്ധിച്ച ശരിയായ വസ്തുത അവരെ അറിയിച്ചു. ശത്രുക്കളുടെ ശക്തിയെ സംബന്ധിച്ച ചിന്ത മുസ്ലിംകളെ അലോസരപ്പെടുത്തി. എങ്കിലും അല്ലാഹുവിന്റെ സഹായത്തെ സംബന്ധിച്ച ദൃഢബോധ്യം അവർക്ക് ആശ്വാസമേകി. മദീനയിൽനിന്നുകൊണ്ടുതന്നെ എതിരാളികളുടെ ആക്രമണത്തെ പ്രതിരോധിക്കണമെന്നായിരുന്നു നബി തിരുമേനിയുടെ ആഗ്രഹവും അഭിപ്രായവും. പ്രവാചകന്റെ അടുത്ത അനുയായികളും ഈ പക്ഷക്കാരായിരുന്നു. എങ്കിലും പുതുതായി ഇസ്ലാം സ്വീകരിച്ചവരും ബദർയുദ്ധത്തിൽ സംബന്ധിക്കാൻ അവസരം ലഭിച്ചിട്ടില്ലാത്തവരുമായ ചെറുപ്പക്കാർ മദീനക്കു പുറത്തുപോയി ശത്രുക്കളെ നേരിടണമെന്ന അഭിപ്രായക്കാരായിരുന്നു. അവർക്കായിരുന്നു ഭൂരിപക്ഷം. അതിനാൽ നബി തിരുമേനി തന്റെയും പ്രമുഖരായ അനുചരന്മാരുടെയും അഭിപ്രായം അവഗണിച്ച് അതംഗീകരിക്കുകയാണുണ്ടായത്. ഇത് പിന്നീട് ഒട്ടേറെ വിപത്തുകൾക്കു നിമിത്തമായെങ്കിലും ഭൂരിപക്ഷാഭിപ്രായപ്രകാരമെടുത്ത തീരുമാനത്തെ നബി തിരുമേനി തള്ളിപ്പറയുകയോ അതിനുവേണ്ടി വാദിച്ചവരെ കുറ്റപ്പെടുത്തുകയോ ചെയ്തില്ല. കൂടിയാലോചനയിലൂടെ എടുക്കുന്ന തീരുമാനം എന്തായാലും എല്ലാവരും അതംഗീകരിക്കണമെന്ന കാര്യത്തിൽ അവിടുന്ന് നിർബന്ധം പുലർത്തിയിരുന്നു. ജനാധിപത്യത്തിന്റെ ഈ ഉദാത്ത മാതൃകക്കു വിരുദ്ധമായ സമീപനം ഒരിക്കൽപോലും പ്രവാചകനിൽനിന്നുണ്ടായിട്ടില്ല. ദൈവദൂതനായിരുന്നിട്ടും അല്ലാഹുവിൽനിന്ന് സന്ദേശം ലഭിക്കാത്ത എല്ലാ പ്രധാന പ്രശ്നങ്ങളിലും അദ്ദേഹം അനുചരന്മാരുമായി കൂടിയാലോചിക്കുമായിരുന്നു.

## 44. അനുസരണക്കേട് വരുത്തിയ വിന

ബദ്റിലുണ്ടായ പരാജയം ഖുറൈശി പ്രമുഖരെ പ്രതികാര മൂർത്തികളാക്കി. പുരുഷന്മാർക്ക് പോരാട്ട വീര്യം പകർന്നുകൊടുത്തിരുന്നത് സ്ത്രീകളായിരുന്നു. യുദ്ധത്തിന് പുറപ്പെടാൻ അറച്ചു നിന്നവരെ അപഹസിച്ചും ആക്ഷേപിച്ചും അവർ രംഗത്തിറക്കി.
ഇങ്ങനെ ഖുറൈശിക്കൂട്ടം കൊട്ടും കുരവയുമായി മദീനയെ ആക്രമിക്കാൻ ഇറങ്ങിത്തിരിച്ചു. വമ്പിച്ച സൈന്യവും ആയുധ സന്നാഹങ്ങളുമായാണ് അവർ പോരാട്ടത്തിന് പുറപ്പെട്ടത്. കൂടെ ഹിന്ദിന്റെ നേതൃത്വത്തിൽ പെൺപടയുമുണ്ടായിരുന്നു.
വിവരമറിഞ്ഞ പ്രവാചകൻ അനുചരന്മാരുമായി കൂടിയാലോചിച്ച് ശത്രുക്കളെ നേരിടാനൊരുങ്ങി. മദീനാ നഗരിക്കു പുറത്തു വെച്ച് എതിരാളികളെ തടയാമെന്നായിരുന്നു തീരുമാനം. അതനുസരിച്ച് ഉഹ്ദിലെത്തിയ ഇസ്‌ലാമിക സമൂഹം അവിടെ തമ്പടിച്ചു.
സൈനിക വിന്യാസത്തിന്റെ ഭാഗമായി പ്രവാചകൻ അബ്ദുല്ലാഹിബ്നു ജുബൈറിന്റെ നേതൃത്വത്തിൽ അമ്പത് വില്ലാളിവീരന്മാരെ ഉഹുദ് മലയുടെ മുകളിൽ നിർത്തി. തുടർന്ന് അവരോട് നിർദേശിച്ചു:
'നമ്മുടെ പിൻവശത്തുള്ള ഈ ഭാഗം നിങ്ങൾ സംരക്ഷിക്കണം. ഈ ഭാഗത്തിലൂടെ അവർ നമ്മുടെ മേൽ ചാടിവീണേക്കും. അതിനാൽ നിങ്ങൾ ഇവിടെത്തന്നെ ഉണ്ടാവണം. ഇവിടെനിന്ന് ഒരു കാരണവശാലും അനങ്ങിപ്പോകരുത്. എതിരാളികളെ പരാജയപ്പെടുത്തി, അവരുടെ മേഖലയിൽ ഞങ്ങൾ കടന്നുകയറുന്നത് കണ്ടാലും നിങ്ങൾ സ്ഥലം വിടരുത്. ഞങ്ങൾ കൊല്ലപ്പെടുന്നത് കണ്ടാൽ പോലും ഞങ്ങളെ രക്ഷപ്പെടുത്താനായി ശത്രുക്കളോട് ഏറ്റുമുട്ടാൻ നിങ്ങളിറങ്ങിത്തിരിക്കരുത്. അവരുടെ കുതിരകളുടെ നേരെ അമ്പെയ്താൽ മാത്രം മതി. അമ്പുകൾ ചെല്ലുന്നത് കണ്ടാൽ അവ മുന്നോട്ട് വരില്ല.'

പ്രവാചകനും അനുചരന്മാരും ശത്രുക്കളെ പരാജയപ്പെടുത്തി, പടക്കളം കീഴ്പ്പെടുത്തുന്നത് മലമുകളിൽനിന്ന് നോക്കിക്കണ്ട ഈ സംഘം നബി തിരുമേനിയുടെ നിർദേശം മറന്നു. അവർ ഗ്രൂപ്പ് ലീഡറുടെ വിലക്ക് വകവെക്കാതെ പടക്കളത്തിലേക്ക് ഓടിയിറങ്ങി.
പിന്തിരിഞ്ഞോടിക്കൊണ്ടിരുന്ന ശത്രുക്കൾ ഇത് ശ്രദ്ധിച്ചു. അവർ ആ മലയുടെ മുകളിലൂടെ തിരിച്ചുവന്ന് പ്രവാചകനെയും അനുചരന്മാരെയും പിന്നിൽനിന്ന് ആക്രമിച്ചു. ഇതാണ് ഉഹുദ് യുദ്ധത്തിൽ മുസ്‌ലിംകൾക്ക് രണ്ടാം ഘട്ടത്തിൽ വമ്പിച്ച വിപത്തുകൾ വരുത്തിയത്.
എന്നിട്ടും തന്റെ നിർദേശം ലംഘിച്ച് തനിക്കും കൂടെയുള്ളവർക്കും കൊടിയ നാശത്തിന് കാരണക്കാരായവർക്ക് നബി തിരുമേനി മാപ്പേകുകയാണുണ്ടായത്.

## 45. അങ്ങ് സുരക്ഷിതരെങ്കിൽ മറ്റെന്തും നിസ്സാരം

ഉഹുദ് യുദ്ധത്തിൽ പ്രവാചകൻ വധിക്കപ്പെട്ടുവെന്ന വാർത്ത പട്ടണത്തിലെങ്ങും കാട്ടുതീപോലെ പരന്നു. അതോടെ എതിരാളികൾ അതിരറ്റു സന്തോഷിച്ചു. അനുയായികൾ അത്യഗാധമായ ദുഃഖത്തിലാണ്ടു. എങ്ങും പരിഭ്രാന്തി പ്രകടമായി. സ്ത്രീകൾ വീടുവിട്ടിറങ്ങി. ഈ വാർത്ത കബ്ശ ബിൻതു റാബിയയുടെ കാതുകളിലുമെത്തി. അവർക്കത് വിശ്വസിക്കാൻ കഴിഞ്ഞില്ല. അവർ പുറത്തിറങ്ങി സത്യാവസ്ഥ അന്വേഷിച്ചറിയാൻ തന്നെ തീരുമാനിച്ചു. ഉഹുദിൽനിന്നു മടങ്ങി വരുന്ന ഏതെങ്കിലും പട്ടാളക്കാരനെയും പ്രതീക്ഷിച്ച് നഗര കവാടത്തിൽ കാത്തുനിന്നു. പ്രവാചകനെപ്പറ്റി പറഞ്ഞുകേട്ടത് സത്യമാകാതിരിക്കട്ടെ എന്നായിരുന്നു അവരുടെ പ്രാർഥന.
ദൂരെനിന്ന് ഒരാൾ വരുന്നത് കണ്ട കബ്ശ അദ്ദേഹത്തിന്റെ അടുത്തേക്കോടി. ഒറ്റ വീർപ്പിൽ അവർ ചോദിച്ചു: ''നബിതിരുമേനിക്ക് എന്തു പറ്റി?''
''നിങ്ങളുടെ മക്കളെല്ലാം യുദ്ധക്കളത്തിൽ മരിച്ചു വീണിരിക്കുന്നു.'' അപ്രതീക്ഷിതമായിരുന്നു ആ മറുപടി. എങ്കിലും സത്യമാർഗത്തിൽ സർവതും സമർപ്പിക്കാൻ സന്നദ്ധയായ ആ ധീരവനിതയെ അത് തളർത്തിയില്ല. അപ്പോഴും അവരുടെ അകം പ്രവാചകന്റെ അവസ്ഥ അറിയാനുള്ള ആകാംക്ഷയിലായിരുന്നു.
''നിങ്ങളുടെ പിതാവും വധിക്കപ്പെട്ടിരിക്കുന്നു.'' എരിയുന്ന തീയിൽ എണ്ണയൊഴിക്കുന്നപോലെ

അയാൾ വീണ്ടും പറഞ്ഞു. ഒരിക്കലും നികത്താനാവാത്ത നഷ്ടത്തിലും അവർ പതറിയില്ല. കടുത്ത ആശങ്കയോടെ അവർ വീണ്ടും പ്രവാചകന്റെ വിവരമാരാഞ്ഞു.
''നിങ്ങളുടെ ഭർത്താവും രക്തസാക്ഷിയായിരിക്കുന്നു.'' കനത്ത മറ്റൊരാഘാതം കൂടി. പക്ഷേ, അതും അവരെ തളർത്തിയില്ല. അവർക്ക് അപ്പോഴും പ്രവാചകന്റെ അവസ്ഥയെ സംബന്ധിച്ചായിരുന്നു ആശങ്ക. പ്രവാചകന്റെ മരണം താൻ മറ്റെന്തിനെക്കാളും സ്നേഹിക്കുന്ന ആദർശത്തിന്റെയും വിശ്വാസത്തിന്റെയും മരണമായി അവർക്ക് തോന്നി. അവസാനം, പ്രവാചകന് ഒന്നും സംഭവിച്ചിട്ടില്ലെന്നറിഞ്ഞപ്പോഴാണ് അവർക്ക് ശ്വാസം നേരെവീണത്. എന്നിട്ടും നബിതിരുമേനിയെ നേരിൽ കാണാതെ അവർക്ക് സമാധാനമായില്ല. അവസാനം അദ്ദേഹത്തെ സ്വന്തം കണ്ണുകൾകൊണ്ട് കണ്ടപ്പോൾ അവർ വിളിച്ചുപറഞ്ഞു: 'അങ്ങയ്ക്ക് ഒന്നും സംഭവിച്ചില്ലെങ്കിൽ മറ്റെന്ത് നഷ്ടവും എനിക്കു നന്നെ നിസ്സാരം.'

## 46. പ്രവാചക പ്രഖ്യാപനത്തിന് അല്ലാഹുവിന്റെ തിരുത്ത്

പ്രവാചക ജീവിതത്തിൽ പലപ്പോഴും എതിരാളികളുമായി ഏറ്റുമുട്ടേണ്ടിവന്നിട്ടുണ്ട്. എന്നാൽ അദ്ദേഹത്തിനും അനുയായികൾക്കും ഏറ്റവും പ്രയാസകരമായ അനുഭവമുണ്ടായത് ഉഹുദിലാണ്. പ്രവാചകന്റെ പ്രിയ പിതൃവ്യൻ ഹംസ ക്രൂരമായി വധിക്കപ്പെട്ടു. ശത്രുക്കൾ ആ ധീര യോദ്ധാവിന്റെ നെഞ്ചു പിളർന്ന് കരൾ പുറത്തെടുത്ത് ചവച്ചുതുപ്പി. പതാകവാഹകനായിരുന്ന മുസ്അബുബ്നു ഉമൈറിനെ കൊലപ്പെടുത്തി. അബൂഹുദൈഫ ഉൾപ്പെടെ നബി തിരുമേനിക്ക് ഏറെ പ്രിയപ്പെട്ട പല അനുചരന്മാരും രക്തസാക്ഷികളായി. ശത്രുക്കൾ പ്രവാചകൻ വധിക്കപ്പെട്ടുവെന്നുപോലും പ്രചരിപ്പിച്ചു. അനുയായികളിലൊരു വിഭാഗംപോലും അത് വിശ്വസിച്ചു. ചിലരെങ്കിലും പടക്കളം വിട്ടോടി. ഈ പ്രതിസന്ധിഘട്ടത്തിൽ പ്രവാചകന്റെ രക്ഷക്കെത്തിയ പോരാളികൾക്ക് കൊടിയ കഷ്ടനഷ്ടങ്ങൾ ഏറ്റുവാങ്ങേണ്ടിവന്നു. അവരിലൊരുവനായ അനസുബ്നു നദിർ മരിച്ചുവീണപ്പോൾ ശരീരത്തിൽ എഴുപതോളം മുറിവുകളുണ്ടായിരുന്നു. അദ്ദേഹത്തിന്റെ വികലമായ മൃതദേഹം സഹോദരി തിരിച്ചറിഞ്ഞത് വിരലടയാളംകൊണ്ടു മാത്രമാണ്. സർവോപരി ഈ യുദ്ധത്തിൽ പ്രവാചകനും മുറിവേറ്റു. രണ്ടു മുൻപല്ലുകൾ പൊട്ടി. ഈ പ്രയാസങ്ങളെല്ലാം ഏറ്റുവാങ്ങി, തളർന്ന ശരീരവും വ്രണിത മനസ്സുമായി പടക്കളത്തിലെ രക്തസാക്ഷികളെ പരിശോധിക്കവെ പിതൃവ്യൻ ഹംസയുടെ വികൃതമാക്കപ്പെട്ട മൃതദേഹം ശ്രദ്ധയിൽ പെട്ടു. ആ നിമിഷം നബി തിരുമേനി തീവ്ര ദുഃഖത്തോടെ ആ മൃതദേഹത്തിനടുത്തിരുന്നു പ്രഖ്യാപിച്ചു:
'താങ്കൾക്ക് സംഭവിച്ചത് മറ്റാർക്കും സംഭവിക്കാതിരിക്കട്ടെ. ഇത്രയേറെ രോഷമുണ്ടാക്കുന്ന ഒരവസ്ഥയെ എനിക്കിന്നോളം അഭിമുഖീകരിക്കേണ്ടി വന്നിട്ടില്ല. അല്ലാഹുവാണ് സത്യം! എന്നെങ്കിലും അവരെ പരാജയപ്പെടുത്താൻ അല്ലാഹു അനുഗ്രഹിച്ചാൽ അറബികളിലാരും ഇന്നോളം ചെയ്തിട്ടില്ലാത്ത വിധം അവരെ ഞങ്ങൾ അംഗഭംഗം വരുത്തും.'
എന്നാൽ ഏറെ കഴിയുംമുമ്പെ അല്ലാഹു പ്രവാചകന്റെ ഈ പ്രഖ്യാപനത്തെ തിരുത്തി. അല്ലാഹു നിർദേശിച്ചു:
''നിങ്ങൾ പ്രതികാരം ചെയ്യുന്നുവെങ്കിൽ ഇങ്ങോട്ട് ആക്രമിക്കപ്പെട്ടതിന് തുല്യമായി അങ്ങോട്ടും ശിക്ഷാ നടപടികൾ സ്വീകരിക്കുക. എന്നാൽ നിങ്ങൾ ക്ഷമിക്കുകയാണെങ്കിൽ അറിയുക: അതു തന്നെയാണ് ക്ഷമാശീലർക്ക് കൂടുതലുത്തമം. നീ ക്ഷമിക്കുക. അല്ലാഹുവിന്റെ അതിമഹത്തായ അനുഗ്രഹംകൊണ്ടുമാത്രമാണ് നിനക്ക് ക്ഷമിക്കാൻ കഴിയുന്നത്. അവരെപ്പറ്റി നീ ദുഃഖിക്കരുത്. അവരുടെ കുതന്ത്രങ്ങളെപ്പറ്റി വിഷമിക്കുകയും വേണ്ട.''(ഖുർആൻ 16:126,127)

## 47. ശത്രുക്കൾക്കും സേവനം

ഹിജ്റ അഞ്ചാം വർഷം മക്കയിൽ മഴയില്ലാതായി. വിളകൾ നശിച്ചു. പണക്കാർപോലും പട്ടിണിയുടെ പിടിയിലമർന്നു. കടുത്ത ക്ഷാമം എല്ലാവരെയും ദുരിതത്തിലാഴ്ത്തി. ആഹാരസാധനങ്ങൾ തീരെ കിട്ടാനില്ലാതായി. ഖുറൈശികൾ മാറത്തടിച്ച് പൊട്ടിക്കരഞ്ഞു. വിവരമറിഞ്ഞ പ്രവാചകന്റെ മനസ്സലിഞ്ഞു. തന്നെയും അനുയായികളെയും പൂർണമായി ബഹിഷ്കരിക്കുകയും 'ശിഅ്ബു അബീത്വാലിബി'ൽ ഒറ്റപ്പെടുത്തുകയും വിശപ്പ്

സഹിക്കാനാവാതെ പച്ചില തിന്നാൻ നിർബന്ധിതരാക്കുകയും പിഞ്ചുപൈതങ്ങൾ പൈദാഹത്താൽ പൊട്ടിക്കരഞ്ഞപ്പോൾ പൈശാചികമായി പൊട്ടിച്ചിരിക്കുകയും ചെയ്ത പ്രതിയോഗികളുടെ പ്രയാസം പക്ഷേ പ്രവാചകനെ ഒട്ടും സന്തോഷിപ്പിച്ചില്ല. പ്രതികാരദാഹം തീർക്കുന്നതിനു പകരം അവരെ മനുഷ്യത്വം പഠിപ്പിക്കാനും മിത്രങ്ങളാക്കി മാറ്റാനുമാണ് അവിടുന്ന് ശ്രമിച്ചത്. മദീനയിൽനിന്ന് കിട്ടാവുന്നേടത്തോളം ധാന്യം ശേഖരിച്ച് അതുമായി അംറുബ്നു ഉമയ്യയെ മക്കയിലേക്കയച്ചു. ശത്രുനേതാവ് അബൂസുഫ്യാൻ നബി തിരുമേനി കൊടുത്തയച്ച സഹായം സസന്തോഷം സ്വീകരിച്ച് ദരിദ്രർക്കിടയിൽ വിതരണം ചെയ്തു. അംറുബ്നു ഉമയ്യയോട് നന്ദി പ്രകടിപ്പിക്കാതിരിക്കാൻ അബൂസുഫ്യാന് സാധിച്ചില്ല. പ്രവാചകന്റെ ഉദാരപൂർണമായ ഈ പ്രവൃത്തിയെക്കാൾ മാന്യമായ 'പ്രതികാരം' മനുഷ്യരാശിയുടെ ചരിത്രത്തിൽ വേറെ കാണുക സാധ്യമല്ല.

## 48. വിജയത്തിന് വഴിയൊരുക്കിയ വിട്ടുവീഴ്ച

ഹുദൈബിയാ സന്ധി ചരിത്രപ്രസിദ്ധമാണ്. പ്രവാചകനും മക്കയിലെ ശത്രുക്കളും തമ്മിൽ നടന്ന ഏക സന്ധിയാണത്. പ്രത്യക്ഷത്തിലത് മുസ്‌ലിംകൾക്ക് ഏറെ പ്രതികൂലമായിരുന്നു. എന്നാൽ, അതാണ് പ്രവാചകനും അനുയായികൾക്കും വിജയികളായി മക്കയിലേക്ക് മടങ്ങിവരാൻ വഴിയൊരുക്കിയത്.
സന്ധിസംഭാഷണത്തിലും അത് രേഖപ്പെടുത്തുന്നതിലും ഖുറൈശികളെ പ്രതിനിധാനം ചെയ്തത് സുഹൈലാണ്. സന്ധി വ്യവസ്ഥകൾ രേഖപ്പെടുത്തിയത് അലിയ്യുബ്നു അബീത്വാലിബും.
പ്രവാചകൻ സന്ധിവാചകങ്ങൾ പറഞ്ഞുകൊടുത്തു. അതിന്റെ ആരംഭത്തിൽ 'പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ' എന്നെഴുതാൻ നബി തിരുമേനി ആവശ്യപ്പെട്ടു. ഉടനെ സുഹൈൽ ഇടപെട്ടു. അയാൾ പറഞ്ഞു: 'പരമകാരുണികനും കരുണാനിധിയുമോ? ഞങ്ങൾക്കതറിയില്ല. അതിനാൽ 'അല്ലാഹുവിന്റെ നാമത്തിൽ' എന്ന് എഴുതിയാൽ മതി.'
മുസ്‌ലിംകൾക്ക് ഇതംഗീകരിക്കാനായില്ല. പ്രവാചകൻ പറഞ്ഞുകൊടുത്തപോലെത്തന്നെ എഴുതണമെന്ന് അവർ ശഠിച്ചു. എന്നാൽ നബിതിരുമേനി സുഹൈലിന്റെ ആവശ്യം അംഗീകരിക്കുകയാണുണ്ടായത്. അവിടുന്ന് അരുൾചെയ്തു: 'അല്ലാഹുവിന്റെ നാമത്തിൽ എന്ന് എഴുതിക്കൊള്ളൂ.'
'തുടർന്ന് എഴുതൂ: ഇത് അല്ലാഹുവിന്റെ ദൂതൻ മുഹമ്മദിൽനിന്നുള്ള സന്ധിവ്യവസ്ഥകളാണ്.' പ്രവാചകൻ ആവശ്യപ്പെട്ടു. ഹദ്റത് അലി അതെഴുതിയപ്പോഴേക്കും സുഹൈൽ ഇടപെട്ടു. അയാൾ പറഞ്ഞു: ''താങ്കൾ അല്ലാഹുവിന്റെ ദൂതനാണെന്ന് ഞങ്ങൾ അംഗീകരിക്കുന്നുവെങ്കിൽ ഇത്തരം പ്രശ്നങ്ങളൊന്നുമുണ്ടാകുമായിരുന്നില്ലല്ലോ. കഅ്ബാ സന്ദർശനത്തിൽനിന്ന് നിങ്ങളെ ഞങ്ങൾ തടയുമായിരുന്നില്ല. നിങ്ങളെ നാട്ടിൽനിന്ന് പുറത്താക്കുകയോ നിങ്ങളോട് യുദ്ധം നയിക്കുകയോ ചെയ്യുമായിരുന്നില്ല. അതിനാൽ 'അബ്ദുല്ലയുടെ മകൻ മുഹമ്മദ്' എന്ന് മാത്രം എഴുതിയാൽ മതി.''
'നിങ്ങൾ അംഗീകരിച്ചാലും ഇല്ലെങ്കിലും ഞാൻ അല്ലാഹുവിന്റെ ദൂതൻ തന്നെ. ഇതാണ് സത്യം' -പ്രവാചകൻ പ്രതിവചിച്ചു. തുടർന്ന് അലിയോട് 'അല്ലാഹുവിന്റെ ദൂതൻ' എന്നതു മായ്ച്ച് 'അബ്ദുല്ലയുടെ മകൻ മുഹമ്മദ്' എന്ന് എഴുതാനാവശ്യപ്പെട്ടു. എങ്കിലും അലി 'അല്ലാഹുവിന്റെ ദൂതൻ' എന്നെഴുതിയത് മായ്ക്കാൻ സന്നദ്ധനായില്ല. അപ്പോൾ പ്രവാചകൻ അതെഴുതിയ ഭാഗം കാണിച്ചുകൊടുക്കാനാവശ്യപ്പെടുകയും സ്വന്തം കൈകൊണ്ട് അത് മായ്ക്കുകയും ചെയ്തു.
'ഞങ്ങൾ കഅ്ബ സന്ദർശിക്കും. ത്വവാഫ് ചെയ്യും. ആരും അതിൽ തടസ്സം നിൽക്കില്ല' എന്ന് എഴുതാനാവശ്യപ്പെട്ടു. അപ്പോൾ അതിലും സുഹൈൽ ഇടപെട്ടു. അയാൾ പറഞ്ഞു: 'ഇക്കൊല്ലമല്ല, അടുത്ത കൊല്ലം. ഇത്തരമൊരു ഒത്തുതീർപ്പിന് ഞങ്ങൾ നിർബന്ധിതരായതാണെന്ന് അറബികൾ വിചാരിക്കാനിടവരരുത്.'
തുടർന്ന് സുഹൈൽ ഇത്രകൂടി എഴുതാനാവശ്യപ്പെട്ടു: 'നിങ്ങളിൽനിന്ന് ആരെങ്കിലും ഞങ്ങളിലേക്ക് വന്നാൽ അയാളെ തിരിച്ചയക്കുകയില്ല. എന്നാൽ, ഞങ്ങളിൽനിന്ന് നിങ്ങളുടെ മതം സ്വീകരിച്ചവരുൾപ്പെടെ ആരു വന്നാലും നിങ്ങൾ തിരിച്ചയക്കണം.'
പ്രവാചകൻ ഈ വ്യവസ്ഥയും അംഗീകരിച്ചു. എങ്കിലും അനുയായികൾക്ക് അത് അരോചകമായിത്തോന്നി.
അവരുടെ രോഷം പൊട്ടിയൊഴുകിയത് ഉമറുൽ ഫാറൂഖിലൂടെയായിരുന്നു. അദ്ദേഹം വിളിച്ചുചോദിച്ചു: 'പ്രവാചകരേ, താങ്കൾ ദൈവദൂതനാണെന്നത് സത്യം തന്നെയല്ലേ?' 'അതെ,

ഞാൻ അല്ലാഹുവിന്റെ ദൂതൻ തന്നെ, തീർച്ച.' പ്രവാചകൻ പ്രതിവചിച്ചു. ആരെയും അലോസരപ്പെടുത്തും വിധമുള്ള ഇത്തരമൊരു ചോദ്യം അടുത്ത അനുയായിയിൽനിന്നുണ്ടായിട്ടും അവിടുന്ന് അന്യാദൃശമാംവിധം അക്ഷോഭ്യനായിരുന്നു; തീർത്തും ശാന്തനും.
'നാമെല്ലാം മുസ്‌ലിംകളല്ലേ?' ഉമറുൽ ഫാറൂഖ് ഗൗരവസ്വരത്തിൽ ചോദിച്ചു.
'അതെ, തീർച്ചയായും നാമൊക്കെ മുസ്‌ലിംകൾതന്നെ'-തിരുമേനി ശാന്തമായി മറുപടി നൽകി.
'ഈ ശത്രുക്കളെല്ലാം വിഗ്രഹാരാധകരല്ലേ? ദുർമാർഗികളും?'
'തീർച്ചയായും'-അവിടുന്ന് പ്രതിവചിച്ചു.
'പിന്നെ നാമെന്തിന് ഈ അപമാനം സഹിക്കണം? ദീനിന്റെ കാര്യത്തിൽ ഭീരുക്കളാകണം?' ഉമർ വീണ്ടും ചോദിച്ചു.
'ഞാൻ അല്ലാഹുവിന്റെ ദൂതനാണ്. അവന്റെ ആജ്ഞകളൊക്കെ അനുസരിക്കാൻ ബാധ്യസ്ഥനും. അവനൊരിക്കലും എന്നെ അപമാനിക്കുകയില്ല, കൈവെടിയുകയില്ല.' നബി തിരുമേനി വളരെ വിനീതനായി, തന്റെ അനുചരന്മാരെ കാര്യങ്ങളുടെ യാഥാർഥ്യം ധരിപ്പിച്ചു. അല്ലാഹുവിന്റെ നിർദേശാനുസരണം നബിയുണ്ടാക്കിയ കരാർ പ്രത്യക്ഷത്തിൽ ദോഷകരവും അപമാനകരവുമായിരുന്നെങ്കിലും ഫലത്തിൽ ഏറെ പ്രയോജനപ്രദവും വിജയകരവുമായിരുന്നുവെന്ന് പ്രവാചകശിഷ്യന്മാർക്ക് ഏറെത്താമസിയാതെ ബോധ്യമായി. യഥാർഥത്തിൽ മക്കാവിജയത്തിന് വഴിയൊരുക്കിയത് ഹുദൈബിയ്യാസന്ധിയായിരുന്നു. ഇവിടെ ഉമറുൽ ഫാറൂഖിന്റെ കർക്കശവും പരുഷവുമായ ചോദ്യങ്ങൾക്കുമുമ്പിൽ പ്രവാചകൻ പുലർത്തിയ അതുല്യമായ സഹനവും വിനയവും എക്കാലത്തെയും ഏതു നേതാവിനും അനുകരണീയമത്രെ. പക്ഷേ, അധികപേർക്കും അത് പ്രാപ്യമല്ലെന്നു മാത്രം.

## 49. അബൂജൻദലിന്റെ കഥ

ഹിജ്റ ആറാം വർഷം. ഹുദൈബിയ്യയിൽവെച്ച് മുസ്‌ലിംകളും മക്കയിലെ അവരുടെ എതിരാളികളും തമ്മിൽ സന്ധിസംഭാഷണം നടന്നുകൊണ്ടിരിക്കുകയാണ്. മുസ്‌ലിംകളുടെ ഭാഗത്തുനിന്ന് സംഭാഷണത്തിന് നേതൃത്വം നൽകുന്നത് നബി തിരുമേനിതന്നെ. പ്രതിയോഗികളെ പ്രതിനിധീകരിക്കുന്നത് സുഹൈലുബ്നു അംറാണ്. ചർച്ചകൾക്കൊടുവിൽ കരാർവ്യവസ്ഥകൾ പൂർത്തിയായി. നബിതിരുമേനി നിർദേശിച്ചതനുസരിച്ച് അലി അവ രേഖപ്പെടുത്തുകയും ചെയ്തു. പ്രത്യക്ഷത്തിലവ മുസ്‌ലിംകൾക്ക് പ്രതികൂലമായിരുന്നു. അംഗീകരിക്കാൻ ഏറെ പ്രയാസമുള്ളവയും. പ്രത്യേകിച്ചും നാലാമത്തെയും അഞ്ചാമത്തെയും വ്യവസ്ഥകൾ: 'അടുത്ത വർഷം മക്കയിൽ വന്ന് തിരിച്ചുപോവുമ്പോൾ അവിടെ അവശേഷിക്കുന്ന മുസ്‌ലിംകളെ കൂടെ കൊണ്ടുപോവരുത്. മുസ്‌ലിംകളാരെങ്കിലും മക്കയിലേക്ക് തിരിച്ചുവരാനാഗ്രഹിക്കുകയാണെങ്കിൽ അവരെ തടയുകയുമരുത്. മുസ്‌ലിംകളിലോ അമുസ്‌ലിംകളിലോ പെട്ട ആരെങ്കിലും മദീനയിലേക്കുപോയാൽ അവരെ തിരിച്ചയക്കണം. എന്നാൽ മുസ്‌ലിംകളിലാരെങ്കിലും മക്കയിലേക്കുവന്നാൽ അവരെ തിരിച്ചയക്കുന്നതല്ല.'
കരാർപത്രം തയ്യാറാക്കിക്കൊണ്ടിരിക്കെ സുഹൈലിന്റെ മകൻ അബൂജൻദൽ എങ്ങനെയോ അവിടെയെത്തി. കാൽച്ചങ്ങലയും വലിച്ച് മുസ്‌ലിംകളുടെ മുന്നിൽ വന്നുവീണു. യഥാർഥത്തിൽ ഹിജ്റക്ക് മുമ്പുതന്നെ അദ്ദേഹം ഇസ്‌ലാമിൽ ആകൃഷ്ടനായിരുന്നു. പ്രവാചകന്റെ വ്യക്തിത്വവും ജീവിതവിശുദ്ധിയും ബാലനായ അബൂജൻദലിനെ അഗാധമായി സ്വാധീനിച്ചു. നബി തിരുമേനിയുടെ ക്ഷണം ദൈവിക സന്മാർഗത്തിലേക്കാണെന്നതിൽ അവനൊട്ടും സംശയമുണ്ടായിരുന്നില്ല. എങ്കിലും ധാർഷ്ട്യവും ദുർവാശിയുമായിക്കഴിഞ്ഞ പിതാവ് സുഹൈലിനെ ഭയന്ന് എല്ലാം ഉള്ളിലൊതുക്കി കഴിയുകയായിരുന്നു.
നബി തിരുമേനിയുടെയും അനുചരന്മാരുടെയും ഹിജ്റക്കുശേഷം അബൂജൻദൽ തീവ്രമായ മനോവേദനയും അന്തഃസംഘർഷവുമായി മക്കയിൽ തന്നെ കഴിച്ചുകൂട്ടി. ആകപ്പാടെ സദാ ഒരുതരം വീർപ്പുമുട്ടൽ അനുഭവപ്പെട്ടു.
ആയിടെയാണ് ബദ്ർ യുദ്ധത്തിനുള്ള ആഹ്വാനമുണ്ടായത്. അബൂജഹ്‌ലിന്റെ നേതൃത്വത്തിൽ പുറപ്പെട്ട മക്കക്കാരോടൊപ്പം അബൂജൻദലും ചേർന്നു. തനിക്കു ലഭിച്ച അപൂർവാവസരമായി അദ്ദേഹമത് കണക്കാക്കി.
ബദ്റിൽവെച്ച് മുസ്‌ലിംകളും ശത്രുക്കളും തമ്മിലേറ്റുമുട്ടി. പോരാട്ടം രൂക്ഷമായ ഘട്ടത്തിൽ അബൂജൻദൽ മുസ്‌ലിംകളോടൊപ്പം ചേർന്നു.
യുദ്ധത്തിൽ ഖുറൈശികൾ അതിദയനീയമായി പരാജയപ്പെട്ടെങ്കിലും അബൂജൻദൽ അവരുടെ പിടിയിൽപെട്ടു. അതോടെ അദ്ദേഹത്തിന്റെ കൈകാലുകളിൽ ചങ്ങല വീണു. മക്കയിൽ

കൊണ്ടുവന്ന് അവരദ്ദേഹത്തെ തടവിലിട്ടു. ഇരുമ്പുചങ്ങലകളിൽ ബന്ധിതനായിക്കഴിഞ്ഞ അദ്ദേഹത്തെ പിതാവും കൂട്ടാളികളും പട്ടിണിക്കിട്ടു. ചാട്ടവാർകൊണ്ട് കഠിനമായി പ്രഹരിച്ചു. ചുട്ടുപഴുത്ത ഇരുമ്പുകമ്പികൊണ്ട് ചൂടുവെച്ചു. ശകാരവും പരിഹാസവുംകൊണ്ട് പൊറുതിമുട്ടിച്ചു. എങ്കിലും അദ്ദേഹമൊട്ടും പതറിയില്ല. പാറപോലെ സത്യത്തിലുറച്ചുനിന്നു. അങ്ങനെ അസഹ്യമായ വേദനയും ദുഃഖവും സഹിച്ച് തടവിൽകഴിയവെയാണ് നബി തിരുമേനിയുടെയും അനുചരന്മാരുടെയും ആഗമനവാർത്തയറിഞ്ഞത്. അബൂജൻദൽ എങ്ങനെയോ തടവിൽനിന്ന് രക്ഷപ്പെട്ട് ഹുദൈബിയ്യയിലെത്തിച്ചേർന്നു.
ഇസ്‌ലാം സ്വീകരിച്ചതിന്റെ പേരിൽ താൻ അനുഭവിച്ച ക്രൂരതകളും കഷ്ടപ്പാടുകളും ഒന്നൊന്നായി വിവരിച്ചു. കേട്ടുനിന്നവരുടെയൊക്കെ കണ്ണുകൾ നനഞ്ഞു. അവസാനം അദ്ദേഹം ആവശ്യപ്പെട്ടു: 'അല്ലാഹുവിന്റെ ദൂതരേ, എന്നെ അവിശ്വാസികളുടെ പിടിയിൽനിന്ന് കൂടെ കൂട്ടിയാലും.'
ഖുറൈശികളുടെ പ്രതിനിധി സുഹൈലും ഇതു കേട്ടുകൊണ്ടിരുന്നു. അപ്പോൾ മകൻ അബൂജൻദലിനോടുള്ള കോപം അയാളിൽ ആളിക്കത്തുകയായിരുന്നു. സുഹൈൽ പ്രവാചകനോട് പറഞ്ഞു: 'സന്ധിവ്യവസ്ഥകൾ പൂർത്തീകരിക്കേണ്ട ആദ്യത്തെ അവസരമാണിത്.' കരാർവ്യവസ്ഥയനുസരിച്ച് നബി തിരുമേനിക്ക് അബൂജൻദലിനെ കൂടെകൊണ്ടുപോവാൻ അനുവാദമുണ്ടായിരുന്നില്ല.
പ്രവാചകൻ കടുത്ത പ്രതിസന്ധിയിലകപ്പെട്ടു. ഒരുവശത്ത് കരാർ പാലിക്കേണ്ടതിന്റെ അനിവാര്യത. മറുഭാഗത്ത് നിസ്സഹായനും മർദിതനുമായ മുസ്‌ലിംസഹോദരനോടുള്ള പ്രതിബദ്ധത. അവിടുന്ന് അതിശക്തമായ അന്തഃസംഘർഷത്തിനടിപ്പെട്ടു. അബൂജൻദൽ അപ്പോഴും ആരിലും സഹതാപമുണർത്തുമാറ് ദയനീയമായി അഭ്യർഥിച്ചുകൊണ്ടിരുന്നു: 'എന്നെ അവിശ്വാസികളുടെ കൈകളിൽ തിരിച്ചേൽപ്പിക്കരുതേ.'
ഈ രംഗത്തിനു സാക്ഷ്യംവഹിച്ച മുസ്‌ലിംകളൊക്കെയും നന്നേക്ലേശിച്ചു. അവരുടെ മുഖം മ്ലാനമായി. ഹൃദയം തേങ്ങി. കണ്ണുകൾ ഈറനണിഞ്ഞു. ഉമറുൽ ഫാറൂഖ് വേദന സഹിക്കാനാവാതെ നബിതിരുമേനിയോടിങ്ങനെ ചോദിച്ചു: 'അങ്ങ് അല്ലാഹുവിന്റെ യഥാർഥ ദൂതനാണെങ്കിൽ എന്തിനു നാമീ അപമാനം സഹിക്കണം?'
കരാർപത്രത്തിലെ വ്യവസ്ഥയനുസരിച്ച് അബൂജൻദലിനെ ശത്രുക്കളോടൊത്ത് അയയ്ക്കാൻ മാത്രമേ നബിക്ക്  നിർവാഹമുണ്ടായിരുന്നുള്ളൂ. അവിടുന്ന് അതുതന്നെ ചെയ്തു. ഇതിലൂടെ അബൂജൻദൽ പരീക്ഷിക്കപ്പെടുകയായിരുന്നു. മനസ്സിൽ എന്തെങ്കിലും ദൗർബല്യമുണ്ടെങ്കിൽ അദ്ദേഹം സത്യമതത്തിൽനിന്ന് പിന്തിരിയുമായിരുന്നു. നബി തിരുമേനിയുടെ നീതിബോധവുമിവിടെ മാറ്റുരയ്ക്കപ്പെട്ടു. വ്യവസ്ഥകൾ എഴുതി പൂർത്തിയായിട്ടില്ലെന്ന ന്യായം പറഞ്ഞ് ഒഴിഞ്ഞുമാറാമായിരുന്നു. പക്ഷേ, അതു പ്രവാചകനു പറ്റിയതല്ല. വ്യവസ്ഥകൾ നിശ്ചയിക്കപ്പെട്ടതിനാൽ സാങ്കേതികത്വം പറഞ്ഞ് ന്യായങ്ങൾ ചമയ്ക്കാൻ അവിടുത്തെ നീതിനിഷ്ഠയും മൂല്യബോധവും അനുവദിച്ചില്ല. കടുത്ത മനോവേദനയോടെയാണെങ്കിലും വ്യവസ്ഥ പാലിച്ചു.
ഇത് ഏറ്റവുംകൂടുതൽ പരീക്ഷണമായത് നബി തിരുമേനിയുടെ കൂടെയുള്ളവർക്കാണ്. അവിടുത്തോടുള്ള അനുസരണത്തിന്റെ തീവ്രമായ പരീക്ഷണം. പ്രത്യക്ഷത്തിൽ തങ്ങൾക്ക് അസഹ്യമായ അബൂജൻദലിന്റെ അവസ്ഥയോട്, പ്രവാചകനോടുള്ള നിഷ്കളങ്കവും ത്യാഗപൂർണവുമായ അനുസരണത്തിന്റെ പേരിൽ അവർ പൊരുത്തപ്പെട്ടു.
യാത്രയയക്കവേ അവിടുന്ന് അബൂജൻദലിനെ ആശ്വസിപ്പിച്ചു: 'ക്ഷമിക്കുക. സ്ഥൈര്യം കൈവിടാതിരിക്കുക. അല്ലാഹു താങ്കൾക്കും മറ്റു മർദിതർക്കും എന്തെങ്കിലും മോചന മാർഗം തുറന്നുതരാതിരിക്കില്ല. ഇപ്പോൾ സന്ധിവ്യവസ്ഥകൾ നിശ്ചയിക്കപ്പെട്ടതിനാൽ കരാർലംഘനം നടത്താൻ നിർവാഹമില്ല.'

അബൂജൻദൽ കാൽച്ചങ്ങലയും വലിച്ചുപോകുന്നത് നബി തിരുമേനിയും അനുചരന്മാരും നിറകണ്ണുകളോടെ നോക്കിനിന്നു.

## 50. പ്രിയതമയുടെ നിർദേശം നടപ്പാക്കിയ പ്രവാചകൻ

പ്രവാചകനും മക്കയിലെ ഖുറൈശി നേതാക്കളും തമ്മിലുണ്ടാക്കിയ സന്ധി മുസ്‌ലിംകളിൽ കടുത്ത നിരാശയും കൊടിയ നീരസവുമുണ്ടാക്കി. സന്ധി വ്യവസ്ഥകൾ പ്രത്യക്ഷത്തിൽ തങ്ങൾക്കെതിരാണെന്നതായിരുന്നു കാരണം. ദൈവദൂതന്റെ തീരുമാനത്തിൽ തങ്ങൾക്ക് പ്രത്യക്ഷത്തിൽ മനസ്സിലാകാത്ത ദൈവിക യുക്തി ഉണ്ടാകുമെന്ന് അവർക്കറിയാമായിരുന്നുവെങ്കിലും പെട്ടെന്നുണ്ടായ മനഃപ്രയാസത്തിന് അത്

പരിഹാരമായില്ല.
ഇരു വിഭാഗവും സന്ധി വ്യവസ്ഥകളിൽ ഒപ്പുവെച്ചതോടെ പ്രവാചകൻ അനുചരന്മാരോട് 'ഉംറ'യിൽനിന്ന് വിരമിക്കാനാവശ്യപ്പെട്ടു. അതിന്റെ ഭാഗമായി ബലിമൃഗങ്ങളെ അറുക്കാനും തല മുണ്ഡനം ചെയ്യാനും നിർദേശിച്ചു. കടുത്ത ദുഃഖത്തിലകപ്പെട്ട മുസ്‌ലിംകൾ അറച്ചുനിന്നു. ഇത് പ്രവാചകനെയും പ്രയാസപ്പെടുത്തി. അവിടുന്ന് തന്റെ പ്രിയതമ ഉമ്മുസലമയുമായി തന്റെ പ്രയാസം പങ്കിട്ടു. ഉടനെത്തന്നെ അവർ പരിഹാരം നിർദേശിച്ചു: 'ദൈവദൂതരേ, അങ്ങ് അങ്ങയുടെ ഒട്ടകത്തെ അറുക്കുകയും തലമുടി മുറിക്കുകയും ചെയ്യുക. അതോടെ മറ്റുള്ളവരും അതാവർത്തിച്ചുകൊള്ളും.'
പ്രവാചകൻ പ്രിയതമയുടെ നിർദേശം പ്രയോഗവത്കരിച്ചു. അതോടെ അവിടത്തെ അനുയായികളും അതേ മാർഗം പിന്തുടർന്നു. നല്ല നിർദേശങ്ങൾ ആരിൽനിന്നുണ്ടായാലും അതംഗീകരിക്കാൻ അൽപംപോലും വൈമനസ്യമില്ലാത്ത പ്രവാചകൻ അതിപ്രധാനമായ ആരാധനാ കാര്യത്തിൽ പ്രിയതമയുടെ ഉപദേശം നടപ്പാക്കുകയായിരുന്നു.

## 51. അബൂബസ്വീറിന്റെ ദുഃഖം

അബൂബസ്വീർ എങ്ങനെയോ ബന്ധനത്തിൽനിന്ന് രക്ഷപ്പെട്ടു. ശത്രുക്കളുടെ കൊടിയ മർദനങ്ങൾ അദ്ദേഹത്തെ തീർത്തും അവശനാക്കിയിരുന്നു. എന്നിട്ടും, അദ്ദേഹം മദീനയിലേക്ക് കാൽനടയായി യാത്രയാരംഭിച്ചു. പ്രവാചകനോടും അനുചരന്മാരോടുമൊപ്പം ചെന്നുചേരാനുള്ള അദമ്യമായ അഭിനിവേശം അദ്ദേഹത്തെ മുന്നോട്ടുനയിച്ചു. നീണ്ട ഏഴു ദിവസത്തെ നിരന്തര യാത്രയ്ക്കുശേഷം ലക്ഷ്യസ്ഥാനത്തെത്തി.
അപ്പോഴേക്കും വിവരമറിഞ്ഞ് ശത്രുക്കളും അവിടെ എത്തിയിരുന്നു. അവർ നബി തിരുമേനിയെ സമീപിച്ചു.
അബൂബസ്വീർ താനനുഭവിച്ച പീഡാനുഭവങ്ങൾ ഒന്നൊന്നായി വിവരിച്ചു.
കേട്ടുനിന്നവരൊക്കെ കണ്ണീർവാർത്തു. തന്റെ വിഷമങ്ങൾക്കൊക്കെ വിരാമമായെന്ന വിശ്വാസത്തോടെയാണ് അദ്ദേഹം അത്രയും വിശദീകരിച്ചത്. ശത്രുക്കളുടെ ക്രൂരകൃത്യങ്ങൾ സഹിക്കാനാവാതെ ആശ്വാസം തേടി അഭയാർഥിയായെത്തിയ തന്നെ ആ അക്രമികൾക്ക് തിരിച്ചേൽപ്പിക്കുമെന്ന് അദ്ദേഹം സങ്കൽപിക്കുക പോലും ചെയ്തില്ല.
എന്നാൽ, ഖുറൈശികളെ പ്രതിനിധീകരിച്ചെത്തിയവർ ഹുദൈബിയ്യാ സന്ധിവ്യവസ്ഥകൾ ഓർമിപ്പിച്ചു. അബൂബസ്വീറിനെ വിട്ടുകൊടുക്കാനവർ ആശ്യപ്പെട്ടു. ഇത് അദ്ദേഹത്തിൽ അതിയായ അമ്പരപ്പും വിഭ്രാന്തിയും സൃഷ്ടിച്ചു. ഒരു കൊച്ചു കുട്ടിയുടെ നിഷ്കളങ്കതയോടെ അദ്ദേഹം നബി തിരുമേനിയോട് ചോദിച്ചു: 'ദൈവദൂതരേ, സത്യവിശ്വാസം സ്വീകരിച്ചതിന്റെ പേരിൽ കഠിന പീഡനങ്ങൾക്കിരയാക്കുന്ന നിഷ്കരുണരായ അക്രമികൾക്ക് അങ്ങ് എന്നെ ഇനിയും വിട്ടുകൊടുക്കുകയാണോ?'
'അബൂബസ്വീർ, അവരുമായി നാം ചെയ്ത കരാറിനെക്കുറിച്ച് താങ്കൾക്കറിയാമല്ലോ. അതു ലംഘിക്കുന്നത് വഞ്ചനയാണെന്നും, വാഗ്ദത്തലംഘനം വൻ പാപമാണെന്നും ഇസ്‌ലാം നമ്മെ പഠിപ്പിക്കുന്നു. അതിനാൽ, താങ്കൾ പോകൂ. അല്ലാഹു താങ്കൾക്കും കൂട്ടുകാർക്കും ആശ്വാസവും മോചനവും പ്രദാനം ചെയ്യട്ടെ'-പ്രവാചകൻ പറഞ്ഞു.
'അങ്ങ് എന്നെ അവർക്ക് ഏൽപ്പിച്ചുകൊടുക്കുകയാണോ?' അബൂബസ്വീർ പൊട്ടിക്കരയുകയായിരുന്നു.
'പോകൂ, അബൂബസ്വീർ. അല്ലാഹു താങ്കളെ രക്ഷപ്പെടുത്താതിരിക്കില്ല.'-നബി തിരുമേനി അദ്ദേഹത്തെ സമാധാനിപ്പിച്ചു. കണ്ണീർ തുള്ളികളും ചുടുനിശ്വാസങ്ങളും അദ്ദേഹത്തെ യാത്രയയച്ചു.

## 52. കരാർ തിരുത്തിയ തരുണി

ഉമ്മു കുൽസൂം ഉമവീ ഗോത്രക്കാരിയാണ്. ഉഖ്ബത്തിന്റെ പ്രിയ പുത്രി. വലീദിന്റെ ഇഷ്ട സഹോദരി. ഉമവികൾ പ്രവാചകന്റെ കൊടിയ ശത്രുക്കളായിരുന്നു. അദ്ദേഹത്തിന്റെ തലയെടുക്കാനവർ പലവുരു പരിപാടിയിട്ടതാണ്. എല്ലാം വിഫലമാവുകയാണുണ്ടായത്. അവസാനം പ്രവാചകനും അനുയായികളും മദീനയിലേക്ക് പലായനം ചെയ്തു. എന്നിട്ടും സ്വൈരം കൊടുത്തില്ല. പൊറുതി മുട്ടിക്കാൻ പരമാവധി ശ്രമിച്ചു.
ഉമ്മു കുൽസൂം അതീവ സുന്ദരിയാണ്. താരുണ്യം പൂത്തു നിൽക്കുന്ന പ്രായം. കാഴ്ചക്കാരിൽ കൗതുകമുണർത്തുന്ന ശരീര ഘടന. ജനിച്ചതും വളർന്നതും സമ്പന്ന

കുടുംബത്തിൽ. സുഖസൗകര്യങ്ങൾ വേണ്ടുവോളമുണ്ടായിരുന്നതിനാൽ അല്ലലും അലട്ടലും അറിഞ്ഞിരുന്നേയില്ല.
ഇസ്‌ലാം ഉമ്മു കുൽസൂമിനെയും കീഴ്പ്പെടുത്തി. സത്യവിശ്വാസം അവരുടെ മനസ്സിനെ അഗാധമായി സ്വാധീനിച്ചു. അതവരുടെ വികാര വിചാരങ്ങളിൽ കത്തിപ്പടർന്നു. എന്നാൽ അവരുടെ ഇസ്‌ലാം സ്വീകരണ വിവരം ആരും അറിഞ്ഞിരുന്നില്ല. അത്രയേറെ രഹസ്യമായാണ് സന്മാർഗം സ്വീകരിച്ചത്. അതോടൊപ്പം തൻഈമിലെ തറവാട്ടിൽ താമസിച്ച് തന്റെ വിശ്വാസവും ആദർശവും സംരക്ഷിക്കാൻ സാധ്യമല്ലെന്ന് അവർക്കറിയാമായിരുന്നു. അതിനാൽ മദീനയിൽ പ്രവാചകന്റെ ചാരത്തെത്താൻ അവരുടെ മനസ്സ് വെമ്പി. എന്നാൽ അതത്ര എളുപ്പമായിരുന്നില്ല. അറുനൂറു കിലോമീറ്റർ  ദൂരെയാണല്ലോ നബിതിരുമേനിയും അനുചരന്മാരും. സുന്ദരിയും അവിവാഹിതയുമായ ഒരു സ്ത്രീ തനിച്ച് ഇത്രയും ദൂരം യാത്ര ചെയ്ത് ലക്ഷ്യസ്ഥാനത്തെത്തുകയെന്നത് സങ്കൽപാതീതമായിരുന്നു. അതും ചുട്ടുപഴുത്ത മണലാരണ്യത്തിലൂടെ. സൂര്യനുദിച്ചുയരുന്നതോടെ മരുഭൂമി ചൂടുപിടിച്ചു തുടങ്ങും. മധ്യാഹ്നമാകുന്നതോടെ അത് തീക്കനലു പോലെയാകും. ഇടക്കിടെ ആഞ്ഞടിക്കുന്ന തീക്കാറ്റ് കരുത്തന്മാരുടെ ശരീരം പോലും കരിച്ചുകളയും. പിന്നെയുണ്ടോ പുരക്കകത്ത് കഴിഞ്ഞുകൂടിയ കുബേരപ്പെണ്ണിന്റെ പൂമേനി.
എന്നിട്ടും ഉമ്മുകുൽസൂം ആ സാഹസത്തിനൊരുങ്ങി. തന്റെ ഉറ്റവരും ഉടയവരുമറിയാതെ വീട്ടിൽനിന്ന് ഇറങ്ങിത്തിരിച്ചു. മദീനയിലെത്താനുള്ള മനസ്സിന്റെ തിടുക്കത്തിൽ മറ്റെല്ലാം മറക്കുകയായിരുന്നു. ആദർശ സഹോദരങ്ങളോടു ചെന്നുചേരുക എന്നതിലപ്പുറം മറ്റൊന്നും അവർ ചിന്തിച്ചില്ല.
ആരും തുണയില്ലാത്തവർക്ക് ദൈവം തുണയെന്ന ആപ്തവാക്യം ഉമ്മുകുൽസൂമിന്റെ കാര്യത്തിൽ പൂർണമായും യാഥാർഥ്യമായി പുലരുകയായിരുന്നു. അവർക്ക് അതീവ വിശ്വസ്തനും സംസ്കാര സമ്പന്നനുമായ ഒരു സഹയാത്രികനെ ലഭിച്ചു. ഖുദാഅ ഗോത്രക്കാരനെ. എന്നാൽ മദീനയിൽ കടുത്ത പ്രതിസന്ധി അവരെ കാത്തിരിക്കുകയായിരുന്നു. നബി തിരുമേനി മക്കയിലെ ഖുറൈശികളുമായുണ്ടാക്കിയ കരാറനുസരിച്ച്, ഇസ്‌ലാം സ്വീകരിച്ച് മക്കയിൽനിന്ന് മദീനയിലെത്തുന്ന വിശ്വാസികളെ മക്കയിലേക്ക് തിരിച്ചയക്കേണ്ടതുണ്ടായിരുന്നു. ഉമ്മു കുൽസൂം തന്റെ ജീവിതാനുഭവങ്ങൾ വിവരിച്ചുകൊണ്ടിരിക്കെ, നബി തിരുമേനിയുടെ മുഖത്ത് ദുഃഖം നിഴൽവിരിക്കാനുള്ള കാരണവും അതുതന്നെയായിരുന്നു. മക്കയിൽനിന്ന് ഏറെ പ്രതീക്ഷയോടെ തന്നെ തേടിയെത്തിയ തരുണീമണിയുടെ സംസാരം പൂർത്തിയായതോടെ പ്രവാചകൻ നെടുനിശ്വാസത്തോടെ പറഞ്ഞു: ‘ഞാൻ നിസ്സഹായനാണ്. മക്കയിലെ അവിശ്വാസികളുമായുണ്ടാക്കിയ സന്ധിവ്യവസ്ഥയനുസരിച്ച് അവിടെനിന്ന് മുസ്‌ലിമായി ഇവിടെ എത്തുന്നവരെയെല്ലാം അങ്ങോട്ടുതന്നെ തിരിച്ചയയ്ക്കാൻ ഞാൻ ബാധ്യസ്ഥനാണ്. കരാർ ലംഘനം നമുക്കു പാടില്ലല്ലോ, തുടർന്ന്, അവിടുന്ന് അബൂജൻദലിനെയും അബൂബസ്വീറിനെയും മറ്റും മടക്കിയയച്ച കഥ പറഞ്ഞുകൊടുത്തു. തിരുമേനി വല്ലാതെ വിതുമ്പുന്നുണ്ടായിരുന്നു. കണ്ണുകൾ ഈറനണിഞ്ഞിരുന്നു.
ഉമ്മുകുൽസൂം ഇടിവെട്ടേറ്റപോലെ തരിച്ചുനിന്നു. അവരുടെ മനസ്സ് തളർന്നു. കൈകാലുകൾ കുഴഞ്ഞു. കാട്ടാളരുടെ കോട്ടകളിൽനിന്ന് കാരുണ്യം തേടി കഷ്ടപ്പെട്ടെത്തിയ തന്നെ ആ രാക്ഷസന്മാർക്കുതന്നെ തിരിച്ചേൽപിക്കുകയോ? അതോർക്കാൻപോലും  അവർക്ക് സാധ്യമായിരുന്നില്ല. അതുകൊണ്ടുതന്നെ കണ്ണുകളിൽ ഇരുട്ട് ഇരച്ചുകയറി. എങ്കിലും അല്ലാഹു തന്നെ രക്ഷിക്കുമെന്ന് അപ്പോഴും അവരുടെ മനസ്സ് മന്ത്രിച്ചുകൊണ്ടിരുന്നു. അതിനാൽ നബി തിരുമേനിയോടു പറഞ്ഞു: ‘ദൈവദൂതരേ, കരുത്തരായ പുരുഷന്മാരും അബലകളായ ഞങ്ങളും ഒരുപോലെയല്ലല്ലോ. പുരുഷന്മാർക്ക് അവരുടെ ജീവനല്ലേ നഷ്ടപ്പെടാനുള്ളൂ. ഞങ്ങൾ സ്ത്രീകളുടെ സ്ഥിതി അതല്ലല്ലോ. അതിനാൽ ഞങ്ങളുടെ കാര്യത്തിൽ അല്ലാഹു ഒരു പരിഹാരം കാണിച്ചുതരാതിരിക്കില്ല.’
ഉമ്മു കുൽസൂമിന്റെ പ്രത്യാശ അല്ലാഹു പൂർത്തീകരിച്ചു. നീറുന്ന മനസ്സിന് സമാധാനം സമ്മാനിച്ചു. പിടഞ്ഞുകൊണ്ടിരുന്ന പ്രവാചക ഹൃദയം ശാന്തമായി. അല്ലാഹു അറിയിച്ചു: ‘‘സത്യവിശ്വാസികളേ, വിശ്വാസിനികളായ സ്ത്രീകൾ സ്വദേശം വെടിഞ്ഞ് പലായനം ചെയ്ത് നിങ്ങളുടെ അടുത്തെത്തിയാൽ അവർ സത്യവതികളാണോയെന്ന് പരിശോധിച്ചു നോക്കുക. അവരുടെ വിശ്വാസത്തെക്കുറിച്ച് നന്നായറിയുന്നവൻ അല്ലാഹുവാണ്. അങ്ങനെ അവർ വിശ്വാസിനികൾ തന്നെയാണെന്ന് ബോധ്യമായാൽ അവിശ്വാസികളുടെ അടുത്തേക്ക് നിങ്ങളവരെ തിരിച്ചയക്കരുത്. കാരണം സത്യവിശ്വാസിനികൾ നിഷേധികൾക്ക് അനുവദനീയമല്ല. അവർ ഇവർക്കും അനുവദനീയരല്ല.’’ (ഖുർആൻ: 60:10)

## 53. കുട്ടികൾക്കുവേണ്ടി കണ്ണീർ

ഒരിക്കൽ യുദ്ധം കഴിഞ്ഞു തിരിച്ചെത്തിയ അനുയായികൾ നബിതിരുമേനിയെ അറിയിച്ചു: 'ഈ യുദ്ധത്തിൽ ഏതാനും കുട്ടികളും കൊല്ലപ്പെട്ടു!'
ഇത് പ്രവാചകനെ പിടിച്ചുലച്ചു. അവിടുന്ന് അത്യധികം അസ്വസ്ഥനായി. അനുചരന്മാർ അദ്ദേഹത്തെ ആശ്വസിപ്പിക്കാനായി പറഞ്ഞു: 'കൊല്ലപ്പെട്ടത് നമ്മുടെ കുട്ടികളല്ല; ശത്രുക്കളുടെ കുട്ടികളാണ്.'
പക്ഷേ, ഈ വിശദീകരണം നബി തിരുമേനിയെ ഒട്ടും തൃപ്തനാക്കിയില്ല. കുട്ടികളെല്ലാം ഒരുപോലെയാണല്ലോ. എല്ലാവരും നിരപരാധർ. അവിടുന്ന് അരുൾചെയ്തു: 'ആ കുട്ടികൾ ഒരപരാധവും ചെയ്തിട്ടില്ല. എന്നിട്ടും അവർ വധിക്കപ്പെട്ടു. പാവം കുട്ടികൾ! ഒരു യുദ്ധത്തിലും കുട്ടികൾ കുറ്റക്കാരല്ല. വലിയവരുടെ കുറ്റത്തിന് കൊച്ചുകുട്ടികൾ ശിക്ഷിക്കപ്പെട്ടുകൂടാ. ഇനിമേൽ നിങ്ങൾ ആരുടെ കുട്ടികളെയും കൊല്ലരുത്.'
മറ്റൊരിക്കൽ അവിടുന്ന് യുദ്ധരംഗത്തേക്ക് പുറപ്പെടാനൊരുങ്ങിയ പട്ടാളക്കാരെ ഉപദേശിച്ചു. സ്ത്രീകളെയും കുട്ടികളെയും വൃദ്ധന്മാരെയും വധിക്കരുത്. കെട്ടിടങ്ങൾ തകർക്കരുത്. വൃക്ഷങ്ങൾ വെട്ടിനശിപ്പിക്കരുത്. അല്ലാഹുവെ സൂക്ഷിക്കുക.'

## 54. ശത്രുവായി വന്ന് മിത്രമായി മടങ്ങിയ ഉമൈർ

ബദ്ർയുദ്ധത്തിലെ പരാജയം പ്രവാചകന്റെ പ്രതിയോഗികളെ അത്യധികം പ്രകോപിതരാക്കി. തങ്ങളുടെ പ്രമുഖ നേതാക്കൾക്കുണ്ടായ ദുരന്തം അവരെ ദുഃഖിതരാക്കുകയും ചെയ്തു. അതിനാലവരിൽ പ്രതികാരവാഞ്ഛ ആളിക്കത്തി. അങ്ങനെ പ്രവാചകനോട് പകരം വീട്ടാൻ ഒത്തുകൂടിയതായിരുന്നു ഉമൈറുബ്നു വഹബും, സ്വഫ്വാനുബ്നു ഉമയ്യയും. നബി തിരുമേനിയും അനുയായികളും മക്കയോട് വിടപറയുംവരെ അവരെ ക്രൂരമായി പീഡിപ്പിക്കുന്നത് പതിവാക്കിയിരുന്നു ഇരുവരും.
ബദ്റിൽ തങ്ങൾക്കുണ്ടായ കൊടിയ നഷ്ടത്തെക്കുറിച്ച് സംസാരിച്ചുകൊണ്ടിരിക്കെ, ഉമൈർ പറഞ്ഞു: 'കൊടുത്തുവീട്ടാനാവാത്ത ഭാരിച്ച കടവും കുട്ടികൾ പട്ടിണി കിടക്കേണ്ടിവരുമെന്ന ഭയവുമില്ലായിരുന്നെങ്കിൽ ഞാൻ മദീനയിലെത്തി മുഹമ്മദിന്റെ കഥ കഴിക്കുമായിരുന്നു. മുഹമ്മദിനെ സമീപിക്കാൻ എനിക്കൊരു ന്യായവുമുണ്ട്; എന്റെ മകൻ അവരുടെ ബന്ദിയാണല്ലോ.'
ഉമൈറിന്റെ ഈ വാക്കുകൾ സ്വഫ്വാന് ഹരം പകരുന്നവയായിരുന്നു. അയാൾ അവ നെഞ്ചേറ്റുവാങ്ങി. സ്വഫ്വാൻ പറഞ്ഞു: 'താങ്കളുടെ കടമൊക്കെ ഞാനേറ്റു. കുട്ടികളുടെ സംരക്ഷണവും ഞാൻ നിർവഹിക്കും. എനിക്ക് സമ്പത്തും ആരോഗ്യവുമുള്ളേടത്തോളം എന്റെ മക്കളെപ്പോലെ അവരുടെ കാര്യം ഞാൻ നോക്കിക്കൊള്ളാം.'
ഇരുവരും തങ്ങളുടെ സംസാരവും തീരുമാനവും രഹസ്യമാക്കിവെക്കുമെന്ന് പ്രതിജ്ഞയെടുത്തു. തുടർന്ന് ഉമൈർ തന്റെ വാൾ വിഷം പുരട്ടി ഉറയിലിട്ടു. സമയമൊട്ടും പാഴാക്കാതെ മദീനയിലേക്ക് പുറപ്പെട്ടു.
പ്രവാചകന്റെ പള്ളിയുടെ പരിസരത്ത് സംസാരിച്ചുകൊണ്ടിരുന്ന ഉമറുൽ ഫാറൂഖിന്റെയും കൂട്ടുകാരുടെയും കണ്ണുകൾ ഉമൈറിൽ പതിഞ്ഞു. ഉമറുൽ ഫാറൂഖ് വിളിച്ചുപറഞ്ഞു: 'ദൈവത്തിന്റെ ശത്രു ഉമൈർ ഇതാ. ദുരുദ്ദേശ്യത്തോടെയാണ് ഇയാളിവിടെ വന്നത്. ബദ്റിലുണ്ടായ നഷ്ടത്തിന് പകരം വീട്ടലാണ് ലക്ഷ്യം. അതിനാലാണ് വാളുമായി വന്നത്.'
തുടർന്ന് നബി തിരുമേനിയെ സമീപിച്ച് വിവരമറിയിച്ചു. അപ്പോൾ അയാൾക്ക് തന്റെ അടുത്ത് വരാൻ അനുവാദം നൽകാൻ അവിടുന്ന് നിർദേശിച്ചു. പിന്നിൽ ഊരിപ്പിടിച്ച വാളുമേന്തി ഉമറുൽ ഫാറൂഖ് അയാളെ പ്രവാചകന്റെ അടുത്തേക്ക് കൂട്ടിക്കൊണ്ടുവന്നു. കൂടെയുള്ളവരോട് അയാളുടെ കാര്യത്തിൽ ജാഗ്രത പാലിക്കാൻ ആവശ്യപ്പെടുകയും ചെയ്തു.
എന്നാൽ, നബി തിരുമേനിക്ക് തന്റെ കാര്യത്തിൽ ഒട്ടും ഭയമുണ്ടായിരുന്നില്ല. അതിനാൽ ഉമൈറിനെ സ്വതന്ത്രമായി വിട്ടേക്കാൻ കൽപിച്ചു. തുടർന്ന് ഉമൈറിനോട് തന്റെ അടുത്തിരിക്കാനാവശ്യപ്പെട്ടു. കുശലാന്വേഷണങ്ങൾക്കു ശേഷം അവിടുന്ന് ചോദിച്ചു:

‘താങ്കളുടെ വരവിന്റെ ഉദ്ദേശ്യം?’
‘ഇവിടെ തടവിൽ കഴിയുന്ന മകന്റെ മോചനക്കാര്യം സംസാരിക്കാൻ വന്നതാണ്’– ഉമൈർ സത്യം മറച്ചുവെക്കാൻ ശ്രമിച്ചു.
‘എങ്കിൽ എന്തിനാണ് ഈ വാൾ?’
‘അത് ഞാൻ അഴിച്ചുവെക്കാൻ മറന്നതാണ്’–ഉമൈർ കള്ളം പറയുകയായിരുന്നു.
‘താങ്കളും സ്വഫ്‌വാനുബ്നു ഉമയ്യയും കരാറിലെത്തിയ ശേഷം വിഷം പുരട്ടിയ വാളുമായല്ലേ താങ്കൾ വന്നത്? താങ്കളുടെ കടം വീട്ടുന്ന കാര്യവും കുട്ടികളുടെ സംരക്ഷണവും സ്വഫ്‌വാൻ ഏറ്റെടുത്ത് താങ്കളെ ഇങ്ങോട്ടയച്ചതല്ലേ?’
പ്രവാചകന്റെ ചോദ്യം ഉമൈറിനെ അദ്ഭുതസ്തബ്ധനാക്കി. പരമരഹസ്യമായി ചെയ്ത കാര്യം എങ്ങനെ മുഹമ്മദ് ഇത്ര സൂക്ഷ്മമായി അറിഞ്ഞുവെന്നതായിരുന്നു അയാളുടെ വിസ്മയം. അതോടൊപ്പംതന്നെ, അല്ലാഹു അറിയിച്ചുകൊടുത്തതായിരിക്കുമെന്ന് അയാൾക്ക് ബോധ്യമാവുകയും ചെയ്തു. അതിനാൽ അൽപനേരത്തെ മൗനത്തിനുശേഷം പറഞ്ഞു: ‘താങ്കൾ ദൈവദൂതനാണെന്ന് ഞാനിതാ സാക്ഷ്യപ്പെടുത്തുന്നു. താങ്കൾക്ക് ദിവ്യബോധനം ലഭിക്കുന്നുണ്ടെന്ന സത്യം ഞങ്ങളിതുവരെ നിഷേധിക്കുകയായിരുന്നു. ഇപ്പോൾ എനിക്കുറപ്പ്; ഞാനും സ്വഫ്‌വാനും തമ്മിൽ നടന്ന സംഭാഷണം അല്ലാഹു അറിയിക്കാതെ അങ്ങ് അറിയുകയില്ല. അതിനാൽ, അല്ലാഹുവിന് സ്തുതി. അവനെന്നെ നേർവഴിയിലെത്തിച്ചിരിക്കുന്നു. ഞാനിതാ സന്മാർഗം സ്വീകരിക്കുന്നു.’
ഉമൈറിന്റെ മനംമാറ്റത്തിൽ സന്തോഷഭരിതനായ നബി തിരുമേനി അദ്ദേഹം ജീവിതത്തിൽ വരുത്തേണ്ട മാറ്റങ്ങൾ പഠിപ്പിച്ചു കൊടുക്കാൻ അനുചരന്മാരോടാവശ്യപ്പെട്ടു.
ഉമൈർ തനിക്ക് ലഭിച്ച സത്യത്തിന്റെ വെളിച്ചം തന്റെ കൂട്ടുകാർക്കുകൂടി പകർന്നുകൊടുക്കാൻ മക്കയിലേക്കുതന്നെ മടങ്ങാനാഗ്രഹിച്ചു. നബി തിരുമേനി അതനുവദിക്കുകയും ചെയ്തു.
സ്വഫ്‌വാൻ അദ്ദേഹത്തിന്റെ ആഗമനം പ്രതീക്ഷിച്ചിരിക്കുകയായിരുന്നു. പ്രവാചകൻ വധിക്കപ്പെട്ട വാർത്തക്കായി കാതോർത്തിരുന്ന അയാൾ കാണുന്നവരോടെല്ലാം ഉമൈറിനെക്കുറിച്ച് അന്വേഷിച്ചുകൊണ്ടിരുന്നു. പ്രവാചകന്റെ കടുത്ത എതിരാളിയായി യാത്രതിരിച്ച ഉമൈർ ഉറ്റ അനുയായിയായാണ് മടങ്ങിയതെന്ന വിവരം അയാളറിഞ്ഞിരുന്നില്ല. സത്യത്തിന്റെ പ്രകാശം ഊതിക്കെടുത്താൻ പോയ ആൾ അത് കത്തിച്ചു കൊണ്ടുവരുമെന്ന് സ്വഫ്‌വാൻ സ്വപ്നത്തിൽ പോലും സങ്കൽപിച്ചിരുന്നില്ല. അതുകൊണ്ടുതന്നെ ഉമൈറിന്റെ ഇസ്‌ലാം സ്വീകരണകഥ അയാളെ അക്ഷരാർഥത്തിൽ ഞെട്ടിച്ചു. കോപാധിക്യത്താൽ ശരീരം വിറച്ചു. ഉമൈറുമായി താനിനി സംസാരിക്കില്ലെന്ന് പ്രതിജ്ഞയെടുത്തു.
മക്കയിലെത്തിയ ഉമൈർ താനുൾക്കൊണ്ട സത്യത്തിലേക്ക് മറ്റുള്ളവരെ ക്ഷണിക്കാൻ തുടങ്ങി. അതോടെ അവിടത്തുകാർ അദ്ദേഹത്തിന്റെ എതിർചേരിയിൽ അണിനിരന്നു. അവർ അയാളെ ആവുംവിധം ദ്രോഹിക്കാൻ തുടങ്ങി. തന്റെ മർദനങ്ങൾ വിശ്വാസികൾ സഹിച്ചിരുന്നപോലെ ശത്രുക്കളുടെ പീഡനങ്ങൾ ഉമൈർ ക്ഷമാപൂർവം ഏറ്റുവാങ്ങി. ഈ സമീപനം പലരെയും സത്യപാതയിലെത്തിക്കാൻ അദ്ദേഹത്തിന് അവസരമൊരുക്കുകയും ചെയ്തു.

## 55. ഉദാഹരണമില്ലാത്ത ഉദാരത

മദീന ആസ്ഥാനമായി പ്രവാചകൻ സ്ഥാപിച്ച ഇസ്‌ലാമിക രാഷ്ട്രം അനുദിനം വികസിച്ചുകൊണ്ടിരുന്നു. പരിസരവാസികൾ കൂട്ടത്തോടെ സന്മാർഗം സ്വീകരിച്ചുകൊണ്ടിരുന്നതാണ് ഇതിനു കാരണം. ഇത് ഹാതിമുത്ത്വാഇയുടെ മകൻ അദിയ്യിനെ പരിഭ്രാന്തനാക്കി. താൻ വാഴുന്ന നജ്ദും ഇസ്‌ലാമികരാഷ്ട്രത്തിന്റെ ഭാഗമാകുമോയെന്ന് അയാൾ ആശങ്കിച്ചു. അതിനാൽ കുടുംബാംഗങ്ങളെയും കൂട്ടി അയൽരാജ്യമായ സിറിയയിലേക്ക് പോയി. പക്ഷേ, പെട്ടെന്നുള്ള യാത്രയിൽ സഹോദരിയെ കൂടെ കൂട്ടാൻ മറന്നു. പിന്നീട് ഓർമവന്നപ്പോൾ മടങ്ങിവന്ന് സഹോദരിയെ കൊണ്ടുപോകാൻ മനസ്സനുവദിച്ചതുമില്ല. അങ്ങനെ നജ്ദിൽ അദിയ്യിന്റെ സഹോദരി തനിച്ചായി. അപ്പോൾ അവരുടെ സങ്കടം സഹിക്കാവുന്നതിലപ്പുറമായിരുന്നു. അവരുടെ അവസ്ഥ നന്നായി മനസ്സിലാക്കിയ പ്രവാചക ശിഷ്യന്മാർ അവരെ മദീനയിലേക്ക് കൂട്ടിക്കൊണ്ടുവന്നു. പ്രവാചകനെ കണ്ടപ്പോൾ അവർ പൊട്ടിക്കരയുകയും തന്റെ ദയനീയാവസ്ഥ തുറന്നുപറയുകയും ചെയ്തു: ‘അല്ലാഹുവിന്റെ ദൂതരേ, എനിക്കു പിതാവില്ല. ഏക അവലംബം സഹോദരനായിരുന്നു. അവൻ കുടുംബത്തോടൊപ്പം നാടും വീടും വിട്ടുപോയിരിക്കുന്നു. അതിനാൽ അങ്ങ് എന്നോട് ദയ കാണിക്കണം.’
‘ആരാണ് നിന്റെ സഹോദരൻ?’ നബി തിരുമേനി അന്വേഷിച്ചു.

‘ഹാതിമുത്ത്വാഇയുടെ മകൻ അദിയ്യ്.’
ഒരു നിമിഷം വിസ്മയത്തോടെ അവരെ നോക്കിനിന്ന നബിതിരുമേനി ആത്മഗതം ചെയ്തു: ‘അല്ലാഹുവിന്റെയും അവന്റെ ദൂതന്റെയും ശത്രു. സത്യത്തെ പേടിച്ചോടിയവൻ!’
ഇതുകേട്ട അദിയ്യിന്റെ സഹോദരി പ്രവാചകനിൽനിന്ന് കാരുണ്യമൊട്ടും കിട്ടുകയില്ലെന്നു കരുതി. നിരാശയും ദുഃഖിതയുമായ അവർ പൊട്ടിക്കരയാൻ തുടങ്ങി. പ്രവാചകൻ അവളെ ആശ്വസിപ്പിച്ചുകൊണ്ട് ചോദിച്ചു: ‘നിന്നോട് എനിക്ക് സഹതാപമുണ്ട്. നിനക്കുവേണ്ടി ഞാനെന്ത് ചെയ്യണം?’
‘എന്റെ സഹോദരനും കുടുംബക്കാരും സിറിയയിലുണ്ട്. എന്നെ അവരുടെ അടുത്തെത്തിച്ചു തന്നാലും.’ അവർ കേണപേക്ഷിച്ചു.
‘ശരി, വിരോധമില്ല. പക്ഷേ, ധിറുതി കൂട്ടരുത്. നിന്നെ സുരക്ഷിതമായി അവിടെ എത്തിക്കുമെന്ന് ഉറപ്പുള്ള പരിചിതനായ ആരെയെങ്കിലും കണ്ടെത്തിയാൽ വിവരമറിയിക്കുക. അതുവരെ നിന്നെ ഞാൻ സംരക്ഷിച്ചുകൊള്ളാം.’
ഏതാനും ദിവസങ്ങൾക്കുശേഷം തനിക്കു പരിചയമുള്ള ചിലരുൾപ്പെടുന്ന ഒരു കച്ചവടസംഘം മദീനയിലെത്തിയപ്പോൾ ആ യുവതി പ്രവാചകനെ സമീപിച്ച് വിവരമറിയിച്ചു. ഉടനെത്തന്നെ നബി തിരുമേനി ആ കച്ചവടസംഘത്തെ സംബന്ധിച്ച വിവരം ശേഖരിച്ചു. അവർ വിശ്വസ്തരാണെന്ന് ബോധ്യമായതോടെ യുവതിയെ അവരോടൊപ്പമയച്ചു. യാത്രക്കാവശ്യമായ വാഹനവും വസ്ത്രങ്ങളും ചെലവിനുവേണ്ട സംഖ്യയും നൽകി. അങ്ങനെ പ്രവാചകൻ തന്റെ കടുത്ത എതിരാളിയുടെ ആ സഹോദരിയെ അയാളുടെ അടുത്തേക്ക് സ്നേഹപൂർവം യാത്രയയച്ചു. നബി തിരുമേനിയുടെ ഈ മാന്യതയും ഉദാരതയും അവരുടെ എല്ലാ കണക്കുകൂട്ടലുകൾക്കും അപ്പുറമായിരുന്നു. സാധാരണ മനുഷ്യരുടെ സകല സങ്കൽപങ്ങൾക്കും അതീതവും.

## 56. പ്രവചനം പുലരുന്നു

‘സമയം ഒട്ടും പാഴാക്കാതെ ഉടനെ പുറപ്പെടുക. നീ ഇതേവരെ പ്രവാചകനെപ്പറ്റി വെച്ചുപുലർത്തിയ ധാരണകളെല്ലാം തെറ്റാണ്. അദ്ദേഹം ദൈവദൂതനാണെങ്കിൽ പാപത്തിൽനിന്ന് മോചനം നേടുന്ന ഒന്നാമൻ നീ ആയിരിക്കട്ടെ.’ സഹോദരിയുടെ ഈ വാക്കുകൾ ഹാത്വിമുത്ത്വാഇയുടെ മകൻ അദിയ്യിനെ അഗാധമായി സ്വാധീനിച്ചു. സഹോദരിക്ക് നബി തിരുമേനിയുടെ സംരക്ഷണത്തിൽ ഏതാനും നാൾ കഴിച്ചുകൂട്ടാൻ അവസരം ലഭിച്ചിരുന്നു. അതിലൂടെ അവർ അദ്ദേഹത്തെ നന്നായി മനസ്സിലാക്കുകയും ചെയ്തിരുന്നു. സഹോദരിയുടെ നിർദേശം നടപ്പാക്കാൻ അദിയ്യ് പെട്ടെന്നുതന്നെ മദീനയിലേക്കു തിരിച്ചു. അദ്ദേഹം എത്തുമ്പോൾ പ്രവാചകൻ പള്ളിയിൽ കൂട്ടുകാരോടൊന്നിച്ച് ഇരിക്കുകയായിരുന്നു. അപ്പോൾ ഒരു കറുത്ത അടിമപ്പെണ്ണ് അവിടെ എത്തി. അവൾ പ്രവാചകനോട് സ്വകാര്യം പറയാൻ അൽപസമയം ആവശ്യപ്പെട്ടു. ‘നിനക്ക് മദീനയുടെ ഏതു തെരുവിൽവെച്ചും എന്നോട് എത്രസമയം വേണമെങ്കിലും സംസാരിക്കാമല്ലോ’–ഇതായിരുന്നു പ്രവാചകന്റെ പ്രതികരണം. തുടർന്ന് നബി തിരുമേനി ആൾക്കൂട്ടത്തിൽനിന്ന് മാറി അൽപം അകലെ ചെന്ന് ആ സ്ത്രീക്ക് പറയാനുള്ളതെല്ലാം ശ്രദ്ധിച്ചുകേട്ടു. സമുദായ നേതാവും ഭരണാധികാരിയുമായ മുഹമ്മദ് നബി കറുത്ത ഒരടിമപ്പെണ്ണിന് ഇത്രയേറെ ശ്രദ്ധയും പരിഗണനയും നൽകിയത് അദിയ്യിനെ അത്യധികം അത്ഭുതപ്പെടുത്തി.
അദിയ്യ് പള്ളിയിൽ തിരിച്ചെത്തിയ പ്രവാചകനെ സമീപിച്ച് തന്നെ സ്വയം പരിചയപ്പെടുത്തി. അദ്ദേഹത്തിന്റെ ആഗമനം നബിതിരുമേനിയെ വളരെയേറെ സന്തോഷിപ്പിച്ചു. ഔദാര്യത്തിന് പേരുകേട്ട ഹാത്വിം ത്വാഇയുടെ മകനായിരുന്നുവല്ലോ അദിയ്യ്. അതോടൊപ്പം നാടുവാഴിയും. പ്രവാചകൻ അദിയ്യിനെ തന്റെ കൂടെ വീട്ടിലേക്കു കൂട്ടിക്കൊണ്ടുപോയി. അകത്തുകടന്ന ഉടനെ തോലുറയിൽ ഈന്തപ്പന നാരുനിറച്ച തലയണ കൊണ്ടുവന്ന് അദിയ്യിന് ഇരിക്കാൻ കൊടുത്തു. തുടർന്ന് നബി തിരുമേനി വെറും തറയിലിരുന്നു. ഇതും അദിയ്യിനെ അത്ഭുതസ്തബ്ധനാക്കി. താൻ അതേവരെ കരുതിയപോലെ അഹങ്കാരിയായ ഒരു രാജാവല്ല മുഹമ്മദ് എന്ന് അദ്ദേഹത്തിന് ബോധ്യമായി. കുശലാന്വേഷണങ്ങൾക്കുശേഷം പ്രവാചകൻ ചോദിച്ചു: ‘ക്രിസ്തുമതത്തിലെയും സ്വാബിഇമതത്തിലെയും തത്ത്വങ്ങൾ കൂട്ടിക്കലർത്തിയുണ്ടാക്കിയ മതമല്ലേ താങ്കൾ അംഗീകരിച്ചത്?’
‘അതെ’–അദിയ്യ് അറിയിച്ചു.
‘താങ്കൾ ജനങ്ങളിൽനിന്ന് അവരുടെ സമ്പത്തിന്റെ നാലിലൊന്ന് നിർബന്ധപൂർവം പിരിച്ചെടുത്തിരുന്നില്ലേ? ഇത് താങ്കളുടെ മതം അനുവദിക്കുന്നുണ്ടോ?’ നബി തിരുമേനി ചോദിച്ചു. ‘ഇല്ല. ഒരിക്കലുമില്ല.’ അദിയ്യ് പറഞ്ഞു. അതോടെ മുഹമ്മദ് ദൈവദൂതനാണെന്നും

തികഞ്ഞ സത്യസന്ധനാണെന്നും അദ്ദേഹത്തിന് ബോധ്യമായി. തുടർന്ന് പ്രവാചകൻ നടത്തിയ പ്രവചനങ്ങൾ അദ്ദേഹത്തെ ഏറെ ആകർഷിക്കുകയും ചെയ്തു. നബി തിരുമേനി പറഞ്ഞു: 'മുസ്‌ലിംകളുടെ പട്ടിണിയും പ്രയാസവുമാകാം സന്മാർഗത്തിൽ പ്രവേശിക്കുന്നതിൽനിന്ന് താങ്കളെ തടയുന്നത്. എന്നാൽ, അല്ലാഹുവാണ് സത്യം! ആഹാരം ആവശ്യക്കാരില്ലാത്തവിധം അവരിൽ കുന്നുകൂടുന്ന കാലം വിദൂരമല്ല. ശത്രുക്കൾ കൂടുതലും മുസ്‌ലിംകൾ കുറവുമാണെന്നതിനാലാകാം താങ്കൾ സന്മാർഗം സ്വീകരിക്കാൻ സന്നദ്ധനാകാത്തത്! എന്നാൽ, അല്ലാഹുവാണ് സത്യം. അതിവിദൂരമായ ഖാദിസിയ്യയിൽനിന്ന് ഒരു പെണ്ണ് തനിച്ച് നിർഭയയായി  ഈ പുണ്യഭവനം സന്ദർശിക്കാൻ വന്നുവെന്ന് താങ്കൾ കേൾക്കുകതന്നെ ചെയ്യും. ശക്തി ശത്രുക്കൾക്കാണെന്നതാവാം നേർവഴി പ്രാപിക്കുന്നതിൽനിന്ന് താങ്കളെ തടയുന്നത്. എന്നാൽ, അല്ലാഹു സത്യം! ബാബിലോണിയയിലെ വെളുത്ത കൊട്ടാരങ്ങൾ മുസ്‌ലിംകളുടെ അധീനതയിൽവന്നതായി താങ്കൾക്ക് കേൾക്കാനാവും. ഹോർമുസിന്റെ മകൻ കിസ്‌റായുടെ ഖജനാവുകൾ അവർ ഏറ്റെടുക്കുകതന്നെ ചെയ്യും.'
നബി തിരുമേനിയുടെ ഈ പ്രവചനങ്ങൾ അദിയ്യിനെ അത്ഭുതപ്പെടുത്തുക മാത്രമല്ല, അഗാധമായി സ്വാധീനിക്കുക കൂടി ചെയ്തു. അപ്പോൾ തന്നെ പ്രവാചകന്റെ അനുയായി ആയിമാറിയ അദിയ്യിന് ഈ പ്രവചനങ്ങളത്രയും പുലരുന്നത് നേരിൽ കാണാനും അറിയാനും അനുഭവിക്കാനും കഴിഞ്ഞു.

## 57. കാരുണ്യത്തിന്റെ പ്രവാചകൻ

കാരുണ്യത്തെക്കുറിച്ച് കേൾക്കുന്നതുപോലും കൗതുകകരമത്രെ. അത് കിട്ടണമെന്ന് കൊതിക്കാത്ത ആരുമുണ്ടാവില്ല. ജീവൻ നിലനിർത്താൻ ദാഹജലം അനിവാര്യമായതുപോലെ സാമൂഹികബന്ധങ്ങൾ കിളിർക്കാൻ കാരുണ്യം കൂടിയേതീരൂ. നരവംശത്തിന്റെ നിലനിൽപിന്നാധാരവും അതുതന്നെ. കാരുണ്യത്തിന്റെ കരുത്ത് അപാരമാണ്. മൂർച്ചയേറിയ ആയുധങ്ങൾക്ക് അധീനപ്പെടുത്താനാവാത്തവരെപ്പോലും കാരുണ്യപൂർവമായ പെരുമാറ്റത്തിലൂടെ കീഴ്പ്പെടുത്താൻ കഴിയും. മർദകന്റെ മനസ്സുമാറ്റാൻ പീഡിതന്റെ പകരം ചോദിക്കലുകളെക്കാൾ പ്രയോജനപ്രദം കരുണാർദ്രമായ സമീപനമത്രെ. കനിവ് കിനിയുന്ന കടാക്ഷം ക്രൂരന്മാരുടെ കഠിനഹൃദയങ്ങളുടെ കവാടങ്ങളെക്കൂടി തള്ളിത്തുറക്കും.
നബി തിരുമേനി കാരുണ്യത്തിന്റെ നിറകുടമായിരുന്നു. അതിനാലാണ് അവിടുന്ന് ലോകത്തിന് മുഴുവൻ അനുഗ്രഹമായത്. സ്ത്രീകളോടും കുട്ടികളോടും വൃദ്ധന്മാരോടും മാത്രമല്ല; മൃഗങ്ങളോടും പക്ഷികളോടും കൊച്ചു പ്രാണികളോടും വൃക്ഷങ്ങളോടുപോലും പ്രവാചകൻ കാരുണ്യം കാണിക്കുകയുണ്ടായി. യുദ്ധത്തിൽപോലും ശത്രുക്കളുടെ സ്ത്രീകളെയും കുഞ്ഞുങ്ങളെയും പ്രായാധിക്യമുള്ളവരെയും ദ്രോഹിക്കരുതെന്ന് പഠിപ്പിച്ച പ്രവാചകൻ ഫലവൃക്ഷങ്ങൾ വെട്ടിനശിപ്പിക്കരുതെന്ന് പ്രത്യേകം നിർദേശിക്കുകയുണ്ടായി.
ഒരിക്കൽ പ്രവാചകൻ തന്റെ പേരക്കുട്ടിയും അലിയുടെ പുത്രനുമായ ഹസനെ ചുംബിച്ചു. അതുകണ്ട് അദ്ദേഹത്തിന്റെ അടുത്തുണ്ടായിരുന്ന അഖ്‌റഉബ്നു ഹാബിസ് ആശ്ചര്യം കൂറി. അയാൾ പറഞ്ഞു: 'എനിക്ക് പത്തു മക്കളുണ്ട്. എന്നാൽ, അവരിൽ ഒരാളെപ്പോലും ഞാൻ ചുംബിച്ചിട്ടില്ല.'
'അല്ലാഹു താങ്കളുടെ ഹൃദയത്തിൽനിന്ന് കാരുണ്യം എടുത്തുകളഞ്ഞെങ്കിൽ ഞാനെന്തു ചെയ്യാനാണ്? കരുണ കാണിക്കാത്തവന് കരുണ ലഭിക്കുകയില്ല'- പ്രവാചകൻ പ്രതിവചിച്ചു.

## 58. ജൂതകുടുംബത്തിന്റെ മനംമാറ്റം

നബി തിരുമേനി നടന്നുപോകുന്ന വഴിവക്കിൽ ഒരു കൊച്ചു കുടിലുണ്ടായിരുന്നു. അതിൽ അന്തിയുറങ്ങിയിരുന്നത് ഒരു ജൂതകുടുംബമാണ്. അവർക്ക് പ്രവാചകനോടും അനുചരന്മാരോടും കടുത്ത പകയുണ്ടായിരുന്നു. അവസരം കിട്ടുമ്പോഴെല്ലാം അവരത് പ്രകടിപ്പിക്കുകയും ചെയ്തു. കൂട്ടത്തിൽ ഒരു പെൺകുട്ടി അകം അടിച്ചുവാരി ചപ്പുചവറുകൾ വഴിയിലൂടെ നടന്നുപോകുന്ന പ്രവാചകന്റെ ശരീരത്തിൽ വീഴത്തക്കവിധം പുറത്തേക്കിടുക പതിവാക്കി. അതിന്റെ പേരിൽ അവൾ അത്യധികം ആഹ്ലാദിക്കുകയും അഭിമാനിക്കുകയും

ചെയ്തു. പക്ഷേ, അതൊന്നും പ്രവാചകനെ ഒട്ടും പ്രകോപിതനാക്കിയില്ല. ശരീരത്തിലെ പൊടിപടലങ്ങൾ തട്ടിക്കളഞ്ഞു പ്രത്യേകിച്ചൊന്നും സംഭവിക്കാത്ത മട്ടിൽ നടന്നുപോവുകയാണ്  അദ്ദേഹം ചെയ്തിരുന്നത്.
ജൂതപ്പെൺകുട്ടിയുടെ ദുർവൃത്തിയിൽ വ്യാകുലചിത്തരായ പ്രവാചക ശിഷ്യന്മാർ പ്രതികാരത്തിനൊരുങ്ങി. എങ്കിലും അവിടുന്ന് അതിനവരെ അനുവദിച്ചില്ല. അദ്ദേഹം അരുൾചെയ്തു: 'എന്റെമേൽ ചവറുകൾ വീഴുന്നതുകൊണ്ട് എനിക്ക് അസൗകര്യമൊന്നുമില്ല. അതോടൊപ്പം ആ പെൺകുട്ടിക്കത് നിർവൃതി നൽകുകയും ചെയ്യുന്നു. ഞാനെന്തിന് അവളുടെ സന്തോഷം നശിപ്പിക്കണം? മാത്രമല്ല, ഞാൻ അല്ലാഹുവിന്റെ മാർഗത്തിൽ ചരിക്കുകയും അവന്റെ മഹത്വം വാഴ്ത്തുകയും ചെയ്യുന്നതിനാലാണല്ലോ ഇതെല്ലാം അനുഭവിക്കേണ്ടിവരുന്നത്. അതിനാൽ, ഇത് അല്ലാഹുവിന്റെ പരീക്ഷണമാണ്. എല്ലാം സന്തോഷപൂർവം സഹിക്കേണ്ടതുണ്ട്.'
ഒരു ദിവസം നബി തിരുമേനി അതുവഴി വന്നപ്പോൾ ആ കുട്ടിയെ കണ്ടില്ല. അടുത്ത രണ്ട് മൂന്ന് ദിവസങ്ങളിലും അങ്ങനെത്തന്നെ. പ്രവാചകൻ അവളെക്കുറിച്ചന്വേഷിച്ചു. അവൾ രോഗബാധിതയായി കിടപ്പിലാണെന്ന് മനസ്സിലായി. അതിനാൽ തിരുമേനി അവളുടെ അടുത്തുചെന്ന് സുഖവിവരങ്ങൾ തിരക്കി. തുടർന്ന് അവളുടെ രോഗശമനത്തിനുവേണ്ടി പ്രാർഥിച്ചു. പിന്നീടിങ്ങനെ പറഞ്ഞു: 'മോളേ, രോഗം കാരണം നിന്റെ ശരീരം വേദനിക്കുന്നുണ്ടാവും. എന്റെ ശരീരത്തിൽ ചപ്പുചവറുകളിടാൻ സാധിക്കാത്തതിനാൽ മനസ്സും. അതിനാൽ, സാധ്യമാംവിധം എന്നെ ദ്രോഹിച്ച് മനസ്സിന്റെ വിഷമമകറ്റുക.'
പ്രവാചകന്റെ വാക്കുകൾ ആ പെൺകുട്ടിയെ പിടിച്ചുലച്ചു. അവൾ പശ്ചാത്താപവിവശയായി കണ്ണീർ വാർക്കാൻ തുടങ്ങി. അങ്ങനെ തിരുമേനിയുടെ സ്നേഹപൂർണമായ സമീപനം അവളെയും കുടുംബത്തെയും അത്യധികം സ്വാധീനിച്ചു. അവർ ശത്രുത വെടിഞ്ഞ് അവിടുത്തെ അനുസരണയുള്ള അനുയായികളായി മാറി.

## 59. അബൂഉമൈറിന്റെ കിളി

അബൂത്വൽഹയുടെയും ഉമ്മുസുലൈമിന്റെയും ഓമനമകനാണ് അബൂഉമൈർ. ഓടിച്ചാടി നടക്കുന്ന പ്രായം. അവനൊരു കിളിയുണ്ടായിരുന്നു. അബൂഉമൈർ അതിനെ അതിയായി സ്നേഹിച്ചു. തീറ്റകൊടുത്തും കളിപ്പിച്ചും ലാളിച്ചും വളർത്തി. അതായിരുന്നു അവന്റെ ഇഷ്ടവിനോദം. ഉമ്മുസുലൈമിന്റെ മകൻ അനസുബ്നു മാലികിനോടൊത്ത് വീട്ടിലെത്തുന്ന നബിതിരുമേനിയും അവന്റെ കളിയിൽ കൂട്ടുചേരും. അവിടുന്ന് ചിരിച്ചുകൊണ്ട് ചോദിക്കും: 'കിളി എന്തു ചെയ്യുന്നു?' അപ്പോഴേക്കും അബൂഉമൈർ അതിനെ തിരുസന്നിധിയിലെത്തിക്കും. കിളിയെ കളിപ്പിച്ചുകൊണ്ടിരിക്കുമ്പോൾ അവന് അതേക്കുറിച്ച് പറയാൻ അനേകം കഥകളുണ്ടാവും. നബി തിരുമേനി എല്ലാം ക്ഷമയോടെ കേട്ടിരിക്കും. 'അതിനെ വേദനിപ്പിക്കരുത്; കരുണ കാണിക്കണം' എന്ന് ഉപദേശിക്കുകയും ചെയ്യും.
ഒരു ദിവസം നബി തിരുമേനി വന്നപ്പോൾ അബൂഉമൈർ ദുഃഖിച്ചിരിക്കുകയാണ്. കാരണം തിരക്കിയപ്പോൾ അന്നു രാവിലെ കിളി ചത്ത വിവരം ഉമ്മുസുലൈം അറിയിച്ചു. തിരുമേനി അവനെ അടുത്തുവിളിച്ചു തലോടി. കിളി എങ്ങനെ മരണപ്പെട്ടുവെന്നു ചോദിച്ചു. തന്റെ അരുമക്കിളി ചത്ത കഥ വിവരിക്കുമ്പോൾ അബൂഉമൈറിന്റെ കവിളിലൂടെ കണ്ണീർ ചാലിട്ടൊഴുകുന്നുണ്ടായിരുന്നു. നബി തിരുമേനി കണ്ണീർ തുടച്ചുകൊടുത്ത് അവനെ സമാശ്വസിപ്പിച്ചു. കുട്ടികളുടെ കൂടെയാവുമ്പോൾ നബി തിരുമേനി അവരിൽ ഒരുവനാകുമായിരുന്നു.

## 60. പക്ഷിക്കുഞ്ഞിന്റെ പക്ഷംചേർന്ന പ്രവാചകൻ

കമ്പിളിപ്പുതപ്പിൽ എന്തോ പൊതിഞ്ഞു പിടിച്ചുകൊണ്ട് ഒരാൾ നബി തിരുമേനിയുടെ അടുത്തുവന്നു. അത് തിരുമേനിയുടെ സമീപത്തുവെച്ച് അദ്ദേഹം പറഞ്ഞു: ''ഇതിനുള്ളിൽ ഒരു തള്ളപ്പക്ഷിയും അതിന്റെ കുഞ്ഞുങ്ങളുമാണ്; വൃക്ഷങ്ങൾ തിങ്ങിനിറഞ്ഞ തോട്ടത്തിലൂടെ ഞാൻ നടന്നുവരുകയായിരുന്നു. അപ്പോഴാണ് പക്ഷിക്കുഞ്ഞുങ്ങളുടെ ശബ്ദം കേട്ടത്.

അവയെ പിടിച്ച് ഈ കമ്പിളിയിൽ പൊതിഞ്ഞു. അപ്പോൾ തള്ളപ്പക്ഷിവന്ന് എന്റെ തലക്കു മുകളിൽ വട്ടമിടാൻ തുടങ്ങി. ഞാൻ കമ്പിളി തുറന്നുപിടിച്ചപ്പോൾ അത് കുഞ്ഞുങ്ങളുടെ അടുത്ത് വന്നിരുന്നു. പെട്ടെന്ന് ഞാനതിനെയും പിടികൂടി.''
ആഗതന്റെ വിവരണം ശ്രദ്ധിച്ചുകേട്ട നബി തിരുമേനി തള്ളപ്പക്ഷിയെയും കുഞ്ഞുങ്ങളെയും തുറന്നുവിടാൻ കൽപിച്ചു. അതനുസരിച്ച് അയാൾ അവയെ തുറന്നുവിടാൻ കമ്പിളി തുറന്നു. പക്ഷേ, തള്ളപ്പക്ഷി പറന്നുപോയില്ല. പറക്കമുറ്റാത്ത കുഞ്ഞുങ്ങളെ അകന്നുനിൽക്കാനതിനു കഴിഞ്ഞില്ല.
പ്രവാചക ശിഷ്യന്മാർ അത്ഭുതത്തോടെ ആ രംഗം നോക്കിനിന്നു. അപ്പോൾ അവിടുന്ന് അരുൾചെയ്തു: 'ഈ തള്ളപ്പക്ഷിക്ക് അതിന്റെ കുഞ്ഞുങ്ങളോടുള്ള സ്നേഹാധിക്യം നിങ്ങളെ ആശ്ചര്യപ്പെടുത്തുന്നു അല്ലേ? എന്നാൽ, അല്ലാഹുവിന് അവന്റെ സൃഷ്ടികളോടുള്ള സ്നേഹം ഇതിന്റെ എത്രയോ ഇരട്ടിയാണെന്ന് നിങ്ങളറിയുക. അതിനാൽ ഈ തള്ളപ്പക്ഷിയെയും കുഞ്ഞുങ്ങളെയും അവയെ പിടികൂടിയേടത്തുതന്നെ കൊണ്ടുപോയി വെക്കുക

## 61. ഉറുമ്പുകൾക്കു വേണ്ടി

നബി തിരുമേനിയും അനുചരന്മാരും യാത്രയിലായിരുന്നു. ക്ഷീണം കാരണം, അവരൊരിടത്ത് തമ്പടിച്ചു. പ്രവാചക ശിഷ്യരിൽ പലരും വിശ്രമിക്കുകയായിരുന്നു. അവിടുന്ന് പരിസരം നിരീക്ഷിക്കാൻ ഇറങ്ങിനടന്നു. അൽപം അകലെ തീ ആളിക്കത്തുന്നത് അദ്ദേഹത്തിന്റെ ശ്രദ്ധയിൽപെട്ടു. തണുപ്പു മാറ്റാൻ ആരോ തീ കത്തിച്ചതായിരുന്നു. നബി തിരുമേനി ആ ഭാഗത്തേക്ക് നടന്നു. അപ്പോഴാണ് ഒരു ഉറുമ്പിൻകൂട്ടം അദ്ദേഹത്തിന്റെ ശ്രദ്ധയിൽപെട്ടത്. തീ തുടർന്ന് കത്തിയാൽ അവ കരിഞ്ഞു ചാരമാവുമെന്ന് അവിടുന്ന് മനസ്സിലാക്കി. അവ വെന്തു ചാവുന്നതിനെക്കുറിച്ച് ഓർക്കാൻപോലും അദ്ദേഹത്തിനു സാധിച്ചില്ല. അദ്ദേഹം തന്റെ അനുയായികളോട് വിളിച്ചു ചോദിച്ചു: 'ആരാണ് തീ കത്തിച്ചത്?'
'ഞാനാണ്' – തീ കത്തിച്ചയാൾ അറിയിച്ചു.
'എങ്കിൽ വേഗം വന്ന് അത് കെടുത്തൂ'– നബി തിരുമേനി കൽപിച്ചു. കാരണംപോലും തിരക്കാതെ അയാളത് അനുസരിച്ചു. തീ തീർത്തും കെടുന്നതുവരെ പ്രവാചകൻ അവിടെത്തന്നെ നിന്നു. ഉറുമ്പുകൾ രക്ഷപ്പെട്ടുവെന്ന് ബോധ്യമായപ്പോൾ അവിടുന്ന് ആത്മഗതം ചെയ്തു: 'സർവസ്തുതിയും അല്ലാഹുവിന്നാണ്.'

## 62. ഒട്ടകത്തിന്റെ കണ്ണീർ

നബി തിരുമേനി ഒരു തോട്ടത്തിനരികിലൂടെ നടന്നുപോവുകയായിരുന്നു. അപ്പോൾ ഒരൊട്ടകത്തിന്റെ ദയനീയമായ കരച്ചിൽ കേട്ടു. നോക്കിയപ്പോൾ ഈന്തപ്പന മരത്തിൻമേൽ കെട്ടിയിട്ട ഒട്ടകത്തെയാണ് കണ്ടത്. അതിന്റെ കണ്ണിൽ വെള്ളം നിറഞ്ഞിരുന്നു. പ്രവാചകൻ തന്റെ കൈകൊണ്ട് അത് തുടച്ചുകൊടുത്തു. പിന്നീട് അതിന്റെ ശരീരത്തിൽ തടവി അതിനെ ആശ്വസിപ്പിച്ചു. അത് വിശന്നുവലഞ്ഞതിനാലാണ് കരയുന്നതെന്ന് തിരുമേനിക്ക് ബോധ്യമായി. അദ്ദേഹം വിളിച്ചു ചോദിച്ചു: 'ആരുടേതാണ് ഈ ഒട്ടകം?'
'എന്റേതാണ്'–മരച്ചുവട്ടിൽ വിശ്രമിക്കുകയായിരുന്ന ഒരാൾ മറുപടി നൽകി. ഒട്ടകത്തെ കെട്ടിയിട്ട് പട്ടിണിക്കിട്ടത് ക്രൂരതയാണെന്ന് അവിടുന്ന് അയാളെ അറിയിച്ചു. 'ഈ ഒട്ടകത്തിന്റെ കാര്യത്തിൽ താങ്കൾ അല്ലാഹുവെ ഭയപ്പെടുന്നില്ലേ? അല്ലാഹു അതിനെ നമ്മെ ഏൽപിച്ചത് നന്നായി സംരക്ഷിക്കാനാണ്. അതിനെ പരിപാലിച്ചു പോറ്റുന്നവർക്കേ അതിനെ ഉപയോഗപ്പെടുത്താൻ അവകാശമുള്ളൂ.'
നബി തിരുമേനിയുടെ വാക്കുകൾ അയാളെ പശ്ചാത്താപവിവശനാക്കി. അയാൾ പറഞ്ഞു: 'അല്ലാഹുവിന്റെ ദൂതരേ, ഞാൻ ചെയ്തത് മഹാപാതകം തന്നെ. അല്ലാഹുവിന്റെ ഈ സൃഷ്ടിയോട് ഇവ്വിധം ക്രൂരത കാണിക്കരുതായിരുന്നു. തീർച്ചയായും ഞാൻ മനസ്സറിഞ്ഞ് ഖേദിക്കുന്നു.'

## 63. മരത്തിന്റെ വേദന

‘മോനേ, നീ എന്തിനാണ് മരത്തിന് നേരെ കല്ലെറിഞ്ഞത്?’പ്രവാചകൻ തന്റെ മുമ്പിൽ ഹാജരാക്കപ്പെട്ട കൊച്ചു കുട്ടിയോട് ചോദിച്ചു. കായ്ച്ചുനിൽക്കുന്ന ഈന്തപ്പനക്ക് കല്ലെറിഞ്ഞതിന്റെ പേരിൽ തോട്ടമുടമ പിടിച്ചുകൊണ്ടുവന്നതായിരുന്നു അവനെ.
‘പഴം കിട്ടാൻ വേണ്ടി എറിഞ്ഞതാ’-നിഷ്കളങ്കമായ മറുപടി. അവനതൊരു തെറ്റോ കുറ്റമോ ആയി കരുതിയിരുന്നില്ല.
‘‘എന്നാൽ മോനേ, ഇനി മേൽ നീ ഒരു മരത്തെയും എറിയരുത്. കല്ലുകൊണ്ടാൽ അതിനു വേദനിക്കില്ലേ? പോറലും പരിക്കും പറ്റില്ലേ? പിന്നെയത് പഴം തരുമോ? പഴുത്തു പാകമായാൽ എറിഞ്ഞില്ലെങ്കിലും പഴം താഴെ വീഴും. അപ്പോൾ അതെടുത്ത് തിന്നാമല്ലോ.’ അവന്റെ തലയിലും പുറത്തും തടവിക്കൊണ്ട് നബി തിരുമേനി ഉപദേശിച്ചു. ഇനി താനൊരിക്കലും മരത്തെ എറിയില്ലെന്ന തീരുമാനവുമായാണ് ആ കുട്ടി സ്ഥലംവിട്ടത്.

## 64. സൂര്യഗ്രഹണവും പ്രവാചകപുത്രന്റെ മരണവും

പ്രവാചകന് ഏറെ പ്രിയപ്പെട്ട മകനായിരുന്നു ഇബ്റാഹീം. അവനെക്കൂടാതെ ആൺകുട്ടികളുണ്ടായിരുന്നില്ല. ഖാസിമും ത്വാഹിറും അവരുടെ മാതാവ് ഖദീജയുടെ മടിത്തട്ടിൽവെച്ച് ശൈശവത്തിൽ തന്നെ മൃതിയടഞ്ഞിരുന്നു. അതിനാൽ ഇബ്റാഹീമിനോടുള്ള സ്നേഹവാത്സല്യ വികാരം അപാരമായിരുന്നു. ഒഴിവു കിട്ടുമ്പോഴെല്ലാം അവനെ കളിപ്പിക്കാനും ലാളിച്ച് ഓമനിക്കാനും ഓടിയെത്തുമായിരുന്നു.
എന്നാൽ പ്രവാചകന്റെ ഈ സന്തോഷം ഏറെ നീണ്ടുനിന്നില്ല. ഒരുവയസ്സ് തികയുംമുമ്പെ ഇബ്റാഹീം രോഗബാധിതനായി. മാതാവ് മാരിയത്തും അവരുടെ സഹോദരി സീറീനും കൂടി കുഞ്ഞിനെ ആവുംവിധം ശുശ്രൂഷിച്ചു. രോഗം വർധിച്ച് ആസന്നമരണനായപ്പോൾ അവർ നബി തിരുമേനിയെ വിവരമറിയിച്ചു. ഏറെ ദുഃഖിതനായ പ്രവാചകൻ അബ്ദുറഹ്മാനുബ്നു ഔഫിന്റെ കൂടെ മാരിയത്തിന്റെ വീട്ടിലെത്തി. അന്ത്യശ്വാസം വലിച്ചുകൊണ്ടിരുന്ന ഓമന മകനെ നോക്കി അവിടുന്ന് പറഞ്ഞു: ‘അല്ലാഹുവിന്റെ വിധിയിൽനിന്ന് നിന്നെ രക്ഷിക്കാൻ ഞങ്ങൾ അശക്തരാണ്.’
ഏറെക്കഴിയും മുമ്പെ ആ പിഞ്ചോമനയുടെ ഹൃദയമിടിപ്പുകൾ നിലച്ചു. ചലനമറ്റ ആ ശരീരത്തിലേക്കു നോക്കി നബി തിരുമേനി പറഞ്ഞു: ‘ഇബ്റാഹീം; മനുഷ്യരിലെ ആദ്യത്തവനും അവസാനത്തവനും നാളെ ഒരുമിച്ചുകൂട്ടപ്പെടുമെന്നത് അനിഷേധ്യമായ സത്യമാണ്. ഉറപ്പായും പുലരുന്ന ദൈവിക വാഗ്ദാനം! ആ ദിനമില്ലായിരുന്നെങ്കിൽ നിന്റെ പേരിലുള്ള ഞങ്ങളുടെ ദുഃഖം ഇതിനെക്കാൾ എത്രയോ കൂടുതലാകുമായിരുന്നു.’
ഇബ്റാഹീമിന്റെ മരണം പ്രവാചകനെ അത്യധികം അലോസരപ്പെടുത്തി. മനസ്സിന്റെ പ്രയാസം മുഖത്ത് പ്രകടമാവുകയും ചെയ്തു.
അന്നും മദീനയുടെ പുലർകാലം പതിവുപോലെ പ്രശോഭിതമായിരുന്നു. എന്നാൽ, മധ്യാഹ്നമായതോടെ അന്തരീക്ഷം മങ്ങാൻ തുടങ്ങി. ഏറെക്കഴിയുംമുമ്പേ എങ്ങും ഇരുൾ പരന്നു. നേരം നട്ടുച്ചയായിരുന്നിട്ടും രാത്രിയായപോലെ. എന്താണ് സംഭവിച്ചതെന്ന് ആർക്കും ഒന്നും മനസ്സിലായില്ല. അത്തരമൊരനുഭവം സമീപകാലത്തൊന്നും മദീനാവാസികൾക്കുണ്ടായിരുന്നില്ല. അതിനാൽ പലരും പരിഭ്രാന്തരായി. എന്തോ വൻ വിപത്ത് വന്നെത്തി എന്നവർ കരുതി. എന്താണ് സംഭവിച്ചതെന്ന് അറിയാൻ അതിയായ ആശങ്കയോടെ എല്ലാവരും അന്വേഷിച്ചുകൊണ്ടിരുന്നു. അപ്പോഴാണ് ഏറെപ്പേരും പ്രവാചകപുത്രൻ ഇബ്റാഹീമിന്റെ മരണത്തെക്കുറിച്ച് കേട്ടത്. അതോടെ അവർ സൂര്യഗ്രഹണത്തെ അതുമായി ബന്ധിപ്പിച്ചു. വാർത്ത കാട്ടുതീപോലെ പരന്നു. കേട്ടവരൊക്കെ കുട്ടിയുടെ മരണം കാരണമാണ് ഇരുൾ മൂടിയതെന്ന് ധരിച്ചു. അതിന് വമ്പിച്ച പ്രചാരം കിട്ടുകയും ചെയ്തു.
സത്യത്തിൽ സംഭവം തികച്ചും യാദൃച്ഛികമായിരുന്നു. ഒന്നിന് മറ്റൊന്നുമായി ബന്ധമുണ്ടായിരുന്നില്ല. എന്നാൽ, ഇത്തരം അസാധാരണമായ ഒത്തുവരവുകളാണല്ലോ മൂഢവിശ്വാസങ്ങൾക്ക് ജന്മം നൽകാറുള്ളത്. അമാനുഷികത അവകാശപ്പെടുന്ന വ്യാജദൈവങ്ങളും സിദ്ധന്മാരും ഒട്ടേറെ പ്രവചനങ്ങൾ നടത്തും. അപൂർവം ചിലത്

ഒത്തുവരും. അവർ തങ്ങളെ തേടിയെത്തുന്നവർക്കെല്ലാം ചികിൽസ വിധിക്കും. ചുരുക്കം ചിലരുടെ രോഗം സുഖമാകും. ചികിൽസയില്ലാതെയും ധാരാളം രോഗങ്ങൾ ഭേദമാകാറുണ്ടല്ലോ. പുലർന്ന പ്രവചനങ്ങൾക്കും രോഗം സുഖമായതിനും വമ്പിച്ച പ്രചാരം നൽകും. ഏറെ പ്രവചനങ്ങളും പിഴച്ചവയും, രോഗങ്ങൾ ഭേദമാകാത്തവയുമാണെങ്കിലും അവ എല്ലാവരും മറക്കുകയോ മറച്ചുവെക്കുകയോ ചെയ്യും. യാദൃച്ഛിക സംഭവങ്ങൾ അന്ധവിശ്വാസങ്ങൾക്ക് കാരണമാവുന്നതും അവ്വിധംതന്നെ.
ജനം മദീനയുടെ തെരുവിൽ ഒത്തുകൂടി മുഹമ്മദ് നബിയുടെ മഹത്വത്തെ സംബന്ധിച്ച് സംസാരിക്കാൻ തുടങ്ങി. മകൻ മരണമടഞ്ഞപ്പോഴേക്കും അല്ലാഹു സൂര്യനെ മറച്ചുകളഞ്ഞതിനെക്കുറിച്ച് അദ്ഭുതം പ്രകടിപ്പിക്കുകയായിരുന്നു അവർ. അവസാനം അവരുടെ വർത്തമാനം പ്രവാചകന്റെ കാതുകളിലുമെത്തി. ഉടനെ അദ്ദേഹം അവരെ വിളിച്ചുവരുത്തി. എല്ലാവരും മദീനയിലെ പള്ളിയിൽ ഒരുമിച്ചുകൂടിയപ്പോൾ പ്രസംഗപീഠത്തിൽ കയറി പ്രവാചകൻ പറഞ്ഞു: 'സൂര്യനും ചന്ദ്രനും അല്ലാഹുവിന്റെ അടയാളങ്ങളാണ്. അവന്റെ മഹത്വത്തിന്റെ ചിഹ്നങ്ങൾ! അല്ലാഹു നിശ്ചയിച്ച ക്രമമനുസരിച്ച് അവ ഉദിക്കുകയും അസ്തമിക്കുകയും ചെയ്യുന്നു. നിർണിത മാർഗത്തിലൂടെ സഞ്ചരിക്കുന്നു. ആരുടെയും ജനനമോ മരണമോ കാരണമായി അവക്ക് ഒരു മാറ്റവുമുണ്ടാവുകയില്ല. ഇത്തരം സംഭവങ്ങളുണ്ടാവുമ്പോൾ നിങ്ങൾ അല്ലാഹുവെ വാഴ്ത്തുക. അവനോട് പ്രാർഥിക്കുകയും ചെയ്യുക.'
അങ്ങനെ നബി തിരുമേനി അനശ്വരമാകുമായിരുന്ന വലിയ ഒരന്ധവിശ്വാസത്തിന് അറുതിവരുത്തി. മൂഢധാരണകളൊരുക്കുന്ന അമാനുഷികതയുടെയും മഹത്വത്തിന്റെയും തൂവലുകൾ തന്റെ ശിരസ്സിലുണ്ടാവാതിരിക്കാൻ ജാഗ്രത പുലർത്തുകയും ചെയ്തു.

## 65. പ്രവാചകന് പ്രിയപ്പെട്ട കുട്ടി

യമൻകാരായ തജീബ് ഗോത്രത്തിലെ പതിമൂന്നു പേർ പ്രവാചകനെ കാണാൻ വന്നു. അവരുടെ സാന്നിധ്യത്തിൽ സന്തുഷ്ടനായ നബി തിരുമേനി അവരെ സൽക്കരിക്കാൻ ബിലാലുബ്നു റബാഹിനെ ചുമതലപ്പെടുത്തി. അവർ പ്രവാചകന്റെ കൂടെ താമസിച്ച് പലതും പഠിച്ചു. തിരിച്ചുപോകാറായപ്പോൾ നബി തിരുമേനിയെ സമീപിച്ച് വിട ചോദിച്ചു. നിവേദകസംഘങ്ങൾക്ക് സാധാരണ നൽകിവരാറുള്ള സമ്മാനങ്ങളിൽ ഏറ്റവും നല്ലത് അവർക്ക് കൊടുക്കാൻ പ്രവാചകൻ ബിലാലിനോട് ആവശ്യപ്പെട്ടു. അവർ പോകാനൊരുങ്ങവെ തിരുമേനി ചോദിച്ചു: 'നിങ്ങളുടെ കൂടെ വേറെ വല്ലവരുമുണ്ടോ?'
'യാത്രാവാഹനങ്ങൾക്ക് കാവലിരിക്കുന്ന ഒരു കുട്ടിയുണ്ട്'–അവർ അറിയിച്ചു.
'എങ്കിൽ അവനോട് ഇവിടെ വരാൻ പറയൂ'–പ്രവാചകൻ ആവശ്യപ്പെട്ടു.
യാത്രാസംഘം നിർദേശിച്ചതനുസരിച്ച് ആ കുട്ടി നബി തിരുമേനിയെ സമീപിച്ചു. അവൻ സ്വയം പരിചയപ്പെടുത്തിക്കൊണ്ടിങ്ങനെ പറഞ്ഞു: 'ഞാൻ അബദീ ഗോത്രക്കാരനാണ്. അൽപം മുമ്പ് അങ്ങയെ സന്ദർശിച്ച സംഘത്തിന്റെ ആവശ്യങ്ങൾ അങ്ങ് പൂർത്തീകരിച്ചുകൊടുത്തല്ലോ. എന്റെ ആവശ്യവുംകൂടി നിർവഹിച്ചുതന്നാലും.'
'എന്തെല്ലാമാണ് നിന്റെ ആവശ്യങ്ങൾ?'–പ്രവാചകൻ ചോദിച്ചു.
'എന്റെ ആവശ്യങ്ങൾ എന്റെ കൂട്ടുകാരുടേതുപോലുള്ളതല്ല. ഞാൻ നാട്ടിൽനിന്ന് ഇവിടംവരെ വന്നത് അങ്ങയോട് എനിക്കുവേണ്ടി പ്രാർഥിക്കാൻ ആവശ്യപ്പെടാനാണ്. എനിക്ക് പൊറുത്തുതരാനും എന്നിൽ കരുണ ചൊരിയാനും എന്റെ ഐശ്വര്യം എന്റെ മനസ്സിൽതന്നെ ആയിത്തീരാനും അങ്ങ് അല്ലാഹുവിനോട് പ്രാർഥിച്ചാലും'–കുട്ടി പതിഞ്ഞ സ്വരത്തിൽ പറഞ്ഞു.
ഇത് കേട്ട പ്രവാചകൻ വിസ്മയഭരിതനായി. കുട്ടിയെ തന്റെ അടുത്തുനിർത്തി ഇങ്ങനെ പ്രാർഥിച്ചു: 'അല്ലാഹുവേ, ഈ കുട്ടിക്ക് നീ പൊറുത്തുകൊടുക്കേണമേ, അവനിൽ കരുണ വർഷിക്കേണമേ, അവന്റെ ഐശ്വര്യം അവന്റെ മനസ്സിൽതന്നെ ആക്കേണമേ.'
യാത്രാസംഘത്തോടൊപ്പം ആ കുട്ടിയും നാട്ടിലേക്ക് തിരിച്ചു. പിന്നീട് ഹിജ്റ പത്താം വർഷം ഹജ്ജ് വേളയിൽ മിനയിൽവെച്ച് ആ യാത്രാസംഘം നബി തിരുമേനിയുമായി കണ്ടുമുട്ടി. സംസാരത്തിനിടെ അവിടുന്ന് ചോദിച്ചു: 'നിങ്ങളോടൊപ്പം വന്നിരുന്ന ആ കുട്ടി എവിടെ?'
അവർ ഏകസ്വരത്തിൽ പറഞ്ഞു: 'അവനെപ്പോലെ വേറെ ആരെയും ഞങ്ങൾ കണ്ടിട്ടില്ല. അല്ലാഹു നൽകിയതിൽ അവനെക്കാൾ സംതൃപ്തനായി ജീവിക്കുന്ന ആരെപ്പറ്റിയും ഞങ്ങൾ കേട്ടിട്ടുമില്ല. ജനങ്ങളെല്ലാംകൂടി ഈ ലോകത്തെ ഓഹരിവെക്കുകയാണെങ്കിൽപോലും

അവനങ്ങോട്ട് തിരിഞ്ഞുനോക്കുകയില്ല.'
'അല്ലാഹുവിന് സ്തുതി. അവൻ ഒന്നായി മരിക്കട്ടെ എന്ന് ഞാൻ പ്രാർഥിക്കുന്നു.' പ്രവാചകൻ പറഞ്ഞു.
'മനുഷ്യരൊക്കെ ഒന്നായിത്തന്നെയല്ലേ മരിക്കുക?' ഒരാൾ സംശയം പ്രകടിപ്പിച്ചു.
'അല്ല. ചിന്നിച്ചിതറി മരിക്കുന്നവരുണ്ട്. അവരുടെ ആഗ്രഹാഭിലാഷങ്ങൾ താഴ്വരകളിൽ ചിതറിക്കിടക്കും. അത്തരം ഏതെങ്കിലും താഴ്വരയിൽവെച്ചാകും മരണം അവരെ പിടികൂടുക. ഏതിൽവെച്ചാണവൻ നശിച്ചതെന്ന് അല്ലാഹു ശ്രദ്ധിക്കുകയേ ഇല്ല.'
പ്രവാചകൻ പ്രതീക്ഷിക്കുകയും പ്രാർഥിക്കുകയും ചെയ്തപോലെ ആ കുട്ടി ഒന്നിലും ആർത്തി കാണിക്കാതെ, കിട്ടിയതുകൊണ്ട് തൃപ്തിയടഞ്ഞ് നല്ല നിലയിൽ ജീവിച്ചു. ഏറെ സന്തുഷ്ടനായി മരണമടയുകയും ചെയ്തു

## 66. വിവേചന രഹിതമായ നീതി

നബി തിരുമേനിയുടെകാലത്ത് മഖ്സൂം ഗോത്രത്തിലെ ഒരു സ്ത്രീ മോഷണം നടത്തി. അവർ ശിക്ഷിക്കപ്പെടുമെന്നുറപ്പായി. അത് ഖുറൈശികൾക്ക് അത്യധികം അപമാനകരമായിത്തോന്നി. അവർ അങ്ങേയറ്റം ആകുലചിത്തരായി. അത്രയേറെ ആഭിജാത്യമുള്ള കുടുംബത്തിലെ സ്ത്രീ ശിക്ഷിക്കപ്പെടുന്നത് അവർക്ക് അചിന്ത്യമായിരുന്നു. അതിനാലവർ അന്യോന്യം ചോദിച്ചു:
'ഇവരെ ശിക്ഷയിൽനിന്നൊഴിവാക്കി കിട്ടാൻ ആരാണ് നമുക്കുവേണ്ടി നബിയുടെ അടുക്കൽ ശുപാർശ പറയുക.'
''ഉസാമതുബ്നു സൈദ് നബി തിരുമേനിയുടെ ആത്മമിത്രമാണ്. അവിടുന്ന് അദ്ദേഹത്തെ അതിയായി ഇഷ്ടപ്പെടുന്നു.'' ഇക്കാര്യം അനുസ്മരിച്ച ഖുറൈശികൾ അദ്ദേഹത്തെ സമീപിച്ച് തങ്ങളുടെ ആവശ്യം ഉന്നയിച്ചു. വളരെ മടിച്ചാണെങ്കിലും അവരുടെ അഭ്യർഥനമാനിച്ച് നബി തിരുമേനിയോട് ഉസാമ അതേക്കുറിച്ച് സംസാരിച്ചു. ഇതു കേട്ട പ്രവാചകന്റെ മുഖം വിവർണമായി. അമർഷത്തോടെ അവിടുന്ന് അദ്ദേഹത്തോട് ചോദിച്ചു: 'പ്രമാണിമാർ തെറ്റുചെയ്താൽ വെറുതെവിടുകയും പാവങ്ങളാണ് അത് ചെയ്തതെങ്കിൽ പിടികൂടി ശിക്ഷിക്കുകയും ചെയ്തതിനാലാണ് നിങ്ങളുടെ മുൻഗാമികൾ നാശത്തിലകപ്പെട്ടത്. ഞാനും അതാവർത്തിക്കുകയോ?'
തുടർന്ന് നബിതിരുമേനി കർക്കശ സ്വരത്തിൽ പറഞ്ഞു: ''മുഹമ്മദിന്റെ മകൾ ഫാത്വിമയാണ് കട്ടതെങ്കിലും ഞാനവളുടെ കരം ഛേദിക്കും; തീർച്ച!''

## 67. ശിക്ഷയും ശിക്ഷണവും

ഇസ്ലാമിലെ വ്രതകാലം. പ്രവാചക ശിഷ്യനിൽനിന്ന് ഒരബദ്ധം സംഭവിച്ചു: ഒരനുഷ്ഠാനലംഘനം. വ്രതവേളയിൽ ഭാര്യയുമായി ശാരീരിക ബന്ധം പുലർത്തി. പശ്ചാത്താപവിവശനായ അയാൾ പ്രവാചകനെ സമീപിച്ച് വിവരം ധരിപ്പിച്ചു. തുടർന്ന് പ്രായശ്ചിത്തത്തിന് സ്വീകരിക്കേണ്ട പ്രതിവിധി ആരാഞ്ഞു. നബി തിരുമേനി അദ്ദേഹത്തോടിങ്ങനെ നിർദേശിച്ചു: 'ബന്ധിതനായ ഒരടിമയെ മോചിപ്പിക്കുക; അതാണ് താങ്കളുടെ തെറ്റുതിരുത്താനുള്ള കുറ്റമറ്റ മാർഗം. അതിമഹത്തായ പുണ്യകർമം കൂടിയാണത്. താങ്കളുടെ പാപത്തെ അത് പൂർണമായും മായ്ച്ചുകളയും.'
'അല്ലാഹുവിന്റെ ദൂതരേ, അതെനിക്ക് അസാധ്യമാണല്ലോ. ഒരടിമയെ മോചിപ്പിക്കാനുള്ള സാമ്പത്തികശേഷി എനിക്കില്ലല്ലോ.' യുവാവ് തന്റെ പ്രയാസം അറിയിച്ചു.
'എങ്കിൽ രണ്ടുമാസം തുടർച്ചയായി നോമ്പെടുക്കുക. അത് നല്ലൊരു പരിശീലനം തന്നെ. പാപനിവൃത്തിക്ക് ഏറ്റം പറ്റിയതും.' നബി തിരുമേനി നിർദേശിച്ചു.
'ഒരുമാസത്തെ നോമ്പുതന്നെ നിബന്ധനകൾ പാലിച്ച് നിർവഹിക്കാനാവാത്ത ഞാനെങ്ങനെ രണ്ടുമാസം തുടർച്ചയായി വ്രതമാചരിക്കും?!' യുവാവ് തന്റെ നിസ്സഹായത പ്രകടിപ്പിച്ചു.
'എങ്കിൽ അറുപത് അഗതികൾക്ക് അന്നം നൽകുക. അതല്ലാത്ത പരിഹാരമൊന്നുമില്ല' പ്രവാചകൻ അവസാനത്തെ പരിഹാരമാർഗവും സമർപ്പിച്ചു.
'തിരുദൂതരേ, ഞാൻ പറ്റെ പാവപ്പെട്ടവനാണ്. മാനമായി ജീവിക്കാൻപോലും പ്രയാസപ്പെടുന്ന

പരമ ദരിദ്രൻ. അതിനാൽ അറുപത് അഗതികൾക്ക് അന്നം നൽകാനെനിക്ക് കഴിയില്ലല്ലോ.' യുവാവിന്റെ വാക്കുകൾകേട്ട് പ്രവാചകൻ പുഞ്ചിരിച്ചു. അയാളുടെ കളങ്കമേശാത്ത കുറ്റബോധവും കടുത്ത നിസ്സഹായതയും നബി തിരുമേനിയിൽ സഹതാപമുണർത്തി. അപ്പോഴാണ് അദ്ദേഹത്തിന് സമർപ്പിക്കാനായി ഒരു കുട്ട നിറയെ കാരക്കയുമായി ഒരു കൂട്ടുകാരൻ അവിടെ എത്തിയത്. നബി തിരുമേനി ആ സമ്മാനം സ്വീകരിച്ച് യുവാവിന് നൽകി. എന്നിട്ട് ഇങ്ങനെ പറഞ്ഞു: 'ഈ ഈത്തപ്പഴം കൊണ്ടുപോയി ദരിദ്രർക്ക് ദാനം ചെയ്യുക.'

'അല്ലാഹുവിന്റെ ദൂതരേ, അങ്ങക്ക് എന്നെക്കുറിച്ച് അറിയുകയില്ല. എന്നെപ്പോലെ ദരിദ്രരും അഗതികളുമായി ഈ പ്രദേശത്ത് മറ്റാരുമില്ല' -യുവാവ് അറിയിച്ചു.

'അങ്ങനെയാണോ? എങ്കിൽ ഇത് കൊണ്ടുപോയി നീ സ്വയം അനുഭവിക്കുക'-നബി തിരുമേനി നിർദേശിച്ചു.

കാരുണ്യത്തിന്റെ നിറകുടമായ പ്രവാചകന്റെ വാക്കുകൾ ആ യുവാവിന്റെ കണ്ണുകളെ ഈറനണിയിച്ചു. ഈ ശിക്ഷാവിധി അവിടെയുണ്ടായിരുന്നവരെയൊക്കെ ആശ്ചര്യഭരിതരാക്കുകയും ചെയ്തു. എന്നാൽ, മനുഷ്യനെ പീഡിപ്പിക്കലോ പ്രയാസപ്പെടുത്തലോ ദൈവത്തിന്റെ ലക്ഷ്യമല്ലെന്നും അവനെ സംസ്കരിക്കലും ശുദ്ധീകരിക്കലുമാണ് ഉദ്ദേശ്യമെന്നും ഇതിലൂടെ നബി തിരുമേനി അവരെ പഠിപ്പിക്കുകയായിരുന്നു. ലോകരാരുമറിയാതെ പരമരഹസ്യമായി ചെയ്യുന്ന തെറ്റുപോലും ഉത്തരവാദപ്പെട്ടവരെ അറിയിച്ച് ശിക്ഷ ഏറ്റുവാങ്ങാൻ സന്നദ്ധമാവുംവിധം മനസ്സിനെ വണക്കവും ജീവിതത്തെ വഴക്കവുമുള്ളതാക്കലാണ് പ്രധാനം. പിന്നെ, നൽകപ്പെടുന്ന ശിക്ഷയുടെ സ്വഭാവത്തിന് രണ്ടാംസ്ഥാനമേയുള്ളൂ

## 68. രണ്ടു സംഭവം; രണ്ടു വിധി

ആറാം നൂറ്റാണ്ടിലെ അറേബ്യൻ സമൂഹത്തിൽ സ്ത്രീകൾ അടിമകളെപ്പോലെയായിരുന്നു. അങ്ങാടിയിൽ കൈമാറ്റം ചെയ്യപ്പെടുന്ന ചരക്കുപോലെയോ ചന്തയിൽ വിൽക്കപ്പെടുന്ന കന്നുകാലികളെപ്പോലെയോ ഒരുപഭോഗവസ്തു മാത്രമായിരുന്നു അവൾ. വിവാഹത്തിലോ കുടുംബജീവിതത്തിലോ അവളുടെ അഭിപ്രായങ്ങൾക്കും നിർദേശങ്ങൾക്കും ഒട്ടും പരിഗണന ലഭിച്ചിരുന്നില്ല. തലമുറകളായി തുടർന്നുവരുന്ന ഈ രീതിയനുസരിച്ച് ഒരാൾ തന്റെ മകളെ അദ്ദേഹത്തിന്റെ സഹോദരപുത്രന് കല്യാണം കഴിച്ചുകൊടുത്തു.

സഹോദരപുത്രനുണ്ടായിരുന്ന ചില ന്യൂനതകൾ അവളിലൂടെ പരിഹരിക്കാമെന്നാണ് പിതാവ് പ്രതീക്ഷിച്ചത്. എന്നാൽ മകൾക്ക് അയാളെ ഇഷ്ടമായില്ല. എന്നല്ല; തന്റെ സമ്മതമോ അഭിപ്രായമോ ആരായാതെ പിതാവ് തന്നെ വിവാഹം ചെയ്തുകൊടുത്തത് ശരിയല്ലെന്ന് വിശ്വസിക്കുകയും ചെയ്തു. ഇസ്‌ലാം സമ്മാനിച്ച സ്വാതന്ത്ര്യ ബോധമായിരുന്നു അതിനവളെ പ്രേരിപ്പിച്ചത്. അതുകൊണ്ടുതന്നെ അവൾ പ്രവാചകനെ സമീപിച്ച് പിതാവിനെതിരെ പരാതി പറഞ്ഞു. നബി തിരുമേനി തീരുമാനാധികാരം അവൾക്കുതന്നെ നൽകി-ഇഷ്ടമുണ്ടെങ്കിൽ പിതാവ് തെരഞ്ഞെടുത്ത വരനെ സ്വീകരിക്കാം. അല്ലെങ്കിൽ ഒഴിവാക്കാം. തന്റെയും അതുവഴി സ്ത്രീ സമൂഹത്തിന്റെയും സ്വാതന്ത്ര്യം സ്ഥാപിച്ചെടുത്ത മകൾ പറഞ്ഞു: 'പിതാവ് ചെയ്തത് ഞാൻ അംഗീകരിക്കുന്നു. ഇക്കാര്യത്തിൽ പിതാക്കന്മാരുടെ അധികാരം എത്രത്തോളമാണെന്ന് പഠിപ്പിച്ചുകൊടുക്കലാണ് എന്റെ ലക്ഷ്യം.' തന്റെ നിലപാടിന് പ്രവാചകാംഗീകാരം നേടി സ്ത്രീസമൂഹത്തിന്റെ മഹത്ത്വം ഉയർത്തിക്കാണിച്ച ആ പെൺകുട്ടി അഭിമാനത്തോടെ തിരിച്ചുപോയി.

പ്രവാചക ശിഷ്യരിൽ പ്രമുഖനായ സാബിതുബ്നു ഖൈസിന്റെ ശരീരപ്രകൃതം ഒട്ടും ആകർഷണീയമായിരുന്നില്ല. നിറം കറുപ്പും മുഖം വിരൂപവും. അതോടൊപ്പം ഭാര്യ ജമീല അതീവ സുന്ദരിയും. അതിനാൽ അദ്ദേഹം അവളെ അതിയായി സ്നേഹിച്ചു. എന്നാൽ, ജമീലക്ക് അദ്ദേഹത്തെ ഉൾക്കൊള്ളാൻ കഴിഞ്ഞില്ല. അതിനാൽ അവൾ ദാമ്പത്യബന്ധം വേർപെടുത്താനാഗ്രഹിച്ചു. സാബിതിന് അത് ചിന്തിക്കാൻപോലും സാധ്യമായിരുന്നില്ല. അദ്ദേഹത്തിന് ഭാര്യയെ അത്രയേറെ ഇഷ്ടമായിരുന്നു. അതിനാൽ ജമീല പ്രവാചകനെ സമീപിച്ച് തന്റെ പ്രയാസം ധരിപ്പിച്ചു. അവർ പറഞ്ഞു: 'ദൈവദൂതരേ, ഞാൻ സാബിതുബ്നു ഖൈസിൽ മതപരമോ സ്വഭാവപരമോ ആയ പോരായ്മകളൊന്നും കാണുന്നില്ല. എന്നിട്ടും എനിക്ക് അദ്ദേഹത്തോട് ഒട്ടും ഇഷ്ടം തോന്നുന്നില്ല. മനസ്സിൽ വല്ലാത്ത വെറുപ്പ്. അതിനാൽ

ഞാൻ വിവാഹമോചനം ആഗ്രഹിക്കുന്നു.'
ഇതുകേട്ട പ്രവാചകൻ ചോദിച്ചു: 'വിവാഹമൂല്യമായി നിങ്ങൾ എന്താണ് അദ്ദേഹത്തിൽനിന്ന് വാങ്ങിയത്?'
'ഒരു തോട്ടം'–അവർ പറഞ്ഞു.
'അത് തിരിച്ചുനൽകി വിവാഹമോചനം നേടിക്കൂടേ?'
'തീർച്ചയായും'–ജമീല അറിയിച്ചു.
അതനുസരിച്ച് നബി തിരുമേനി സാബിതിനോട് പറഞ്ഞു: 'തോട്ടം സ്വീകരിച്ചുകൊള്ളുക. അവളെ ഒരു തവണ വിവാഹമോചനം നടത്തുകയും ചെയ്യുക.'
പ്രവാചകന്റെ ഈ തീരുമാനം സ്ത്രീക്ക് വിവാഹമോചനം നേടാനുള്ള വഴി തുറന്നുകൊടുക്കുകയായിരുന്നു.1

## 69. മറ്റുള്ളവർക്ക് ഭാരമാവാതിരിക്കാൻ

യാത്രാസംഘം മണിക്കൂറുകളായി മരുഭൂമിയിലൂടെ സഞ്ചരിക്കുകയാണ്. എല്ലാവരുടെയും മുഖത്ത് തളർച്ച നിഴലിച്ചു. അവരെ വഹിച്ച ഒട്ടകങ്ങളും ക്ഷീണിച്ചു. കുടിക്കാൻ ഇത്തിരി വെള്ളം കിട്ടിയെങ്കിലെന്നവർ കൊതിച്ചു. അധികം വൈകാതെ അൽപം അകലെ വെള്ളം കണ്ടെത്തി. അവിടെ അൽപസമയം വിശ്രമിക്കാമെന്ന് അവരുറച്ചു. പ്രവാചകൻ വാഹനപ്പുറത്തുനിന്നിറങ്ങി. അനുചരന്മാരും അദ്ദേഹത്തെ അനുകരിച്ചു. അങ്ങനെ എല്ലാവരും വെള്ളമെടുക്കാനായി പുറപ്പെട്ടു. പക്ഷേ, പാതി ദൂരം പിന്നിട്ടപ്പോൾ പ്രവാചകൻ തിരിഞ്ഞുനടന്നു. അത്ഭുതസ്തബ്ധരായ അനുയായികൾ അദ്ദേഹത്തെത്തന്നെ നോക്കിനിന്നു. അവിടുന്ന് തന്റെ ഒട്ടകത്തെ സമീപിക്കുകയും അതിന്റെ കാലുകൾ ബന്ധിച്ചശേഷം മടങ്ങിവരുകയും ചെയ്തു.
ഇത്രയും ചെറിയ കാര്യം ചെയ്യാനായി അല്ലാഹുവിന്റെ പ്രവാചകൻ പ്രയാസപ്പെട്ട് തിരിച്ചുചെല്ലേണ്ടിവന്നതിൽ മനഃപ്രയാസം തോന്നിയ അനുയായികൾ അവിടത്തെ സമീപിച്ച് അന്വേഷിച്ചു: 'അല്ലാഹുവിന്റെ ദൂതരേ, ഇത്രയും നിസ്സാര കാര്യം ചെയ്യാനായി അങ്ങ് തിരിച്ചുപോവേണ്ടിയിരുന്നോ? ഞങ്ങളിലാർക്കെങ്കിലും ഒരു സൂചന തന്നിരുന്നെങ്കിൽ ഏറെ സന്തോഷത്തോടെ ഞങ്ങളത് ചെയ്യുമായിരുന്നു. അതോ, ഞങ്ങൾക്കൊരു ബഹുമതിയും.'
'നമുക്ക് സ്വയം ചെയ്യാവുന്ന കാര്യങ്ങൾ നിർവഹിക്കാൻ മറ്റുള്ളവരോട് ആവശ്യപ്പെടുകയോ അവരത് ചെയ്തുതരാൻ കാത്തിരിക്കുകയോ അരുത്; പല്ല് വൃത്തിയാക്കാനുപയോഗിക്കുന്ന ഒരു കമ്പിൻകഷ്ണത്തിന്റെ കാര്യത്തിലായാൽപോലും'–പ്രവാചകൻ പ്രതിവചിച്ചു.

## 70. ജനങ്ങളിലൊരുവൻ

നബി തിരുമേനിയും അനുചരന്മാരും യാത്രയിലായിരിക്കെ വിശ്രമത്തിനും ഭക്ഷണത്തിനുമായി ഒരിടത്ത് തമ്പടിച്ചു. കൂടിയാലോചനക്കുശേഷം അവർ ഒരാടിനെ അറുത്ത് പാകം ചെയ്യാൻ തീരുമാനിച്ചു. അപ്പോൾ അവരിലൊരാൾ പറഞ്ഞു: 'അറവ് ഞാൻ നടത്തിക്കൊള്ളാം.' 'തൊലി ഉരിക്കുന്നത് ഞാൻ'–മറ്റൊരാൾ പറഞ്ഞു. 'പാകം ചെയ്യുന്നത് ഞാനാവട്ടെ'–മൂന്നാമൻ പറഞ്ഞു. അങ്ങനെ അവർ ഓരോ ജോലിയും ഭാഗിച്ചെടുത്തു. ഉടനെ നബി തിരുമേനി അറിയിച്ചു: 'വിറക് ശേഖരിച്ചുകൊണ്ടുവരുന്നത് എന്റെ ചുമതലയായിരിക്കും.' 'വേണ്ടാ, അതും ഞങ്ങൾ ചെയ്തുകൊള്ളാം–'അനുചരന്മാർ പറഞ്ഞു. പക്ഷേ, പ്രവാചകൻ അതംഗീകരിച്ചില്ല. അവിടുന്ന് അരുൾചെയ്തു: 'നിങ്ങൾക്കത് ചെയ്യാൻ കഴിയുമെന്നും നിങ്ങളത് നിഷ്പ്രയാസം ചെയ്യുമെന്നും എനിക്കറിയാം. എന്നാൽ, ഞാൻ എന്നെ നിങ്ങളെക്കാൾ ഉയർന്നവനായി കാണുന്നില്ല. നിങ്ങളങ്ങനെ കാണുന്നത് എനിക്കിഷ്ടവുമില്ല. തന്റെ കൂട്ടുകാരെക്കാൾ തന്നെ ഉന്നതനായി ഗണിക്കുന്നവനെ അല്ലാഹു തൃപ്തിപ്പെടുകയില്ല.' തുടർന്ന് ഭക്ഷണം പാകം ചെയ്യാനാവശ്യമായ വിറക് നബിതിരുമേനി തന്നെ ശേഖരിച്ചുകൊണ്ടുവരുകയും ചെയ്തു.
പണിയായുധങ്ങളെടുത്ത് നിലം കിളച്ച് കുഴിവെട്ടുന്നതും കിടങ്ങുകീറുന്നതും തന്റെ മഹിതമായ പദവിക്ക് പറ്റിയതല്ലെന്ന തോന്നൽ പ്രവാചകനുണ്ടായിരുന്നില്ല. ഹിജ്റാബ്ദം

അഞ്ചിലുണ്ടായ അഹ്സാബ് യുദ്ധവേളയിൽ മുവ്വായിരം അനുയായികളോടൊന്നിച്ച് കിടങ്ങുകുഴിക്കുന്നതിൽ ഇരുപതു ദിവസം നബി തിരുമേനി വ്യാപൃതനാവുകയുണ്ടായി.

## 71. ലാളിത്യത്തിലെ മഹത്വം

''അല്ലാഹുവിന്റെ ദൂതരേ, അങ്ങ് ഇവ്വിധം ദുരിതമനുഭവിച്ച് ദരിദ്രനായി കഴിയുമ്പോൾ കിസ്റമാരും കൈസർമാരും ഭൂമിയിലെ സുഖ സൗകര്യങ്ങളാസ്വദിച്ച് ആർഭാട ജീവിതം നയിക്കുന്നത് ഒരു ഭാഗ്യവിപര്യയമല്ലേ?'' ഉമറുൽ ഫാറൂഖ് ഈ ചോദ്യമുന്നയിച്ചത് പൊട്ടിക്കരഞ്ഞുകൊണ്ടായിരുന്നു. അദ്ദേഹത്തിന്റെ കണ്ണുകളെങ്ങനെ ഈറനണിയാതിരിക്കും? ഭൂമിയിൽ താനേറ്റം സ്നേഹിക്കുന്ന പ്രവാചകപുംഗവന്റെ പൂമേനിയിൽ പരുക്കൻ പായയുടെ പാടുകൾ പതിഞ്ഞിരിക്കുന്നു. അറേബ്യയുടെ പാതിയിലധികവും അപ്പോൾ അദ്ദേഹത്തിന്റെ അധീനതയിലായിരുന്നു. നബിതിരുമേനി ഇസ്ലാമിക സമൂഹത്തിന്റെ നേതാവുമാത്രമല്ല; മദീന ആസ്ഥാനമായുള്ള രാഷ്ട്രത്തിന്റെ ഭരണാധികാരി കൂടിയാണ്. എന്നിട്ടും അദ്ദേഹം അന്തിയുറങ്ങുന്നത് പരുപരുത്ത പനയോലപ്പായയിലാണ്. അവിടുത്തെ വീടുകളിലെ സാധനസാമഗ്രികളോ വളരെ പരിമിതവും.
അടുത്തും അകലെയുമുള്ള നാടുകളിൽനിന്ന് വന്നുചേരുന്ന സമ്പത്തിന്റെ അവകാശിയായിരുന്നു നബിതിരുമേനി. പക്ഷേ, അദ്ദേഹം അതിൽ നിന്നൊന്നും എടുത്തില്ല. എല്ലാം പൊതുഖജനാവിൽ ലയിപ്പിച്ചു. വളരെ ദരിദ്രനായി ജീവിതം നയിച്ചു. അറേബ്യയിലെ ഏറ്റം ദര കരയിപ്പിച്ചത്.
'''ഉമറേ, കിസ്റമാരും കൈസർമാരും ഈ ലോകം തെരഞ്ഞെടുക്കുമ്പോൾ, ഞാൻ പരലോകം തെരഞ്ഞെടുക്കുന്നത് താങ്കൾക്കിഷ്ടമല്ലേ?'' പ്രവാചകന്റെ ഈ ചോദ്യം ഉമറുൽ ഫാറൂഖിനെ ഉത്തരംമുട്ടിച്ചു. അദ്ദേഹത്തിന് പ്രത്യേകിച്ചൊന്നും പറയാനുണ്ടായിരുന്നില്ല.

## 72. പരിവർത്തനത്തിന്റെ പാത

'വല്ലതും തരണേ'– ഒരാൾ നബി തിരുമേനിയുടെ അരികിൽ വന്ന് പറഞ്ഞു. ചുറ്റും അവിടത്തെ അനുചരന്മാരുണ്ടായിരുന്നു. ആഗതന്റെ വസ്ത്രങ്ങൾ നന്നെ മുഷിഞ്ഞിരുന്നു; കീറിപ്പറിയുകയും.
'താങ്കളെന്തിനാണ് ഇവ്വിധം യാചിക്കുന്നത്? വീട്ടിലൊന്നുമില്ലേ?' പ്രവാചകൻ ചോദിച്ചു.
'ഇല്ല.'
'ഒന്നും?'
'ഉറങ്ങുമ്പോഴുപയോഗിക്കുന്ന പുതപ്പും വെള്ളമെടുക്കാനുപയോഗിക്കുന്ന പാത്രവുമുണ്ട്.'
'അവ രണ്ടുമായി എന്റെ അടുത്തുവരുക'– തിരുമേനി ആവശ്യപ്പെട്ടു. അയാളവ കൊണ്ടുവന്നു. അവിടുന്ന് അത് രണ്ടും കൈയിൽ പിടിച്ചുകൊണ്ട് ചോദിച്ചു: 'ഇവ ആരു വാങ്ങും?'
'ഒരു ദിർഹമിന് ഞാൻ വാങ്ങിക്കൊള്ളാം'–പ്രവാചകശിഷ്യന്മാരിലൊരാൾ പറഞ്ഞു: 'കൂടുതൽ തരാൻ തയ്യാറുള്ള ആരെങ്കിലുമുണ്ടോ?' തിരുമേനി അന്വേഷിച്ചു.
'രണ്ട് ദിർഹമിന് ഞാൻ വാങ്ങിക്കൊള്ളാം'–മറ്റൊരാൾ പറഞ്ഞു. നബി തിരുമേനി അവ രണ്ടും അയാൾക്കു കൊടുത്ത് വിലയായ രണ്ടു ദിർഹം ആഗതന് കൈമാറിയശേഷം ഇങ്ങനെ കൽപിച്ചു: 'ഒരു ദിർഹംകൊണ്ട് ആഹാരം വാങ്ങി കുടുംബത്തിന് കൊടുക്കുക. ബാക്കികൊണ്ട് ഒരു കോടാലി വാങ്ങിക്കൊണ്ടുവരുക.'
അൽപം കഴിഞ്ഞ് അയാൾ കോടാലിയുമായി വന്നു. നബി തിരുമേനിതന്നെ അത് പിടിയിലുറപ്പിച്ചശേഷം അദ്ദേഹത്തോട് പറഞ്ഞു: 'താങ്കൾ ഇതുപയോഗിച്ച് വിറകുവെട്ടി അങ്ങാടിയിൽ കൊണ്ടുപോയി വിൽക്കുക. പതിനഞ്ചു ദിവസത്തിനുശേഷം എന്നെ വന്നുകാണുക.'
നബി തിരുമേനിയുടെ നിർദേശമനുസരിച്ച് അയാൾ വിറകുവെട്ടി വിൽക്കാൻ തുടങ്ങി. അതിലൂടെ അയാൾക്ക് പത്ത് ദിർഹം മിച്ചമുണ്ടാക്കാൻ സാധിച്ചു. അതുമായി അദ്ദേഹം തിരുമേനിയെ സമീപിച്ചപ്പോൾ അവിടുന്ന് അരുൾചെയ്തു: 'താങ്കൾ അവകൊണ്ട് പുതപ്പും

വീട്ടുപകരണങ്ങളും ആവശ്യമായ ആഹാരവും വാങ്ങുക.'
അയാൾ അതിരറ്റ ആഹ്ലാദത്തോടെയും അഭിമാനത്തോടെയും നടന്നകന്നു.

## 73. വ്യഭിചരിക്കാനനുവാദം!

പ്രവാചകനും അനുചരന്മാരുമിരിക്കുന്ന സദസ്സിലേക്ക് ഒരാൾ കടന്നുവന്നു. വികൃതമായ മുഖഭാവം. പരുക്കൻ പ്രകൃതം. ഉപചാരവാക്കുകളൊന്നുമില്ലാതെ അയാൾ നബി തിരുമേനിയോടാവശ്യപ്പെട്ടു: 'എനിക്ക് വ്യഭിചരിക്കാൻ അനുവാദം തരണം.'
പ്രവാചകന്റെ പള്ളിയിൽ വെച്ച് പ്രവാചകനോട് ഇവ്വിധം സംസാരിച്ചത് അവിടുത്തെ അനുചരന്മാർക്ക് ഒട്ടും ഇഷ്ടപ്പെട്ടില്ല. അവരദ്ദേഹത്തെ തടഞ്ഞു. അവർ പറഞ്ഞു: 'മിണ്ടാതിരി.'
അപ്പോൾ അവിടുന്ന് അദ്ദേഹത്തെ ആലിംഗനം ചെയ്തു, അടുത്തിരുത്തി.
കുശലാന്വേഷണങ്ങൾക്കു ശേഷം ചോദിച്ചു: 'താങ്കളുടെ മാതാവിനെ വ്യഭിചരിക്കുന്നത് താങ്കൾക്കിഷ്ടമാണോ?
''ഇല്ല. അല്ലാഹുവാണ് സത്യം. ഞാനിതംഗീകരിക്കില്ല. എന്നല്ല, ആരും തന്റെ മാതാവിനെ വ്യഭിചരിക്കുന്നത് ഇഷ്ടപ്പെടില്ല.'
'താങ്കളുടെ മകളെ വ്യഭിചരിക്കുന്നതോ?'
'അതും ഞാൻ അനുവദിക്കില്ല.'
''താങ്കളുടെ സഹോദരിയെ വ്യഭിചരിക്കുന്നതോ?'
'അതും ഞാൻ ഇഷ്ടപ്പെടില്ല. ആരും തന്റെ സഹോദരിയെ വ്യഭിചരിക്കാൻ അനുവദിക്കില്ല.'
'താങ്കളുടെ പിതൃസഹോദരിയെ വ്യഭിചരിച്ചാലോ?'
'അതും ഞാനംഗീകരിക്കില്ല.'
'മാതൃ സഹോദരിയെ?'
'ഇല്ല. ഒരിക്കലും ഇതൊന്നും ഞാനിഷ്ടപ്പെടുന്നില്ല. ആരും ഇഷ്ടപ്പെടുമെന്ന് തോന്നുന്നുമില്ല.'
ഇതിലൂടെ ഫലത്തിൽ നബി തിരുമേനി അയാളെ വ്യഭിചാരത്തിന്റെ ഗൗരവം ബോധ്യപ്പെടുത്തുകയായിരുന്നു. ആരും സ്വന്തം മാതാവിനെയോ മക്കളെയോ സഹോദരിയെയോ മാതൃസഹോദരിയെയോ പിതൃസഹോദരിയെയോ വ്യഭിചരിക്കാൻ ഇഷ്ടപ്പെടില്ലല്ലോ. ഏതൊരു സ്ത്രീയും ഇതിൽ ആരെങ്കിലുമായിരിക്കുമെന്നതും തീർച്ച. നബിതിരുമേനി അയാളുടെ നെഞ്ച് തടവുകയും അയാൾക്കുവേണ്ടി അല്ലാഹുവോട് പ്രാർഥിക്കുകയും ചെയ്തു. അതോടെ വ്യഭിചാരം അയാൾക്ക് ഏറ്റവും വെറുക്കപ്പെട്ട നീചകൃത്യമായി മാറി.

മടങ്ങിപ്പോകവേ അയാൾ പറഞ്ഞു: 'ഇങ്ങോട്ട് കടന്നുവരുമ്പോൾ എനിക്കെന്റെ ജീവിതത്തിലെ ഏറ്റവും ഇഷ്ടപ്പെട്ട കാര്യം വ്യഭിചാരമായിരുന്നു. ഇപ്പോൾ ഏറ്റവും വെറുക്കപ്പെട്ടതും അതുതന്നെ.'

## 74. ഫലപ്രദമായ ദാനം

ഒരിക്കൽ നബി തിരുമേനി തന്റെ ശിഷ്യന്മാരോട് ഒരാളുടെ ദാനത്തെ സംബന്ധിച്ച് ഇങ്ങനെ പറഞ്ഞു: 'ഇന്നു ഞാൻ ഒരു ദാനം ചെയ്യും' എന്നു പറഞ്ഞ് ഒരാൾ അൽപം ധനവുമായി വീട്ടിൽനിന്ന് പുറപ്പെട്ടു. അദ്ദേഹം അന്നത് ഒരു കള്ളനാണ് കൊടുത്തത്. വിവരമറിഞ്ഞ ജനം അദ്ദേഹത്തെ പരിഹസിച്ചു: 'കള്ളന് ദാനം കൊടുത്തവൻ.' ഇതുകേട്ട് അയാൾ പറഞ്ഞു: 'അല്ലാഹുവിന് സ്തുതി. ഇന്നും ഞാനൊരു ദാനം ചെയ്യും.' അന്നും അദ്ദേഹം പണക്കിഴിയുമായി പുറപ്പെട്ടു. വഴിയിൽ കണ്ട അഭിസാരികക്കാണ് അത് നൽകിയത്. സംഭവമറിഞ്ഞവരൊക്കെ അദ്ദേഹത്തെ കളിയാക്കി: 'വേശ്യക്ക് ദാനം നൽകിയവൻ!'
'അല്ലാഹുവിന് സ്തുതി. ഇന്നും ഞാനൊരു ദാനം ചെയ്യും.' ഇതായിരുന്നു അദ്ദേഹത്തിന്റെ പ്രതികരണം. അന്ന് അദ്ദേഹം ദാനം ചെയ്തത് ഒരു ധനികനാണ്. അതോടെ 'ധനികന് ദാനം

നൽകിയവൻ' എന്ന് ആളുകൾ ആക്ഷേപിച്ചു. അപ്പോഴും അദ്ദേഹം പറഞ്ഞു: 'അല്ലാഹുവേ, കള്ളനും വേശ്യക്കും ധനികനും ദാനം നൽകാനനുഗ്രഹിച്ച നിനക്കാണ് സർവസ്തുതിയും.'
'വളരെ നല്ലത്; താങ്കളുടെ ദാനം നിമിത്തം കള്ളൻ കളവിൽനിന്നും വേശ്യ വ്യഭിചാരത്തിൽനിന്നും പിന്തിരിഞ്ഞേക്കാം. പണക്കാരന് അതൊരു പാഠവുമാണ്. നാളെ അയാളും ദാനം ചെയ്യാൻ തുടങ്ങിയേക്കാം.' അപരിചിതനായ ഒരാൾ വന്ന് അദ്ദേഹത്തെ അഭിനന്ദിച്ചു.

## 75. പള്ളിയിൽ മൂത്രമൊഴിച്ച ഗ്രാമീണൻ

പ്രവാചകനും അനുചരന്മാരും പള്ളിയിലായിരിക്കെ, ഒരു ഗ്രാമീണൻ അവിടെ വന്നു. അയാൾ പള്ളിയുടെ ഒരു ഭാഗത്ത് മൂത്രമൊഴിക്കാൻ തുടങ്ങി. ഇതു ശ്രദ്ധയിൽപെട്ട പ്രവാചക ശിഷ്യന്മാർ അയാളെ തടയാൻ ശ്രമിച്ചു. ഉടനെ നബി തിരുമേനി അവരെ വിലക്കി. മൂത്രമൊഴിച്ച് പൂർത്തിയാകുംവരെ ക്ഷമിക്കാനാവശ്യപ്പെടുകയും ചെയ്തു. അങ്ങനെ അയാൾ തന്റെ ആവശ്യം പൂർത്തീകരിച്ചപ്പോൾ പ്രവാചകൻ അയാളെ തന്റെ അടുത്തിരുത്തി. എന്നിട്ട് ശാന്തസ്വരത്തിൽ പറഞ്ഞു: 'പള്ളിയിൽ മൂത്രമൊഴിക്കാൻ പാടില്ല. പള്ളി നമസ്കാരത്തിനും പ്രാർഥനക്കും കീർത്തനത്തിനും ഖുർആൻ പാരായണത്തിനുമുള്ളതാണ്.'
തുടർന്ന് തന്റെ അനുചരന്മാരോട് ഒരു തൊട്ടി വെള്ളം കൊണ്ടുവന്ന് അയാൾ മൂത്രമൊഴിച്ചിടത്ത് ഒഴിക്കാനാവശ്യപ്പെട്ടു. അവരത് നടപ്പാക്കി. ഇവ്വിധം മനശ്ശാസ്ത്രപരമായ സമീപനത്തിലൂടെയായിരുന്നു നബി തിരുമേനി സമൂഹത്തിലെ സാധാരണക്കാരുടെ തെറ്റുകൾ തിരുത്തിയിരുന്നത്. അതുകൊണ്ടുതന്നെ സമൂഹത്തിൽ സമൂലമായ മാറ്റം വരുത്താനും അവരെ സമ്പൂർണമായി സംസ്കരിക്കാനും അദ്ദേഹത്തിന് അനായാസം സാധിച്ചു.

## 76. അനുവദിക്കപ്പെട്ട മോഷണം

ഒരാൾ നബി തിരുമേനിയെ സമീപിച്ച് ഇങ്ങനെ അറിയിച്ചു: 'എനിക്ക് ഇസ്‌ലാം സ്വീകരിക്കണമെന്ന് അതിയായ ആഗ്രഹമുണ്ട്. പക്ഷേ, എന്നിലൊരു ദൗർബല്യമുണ്ട്. സന്മാർഗം സ്വീകരിക്കുന്നതുകൊണ്ടുമാത്രം അതിനെ അതിജയിക്കാൻ എനിക്കാവില്ല.'
'എന്താണത്?' അവിടുന്ന് ആരാഞ്ഞു.
'എന്നെപ്പോലെ കായബലമുള്ള ആരെയും ഞാൻ കണ്ടിട്ടില്ല. എന്റെ കരുത്ത് അപാരംതന്നെ'– ആഗതൻ അറിയിച്ചു.
'അതിനെന്താ? അത് അല്ലാഹുവിന്റെ അതിമഹത്തായ ഒരനുഗ്രഹമല്ലേ. കരുത്തുള്ള ശരീരമുണ്ടാകുന്നതല്ലേ നല്ലത്!' തിരുമേനി പറഞ്ഞു. 'അല്ലാഹുവിന്റെ ദൂതരേ, എനിക്കതിനെ നിയന്ത്രിക്കാനാവുന്നില്ല. അതിനാൽ, ആടുകളെ മോഷ്ടിച്ച് ചുമന്നുകൊണ്ടുവരാറാണ് പതിവ്. ഇതവസാനിപ്പിക്കാൻ സാധിക്കുമെന്ന് തോന്നുന്നില്ല' –അയാൾ പറഞ്ഞു.
'അതിലൊട്ടും പ്രയാസപ്പെടേണ്ടതില്ല. പരിഹാരം ഞാൻ നിർദേശിച്ചുതരാം. നമ്മുടെ നിരവധി വിശ്വാസസഹോദരങ്ങളെ ശത്രുക്കൾ തടവിലാക്കിയിട്ടുണ്ട്. അവരെ തേടിപ്പിടിച്ച് ചുമന്നുകൊണ്ടുവരുക. അതിലൂടെ താങ്കൾക്ക് ശരീരത്തെ മെരുക്കിയെടുക്കാം. പരലോകത്ത് അല്ലാഹുവിന്റെ അതിമഹത്തായ പ്രതിഫലവും നേടാം. ഒപ്പം ഇസ്‌ലാമിനുവേണ്ടി ചെയ്യാവുന്ന അമൂല്യ സേവനവും'– നബി തിരുമേനി നിർദേശിച്ചു. തന്നെ അലട്ടുന്ന പ്രശ്നത്തിന് പ്രായോഗിക പരിഹാരം ലഭിച്ചതോടെ അദ്ദേഹം ഇസ്‌ലാം ആശ്ലേഷിച്ചു.
പ്രവാചകൻ എപ്പോഴും എല്ലാവരോടും നിഷേധാത്മക നിലപാടിനു പകരം രചനാത്മക സമീപനമാണ് സ്വീകരിച്ചിരുന്നത്. പരിവർത്തനത്തിന്റെ പാതയും അതുതന്നെ.

## 77. മനശ്ശാസ്ത്രപരമായ സമീപനം

നബി തിരുമേനി തനിക്കുലഭിച്ച പലഹാരങ്ങൾ ഒരു പാത്രത്തിലിട്ട് പ്രിയ പത്നി ആഇശക്കു നൽകി. എന്തോ കാരണത്താൽ കോപാകുലയായിരുന്ന അവരത് നിലത്തിട്ടു. പലഹാരം തറയിൽ ചിതറി. തിരുമേനി ഭാവവ്യത്യാസമൊന്നുമില്ലാതെ അത് പെറുക്കിയെടുക്കാൻ തുടങ്ങി. ആഇശക്കിതു സഹിക്കാൻ സാധിച്ചില്ല. അവരുടെ ഹൃദയം വിതുമ്പി. പശ്ചാത്താപവിവശയായ അവർ പ്രവാചകനിൽനിന്ന് പാത്രം വാങ്ങി പലഹാരങ്ങളെല്ലാം സ്വയം പെറുക്കിയെടുത്തു. തനിക്കുവന്ന വീഴ്ചയോർത്ത് ഏറെ ദുഃഖിതയായ പ്രിയതമയെ പ്രവാചകൻ ആശ്വസിപ്പിക്കുകയും ചെയ്തു.

## 78. സ്വർഗം മാതാവിന്റെ കാൽക്കീഴിൽ

അൽഖമ അറിയപ്പെടുന്ന പ്രവാചക ശിഷ്യൻ. ഭക്തനും വിശുദ്ധനുമാണ്. ദയാലുവും ധീരനുമാണ്. അദ്ദേഹം രോഗത്തിനടിപ്പെട്ട് കിടപ്പിലായി. രോഗം മാരകമായി മാറിയപ്പോൾ അദ്ദേഹത്തിന്റെ പ്രിയതമ പ്രവാചകന്റെയടുത്തുവന്ന് അദ്ദേഹത്തെ അനുഗ്രഹിക്കാൻ അല്ലാഹുവോട് പ്രാർഥിക്കണമെന്നാവശ്യപ്പെട്ടു. ബിലാലുബ്നു റബാഹ്, അലിയ്യുബ്നു അബീത്വാലിബ്, ഉമറുൽഫാറൂഖ് എന്നിവരെ നബിതിരുമേനി അൽഖമയുടെ വിവരങ്ങളന്വേഷിച്ചുവരാൻ അദ്ദേഹത്തിന്റെ അടുത്തേക്കയച്ചു. അവർ അൽഖമയെ ശുശ്രൂഷിക്കുകയും വേണ്ടവിധം പരിചരിക്കുകയും ചെയ്തു. ആസന്നമരണനായ അദ്ദേഹത്തിന് അവർ വിശുദ്ധ വചനം ചൊല്ലിക്കൊടുത്തു. പക്ഷേ, അതേറ്റുപറയാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. ഈ വിവരം ബിലാൽ പ്രവാചകനെ ധരിപ്പിച്ചു.
അൽഖമയെക്കുറിച്ച് അറിയാമായിരുന്ന പ്രവാചകൻ ചോദിച്ചു: 'അദ്ദേഹത്തിന്റെ മാതാപിതാക്കൾ ജീവിച്ചിരിപ്പുണ്ടോ?'
'പിതാവ് നേരത്തെ പരലോകം പ്രാപിച്ചിട്ടുണ്ട്. വൃദ്ധയായ മാതാവ് അദ്ദേഹത്തോടൊപ്പമുണ്ട്'– ബിലാൽ അറിയിച്ചു.
'അദ്ദേഹത്തിന്റെ മാതാവിനെ സമീപിച്ച് എന്റെ അഭിവാദ്യങ്ങളറിയിക്കുക. കഴിയുമെങ്കിൽ ഇവിടെ എന്റെ അടുത്ത് വരാനും പറയുക. അല്ലെങ്കിൽ ഞാൻ അങ്ങോട്ടു ചെല്ലാം'– പ്രവാചകൻ ബിലാലിനോടു പറഞ്ഞു.
അങ്ങനെ ആ വൃദ്ധ നബി തിരുമേനിയുടെ സന്നിധിയിലെത്തി. അപ്പോൾ അവിടുന്ന് അവരെ ആദരപൂർവം സ്വീകരിച്ചു. പിന്നീട് അൽഖമയുടെ പെരുമാറ്റത്തെപ്പറ്റി അന്വേഷിച്ചു. അപ്പോൾ ആ വൃദ്ധമാതാവ് പറഞ്ഞു: 'എന്റെ മകൻ അൽഖമ അല്ലാഹുവിനെ സൂക്ഷിച്ചു ജീവിക്കുന്നവനാണ്. അവന്റെ കൽപനകൾ ധിക്കരിക്കാറില്ല. നല്ല ഭക്തനാണ്. എന്നാൽ, എന്നോടുള്ള സ്വഭാവവും പെരുമാറ്റവും വളരെ മോശമാണ്. അതിലെനിക്ക് അവനോട് വെറുപ്പുണ്ട്. പലപ്പോഴും അവൻ എന്നെ അവന്റെ ഭാര്യയുടെ മുമ്പിൽവെച്ച് അവഹേളിക്കുന്നു. അങ്ങനെ എനിക്ക് അവളുടെ ആജ്ഞകളനുസരിച്ച് കഴിയേണ്ടിവരുന്നു.'
ഇതുകേട്ട് പ്രവാചകൻ പറഞ്ഞു: 'അതുതന്നെയാണ് അൽഖമയുടെ നാവ് വിശുദ്ധ വചനമുരുവിടാൻ വഴങ്ങാത്തത്.' തുടർന്ന് അവിടുന്ന് അൽഖമയെ അഗ്നികുണ്ഡത്തിലെറിയാൻ വിറകു കൊണ്ടുവരാൻ ബിലാലിനോടാവശ്യപ്പെട്ടു.
ഇതുകേട്ട് ആ വൃദ്ധ ഉറക്കെ വിളിച്ചുചോദിച്ചു: 'അല്ലാഹുവിന്റെ ദൂതരേ, എന്റെ മുമ്പിൽവെച്ച് അങ്ങ് എങ്ങനെയാണ് എന്റെ മകനെ തീയിലിട്ട് കരിക്കുക? എനിക്കതെങ്ങനെ സഹിക്കാനാവും?'
'അല്ലാഹുവിന്റെ ശിക്ഷ ഇതിലും കഠിനമല്ലേ? സാധ്യമെങ്കിൽ അവന് മാപ്പുനൽകുക. അല്ലെങ്കിൽ അവന്റെ ആരാധനകളുൾപ്പെടെ എല്ലാ സൽക്കർമങ്ങളും പാഴായിപ്പോകും. അവയൊന്നും ശിക്ഷയിൽനിന്ന് രക്ഷപ്പെടാൻ ഉപകരിക്കുകയില്ല.'
ഇതുകേട്ട് ആ മാതാവ് മകന് മാപ്പുനൽകി. നബി തിരുമേനി ബിലാലിനെ വീണ്ടും അൽഖമയുടെ അടുത്തേക്കയച്ചു. അപ്പോൾ അൽഖമ വളരെ വ്യക്തമായി വിശുദ്ധ വചനം ഉരുവിടുന്നുണ്ടായിരുന്നു. അങ്ങനെ പ്രാർഥനയിലായിരിക്കെത്തന്നെ അദ്ദേഹം പരലോകം പ്രാപിച്ചു. പ്രവാചകൻ തന്നെ അദ്ദേഹത്തിന്റെ മരണാനന്തര കർമങ്ങൾക്കും പ്രാർഥനക്കും നേതൃത്വം നൽകി.
മാതാവിന്റെ കാൽക്കീഴിലാണ് സ്വർഗമെന്ന പ്രവാചകവചനത്തെ സാക്ഷ്യപ്പെടുത്തുന്നതായിരുന്നു അൽഖമയുടെ ഈ അനുഭവം.

## 79. വിശ്വാസത്തിന്റെ വിധിതീർപ്പ്

നീതിന്യായകോടതികളില്ലാത്ത നാടുകളില്ല. ദിനംപ്രതി ധാരാളം കേസുകൾ കൈകാര്യംചെയ്യാത്ത കോടതികളുമില്ല. കേസുമായി കോടതികളിലെത്തുന്നവർ എപ്പോഴും ശ്രമിക്കുക വാദിക്കാനും ജയിക്കാനുമാണ്. വീറും വാശിയും ഏറെ പ്രകടമാകുന്ന വേദികളിലൊന്നാണ് കോടതി. കേസ് ജയിക്കാൻ കള്ളം പറയുന്നവർപോലും കുറവല്ല. എന്നാൽ, ഇതിൽനിന്ന് തീർത്തും വ്യത്യസ്തമായ സംഭവങ്ങൾക്ക് ചരിത്രം സാക്ഷിയായിട്ടുണ്ട്. അത് അത്യപൂർവമാണെന്നു മാത്രം.
പ്രവാചക പത്നി ഉമ്മുസലമയാണ് ഈ സംഭവം പറഞ്ഞുതരുന്നത്. അനന്തരസ്വത്തിന്റെ കാര്യത്തിൽ പരസ്പരം കലഹിച്ച രണ്ടുപേർ പ്രവാചകനെ സമീപിച്ചു. ഇരുവർക്കും വാദമല്ലാതെ അത് സ്ഥാപിക്കാനാവശ്യമായ തെളിവൊന്നുമുണ്ടായിരുന്നില്ല. 'ഇത് എന്റെ അവകാശമാണെ'ന്ന് രണ്ടുപേരും തറപ്പിച്ചുപറഞ്ഞുകൊണ്ടിരുന്നു. മറ്റെയാൾ കള്ളം പറയുകയാണെന്ന് പരസ്പരം ആരോപിക്കാനും അവർ മടിച്ചില്ല. അവരുടെ സംസാരം കേൾക്കുന്ന ആർക്കും ഇരുവരും വിട്ടുവീഴ്ചക്ക് ഒരുക്കമല്ലെന്ന് ബോധ്യമാകും.
പ്രവാചക സന്നിധിയിലെത്തിയ ഇരുവരും തങ്ങളുടെ വാദം സാധ്യമാവുന്നത്ര ശക്തിയോടെ അവതരിപ്പിച്ചു. എല്ലാം ശ്രദ്ധിച്ചുകേട്ട പ്രവാചകൻ രണ്ടുപേരോടുമായി പറഞ്ഞു: 'ഞാൻ ഒരു മനുഷ്യൻ മാത്രമാണ്. നിങ്ങൾ കേസുമായി എന്നെ സമീപിക്കുന്നു. വാദം അവതരിപ്പിക്കുന്നതിലും തെളിവ് സമർഥിക്കുന്നതിലും ഒരാൾ മറ്റെയാളെക്കാൾ യോഗ്യനും കഴിവുറ്റവനുമായേക്കാം. കേട്ടതിന്റെ വെളിച്ചത്തിൽ ഞാൻ അയാൾക്കനുകൂലമായി തീരുമാനമെടുക്കേണ്ടിവരും. ബാഹ്യമായ അവസ്ഥയനുസരിച്ചല്ലേ എനിക്ക് വിധിക്കാനാവുകയുള്ളൂ. അങ്ങനെ ഒരാളുടെ അവകാശം മറ്റെയാൾക്ക് കിട്ടുകയാണെങ്കിൽ അയാൾ അതെടുക്കരുത്. അനർഹമായത് കൈവശപ്പെടുത്തുന്നത് കൊടും പാതകമാണ്. അപ്പോൾ ഞാനവന് വിധിച്ചുകൊടുക്കുന്നത് ഒരുതുണ്ട് നരകമായിരിക്കും. അല്ലാഹു എല്ലാം അറിയുന്നുവെന്ന് ഓർക്കുക.'
നബി തിരുമേനിയുടെ ഈ വാക്കുകൾ ഇരുവരെയും ആഴത്തിൽ സ്വാധീനിച്ചു. അതവരുടെ മനസ്സുകളെ പിടിച്ചുലച്ചു. ദൈവത്തെയും മരണാനന്തരജീവിതത്തെയും  സംബന്ധിച്ച ഓർമ അവരെ പൂർണമായും മാറ്റിയെടുക്കുകയായിരുന്നു. രണ്ടു പേരും പരസ്പരം പറഞ്ഞു: 'എന്റെ അവകാശം ഞാൻ നിനക്ക് വിട്ടുതന്നിരിക്കുന്നു.' വാദിക്കാനും ജയിക്കാനും വന്നവർ വിശ്വാസത്തിന്റെ വിധിതീർപ്പിന് വിധേയരാവുകയായിരുന്നു.

## 80. പ്രവാചക സ്നേഹത്തിന്റെ മഹിത മാതൃക

'ഞങ്ങളെ ഖുർആൻ പഠിപ്പിക്കാനും ഇസ്‌ലാമിക നിയമങ്ങൾ പരിശീലിപ്പിക്കാനും ഏതാനും പേരെ അയച്ചുതരണം.' മദീനയിലെത്തിയ നിവേദക സംഘം നബി തിരുമേനിയോടാവശ്യപ്പെട്ടു. മദീനയുടെ സമീപത്തുള്ള ഒരു ഗോത്രത്തിൽനിന്നുള്ളവരായിരുന്നു അവർ. പ്രത്യക്ഷത്തിൽ അവരുടെ ആത്മാർഥതയിൽ സംശയിക്കത്തക്ക ഒന്നുമുണ്ടായിരുന്നില്ല. അതിനാൽ അവിടുന്ന് അവരുടെ അഭ്യർഥന അംഗീകരിച്ച് പ്രമുഖരായ ആറ് അനുചരന്മാരെ ആ സംഘത്തോടൊപ്പമയച്ചു. എന്നാൽ അവർ 'റജീഇ'ലെത്തിയപ്പോൾ നിവേദകസംഘം അന്നാട്ടുകാരായ 'ഹുദൈൽ' ഗോത്രത്തെ പ്രവാചക ശിഷ്യന്മാരെ ആക്രമിക്കാൻ പ്രേരിപ്പിച്ചു. അതോടെ അവർ ഊരിപ്പിടിച്ച വാളുമായി ആ വിശ്വാസികളെ വളഞ്ഞു. മുസ്‌ലിംകൾ പ്രതിരോധിക്കാനൊരുങ്ങിയപ്പോൾ ഹുദൈൽ ഗോത്രക്കാർ പറഞ്ഞു: 'നിങ്ങളെ കൊല്ലാൻ ഞങ്ങളാഗ്രഹിക്കുന്നില്ല. മറിച്ച് മക്കക്കാർക്ക് നിങ്ങളെ വിൽക്കാനാണ് ഞങ്ങളുടെ തീരുമാനം. അതിനാൽ ദൈവത്താണെ, ഞങ്ങൾ നിങ്ങളെ വധിക്കില്ല.'
മുസ്‌ലിംകളെ സംബന്ധിച്ചിടത്തോളം അപമാനം സഹിച്ച് മക്കയിലെ ശത്രുക്കളുടെ അടിമകളായി കഴിയുന്നതിനെക്കാൾ ഭേദം മരണമായിരുന്നു. അതിനാലവർ ഹുദൈൽ ഗോത്രക്കാരുടെ ആവശ്യം അംഗീകരിച്ചില്ല. തങ്ങൾ ആറു പേർക്ക് പിടിച്ചുനിൽക്കാൻ കഴിയില്ലെന്നും അതുകൊണ്ടുതന്നെ കൊല്ലപ്പെടുമെന്നും ഉറപ്പുണ്ടായിട്ടും ആറു പേരും അക്രമികളെ പ്രതിരോധിക്കാൻ പരമാവധി ശ്രമിച്ചു. അതിനിടെ അവരിൽ മൂന്നു പേർ അവിടെ വെച്ചുതന്നെ വധിക്കപ്പെട്ടു. അവശേഷിക്കുന്നവരെ ഹുദൈൽ ഗോത്രക്കാർ പിടികൂടി ബന്ധികളാക്കി. അവരുടെ കൈകൾ കൂട്ടിക്കെട്ടി മക്കയിലേക്കു കൊണ്ടുപോയി. അവരിലൊരാളായ അബ്ദുല്ലാഹിബ്നു ത്വാരിഖ് വഴിയിൽവെച്ച് കൈയിലെ കെട്ടഴിച്ചു

മോചിതനായി; രക്ഷപ്പെടാൻ ശ്രമിച്ചെങ്കിലും ശത്രുക്കൾ അദ്ദേഹത്തെ എറിഞ്ഞുകൊന്നു. അവശേഷിക്കുന്ന രണ്ടുപേരെയും അവർ മക്കയിൽ കൊണ്ടുപോയി ഖുറൈശികൾക്ക് വിറ്റു. അവരിലൊരാളായ സൈദുബ്നു അദ്ദസിനയെ വാങ്ങിയത് പ്രവാചകന്റെ കഠിന ശത്രുവായിരുന്ന സഫ്‌വാനുബ്നു ഉമയ്യയായിരുന്നു. അയാൾ സൈദിനെ വധിക്കാനാണ് തീരുമാനിച്ചത്. ആ കൃത്യം നിർവഹിക്കാൻ തന്റെ ഭൃത്യൻ നസ്താസിനെ ചുമതലപ്പെടുത്തുകയും ചെയ്തു. ഈ അവസരമുപയോഗിച്ച് ഖുറൈശികളുടെ നേതാവായിരുന്ന അബൂസുഫ്‌യാൻ ചോദിച്ചു: 'സൈദേ, നിന്നെ മോചിപ്പിച്ച് നിന്റെ ബന്ധുക്കളുടെ അടുത്തേക്കയച്ച് പകരം മുഹമ്മദിനെ കൊല്ലുന്നതിനെക്കുറിച്ച് എന്തു പറയുന്നു?'
'ഞാൻ എന്റെ വീട്ടിലായിരിക്കെ തിരുമേനി ഇപ്പോൾ എവിടെയാണോ അവിടെ വെച്ച് അദ്ദേഹത്തിന്റെ ശരീരത്തിൽ ഒരു മുള്ളു തറക്കുന്നതുപോലും എനിക്കിഷ്ടമില്ല.' സൈദുബ്നു അദ്ദസിന ഉറച്ച സ്വരത്തിൽ പറഞ്ഞു. ഇതു കേട്ട അബൂസുഫ്‌യാന്റെ പ്രതികരണം ഇതായിരുന്നു: 'മുഹമ്മദിനെ അവന്റെ അനുയായികൾ സ്നേഹിക്കുന്ന പോലെ നേതാവിനെ സ്നേഹിക്കുന്ന വേറെയൊരു സംഘത്തെയും ഞാൻ കണ്ടിട്ടില്ല!'
നസ്താസ് യജമാനൻ ഏൽപിച്ച കൃത്യം നിറവേറ്റി. കൂടെയുണ്ടായിരുന്ന ഖുബൈബിനെ തടവിലിടുകയും പിന്നീട് കുരിശിൽ തറച്ച് കൊല്ലുകയും ചെയ്തു. അങ്ങനെ പ്രവാചകൻ അയച്ച സംഘത്തിലെ ആറു പേരും രക്തസാക്ഷികളായി.

## 81. ഒട്ടകത്തിന്റെ ഉപമ

നബി തിരുമേനിയും അനുചരന്മാരും ഒന്നിച്ചിരിക്കെ അപരിചിതനായ ഗ്രാമീണൻ കടന്നുവന്ന് വല്ലതും നൽകണമെന്നാവശ്യപ്പെട്ടു. അവിടുന്ന് അയാൾക്കെന്തോ കൊടുത്തു. എന്നിട്ട് ചോദിച്ചു: 'ഞാൻ തന്നത് തൃപ്തിയായില്ലേ? ഞാൻ താങ്കളോട് ഉദാരമായി പെരുമാറിയില്ലേ?'
'ഇല്ല. നിങ്ങൾ വേണ്ടവിധം ചെയ്തില്ല'–അയാൾ പറഞ്ഞു. ഇതുകേട്ട പ്രവാചക ശിഷ്യന്മാർക്ക് അയാളോട് അരിശം തോന്നി. അവർ അയാളെ പിടിച്ചു പുറത്താക്കാനൊരുങ്ങി. എന്നാൽ, നബിതിരുമേനി അതിനനുവദിച്ചില്ല. അദ്ദേഹം അവരോട് ആംഗ്യത്തിലൂടെ അടങ്ങിയിരിക്കാനാവശ്യപ്പെട്ടു. അനന്തരം അവിടുന്ന് അയാളെ തന്റെ കൂടെക്കൂട്ടി. വീട്ടിനകത്തു കടന്ന് കുറേക്കൂടി കൊണ്ടുവന്നുകൊടുക്കുകയും ചെയ്തു. എന്നിട്ട് ചോദിച്ചു: 'ഇപ്പോൾ സന്തോഷമായില്ലേ? ഞാൻ ഉദാരമായി പെരുമാറിയില്ലേ?'
'തീർച്ചയായും. അല്ലാഹു താങ്കളെയും കുടുംബത്തെയും അനുഗ്രഹിക്കട്ടെ'–ഗ്രാമീണൻ നന്ദി പ്രകടിപ്പിച്ചു.
അപ്പോൾ പ്രവാചകൻ പറഞ്ഞു: 'താങ്കളുടെ പരുഷമായ സംസാരം എന്റെ അനുയായികളുടെ മനസ്സിൽ അൽപം അലോസരമുണ്ടാക്കിയിട്ടുണ്ട്. അതിനാൽ താങ്കൾക്ക് തടസ്സമില്ലെങ്കിൽ ഇപ്പോൾ പറഞ്ഞ വാക്കുകൾ അവരുടെ സാന്നിധ്യത്തിൽ ആവർത്തിച്ചാൽ നന്നായിരുന്നു. അവരുടെ മനസ്സിലെ നീരസം നീങ്ങിക്കിട്ടുമല്ലോ.'
'അതെ, അങ്ങനെയാവട്ടെ'–ഗ്രാമീണൻ പറഞ്ഞു. അതനുസരിച്ച് നബി തിരുമേനിയും അനുചരന്മാരും ഒന്നിച്ചിരിക്കെ അയാൾ അവിടെ വന്നു. അപ്പോൾ അവിടുന്ന് പറഞ്ഞു: 'ഇദ്ദേഹം എന്തൊക്കെയോ പറഞ്ഞു. എങ്കിലും വീണ്ടും ഞാനദ്ദേഹത്തിന് കുറച്ചുകൂടി കൊടുത്തു. അതിൽ അദ്ദേഹം സംതൃപ്തനായി.' തുടർന്ന് ഗ്രാമീണന്റെ നേരെ തിരിഞ്ഞു ചോദിച്ചു: 'ശരിയല്ലേ?'
'അതെ, അല്ലാഹു താങ്കളെയും കുടുംബത്തെയും അനുഗ്രഹിക്കട്ടെ.'
ഇതുകേട്ട നബി തിരുമേനി പറഞ്ഞു: ''എന്റെയും ഈ ഗ്രാമീണന്റെയും ഉപമ കൈവിട്ടുപോയ ഒട്ടകത്തിന്റെ ഉടമയുടേതുപോലെയാണ്. ജനം ആ ഒട്ടകത്തിന്റെ പിന്നാലെക്കൂടി. അതോടെ ഒട്ടകം പേടിച്ചരണ്ടു. കൂടുതൽ വേഗത്തിൽ ഓടിയകന്നു. അതുകണ്ട ഉടമ അവരെ വിളിച്ചു പറഞ്ഞു: 'ദയവായി ഒട്ടകത്തെ അതിന്റെ പാട്ടിനു വിട്ടേക്കൂ. അതിന്റെ കാര്യം ഞാൻ നോക്കാം. അതിനോട് ഏറ്റം കരുണയുള്ളവൻ ഞാനാണല്ലോ. അതിനെ അടുത്തറിയുന്നവനും ഞാൻ തന്നെ.' തുടർന്ന് ഒട്ടകത്തിന്റെ ഉടമ അതിന്റെ നേരെ ചെന്നു. കൈയിൽ അൽപം പുല്ലെടുത്തുപിടിച്ച് അതിനെ വിളിച്ചു. മെല്ലെ, മെല്ലെ അതിനോടടുത്തു. അവസാനം ഒട്ടകം അയാളുടെ മുമ്പിൽ വന്നു മുട്ടുകുത്തി.''

## 82. പശ്ചാത്താപത്തിന്റെ പ്രാധാന്യം

തെറ്റുപറ്റാത്ത മനുഷ്യരില്ല. അറിഞ്ഞോ അറിയാതെയോ എല്ലാവരും അപരാധങ്ങളിലകപ്പെടുന്നു. പറയുകയും പ്രവർത്തിക്കുകയും ചെയ്യുന്നവർക്കെല്ലാം പിഴവുകൾ പറ്റും. അതുകൊണ്ടുതന്നെ മരണശേഷം പരലോകത്ത് രക്ഷ ലഭിക്കുക ഒരു കുറ്റവും ചെയ്യാത്തവർക്കാണെന്ന് ആരും പറഞ്ഞിട്ടില്ല. പറയുകയുമില്ല. കൊടും കുറ്റവാളിക്കുപോലും രക്ഷാമാർഗമുണ്ടെന്ന് മതം പഠിപ്പിക്കുന്നു. പ്രായശ്ചിത്തത്തിലൂടെ പെരും പാപിക്ക് പരിശുദ്ധനും പുണ്യവാനുമാകാം. പശ്ചാത്തപിച്ച് മടങ്ങുന്നവരോട് ദൈവത്തിനുള്ള പ്രിയം അതിരുകളില്ലാത്തതത്രേ. നബി തിരുമേനി ഒരുദാഹരണത്തിലൂടെ ഇക്കാര്യം വിശദീകരിക്കുന്നു:

''മരുഭൂമിയിലൂടെ ഒട്ടകപ്പുറത്ത് യാത്രചെയ്യുന്ന ഒരാൾ. അയാളുടെ ആഹാരപാനീയങ്ങളും വസ്ത്രങ്ങളും മറ്റു അവശ്യവസ്തുക്കളുമെല്ലാം അതിന്റെ പുറത്താണ്. ദീർഘയാത്രയിൽ ക്ഷീണിച്ച അയാൾ ഒരിടത്ത് വിശ്രമിക്കാനിറങ്ങി. കഠിനമായ ക്ഷീണം കാരണം അയാൾ അൽപസമയം കിടന്നുറങ്ങി. ഉണർന്ന് എഴുന്നേറ്റുനോക്കിയപ്പോൾ തന്റെ എല്ലാമെല്ലാമായ ഒട്ടകത്തെ കാണാനില്ല. ദാഹം ശമിപ്പിക്കാനുള്ള വെള്ളവും വിശപ്പകറ്റാനുള്ള ആഹാരവുമെല്ലാം അതിന്റെ പുറത്താണ്. ഏറെ അസ്വസ്ഥനായ അയാൾ ഒട്ടകത്തെ അന്വേഷിച്ചുനടന്നു. രാത്രി ഏറെ വൈകുവോളം അലഞ്ഞുതിരിഞ്ഞിട്ടും ഒട്ടകത്തെ കണ്ടുകിട്ടിയില്ല. കൊടിയ നിരാശയോടെ തിരിച്ചുവന്ന ആ യാത്രക്കാരൻ മണലിൽ മലർന്നുകിടന്നു. ഇനി ഒരു രക്ഷയുമില്ലെന്നും മരണം ഉറപ്പാണെന്നും അയാൾ കരുതി. എല്ലാ പ്രതീക്ഷകളും നശിച്ച അയാൾ തളർച്ച കാരണം ഉറങ്ങി. എന്നാൽ, ഉണർന്ന് കണ്ണുതുറന്നു നോക്കിയപ്പോൾ കണ്ട കാഴ്ച അത്യദ്ഭുതകരമായിരുന്നു. ഒപ്പം അവിശ്വസനീയവും. നഷ്ടപ്പെട്ടുവെന്ന് ഉറപ്പിച്ച ഒട്ടകം അതാ മുന്നിൽ വന്നുനിൽക്കുന്നു. സന്തോഷാധിക്യത്താൽ അയാൾ പറഞ്ഞുപോയി: 'ദൈവമേ, നീ എന്റെ ദാസനാണ്. ഞാൻ നിന്റെ നാഥനും!' എന്നാൽ അയാൾ പറയേണ്ടിയിരുന്നത് മറിച്ചായിരുന്നു- 'ദൈവമേ! ഞാൻ നിന്റെ ദാസനാണ്. നീയെന്റെ നാഥനും.' സന്തോഷാധിക്യത്താൽ മാറിപ്പറയുകയായിരുന്നു.

നബി തിരുമേനി വിശദീകരിച്ചു: 'അയാൾ അനുഭവിക്കുന്ന ആഹ്ലാദത്തേക്കാൾ കൂടുതൽ സന്തോഷമാണ് പാപത്തിലകപ്പെട്ട തന്റെ ദാസൻ പശ്ചാത്തപിച്ച് മടങ്ങിയാൽ ദൈവത്തിനുണ്ടാവുക.'

## 83. യഹൂദനുവേണ്ടി വേദവാക്യങ്ങൾ

പ്രവാചകന്റെ കാലത്ത് ബനൂസഫർ ഗോത്രത്തിലെ ബശീറുബ്നു ഉബൈരിബ് എന്ന മുസ്‌ലിം പടയങ്കി മോഷ്ടിച്ചു. നഷ്ടപ്പെട്ട അങ്കിയെപ്പറ്റി ഉടമസ്ഥൻ അന്വേഷണമാരംഭിച്ചതോടെ മോഷ്ടാവ് അത് ഒരു യഹൂദന്റെ വശം പണയംവെച്ചു. അങ്കിയുടെ ഉടമസ്ഥൻ നബി തിരുമേനിയോട് പരാതി പറഞ്ഞു. ബശീറിനെ സംശയിക്കുന്നതായി അറിയിക്കുകയും ചെയ്തു. അതോടെ മോഷ്ടാവ് തന്റെ കൂട്ടുകാരെയും കുടുംബക്കാരെയും സമീപിച്ചു. കുറ്റം യഹൂദിയുടെ പേരിൽ ചുമത്താൻ അവർ യോജിച്ച് തീരുമാനമെടുത്തു. അങ്ങനെ നബി തിരുമേനി യഹൂദനെ വിളിച്ചുവരുത്തി വിചാരണ ചെയ്തു. അയാൾ കുറ്റം നിഷേധിച്ചു. സംഭവത്തിന്റെ നിജസ്ഥിതി തുറന്നുപറയുകയും ചെയ്തു. എങ്കിലും സാഹചര്യത്തെളിവുകൾ യഹൂദനെതിരായിരുന്നു. പടയങ്കി അയാളുടെ വശമാണല്ലോ ഉണ്ടായിരുന്നത്. അതോടൊപ്പം ബശീറിന്റെ ബന്ധുക്കൾ പ്രവാചകനെ സമീപിച്ച് ഏകസ്വരത്തിൽ പറഞ്ഞു: 'ഇവൻ ഒരു യഹൂദി. സത്യത്തെയും ദൈവദൂതനെയും തള്ളിപ്പറയുന്ന ഇവന്റെ വാദം ഒരിക്കലും സ്വീകാര്യമല്ല. മുസ്‌ലിംകളായ ഞങ്ങൾ പറയുന്നതാണ് അംഗീകരിക്കേണ്ടത്.'

ഈ വാദവും ബാഹ്യമായ തെളിവുകളും പ്രവാചകനെയും സ്വാധീനിച്ചു. അതിനാൽ യഹൂദനെതിരെ വിധിപറയാൻ തയ്യാറെടുക്കുകയായിരുന്നു നബി തിരുമേനി. അപ്പോഴേക്കും പ്രപഞ്ചനാഥനായ ദൈവം അതിലിടപെട്ടു. മുസ്‌ലിംകൾക്കെതിരെ യഹൂദന് അനുകൂലമായി ഖുർആൻ അവതീർണമായി. ആരാധനാ കർമങ്ങളുടെ വിശദാംശങ്ങൾ പോലുമില്ലാത്ത ഖുർആനിൽ, ഒരു യഹൂദന് നീതി ലഭിക്കാനായി ഒമ്പത് സൂക്തങ്ങളാണ് ഇറങ്ങിയത്. പ്രവാചകന് വീഴ്ച സംഭവിച്ചതായി സൂചിപ്പിക്കുന്നതും അതിനാൽ ദൈവത്തോട് മാപ്പ് ചോദിക്കാനാവശ്യപ്പെടുന്നതുമായ വചനവും അവയിലുണ്ട്. അവയിങ്ങനെ വായിക്കാം:

‘നാം നിനക്ക് സത്യസന്ദേശവുമായി ഈ വേദപുസ്തകം ഇറക്കിത്തന്നിരിക്കുന്നു. അല്ലാഹു കാണിച്ചതനുസരിച്ച് ജനങ്ങൾക്കിടയിൽ വിധികൽപിക്കാൻ വേണ്ടിയാണിത്. അതിനാൽ, നീ വഞ്ചകർക്കുവേണ്ടി വാദിക്കുന്നവനാകരുത്. അല്ലാഹുവോട് പാപമോചനം തേടുക. അല്ലാഹു ഏറെ പൊറുക്കുന്നവനും ദയാപരനും തന്നെ; തീർച്ച. ആത്മവഞ്ചന നടത്തുന്നവർക്ക്വേണ്ടി നീ വാദിക്കരുത്. കൊടുംവഞ്ചകനും പെരുംപാപിയുമായ ആരെയും അല്ലാഹു ഇഷ്ടപ്പെടുന്നില്ല. അവർ ജനങ്ങളിൽനിന്ന് മറച്ചുപിടിക്കുന്നു. എന്നാൽ, അല്ലാഹുവിൽനിന്ന് മറച്ചുവെക്കാനാവില്ല. അല്ലാഹുവിന് ഇഷ്ടപ്പെടാത്ത സംസാരത്തിലൂടെ രാത്രിയിലവർ ഗൂഢാലോചന നടത്തിക്കൊണ്ടിരുന്നപ്പോഴും അവൻ അവരോടൊപ്പമുണ്ട്. അവർ ചെയ്യുന്നതൊക്കെ സൂക്ഷ്മമായി അറിയുന്നവനാണ് അല്ലാഹു. ഐഹിക ജീവിതത്തിൽ അവർക്കുവേണ്ടി വാദിക്കാൻ നിങ്ങളുണ്ട്. എന്നാൽ, ഉയിർത്തെഴുന്നേൽപ്പുനാളിൽ അവർക്കുവേണ്ടി അല്ലാഹുവോട് തർക്കിക്കാൻ ആരാണുണ്ടാവുക? ആരാണ് അവിടെ അവരുടെ വക്കാലത്ത് ഏറ്റെടുക്കുക? തെറ്റ് ചെയ്യുകയോ തന്നോടുതന്നെ അതിക്രമം കാണിക്കുകയോ ചെയ്തശേഷം അല്ലാഹുവോട് പാപമോചനം തേടുന്നവൻ, ഏറെ പൊറുക്കുന്നവനും ദയാപരനുമായി അല്ലാഹുവെ കണ്ടെത്തുന്നതാണ്. എന്നാൽ, തെറ്റുകൾ ഒരുക്കൂട്ടിവെക്കുന്നവൻ സ്വന്തം നാശത്തിനിടവരുത്തുന്ന സംഗതികളാണ് ശേഖരിച്ചുവെക്കുന്നത്. അല്ലാഹു സർവജ്ഞനും യുക്തിജ്ഞനുമാകുന്നു. ആരെങ്കിലും വല്ല തെറ്റോ കുറ്റമോ ചെയ്തശേഷം അത് നിരപരാധിയുടെ പേരിൽ ചാർത്തുന്നുവെങ്കിൽ ഉറപ്പായും കടുത്ത കള്ളാരോപണവും പ്രകടമായ പാപവുമാണവൻ പേറുന്നത്.’ (ഖുർആൻ 4:105–112).

## 84. സാമ്പത്തിക വിശുദ്ധി

പ്രവാചകന്റെ കാലത്ത് സകാത്ത് ശേഖരിക്കാൻ ഏൽപിക്കപ്പെട്ടവരിലൊരാളാണ് ഉബയ്യുബ്നു കഅ്ബ്. സകാത്ത് കണക്കാക്കാനും ശേഖരിക്കാനുമായി പുറപ്പെട്ട അദ്ദേഹം കന്നുകാലികളെ വളർത്തി ജീവിതംനയിക്കുന്ന ഒരു ഗ്രാമീണനെ സമീപിച്ചു. അയാൾ തന്റെ ഒട്ടകങ്ങളെയും ആടുകളെയും ഉബയ്യിന് കാണിച്ചുകൊടുത്തു. എല്ലാം പരിശോധിച്ച് കണക്കുനോക്കിയ ഉബയ്യ് അയാളോടു പറഞ്ഞു: ‘ഒരൊട്ടകക്കുട്ടിയെ മാത്രമേ താങ്കൾ സകാത്തായി നൽകേണ്ടതുള്ളൂ.’
‘താങ്കൾ കാണിച്ചുതന്ന ഒട്ടകം ചരക്കുകയറ്റാനോ യാത്ര ചെയ്യാനോ പറ്റുകയില്ല. അതിനാൽ ഇതാ, തടിച്ചുകൊഴുത്ത മുന്തിയ ഒട്ടകം. താങ്കളിത് സ്വീകരിച്ചുകൊള്ളുക’–അയാൾ ആവശ്യപ്പെട്ടു.
‘ഇല്ല. ഞാനത് എടുക്കുകയില്ല. എന്നോട് നബി തിരുമേനി കൽപിച്ചതിനപ്പുറം ഞാൻ ചെയ്യുകയില്ല’–ഉബയ്യ് അറിയിച്ചു.
ഇത് അയാളെ വളരെയേറെ പ്രയാസപ്പെടുത്തി. താൻ നൽകാമെന്ന് വാഗ്ദാനം ചെയ്ത ഒട്ടകവുമായി അയാൾ പ്രവാചകനെ സമീപിച്ചു. നബി തിരുമേനിയെ കണ്ടയുടനെ അഭിവാദ്യം ചെയ്തു. തുടർന്നിങ്ങനെ പറഞ്ഞു: ‘ദൈവദൂതരേ, സകാത്ത് ശേഖരിക്കാൻ താങ്കളുടെ പ്രതിനിധി എന്റെ അടുത്ത് വന്നിരുന്നു. ഇതിനുമുമ്പ് അങ്ങയുടെ പ്രതിനിധികളാരും എന്നെ സമീപിക്കുകയോ സകാത്ത് ആവശ്യപ്പെടുകയോ ചെയ്തിട്ടില്ല. അതിനാൽ, ഞാനെന്റെ സ്വത്തൊക്കെയും അയാൾക്ക് കാണിച്ചുകൊടുത്തു. എല്ലാം പരിശോധിച്ചു നോക്കിയശേഷം ഒരൊട്ടകക്കുട്ടിയെ മാത്രമേ ഞാൻ സകാത്തായി നൽകേണ്ടതുള്ളൂ എന്നാണ് അദ്ദേഹം പറയുന്നത്. അതാണെങ്കിൽ നന്നേ ചെറുതാണ്. ഭാരം ചുമക്കാൻ അതിന് കഴിയില്ല. യാത്രചെയ്യാനും അത് പറ്റുകയില്ല. ഞാൻ തടിച്ചുകൊഴുത്ത നല്ല ഒരൊട്ടകത്തെ കാണിച്ചുകൊടുത്ത്, അത് എടുക്കാനാവശ്യപ്പെട്ടെങ്കിലും അദ്ദേഹമത് അംഗീകരിച്ചില്ല. അതിനാലാണ് ഞാൻ ഒട്ടകവുമായി ഇങ്ങോട്ട് വന്നത്. അങ്ങ് എന്നിൽനിന്നിത് സ്വീകരിച്ചാലും.’
തീർത്തും അസാധാരണമായ ഈ സമീപനത്തിലെ ഉദാരതയും ദൈവഭക്തിയും പ്രവാചകനെ ആഹ്ലാദഭരിതനാക്കി. അദ്ദേഹം പറഞ്ഞു: ‘താങ്കൾക്ക് ഇഷ്ടംപോലെ ചെയ്യാം. നിർബന്ധമായി നൽകേണ്ടത് എന്റെ പ്രതിനിധി താങ്കളിൽനിന്ന് സ്വീകരിച്ചിരിക്കുന്നു. എന്നാൽ, കൂടുതൽ നന്മചെയ്യാൻ താങ്കളുദ്ദേശിക്കുന്നുവെങ്കിൽ തീർച്ചയായും അല്ലാഹു കൂടുതൽ പ്രതിഫലം നൽകും.’
ആ ഗ്രാമീണൻ താൻ കൊണ്ടുവന്ന വിലപിടിപ്പുള്ള ഒട്ടകത്തെ പ്രവാചകനെ ഏൽപിച്ചു. അവിടുന്ന് അത് ഏറ്റുവാങ്ങി പൊതുമുതലിൽ ചേർത്തു. തുടർന്ന് അദ്ദേഹത്തിന്റെ വിജയത്തിനും നന്മക്കുമായി അല്ലാഹുവോട് പ്രാർഥിക്കുകയും ചെയ്തു.

## 85. വിനയത്തിലെ മഹത്ത്വം

'മുഹമ്മദേ, ഈ ധനം നിന്റെ ബാപ്പയുടേതാണോ, അതോ അല്ലാഹുവിന്റേതോ?' രൂക്ഷമായ ശൈലിയിലും പരുഷ സ്വരത്തിലും ഉയർന്നുകേട്ട ഈ ചോദ്യം നബി തിരുമേനിയോടായിരുന്നു. അവിടുന്ന് പൊതുമുതൽ വിതരണം നടത്തുകയായിരുന്നു. തനിക്ക് ലഭിച്ച വിഹിതത്തിൽ അതൃപ്തനായ ഒരു ഗ്രാമീണൻ കോപാകുലനായി. അയാളുടെ പരുക്കൻ പെരുമാറ്റം പ്രവാചക ശിഷ്യന്മാർക്കൊട്ടും ഇഷ്ടപ്പെട്ടില്ല. തങ്ങൾ സ്വന്തം ജീവനെക്കാൾ സ്നേഹിക്കുന്ന നബി തിരുമേനിയോട് തട്ടിക്കയറുന്നത് അവർക്കെങ്ങനെ സഹിക്കാനാവും? ചിലർ അയാളുടെ നേരെ  തിരിഞ്ഞു. കാര്യം മനസ്സിലാക്കിയ പ്രവാചകൻ അവരോട് പറഞ്ഞു: 'നിങ്ങൾ അയാളെ വെറുതെ വിടുക, അയാളും ഈ സ്വത്തിന്റെ അവകാശിയാണല്ലോ. അവകാശിക്ക് ചിലതൊക്കെ പറയാൻ അധികാരമുണ്ട്.'
പ്രതിക്രിയക്ക് സ്വന്തത്തെ സമർപ്പക്കാൻ ഒട്ടും മടിയില്ലാതിരുന്ന പ്രവാചകൻ അക്കാര്യം പ്രസംഗപീഠത്തിൽവെച്ച് പരസ്യപ്പെടുത്താൻപോലും മടിച്ചിരുന്നില്ല. ഒരിക്കൽ അവിടുന്ന് പറഞ്ഞു: 'ഞാൻ ആരുടെയെങ്കിലും ധനം അപഹരിച്ചിട്ടുണ്ടെങ്കിൽ ഇതാ എന്റെ ധനം, ഇതിൽനിന്നത് എടുത്തുകൊള്ളുക. ഞാൻ ആരുടെയെങ്കിലും മുതുകിൽ പ്രഹരിച്ചിട്ടുണ്ടെങ്കിൽ എന്റെ ശരീരമിതാ, പ്രതികാരം ചെയ്യുവിൻ.'

## 86. എന്തും കേൾക്കാൻ തയ്യാർ

കടംവാങ്ങിയ ഈത്തപ്പഴം ഉടനെ തിരിച്ചുകിട്ടണമെന്നാവശ്യപ്പെട്ട് ഒരാൾ നബി തിരുമേനിയെ വല്ലാതെ ശല്യപ്പെടുത്തി. അപ്പോൾ അവിടുന്ന് അയാളോട് പറഞ്ഞു: 'ഇപ്പോൾ എന്റെ വശം ഒന്നുമില്ല, അൽപം സാവകാശം തരൂ. കിട്ടിയാൽ ഉടനെ എത്തിച്ചുതരാം.' എന്നാൽ, ഒരുവിധ വിട്ടുവീഴ്ചക്കും അയാൾ തയ്യാറായിരുന്നില്ല. നബിയെ കഠിനമായി വിമർശിക്കുകയും ചീത്തപറയുകയും ചെയ്തു. ഉമറുൽ ഫാറൂഖിന് ഇത് സഹിക്കാൻ കഴിഞ്ഞില്ല. അദ്ദേഹം കോപാകുലനായി അയാളുടെ നേരെ തിരിഞ്ഞു. ഉടനെ പ്രവാചകൻ ഉമറിനെ തടഞ്ഞു. അവിടുന്ന് അരുൾചെയ്തു: 'ഉമറേ, അയാളെ വെറുതെ വിടുക. അവകാശി അങ്ങനെയൊക്കെ സംസാരിച്ചേക്കും.'
പിന്നീട് ഹകീമിന്റെ പുത്രി ഖൽവതിന്റെ വീട്ടിൽനിന്ന് ഈത്തപ്പഴം വരുത്തിയാണ് തിരുമേനി അയാളുടെ കടം വീട്ടിയത്.

## 87. ഷാസിന്റെ കുതന്ത്രവും പ്രവാചകന്റെ പ്രതിരോധവും

പ്രവാചകന്റെ ആഗമനത്തിനു മുമ്പുള്ള യഥ്രിബ് പകക്കും പോരിനും പേരുകേട്ട പ്രദേശമായിരുന്നു. അവിടത്തെ പ്രബല ഗോത്രങ്ങളായ ഔസും ഖസ്റജും തമ്മിലേറ്റുമുട്ടാത്ത നാളുകൾ വളരെ വിരളമായിരുന്നു. തലമുറകളിലൂടെ തുടർന്നുവരുന്നതായിരുന്നു അവർക്കിടയിലെ വൈരം. അവിടത്തെ സ്ത്രീകൾ മക്കളെ ഗർഭം ചുമന്നിരുന്നതും പ്രസവിച്ചിരുന്നതും പോറ്റി വളർത്തിയിരുന്നതും പരസ്പരം പൊരുതി മരിക്കാനായിരുന്നു. അവർ ഓരോ പോർക്കളത്തോടും വിടപറഞ്ഞിരുന്നത്, പുതിയ പടക്കളത്തിൽ പടവെട്ടാനുള്ള പ്രതിജ്ഞയോടെയായിരുന്നു.
യഥ്രിബിലെ കിടമത്സരത്തിന്റെയും രക്തച്ചൊരിച്ചിലിന്റെയും ഈ ഊഷരഭൂമിയിലേക്കാണ് പ്രവാചക സന്ദേശത്തിന്റെ കനിവ് കിനിഞ്ഞിറങ്ങിയത്. സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും വിനയത്തിന്റെയും വിട്ടുവീഴ്ചയുടെയും സന്ദേശം അവിടമെങ്ങും പ്രസരിച്ചു. അത് അന്നാട്ടുകാരെ അഗാധമായി സ്വാധീനിച്ചു. യഥ്രിബ് മദീനത്തുന്നബിയായതോടെ ഔസ്-ഖസ്റജ് ഗോത്രങ്ങൾ ആത്മമിത്രങ്ങളായി. ഇസ്ലാമിക സാഹോദര്യത്തിന്റെ പാശം അവരെ കൂട്ടിയിണക്കി.

ഔസ്-ഖസ്റജ് സംഘട്ടനങ്ങളിൽനിന്ന് നേട്ടം കൊയ്തിരുന്ന ജൂത നേതാവ് ഷാസുബ്നു ഖൈസിന് ഇതൊട്ടും ഇഷ്ടപ്പെട്ടില്ല. പ്രവാചകന്റെ സാന്നിധ്യം അയാളുടെ നേതൃതാൽപര്യത്തിനെന്നപോലെ സാമ്പത്തിക ചൂഷണങ്ങൾക്കും തടസ്സം സൃഷ്ടിച്ചു. അതിനാൽ ഔസ്-ഖസ്റജ് ഗോത്രങ്ങളെ പരസ്പരം പിണക്കാൻ പരമാവധി ശ്രമിച്ചു. അതിനിടെ അയാൾക്ക് ഒരു ജൂത കവിയെ കൂട്ടിന് കിട്ടുകയും ചെയ്തു. ഷാസ് അയാളുടെ കാതുകളിൽ മന്ത്രിച്ചു: 'നോക്കൂ, അന്യോന്യം അറിഞ്ഞു വീഴ്ത്തിയിരുന്ന ഈ ജനത അവിശ്വസനീയമാംവിധം ഐക്യപ്പെട്ടിരിക്കുന്നു. നമ്മുടെ എല്ലാ നാശനഷ്ടങ്ങൾക്കും കാരണം ഇതാണ്. അവരുടെ ഐക്യം നമ്മുടെ സ്വൈരം കെടുത്തും. ജീവിതസുഖം ഇല്ലാതാക്കും. അതിനാൽ ഈ ഐക്യം തകർക്കണം. താങ്കൾ ഖസ്റജുകാരെ സമീപിക്കൂ... ബുആസ് യുദ്ധത്തെക്കുറിച്ച് അവരെ ഓർമിപ്പിക്കൂ. ഔസുകാർ അന്ന് നടത്തിയ കൂട്ടക്കുരുതിയെ സംബന്ധിച്ചും. അന്ന് കൊല്ലപ്പെട്ടവരുടെ അപദാനങ്ങൾ ആലപിച്ച് അവരുടെ വികാരം ഉണർത്തൂ.'
ജൂത യുവാവ് ഖസ്റജുകാരെ സമീപിച്ച് അവരുടെ ഓർമകളെ പിറകോട്ടു കൂട്ടിക്കൊണ്ടുപോയി. ഇതേ കാര്യം ഔസുകാരിലും ആവർത്തിച്ചു. അതോടെ ഇരു വിഭാഗത്തിന്റെയും സ്മൃതിപഥത്തിൽ പഴയ ഇരുണ്ട നാളുകൾ പുനർജനിച്ചു. ഗോത്ര ചിന്തകൾ മനസ്സുകളെ മഥിച്ചു. അതോടെ അന്യോന്യം തർക്കമായി. പിന്നെ പോർവിളിയും. മദീനക്കു പുറത്തുള്ള ഹുർറയിൽ വെച്ച് ഏറ്റുമുട്ടാമെന്ന ധാരണയോളം അവരെത്തി. വിവരമറിഞ്ഞ നബി തിരുമേനി അവരെ സമീപിച്ചു. ഷാസിന്റെ കുതന്ത്രത്തെക്കുറിച്ച് അവരെ ഓർമപ്പെടുത്തിയ പ്രവാചകൻ അവരോടു പറഞ്ഞു: 'ഞാൻ ജീവിച്ചിരിക്കെ തന്നെ നിങ്ങൾ അനിസ്‌ലാമികതയുടെ അന്ധകാരത്തിലേക്ക് തിരിച്ചുപോവുകയോ? ഇസ്‌ലാം വഴി അല്ലാഹു നിങ്ങളെ അന്യോന്യം അടുപ്പിച്ചു. പരസ്പരം ഇണക്കി. അതുവഴി നിങ്ങളെ ആദരണീയരാക്കുകയും ചെയ്തു. നിങ്ങൾ നരകത്തിൽനിന്ന് രക്ഷപ്പെട്ടശേഷം അതിലേക്കുതന്നെ തിരിച്ചുപോവുകയോ?'
പ്രവാചകന്റെ ചോദ്യം അവരുടെ ബോധമണ്ഡലത്തെ തട്ടിയുണർത്തി. പറ്റിപ്പോയ തെറ്റിൽ പശ്ചാത്തപിച്ച് കണ്ണീർ വാർക്കാൻ തുടങ്ങി. അവരന്യോന്യം മാപ്പിരക്കുകയും ആലിംഗനബദ്ധരാവുകയും ചെയ്തു. അങ്ങനെ അവർക്കിടയിലെ സ്നേഹവും സാഹോദര്യവും പൂർവാധികം ഗാഢവും ഭദ്രവുമായി.
ശത്രുക്കളുടെ ഇത്തരം തന്ത്രങ്ങളെക്കുറിച്ച് ഉണർത്തിയ വിശുദ്ധ ഖുർആൻ വിശ്വാസികളോട് നിർദേശിച്ചു: 'നിങ്ങളൊന്നായി അല്ലാഹുവിന്റെ പാശം മുറുകെ പിടിക്കുക. അല്ലാഹു നിങ്ങൾക്ക് നൽകിയ അനുഗ്രങ്ങളോർക്കുക. നിങ്ങളന്യോന്യം ശത്രുക്കളായിരുന്നു. പിന്നെ അവൻ നിങ്ങളുടെ മനസ്സുകളെ പരസ്പരം കൂട്ടിയിണക്കി. അങ്ങനെ അവന്റെ അനുഗ്രഹത്താൽ നിങ്ങൾ സഹോദരങ്ങളായിത്തീർന്നു. നിങ്ങൾ തീക്കുണ്ഡത്തിന്റെ വക്കിലായിരുന്നു. അതിൽനിന്ന് അവൻ നിങ്ങളെ രക്ഷിച്ചു. ഇവ്വിധം അല്ലാഹു അവന്റെ സൂക്തങ്ങൾ നിങ്ങൾക്ക് വിവരിച്ചുതരുന്നു; നിങ്ങൾ സന്മാർഗം പ്രാപിച്ചവരാവാൻ.' (3: 103)

## 88. അതിരുകളില്ലാത്ത ആർദ്രത

പ്രവാചകന്റെ പ്രധാന പ്രതിയോഗികളിൽ ഒരാളായിരുന്നു അബൂസുഫ്‌യാൻ. മക്കയിൽ നബി തിരുമേനിക്കും അനുചരന്മാർക്കുമെതിരെ നടന്ന മിക്ക അതിക്രമങ്ങൾക്കും നേതൃത്വം നൽകിയവരിൽ അദ്ദേഹവുമുണ്ട്. മൂന്നുവർഷം നീണ്ടുനിന്ന സാമൂഹിക ബഹിഷ്കരണം ആസൂത്രണം ചെയ്തതിലും നടപ്പാക്കിയതിലും അബൂസുഫ്‌യാന്റെ പങ്ക് അനൽപമാണ്. പ്രവാചകനും അനുയായികളും മക്കയിൽനിന്ന് മദീനയിലേക്ക് നാടുവിടേണ്ടിവന്നതിലും അയാളുടെ ശത്രുതക്ക് അനിഷേധ്യമായ പങ്കുണ്ട്. ഹിജ്റക്കുശേഷം മദീനക്കെതിരെ നടന്ന യുദ്ധങ്ങളിലേറെയും സംഘടിപ്പിച്ചത് അദ്ദേഹവും കൂട്ടാളികളുമാണ്. സത്യപ്രബോധനം ആരംഭിച്ചതുമുതൽ അന്നോളം അബൂസുഫ്‌യാൻ അൽപവും സ്വൈരം നൽകിയിരുന്നില്ല. നബി തിരുമേനിയുടെ പിതൃസഹോദരീ പുത്രൻ അബ്ദുല്ലാ ഹിബ്നു ഉമയ്യയുടെ സമീപനവും വ്യത്യസ്തമായിരുന്നില്ല. അദ്ദേഹത്തിന്റെ മുഴുശ്രദ്ധയും പ്രവാചകനെതിരെയുള്ള അപവാദപ്രചാരണത്തിലായിരുന്നു.
ഇപ്പോൾ പ്രവാചകനും അനുയായികളും ജന്മനാടായ മക്കയിലേക്ക് പോവുകയാണ്; ജേതാക്കളും ഭരണാധികാരികളുമായി. നേരിയ എതിർപ്പുപോലും അവർക്ക് നേരിടേണ്ടിവരില്ലെന്നുറപ്പ്. മക്കാ നിവാസികൾ നബി തിരുമേനിയുടെ കൂടെ ചേരാൻ

തീരുമാനിച്ചിരിക്കുന്നു. അദ്ദേഹം മക്കയുടെ മണ്ണിൽ കാലുകുത്തിയിട്ടില്ലെന്നേയുള്ളൂ. പ്രവാചകനും അനുചരന്മാരും ദഹ്റാനിലെത്തി. മക്കയിൽ നിന്ന് ഏഴു കിലോമീറ്ററിൽ കുറഞ്ഞ ദൂരമേ അവിടേക്കുള്ളൂ. വിവരമറിഞ്ഞ അബൂസുഫ്യാനും അബ്ദുല്ലാഹിബ്നു ഉമയ്യയും അവിടേക്ക് പുറപ്പെട്ടു. 'നിവിൽ ഉഖാബ' എന്ന സ്ഥലത്തുവെച്ച് അവർ ഇസ്‌ലാമിക സേനയുമായി സന്ധിച്ചു. പ്രവാചകനുമായി കൂടിക്കാഴ്ചക്ക്  അവരിരുവരും അനുവാദമാരാഞ്ഞു. എങ്കിലും അന്നോളമുള്ള തിക്താനുഭവങ്ങളുടെ പശ്ചാത്തലത്തിൽ അവിടുന്ന് അനുവാദം നൽകിയില്ല. പ്രവാചകപത്നി ഉമ്മുസലമ അവർക്കുവേണ്ടി ശിപാർശ പറഞ്ഞു. നബി തിരുമേനി അതും അംഗീകരിച്ചില്ല. അദ്ദേഹം പറഞ്ഞു:
'അബൂസുഫ്യാനിൽനിന്ന് ഞാൻ വളരെയേറെ ദ്രോഹം സഹിച്ചു. എന്റെ സ്യാലനും പിതൃവ്യപുത്രനുമായ അബ്ദുല്ലാഹിബ്നു ഉമയ്യ എനിക്കെതിരെ മക്കയിലുടനീളം അപവാദം പ്രചരിപ്പിക്കുകയും ചെയ്തു.'
വിവരമറിഞ്ഞ അബൂസുഫ്യാൻ പറഞ്ഞു: 'അദ്ദേഹം എനിക്ക് അഭയം നൽകുന്നില്ലെങ്കിൽ ഞാനെന്റെ കൊച്ചു കുഞ്ഞിനെയും കൂട്ടി മരുഭൂമിയിൽ അലഞ്ഞുനടക്കും. ദാഹിച്ചും വിശന്നും ഞങ്ങൾ മരിക്കും.'
ഇതുകേട്ട പ്രവാചകന്റെ മനമലിഞ്ഞു. ഹൃദയം ആർദ്രമായി. അവിടുന്ന് ഇരുവർക്കും അഭയം നൽകി.

## 89. ഥുമാമ സന്മാർഗത്തിലേക്ക്

ഥുമാമതുബ്നു അഥാൽ യമാമക്കാരുടെ നേതാവാണ്. അവിടത്തെ ഭരണാധികാരിയും. പരിസര പ്രദേശങ്ങളിലെ ശ്രദ്ധേയരായ വ്യക്തികളെ ഇസ്‌ലാമിലേക്ക് ക്ഷണിച്ചുകൊണ്ട് നബി തിരുമേനി കത്തെഴുതിയവരുടെ കൂട്ടത്തിൽ അദ്ദേഹവുമുൾപ്പെട്ടിരുന്നു. എന്നാൽ ഥുമാമ വളരെ ധിക്കാരപരമായാണ് അതിനോട് പ്രതികരിച്ചത്. അദ്ദേഹം ക്ഷണം നിരസിച്ചു. ഒപ്പം നബി തിരുമേനിയെ വധിക്കാൻ ഗൂഢാലോചനയും നടത്തി. അതിനായി ഒരു പദ്ധതിയിട്ടു. അത് നടപ്പാക്കുന്നതിൽനിന്ന് ഥുമാമയെ തടഞ്ഞത് അയാളുടെ പിതൃവ്യനാണ്.
ഥുമാമ മുസ്‌ലിംകളെ കഠിനമായി ദ്രോഹിച്ചുകൊണ്ടിരുന്നു. ഒന്നിലേറെ പ്രവാചകശിഷ്യരെ അയാൾ ക്രൂരമായി കൊലപ്പെടുത്തി. അതിനാൽ, അദ്ദേഹത്തെ എവിടെ കണ്ടുമുട്ടിയാലും പിടികൂടാൻ നബി തിരുമേനി കൽപനകൊടുത്തു.
അതിനിടെ ഥുമാമ ഉംറ നിർവഹിക്കാൻ മക്കയിലേക്ക് പുറപ്പെട്ടു. വഴിയിൽ മദീനയുടെ പരിസരത്തെത്തിയപ്പോൾ ഒരപകടത്തിൽ പെട്ടു. നബി തിരുമേനി അതിർത്തിസംരക്ഷണത്തിന് നിയോഗിച്ചിരുന്നവർ അദ്ദേഹത്തെ പിടികൂടി പ്രവാചകസന്നിധിയിൽ ഹാജരാക്കി. അത് ആരാണെന്ന് അവർക്കറിയില്ലായിരുന്നു. എങ്കിലും പ്രവാചകൻ പെട്ടെന്ന് ആളെ തിരിച്ചറിഞ്ഞു. അതിനാൽ, വളരെ മാന്യമായി മാത്രമേ അദ്ദേഹത്തോട് പെരുമാറാവൂവെന്ന് അവിടുന്ന് തന്റെ അനുയായികളോട് നിർദേശിച്ചു.
നബി തിരുമേനി വീട്ടിൽ ചെന്ന് അവിടെയുണ്ടായിരുന്ന ആഹാരം ഥുമാമക്ക് കൊടുത്തയച്ചു. സ്വന്തം ഒട്ടകത്തിന്റെ പാൽ കറന്നെടുത്ത് അതും എത്തിക്കാൻ ഏർപ്പാട്ചെയ്തു. പിന്നീട് സാവകാശം അദ്ദേഹത്തെ സമീപിച്ചു ചോദിച്ചു: 'താങ്കളെന്തു പറയുന്നു, ഥുമാമ?'
''നല്ലത്, താങ്കളെന്നെ വധിക്കാൻ വിധിക്കുന്നുവെങ്കിൽ അത് ന്യായം തന്നെ. ഞാൻ വധിക്കപ്പെടാൻ അർഹനാണ്. എന്നാൽ, എനിക്ക് മാപ്പ് നൽകുന്നുവെങ്കിൽ  നിശ്ചയമായും ഞാൻ നന്ദിയുള്ളവനായിരിക്കും. അഥവാ പ്രതിഫലമായി താങ്കൾക്ക് പണം വേണമെങ്കിൽ അത് തരാനും ഞാനൊരുക്കമാണ്.'
രണ്ടുമൂന്നു ദിവസം നബി തിരുമേനി അദ്ദേഹത്തിന്റെ അടുത്തുചെന്നില്ല. അതോടൊപ്പം ഭക്ഷണവും പാലും കൊടുത്തയച്ചുകൊണ്ടിരുന്നു. അടുത്ത ദിവസം അദ്ദേഹത്തെ സമീപിച്ച് പഴയ ചോദ്യം ആവർത്തിച്ചു. ഥുമാമ പഴയ മറുപടിയും പറഞ്ഞു. അന്നും പ്രവാചകൻ പ്രത്യേകിച്ചൊന്നും പറയാതെ തിരിച്ചുപോന്നു. പിറ്റേന്ന് വീണ്ടും ചെന്ന് ആദ്യചോദ്യം ആവർത്തിച്ചു. ഥുമാമയുടെ മറുപടി പഴയതു തന്നെയായിരുന്നു. അപ്പോൾ അവിടുന്ന് തന്റെ അനുചരന്മാരോട് ആജ്ഞാപിച്ചു: 'നിങ്ങൾ ഥുമാമയെ മോചിപ്പിക്കുക.'
സ്വതന്ത്രനായ ഥുമാമ അവിടെനിന്നിറങ്ങിപ്പോയി. അൽപസമയം കഴിഞ്ഞ് തിരിച്ചെത്തുകയും ചെയ്തു. അൽപം അകലെയുള്ള അരുവിയിൽ ശരീരശുദ്ധി വരുത്താൻ പോയതായിരുന്നു അദ്ദേഹം. പ്രവാചകസന്നിധിയിൽ മടങ്ങിയെത്തിയ ഥുമാമ ആ നിമിഷംതന്നെ ഇസ്‌ലാം ആശ്ലേഷിച്ചു. തുടർന്ന് അദ്ദേഹം പറഞ്ഞു: 'അല്ലാഹുവിന്റെ ദൂതരേ, അല്ലാഹുവാണെ, ഈ ഭൂമുഖത്ത് താങ്കളോടുള്ളത്ര വെറുപ്പ് മറ്റൊരാളോടും എനിക്കുണ്ടായിരുന്നില്ല. ഇപ്പോഴോ, താങ്കളെപ്പോലെ പ്രിയങ്കരനായി മറ്റൊരാളില്ല. താങ്കളുടെ മതത്തെപ്പോലെ വെറുക്കപ്പെട്ട മതം

മറ്റൊന്നുണ്ടായിരുന്നില്ല. ഇപ്പോഴെനിക്കേറ്റം ഇഷ്ടപ്പെട്ടതും അതുതന്നെ. എനിക്കേറെ വെറുപ്പ് തോന്നിയിരുന്ന ഈ നാടിന്റെ സ്ഥിതിയും ഭിന്നമല്ല. അഥവാ, ഞാനിപ്പോൾ അങ്ങയെയും അങ്ങയുടെ മതത്തെയും നാടിനെയും മറ്റെന്തിനെക്കാളും സ്നേഹിക്കുന്നു.'
പിന്നീട് ഥുമാമ പതിഞ്ഞസ്വരത്തിൽ പറഞ്ഞു: 'ഞാൻ അങ്ങയുടെ ചില അനുയായികളെ വധിച്ചിട്ടുണ്ടല്ലോ. അതിന്റെ വിധി അറിയിച്ചാലും.'
'താങ്കൾ കുറ്റക്കാരനല്ല. ഇസ്‌ലാം പൂർവപാപങ്ങളെയൊക്കെ മായ്ച്ചിരിക്കുന്നു–'പ്രവാചകൻ പ്രതിവചിച്ചു.

## 90. ശത്രുക്കൾക്കും സഹായം

മക്കാനിവാസികൾ ഭക്ഷ്യധാന്യങ്ങൾക്ക് മുഖ്യമായി ആശ്രയിച്ചിരുന്നത് യമാമ ദേശക്കാരെയാണ്. അവരുടെ നേതാവായ ഥുമാമതുബ്നു അഥാൽ ഇസ്‌ലാം ആശ്ലേഷിച്ചു. അതോടെ അദ്ദേഹം, പ്രവാചകനെയും അനുചരന്മാരെയും അത്യധികം പ്രയാസപ്പെടുത്തിക്കൊണ്ടിരിക്കുന്ന മക്കാനിവാസികൾക്കെതിരെ പ്രതികാര നടപടി സ്വീകരിക്കാൻ തീരുമാനിച്ചു. അതിനാൽ, തന്റെ നാട്ടുകാരോടിങ്ങനെ നിർദേശിച്ചു: 'മക്കയിലേക്കിനി ഒരുമണി ധാന്യവും കൊടുത്തയക്കരുത്.'
ആഹാരപദാർഥങ്ങളുടെ അഭാവം മക്കാനിവാസികളെ നന്നായി ബാധിച്ചു. അവർ പട്ടിണികൊണ്ട് പൊറുതിമുട്ടി. ആയിടെയാണ് ഥുമാമ തീർഥാടനാർഥം മക്കയിൽ ചെന്നത്. ഈയവസരമുപയോഗിച്ച് ഖുറൈശിപ്രമുഖർ അദ്ദേഹത്തെ ചെന്നുകണ്ടു. ധാന്യം നൽകുകയില്ല എന്ന നിലപാട് മാറ്റാൻ ആവശ്യപ്പെട്ടു. ഒപ്പമിങ്ങനെ പരിതപിക്കുകയും ചെയ്തു: 'താങ്കൾ ഞങ്ങളുടെ മതമുപേക്ഷിച്ചുവല്ലോ.'
'അതെ, അതിലെന്താണിത്ര സംശയം! ലോകത്തിലെ ഏറ്റം ഉത്കൃഷ്ട മതമാണിസ്‌ലാം. ഞാൻ അതംഗീകരിച്ചിരിക്കുന്നു. ഇനി സത്യത്തിൽനിന്ന് അസത്യത്തിലേക്ക് തിരിച്ചുപോകില്ല. നിങ്ങൾക്കൊരു മണി ധാന്യം തരുകയുമില്ല' – ഥുമാമ തറപ്പിച്ചുപറഞ്ഞു.
മുഹമ്മദിന്റെ നിർദേശമില്ലാതെ ഥുമാമ തീരുമാനം മാറ്റുകയില്ലെന്ന് ഖുറൈശി പ്രമുഖർക്ക് ബോധ്യമായി. പക്ഷേ, മുഹമ്മദ് തങ്ങളോട് കരുണ കാണിക്കുമോ? പച്ചവെള്ളംപോലും കൊടുക്കാതെ മൂന്ന് കൊല്ലം അദ്ദേഹത്തെയും അനുയായികളെയും പട്ടിണിക്കിട്ടവരല്ലേ നമ്മൾ? സാമൂഹിക ബഹിഷ്കരണമേർപ്പെടുത്തി, അവരെ പച്ചില തിന്ന് ജീവിക്കാൻ നിർബന്ധിതരാക്കിയവർ. ഇപ്പോൾ തങ്ങൾ ആഹാരപദാർഥങ്ങൾ കിട്ടാതെ കഷ്ടപ്പെടുന്നുവെന്നറിയുമ്പോൾ മുഹമ്മദ് പൊട്ടിച്ചിരിക്കുകയല്ലേ ചെയ്യുക? അവ്വിധമൊക്കെയാണവർ ആലോചിച്ചതെങ്കിലും ഒന്നു പരീക്ഷിച്ചുനോക്കാൻ തന്നെ തീരുമാനിച്ചു. അതിനാലവർ നബി തിരുമേനിക്കെഴുതി: 'ഞങ്ങൾക്ക് ഭക്ഷ്യധാന്യം നൽകുന്നത് നിരോധിച്ചുകൊണ്ട് യമാമക്കാരോട് ഥുമാമ നൽകിയ നിർദേശം പിൻവലിക്കാൻ ആവശ്യപ്പെട്ടാലും. ഈ പ്രയാസത്തിൽനിന്ന് ഞങ്ങളെയൊന്ന് രക്ഷിക്കണം. രക്തബന്ധത്തിന്റെ പേരിലെങ്കിലും.'
കത്തുവായിച്ച നബി തിരുമേനി ഥുമാമക്ക് ഒരു സന്ദേശമയച്ചു. അതിലെ പ്രസക്തഭാഗമിങ്ങനെയായിരുന്നു: ദൈവം തന്നെ തള്ളിപ്പറയുന്നവരോടും തന്നിൽ പങ്ക് ചേർക്കുന്നവരോടും കരുണ കാണിക്കുന്നവനാണ്. നാമും ഉൾക്കൊള്ളേണ്ടത് അതാണ്. അതിനാൽ 'മക്കയിലേക്കുള്ള ധാന്യക്കടത്ത് നിർത്തരുത്.'

## 91. സന്മാർഗത്തിലേക്കു നയിച്ച സംവാദം

തമീം ഗോത്രക്കാർ പ്രവാചകനോട് സംവാദം നടത്താൻ ഒരു സംഘത്തെ മദീനയിലേക്കയച്ചു. തർക്കിച്ചു തോൽപിക്കാമെന്ന പ്രതീക്ഷയിലായിരുന്നു അവർ. പട്ടണത്തിലെത്തിയ സംഘം പള്ളിയിൽ പ്രവേശിച്ചു. അപ്പോൾ നബി തിരുമേനി തന്റെ വീട്ടിൽ വിശ്രമിക്കുകയായിരുന്നു. അതിനാലവർ വീട്ടിന്റെ അടുത്തുചെന്ന് വിളിച്ചുപറഞ്ഞു: 'മുഹമ്മദ്; ഇങ്ങിറങ്ങിവരൂ.'
മര്യാദയില്ലാത്ത ഈ പെരുമാറ്റം പ്രവാചകന് ഇഷ്ടപ്പെട്ടില്ല. എന്നിട്ടും അവിടുന്ന് വീട്ടിൽനിന്ന് പുറത്തിറങ്ങി അവരുടെ അടുത്തേക്കുചെന്നു. അതോടെ അവർ മുസ്‌ലിംകളെ സംബന്ധിച്ച് കുറെ പരാതി പറഞ്ഞു. അതോടൊപ്പം മുസ്‌ലിംകൾക്ക് പലപ്പോഴും പലവിധ സഹായവും ചെയ്തുകൊടുത്തതായി അവകാശപ്പെടുകയും ചെയ്തു. തുടർന്നിങ്ങനെ പറഞ്ഞു: 'സംവാദത്തിനാണ് ഞങ്ങൾ വന്നിരിക്കുന്നത്. അതിനാൽ ഞങ്ങൾക്ക് സംസാരിക്കാൻ അവസരം നൽകുക.'

പ്രവാചകൻ അവർക്ക് അനുമതി നൽകി. അതോടെ അവരിലെ പ്രഗത്ഭ വാഗ്മി ഉത്വാരിദുബ്നു ഹാജിബ് എഴുന്നേറ്റുനിന്നു. അയാൾ തന്റെ കഴിവ് പരമാവധി ഉപയോഗപ്പെടുത്തി പ്രസംഗിച്ചു. അതവസാനിച്ചപ്പോൾ നബി തിരുമേനി സാബിതുബ്നു ഖൈസിനോട് അയാൾക്ക് മറുപടി നൽകാനാവശ്യപ്പെട്ടു. അദ്ദേഹം ഖുർആൻ വാക്യങ്ങളുദ്ധരിച്ച് സമർഥമായി സംസാരിച്ചു. പിന്നീട് തമീം ഗോത്രത്തിലെ കവി സിബ്രിഖാൻ ഇബ്നുബദർ എഴുന്നേറ്റുനിന്നു കവിത ചൊല്ലി. പ്രവാചക നിർദേശമനുസരിച്ച് ഹസ്സാനുബ്നു സാബിത് അതിന് കവിതയിലൂടെതന്നെ മറുപടി നൽകി. ഇത് ശ്രോതാക്കളെ ആശ്ചര്യഭരിതരാക്കി. അതോടെ തമീം ഗോത്രക്കാരുടെ പ്രതിനിധിസംഘത്തിലെ പ്രമുഖനായ അഖ്റതുബ്നുഹാബിസ് എഴുന്നേറ്റുനിന്ന് പറഞ്ഞു: 'എന്റെ പിതാവാണ് സത്യം. ഈ മനുഷ്യന്റെ വശമുള്ളത് അപാരംതന്നെ; അത്യന്തം അത്ഭുതമുളവാക്കുന്നതും. അദ്ദേഹത്തിന്റെ വാഗ്മി നമ്മുടെ വാഗ്മിയെക്കാൾ വളരെ മികച്ചവനാണ്. അദ്ദേഹത്തിന്റെ കവി നമ്മുടെ കവിയെ കടത്തിവെട്ടുന്നവനും. അവരുടെ സ്വരം നമ്മുടെ സ്വരത്തെക്കാൾ ഉജ്ജ്വലം തന്നെ.'
അങ്ങനെ അദ്ദേഹം പരാജയം സമ്മതിച്ച് പ്രവാചകന്റെ പാത പിന്തുടർന്നു. അതോടെ സംഘാംഗങ്ങളെല്ലാം അതേ മാർഗമവലംബിച്ചു. സംവാദത്തിനു വന്നവർ സന്മാർഗം സ്വീകരിച്ച് സംതൃപ്തരായി മടങ്ങി.

## 92. അപവാദപ്രചാരകർക്കും മാപ്പ്

ബനുൽ മുസ്ത്വലഖ് യുദ്ധാനന്തരം പ്രവാചകനും അനുചരന്മാരും അതിവേഗം മടങ്ങുകയായിരുന്നു. യാത്രാമധ്യേ വിശ്രമിക്കാനായി അവർ മദീനക്കടുത്തുള്ള ഒരിടത്ത് താവളമടിച്ചു. പ്രവാചകപത്നി ആഇശ പ്രാഥമികാവശ്യങ്ങൾ നിർവഹിക്കാനായി അൽപം ദൂരെ പോയി. തിരിച്ചുവരവെ തനിക്കേറെ പ്രിയപ്പെട്ട കല്ലുമാല വീണുപോയതറിഞ്ഞു. അവർ അതന്വേഷിച്ച് തിരിച്ചുനടന്നു. അത് പരതുന്നതിനിടയിൽ സമയം പോയതറിഞ്ഞില്ല. അവർ മടങ്ങിയെത്തിയപ്പോഴേക്കും യാത്രാസംഘം സ്ഥലംവിട്ടിരുന്നു. പ്രവാചക പത്നി യാത്രയിൽ സഞ്ചരിക്കാറുള്ള പല്ലക്കിൽ അവരുണ്ടാകുമെന്ന് കരുതി അത് വാഹനപ്പുറത്ത് കയറ്റിവെച്ചാണ് സംഘം യാത്രയായത്. കൃശഗാത്രയായ അവരതിലില്ലാത്തത് എടുത്തുവെച്ചവർ അറിഞ്ഞില്ല.
സഹയാത്രികരെല്ലാം സ്ഥലംവിട്ടതിനാൽ എല്ലാം അല്ലാഹുവിൽ സമർപ്പിച്ച് അവരവിടെത്തന്നെ വിശ്രമിച്ചു. ഏറെക്കഴിയുംമുമ്പെ അവർ മയക്കത്തിലാണ്ടു. അപ്പോഴാണ് സ്വഫ്വാനുബ്നു മുഅത്ത്വൽ അവിടെ എത്തിയത്. സൈന്യത്തിന്റെ സുരക്ഷ ലക്ഷ്യംവെച്ച് യാത്രാസംഘത്തിന് പിറകെ സഞ്ചരിക്കാൻ പ്രവാചകൻ ചുമതലപ്പെടുത്തിയതായിരുന്നു അദ്ദേഹത്തെ. ആഇശയെ തിരിച്ചറിഞ്ഞ സഫ്വാൻ അവരെ വാഹനപ്പുറത്തു കയറ്റി അതിവേഗം യാത്രാസംഘത്തോടൊപ്പമെത്തി.
ഈ സംഭവം ചില അപഥ ധാരണകൾക്കിടവരുത്തി. കപടവിശ്വാസികളായ ചിലർ ആഇശക്കെതിരെ അപവാദപ്രചാരണങ്ങളിലേർപ്പെട്ടു. അതിൽ പങ്കുവഹിച്ചവരിലൊരാളായിരുന്നു മിസ്ത്വഹ്. അദ്ദേഹം ആഇശയുടെ പിതാവ് അബൂബക്കർ സദ്ദീഖിന്റെ ബന്ധുവായിരുന്നു. ദരിദ്രനായ മിസ്ത്വഹിന് സിദ്ദീഖായിരുന്നു ജീവനാംശം നൽകിവന്നത്.
അല്ലാഹു വിശുദ്ധ ഖുർആനിലൂടെ ആഇശയുടെ നിരപരാധിത്വം വിളംബരം ചെയ്യുകയും അപവാദാരോപണത്തിൽ മുഴുകിയവരെ കുറ്റപ്പെടുത്തുകയും ചെയ്തതോടെ അബൂബക്കർ സിദ്ദീഖ് തന്റെ ബന്ധുവായ മിസ്ത്വഹിന് നൽകിവന്നിരുന്ന സഹായം നിർത്തുമെന്ന് പ്രഖ്യാപിച്ചു. മകളെ സംബന്ധിച്ച് അപവാദം പ്രചരിപ്പിച്ചതിലുള്ള മനോവിഷമമായിരുന്നു അത്തരമൊരു തീരുമാനത്തിന് അദ്ദേഹത്തെ പ്രേരിപ്പിച്ചത്. എന്നാൽ, ഈ സമീപനം പ്രവാചകന് ഒട്ടും ഇഷ്ടപ്പെട്ടില്ല. അല്ലാഹുവിനും അത് സ്വീകാര്യമായിരുന്നില്ല. അതുകൊണ്ടുതന്നെ ഈ നടപടിയെ വിലക്കുന്ന വിശുദ്ധ വചനം അവതീർണമായി:
''നിങ്ങളിൽ ദൈവാനുഗ്രഹവും സാമ്പത്തിക കഴിവുമുള്ളവർ തങ്ങളുടെ കുടുംബക്കാർക്കും അഗതികൾക്കും അല്ലാഹുവിന്റെ മാർഗത്തിൽ നാടുവെടിഞ്ഞ് പലായനം ചെയ്തെത്തിയവർക്കും സഹായം ചെയ്യുകയില്ലെന്ന് ശപഥമെടുക്കരുത്. അവർ മാപ്പു നൽകുകയും വിട്ടുവീഴ്ച കാണിക്കുകയും ചെയ്യട്ടെ. അല്ലാഹു നിങ്ങൾക്ക് പൊറുത്തു തരണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നില്ലേ? അല്ലാഹു ഏറെ പൊറുക്കുന്നവനും പരമ കാരുണികനുമാണ്.''(24:22)
ഈ ഖുർആൻ സൂക്തം അവതീർണമായതോടെ അബൂബക്കർ സിദ്ദീഖ് പ്രവാചകനെ സമീപിച്ച് അറിയിച്ചു: 'ദൈവദൂതരേ, അല്ലാഹു പൊറുത്തുതരണമെന്ന് തീർച്ചയായും

ഞങ്ങളാഗ്രഹിക്കുന്നു.'
തുടർന്ന് തന്റെ ശപഥത്തിൽ പശ്ചാത്തപിച്ചും അല്ലാഹുവോട് മാപ്പപേക്ഷിച്ചും മിസ്ത്വഹിനോട് വിട്ടുവീഴ്ച കാണിച്ചു. നിർത്തലാക്കിയ സഹായം പുനരാരംഭിക്കുകയും ചെയ്തു. അതോടെ പ്രവാചകൻ ഏറെ സന്തുഷ്ടനാവുകയും അബൂബക്കർ സിദ്ദീഖിനെ അനുമോദിക്കുകയും ചെയ്തു. സ്വന്തം സഹധർമിണിക്കെതിരെ അപവാദം പ്രചരിപ്പിച്ചവരോടുപോലും ഉദാരത ഉപേക്ഷിക്കരുതെന്നതായിരുന്നു പ്രവാചകന്റെ നിലപാട്. ഖുർആൻ അതിന് പിൻബലമേകുകയും ചെയ്തു.

## 93. കപട വിശ്വാസികൾക്കും മാപ്പ്

പ്രവാചക ശിഷ്യന്മാർ മുറൈസീഅ് എന്ന പ്രദേശത്തുനിന്ന് മദീനയിലേക്കു മടങ്ങുകയായിരുന്നു. അതിനിടെ, അവിടത്തെ ഒരു ജലാശയത്തിനടുത്തുവെച്ച് ഉമറുൽ ഫാറൂഖിന്റെ കുതിരക്കാരനും ഒരു ഖസ്റജ് ഗോത്രക്കാരനും തമ്മിൽ ശണ്ഠകൂടാനിടയായി. ഇത് കപടവിശ്വാസികളുടെ നേതാവായ അബ്ദുല്ലാഹിബ്നു ഉബയ്യിന്റെ ശ്രദ്ധയിൽ പെട്ടു. പ്രവാചകനോടും മക്കയിൽനിന്നെത്തിയ മുഹാജിറുകളോടും കഠിന ശത്രുത ഉള്ളിൽ ഒളിപ്പിച്ചുവെച്ചിരുന്ന അദ്ദേഹം ഈ അവസരം പരമാവധി ഉപയോഗപ്പെടുത്താൻ ശ്രമിച്ചു. അയാൾ തന്റെ കൂട്ടുകാരനോടു പറഞ്ഞു: 'നമ്മുടെ ഈ നാട്ടിൽപോലും മുഹാജിറുകൾ നമ്മെ കീഴ്പ്പെടുത്തുകയാണ്. പാലു കൊടുത്തകൈക്ക് കടിക്കുന്ന പാമ്പായിരിക്കുകയാണ് അവർ. അതിനാൽ മദീനയിലെത്തിയാലുടൻ നമ്മുടെ കൂട്ടത്തിലെ കരുത്തന്മാർ ആ ദുർബലരെ നിഷ്കാസനം ചെയ്യും; തീർച്ച.' അരിശം തീരാതെ  അയാൾ തുടർന്നു: 'നിങ്ങൾ ചെയ്ത വിഡ്ഢിത്തമാണിത്. നിങ്ങളവർക്ക് സ്വന്തം നാട് ഭാഗിച്ചുകൊടുത്തു. സ്വത്ത് പകുത്തു നൽകി. നിങ്ങൾ സ്വത്തും ഉദാരതയും അനുവദിച്ചില്ലായിരുന്നുവെങ്കിൽ അവർ വേറെ എവിടെയെങ്കിലും പോയിക്കൊള്ളുമായിരുന്നു. നമുക്കവരുടെ ശല്യമുണ്ടാകുമായിരുന്നില്ല.' അബ്ദുല്ലാഹിബ്നു ഉബയ്യിന്റെ ഈ സംസാരം കേൾക്കാനിടയായ പ്രവാചക ശിഷ്യരിലൊരാൾ വിവരം തിരുമേനിയെ അറിയിച്ചു. അപ്പോൾ ഉമറുൽ ഫാറൂഖും അവിടെ ഉണ്ടായിരുന്നു. വിവരമറിഞ്ഞ ഉമറിന്റെ രോഷം ആളിക്കത്തി. പ്രത്യക്ഷ ശത്രുവെക്കാൾ അപകടകാരി കൂടെ നിൽക്കുന്ന കപട വിശ്വാസിയാണെന്നുറച്ചു വിശ്വസിച്ച അദ്ദേഹം പറഞ്ഞു. പ്രവാചകരേ, അയാളുടെ കഥകഴിക്കാൻ ബിലാലിനെ ചുമതലപ്പെടുത്തൂ.'
പ്രവാചകന്റെ സമീപനം തീർത്തും വ്യത്യസ്തമായിരുന്നു. കാപട്യത്തിന് ശിക്ഷ നൽകേണ്ടത് ദൈവമാണ്. കൂടെ നിൽക്കുന്നവരെ കൊല്ലുന്നത് ശരിയല്ല. അതിനാൽ അവിടുന്ന് ഉമറുൽ ഫാറൂഖിന്റെ ആവശ്യമംഗീകരിച്ചില്ല. മറ്റൊരിക്കൽ തന്റെ നിലപാട് അവിടുന്ന് ഇങ്ങനെ വിശദീകരിച്ചു: 'അദ്ദേഹത്തെ നാം വധിക്കാനുദ്ദേശിക്കുന്നില്ല. നാം അദ്ദേഹത്തോട് കരുണ കാണിക്കും. നമ്മുടെ കൂടെ ഉണ്ടാകുന്നേടത്തോളം കാലം നാം നല്ല സൗഹൃദം പുലർത്തും.'

## 94. പ്രധാനം സമാധാനം തന്നെ

പ്രവാചകനും അനുയായികളും മക്കയിലേക്ക് മാർച്ച് ചെയ്യുകയാണ്. ഏഴുകൊല്ലം മുമ്പ് പരമ രഹസ്യമായാണ് നബി തിരുമേനിയും അനുയായികളും ജന്മനാടിനോടു വിടപറഞ്ഞത്. തിരിച്ചുവരവ് പതിനായിരങ്ങളോടൊപ്പം വളരെ പരസ്യമായിത്തന്നെയാണ്. അതും ജേതാക്കളായി. സൈന്യത്തിന്റെ സംഖ്യാധിക്യവും ഗാംഭീര്യവും ഇസ്ലാമിക സമൂഹത്തെ ഹർഷപുളകിതരാക്കി. അതിനിടെ ഒരു ദുർബലനിമിഷത്തിൽ, അൻസാറുകൾക്ക് നേതൃത്വം നൽകിയിരുന്ന സഅ്ദുബ്നു ഉബാദ ഉച്ചത്തിൽ വിളിച്ചുപറഞ്ഞു: 'ഇത് യുദ്ധത്തിന്റെ ദിനമാണ്. പവിത്രതക്ക് ഒട്ടും വിലകൽപിക്കപ്പെടാത്ത ദിനം.'
ഇത് പ്രവാചകന്റെ ആഗ്രഹത്തിനും നിർദേശത്തിനും എതിരായിരുന്നു. മക്കയുടെ മണ്ണ് നിണമണിയാതെ അധീനപ്പെടണമെന്നായിരുന്നുവല്ലോ അവിടുന്ന് ഉൽക്കടമായി അഭിലഷിച്ചിരുന്നത്. അനുയായികളോടാവശ്യപ്പെട്ടിരുന്നതും മറ്റൊന്നായിരുന്നില്ല. അതിനാൽ സഅദിന്റെ പ്രഖ്യാപനം പ്രവാചകനെ അലോസരപ്പെടുത്തി. അവിടുന്ന് അറിയിച്ചു: 'സഅ്ദ് പറഞ്ഞത് തെറ്റ്. കഅ്ബാലയം ആദരിക്കപ്പെടുന്ന നാളാണിത്.'
തുടർന്ന് ശിക്ഷാനടപടി എന്ന നിലയിൽ സഅദിനെ അൻസാറുകളുടെ സൈനിക നേതൃത്വത്തിൽനിന്ന് നീക്കംചെയ്തു. പതാക അദ്ദേഹത്തിൽനിന്ന് തിരിച്ചുവാങ്ങി മകൻ ഖൈസിനെ ഏൽപിച്ചു.

## 95. വിജയപ്രഖ്യാപനം

അന്ധവിശ്വാസം മാരകമായ പകർച്ചവ്യാധി പോലെയാണ്. അത് സമൂഹത്തിൽ അതിവേഗം പ്രചാരം നേടും. അധികപേരെയും അഗാധമായി സ്വാധീനിക്കും. ബുദ്ധിയും യുക്തിയും അറിവും ആലോചനയുമൊക്കെ അതിന്റെ മുമ്പിൽ നിഷ്പ്രഭമാകും. ദൃഢവിശ്വാസമില്ലാത്തവർക്ക് അതിനെ പ്രതിരോധിക്കാനാവില്ല.
ഇബ്റാഹീം നബി ഏകദൈവാരാധനയുടെ സന്ദേശം പ്രചരിപ്പിക്കാനാണ് തന്റെ ആയുസ്സ് പൂർണമായും വിനിയോഗിച്ചത്. ജന്മനാടിനോട് വിട പറയേണ്ടിവന്നതും അഗ്നികുണ്ഡത്തിലെറിയപ്പെട്ടതും അതിന്റെ പേരിലാണ്. മരുഭൂമിയിലൂടെ ഏകാന്തപഥികനായി ചുറ്റിക്കറങ്ങിയതും അതിനുവേണ്ടിത്തന്നെ. അദ്ദേഹവും മകൻ ഇസ്മാഈൽ നബിയും കൂടി മക്കയിൽ വിശുദ്ധ കഅ്ബ പണിതത് ഏകദൈവാരാധനക്കു വേണ്ടിയാണ്. എന്നിട്ടും ഏറെക്കാലം കഴിയുംമുമ്പെ അതു വിഗ്രഹാലയമായി മാറി. അന്ധവിശ്വാസങ്ങളുടെയും അനാചാരങ്ങളുടെയും ആസ്ഥാനമായി.
പ്രവാചക നിയോഗം ആ ദൈവികമന്ദിരത്തെ അതിന്റെ ആദിമ വിശുദ്ധിയിലേക്ക് തിരിച്ചുകൊണ്ടുവരാൻ കൂടിയായിരുന്നു. അങ്ങനെ കാലം അതിൽ വാരിക്കൂട്ടിയ മാലിന്യം തൂത്തുമാറ്റി അതിനെ ശുദ്ധീകരിക്കാനും. എന്നാൽ ജനമനസ്സുകളിലെ മാലിന്യമൊഴിയാതെ അതു സാധ്യമല്ലെന്ന് പ്രവാചകനറിയാമായിരുന്നു. അതിനാൽ കഴിഞ്ഞ ഒന്നര വ്യാഴവട്ടക്കാലത്തെ ശ്രമം അതിനായിരുന്നു. മനുഷ്യ മനസ്സിലെ അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും അറുതിവരുത്താൻ; തലമുറകളായി അവിടെ കുടിയിരുത്തപ്പെട്ട വിഗ്രഹങ്ങൾ തൂത്തുമാറ്റാൻ. അതിപ്പോൾ വിജയം വരിച്ചിരിക്കുന്നു. അതിനാൽ കഅ്ബാലയം ശുദ്ധീകരിക്കാൻ സമയമായി.
പ്രവാചകൻ കഅ്ബയുടെ കവാടം തുറന്ന് അകത്തുകടന്നു. ഏകദൈവാരാധനക്കായി ജീവിതം സമർപ്പിച്ച ഇബ്റാഹീം പ്രവാചകന്റെയും മകൻ ഇസ്മാഈൽ നബിയുടെയും ശകുനക്കോലുകൾ  പിടിച്ചുള്ള പ്രതിരൂപങ്ങൾ അവിടെ കാണാനിടയായി. ഇത് മുഹമ്മദ് നബിയെ വികാരാധീനനാക്കി. അദ്ദേഹം പറഞ്ഞു: 'നമ്മുടെ ഗുരുവിനെ അവർ ശകുനം നോക്കുന്നവനാക്കിയിരിക്കുന്നു. ശകുനക്കോലുകളും ഇബ്റാഹീമും തമ്മിലെന്തു ബന്ധം? ഇബ്റാഹീം ജൂതനോ ക്രൈസ്തവനോ ആയിരുന്നില്ല. ഋജുമാനസനായ മുസ്‌ലിമായിരുന്നു. അദ്ദേഹം ബഹുദൈവവിശ്വാസികളിൽ പെട്ടവനുമായിരുന്നില്ല.'
തുടർന്ന് അവിടുന്ന് വിഗ്രഹങ്ങൾ എടുത്തുമാറ്റി കഅ്ബാലയത്തെ ശുദ്ധീകരിക്കാൻ നിർദേശം നൽകി. അവിടുന്ന് പ്രഖ്യാപിച്ചു: 'പറയുക: സത്യം പുലർന്നിരിക്കുന്നു. അസത്യം തകർന്നിരിക്കുന്നു. അസത്യം തകരാനുള്ളതുതന്നെ.'
ആ ദൈവികഭവനം ശുദ്ധീകരിച്ചശേഷം പ്രവാചകൻ അതിനകത്തുവെച്ച് നമസ്കാരം നിർവഹിച്ചു. പിന്നീട് അതിന്റെ കവാടത്തിൽ കയറിനിന്നുകൊണ്ടിങ്ങനെ പ്രഖ്യാപിച്ചു: 'അല്ലാഹുവല്ലാതെ ദൈവമില്ല. അവന് ഒരു പങ്കുകാരനുമില്ല. അവൻ തന്റെ വാഗ്ദാനം പൂർത്തീകരിച്ചിരിക്കുന്നു. തന്റെ ദാസനെ സഹായിച്ചിരിക്കുന്നു. ഇന്ന് എല്ലാ അത്യാചാരങ്ങൾക്കും അല്ലാഹു അറുതിവരുത്തിയിരിക്കുന്നു. പണത്തിലും ഗോത്രമഹിമയിലും പ്രതാപത്തിലും അധിഷ്ഠിതമായ പഴയകാലത്തെ എല്ലാ അധികാരാവകാശങ്ങളും ദുർബലപ്പെടുത്തിയിരിക്കുന്നു. അനിസ്‌ലാമിക കാലത്തുണ്ടായിരുന്ന അഹങ്കാരത്തിനും ദുരഭിമാനത്തിനും അല്ലാഹു അന്ത്യം കുറിച്ചിരിക്കുന്നു. ഇന്ന് നിങ്ങളെല്ലാം സമന്മാരാണ്. നമ്മളൊക്കെ ആദമിന്റെ മക്കളാണ്. ആദമോ മണ്ണിൽനിന്നും.'

## 96. മാന്യമായ പ്രതികാരം

പ്രവാചക ഹൃദയം വികാരനിർഭരമായിരുന്നു. അരനൂറ്റാണ്ടുകാലം തന്റെ കാലടിപ്പാടുകൾ പതിഞ്ഞ മണ്ണിൽ വീണ്ടും മടങ്ങിയെത്തിയിരിക്കുന്നു! ആടുമേച്ചു നടന്ന ബാല്യം; കച്ചവടക്കാരനായി കാലംകഴിച്ച യൗവനം; അൽഅമീനെന്ന അപരനാമത്തിനുടമയായി ആദരിക്കപ്പെട്ട സന്തോഷത്തിന്റെ നാളുകൾ; ഹിറാ ഗുഹയിൽനിന്ന് വേദവാക്യങ്ങളുമായി തിരിച്ചെത്തിയത്; ഉറ്റവരുടെയും ഉടയവരുടെയും കൊടിയ പീഡനങ്ങൾക്കിരയായത്; അനുയായികൾ മർദനമേറ്റ് പുളയുന്നതു കണ്ട് അകം പുകഞ്ഞത്; അവരുടെ കൊടിയ കഷ്ടതകൾക്ക് സാക്ഷ്യം വഹിച്ചത്; അവസാനം മൂന്നുവർഷം സാമൂഹിക ബഹിഷ്കരണത്തിനിരയായത്; ഗതകാലസ്മരണകൾ ആർദ്രമായ ആ മനസ്സിൽ ആന്ദോളനങ്ങൾ സൃഷ്ടിച്ചു.

വിശുദ്ധ കഅ്ബയിതാ വീണ്ടും കൺമുമ്പിൽ! പ്രവാചകൻ 'ഖസ്‌വാ' എന്ന തന്റെ ഒട്ടകപ്പുറത്തിരുന്ന് ആ ആദരണീയ മന്ദിരത്തെ ഏഴുതവണ ചുറ്റി. തുടർന്ന് കഅ്ബയുടെ താക്കോൽ സൂക്ഷിപ്പുകാരൻ ഉസ്മാനുബ്നു ത്വൽഹയെ വിളിച്ചുവരുത്തി. കഅ്ബയുടെ വാതിൽ തുറക്കാൻ അദ്ദേഹത്തോടാജ്ഞാപിച്ചു. തലമുറകളായി ആ ദൈവികഭവനത്തിന്റെ താക്കോൽ സൂക്ഷിക്കുകയെന്ന മഹദ് പദവി ഉസ്മാന്റെ ഗോത്രത്തിൽ നിക്ഷിപ്തമായിരുന്നു. ഹിജ്റക്കുമുമ്പ് പ്രവാചകൻ മക്കയിൽ പീഡിതനായി കഴിഞ്ഞ കാലത്ത് കഅ്ബയുടെ അകത്തു കടന്ന് പ്രാർഥിക്കാൻ അതിയായാഗ്രഹിച്ചു. അതിനാൽ ഉസ്മാനുബ്നു ത്വൽഹയോട് അതിന്റെ താക്കോൽ നൽകാൻ ആവശ്യപ്പെട്ടു. ഉസ്മാൻ അതുകൊടുത്തില്ലെന്നു മാത്രമല്ല; കടുത്ത ഭാഷയിൽ ആക്ഷേപിക്കുകയും പരിഹസിക്കുകയും  ചെയ്തു. വ്രണിതഹൃദയനായ പ്രവാചകൻ അന്ന് പറഞ്ഞു: 'ഉസ്മാൻ, ഈ താക്കോൽ എന്റെ വശം വന്നുചേരുന്ന ഒരു ദിനമുണ്ടാകും. അന്ന് അത് ആർക്ക് നൽകണമെന്ന് ഞാനായിരിക്കും തീരുമാനിക്കുക.' ഇതു കേട്ട ഉസ്മാന് ചിരിയടക്കാൻ കഴിഞ്ഞില്ല. അയാൾ പരിഹാസപൂർവം പറഞ്ഞു: 'എങ്കിലത് ഖുറൈശികളുടെ നാശത്തിന്റെയും നിന്ദ്യതയുടെയും ദിനമായിരിക്കും.'
'അല്ല; അവരന്ന് ജീവിക്കുന്നവരും അന്തസ്സുള്ളവരുമായിരിക്കും.' നബി തിരുമേനി തിരുത്തി. ആ പ്രവചനം ഇതാ പുലർന്നിരിക്കുന്നു. നബി തിരുമേനി വിശുദ്ധ കഅ്ബയിൽ പ്രവേശിച്ചു. അവിടം എല്ലാവിധ മാലിന്യങ്ങളിൽനിന്നും വൃത്തിയാക്കി. പ്രാർഥന നിർവഹിച്ചശേഷം പുറത്തുകടന്ന് വാതിൽപൂട്ടി.
എല്ലാവരുടെയും കണ്ണുകൾ പ്രവാചകന്റെ കൈകളിലേക്കായിരുന്നു. ആ താക്കോൽ ആരെ ഏൽപിക്കും? സ്വയം കൈവശം വെക്കുമോ? അല്ലെങ്കിൽ ഹിജ്റയിലെ തന്റെ കൂട്ടാളിയായിരുന്ന അബൂബക്ർ സിദ്ദീഖിനെ ഏൽപിക്കുമോ? അല്ലെങ്കിൽ ഉമറിനെ; അതുമല്ലെങ്കിൽ അലിയെ? എല്ലാവരും നബി തിരുമേനി അതു തങ്ങളെ ഏൽപിക്കണമെന്ന് അതിയായാഗ്രഹിച്ചു. അത് തീർത്തും സ്വാഭാവികവുമായിരുന്നു. ലോകത്തിലെ ഏറ്റവും ശ്രദ്ധേയമായ ദൈവികഭവനത്തിന്റെ താക്കോൽ കൈവശംവെക്കുക ഒരു മഹാഭാഗ്യം തന്നെയാണല്ലോ. അലി പ്രവാചകനെ സമീപിച്ച് തന്റെ ആഗ്രഹമറിയിക്കുകയും ചെയ്തു. അദ്ദേഹം പറഞ്ഞു: 'ദൈവദൂതരേ, അല്ലാഹു അവന്റെ അനുഗ്രഹാശിസ്സുകൾ അങ്ങയിൽ വർഷിക്കട്ടെ. കഅ്ബാലയ സന്ദർശകർക്ക് വെള്ളം നൽകാനുള്ള പവിത്രാവകാശം ബനൂ ഹാശിം കുടുംബങ്ങളായ നമുക്ക് നേരത്തെ ഉള്ളതാണല്ലോ. ഇപ്പോൾ കഅ്ബാലയ കവാടത്തിന്റെ കാവൽക്കാരെന്ന ഉന്നതമായ താക്കോൽ പദവി കൂടി നമുക്ക് ലഭിച്ചിരുന്നെങ്കിൽ!'
എന്നാൽ, പ്രവാചകന്റെ സമീപനം അപ്രതീക്ഷിതമായിരുന്നു. അവിടുന്ന് താക്കോൽ ഉസ്മാനുബ്നു ത്വൽഹയെതന്നെ സൂക്ഷിക്കാൻ ഏൽപിച്ചു. എന്നിട്ട് അവിടുന്ന് പറഞ്ഞു: 'താങ്കളുടെ താക്കോലിതാ; വാഗ്ദാന പാലനത്തിന്റെയും ദിനമാണിന്ന്. താങ്കളിത് സ്വീകരിക്കുക. എന്നും താങ്കളുടെ കുടുംബത്തിന്റേതായിരിക്കും ഇത്. താങ്കളിൽനിന്ന് അക്രമിയല്ലാതെ ആരും ഇത് കവർന്നെടുക്കുകയില്ല.' പ്രവാചകൻ തന്നോട് മധുരമായി പ്രതികാരം ചെയ്യുകയാണെന്ന് ഉസ്മാനെങ്കിലും ഓർത്തിരിക്കും. ഇന്നും അദ്ദേഹത്തിന്റെ പിന്മുറക്കാരാണ് കഅ്ബയുടെ താക്കോൽ സൂക്ഷിപ്പുകാർ.

## 97. ഉചിതമായ തെരഞ്ഞെടുപ്പ്

മക്കാവിജയം അതുല്യമാണ്. മനുഷ്യ ചരിത്രത്തിലതിന് സമാനതയില്ല. അതിനാൽ കാലവും ലോകവും കേൾക്കെ അതിന്റെ വിളംബരം നടത്തണം. ആരാണ് അതിനേറ്റം അനുയോജ്യൻ? പ്രവാചകന് വളരെയൊന്നും ആലോചിക്കേണ്ടതുണ്ടായിരുന്നില്ല. ഇത് വീര ജേതാവിന്റെ ജോലിയാണ്. സർവസൈന്യാധിപനായ ഭരണാധികാരിയാണിത് നിർവഹിക്കേണ്ടത്. ആ നിലക്ക് പ്രവാചകൻ തന്നെ സ്വയമത് ചെയ്യണം. എന്നാൽ, കാലത്തെ തലോടി ലോകാവസാനം വരെ അനുസ്മരിക്കപ്പെടുന്ന ഈ അനശ്വര കൃത്യത്തിന് അവിടുന്ന് തെരഞ്ഞെടുത്തത്, വിജയം പ്രഖ്യാപിക്കപ്പെടുന്ന വിപ്ലവത്തിന്റെ ഏറ്റവും വലിയ ഗുണഭോക്താക്കളുടെ യഥാർഥ പ്രതിനിധിയെയാണ്; ബിലാലുബ്നു റബാഹിനെ. അദ്ദേഹം എത്യോപ്യൻ നീഗ്രോ അടിമയായിരുന്നു. കരിക്കട്ടപോലെ കറുത്തവനും.
ദൈവത്തിന്റെ മഹത്വം പ്രഖ്യാപനം ചെയ്യാൻ, അവന്റെ ഏകത്വം പ്രഖ്യാപിച്ചതിന്റെ പേരിൽ യജമാനവർഗത്തിന്റെ കൊടിയ പീഡനങ്ങളേറ്റുവാങ്ങിയ ബിലാലിനെക്കാൾ അർഹനായി ആരുണ്ട്! ചരിത്രം എക്കാലവും ചതച്ചരക്കാൻ ശ്രമിച്ച അടിമ തന്നെയാണല്ലോ അവന്റെ മോചനം പ്രഖ്യാപിക്കേണ്ടത്. സമൂഹം ആട്ടും തുപ്പും തൊഴിയും മാത്രം വിധിച്ച കറുത്തവൻതന്നെ തന്റെ വർഗത്തിന്റെ വിജയവും മഹത്വവും സമത്വവും

സാക്ഷാത്കരിക്കപ്പെട്ട വിപ്ലവത്തിന്റെ വിജയം പ്രഖ്യാപിക്കട്ടെ എന്നായിരുന്നു പ്രവാചകന്റെ തീരുമാനം.
അങ്ങനെ ചരിത്രത്തിലെ ഏറ്റവും നിർണായകമായ നിമിഷത്തിൽ ലോകത്തിലെ ഏറ്റവും ശ്രദ്ധേയമായ ആ വിശുദ്ധ ദേവാലയത്തിന്റെ മുകളിൽ കയറി യുഗാന്തരങ്ങളിലെ കോടാനുകോടി മനുഷ്യരുടെ വിജയപ്രഖ്യാപനം നടത്താൻ അതിനെ പൊതിഞ്ഞ കില്ലപോലെ കറുത്തവനായ ബിലാലിന് അവസരം ലഭിച്ചു. പുരുഷാന്തരങ്ങളനുഭവിച്ച പീഡനങ്ങളുടെ പാടുകൾ പേറിവന്ന ബിലാലിന്; മുഖത്ത് അടിമത്തത്തിന്റെ അടയാളങ്ങളും പുറത്ത് യജമാനന്റെ ചാട്ടവാറടിയുടെ ചിഹ്നങ്ങളുമായി എഴുന്നേറ്റുനിന്ന എത്യോപ്യൻ നീഗ്രോവിന്. മക്കയുടെ ചുറ്റുമുള്ള മലനിരകളെയും നട്ടുച്ചനേരത്ത് തന്റെ പുറംകരിച്ച ചുട്ടുപഴുത്ത മണൽതരികളെയും യജമാനനായിരുന്ന ഉമയ്യത്തിന്റെ ആട്ടിൻപറ്റങ്ങളെ തെളിച്ചുനടന്ന 'ബത്വഹാഅ്' താഴ്വരയെയും തന്നെപ്പോലെ അടിമയും കറുത്തവളുമായിരുന്ന ഹാജറയുടെ കണ്ണീർതുള്ളികളും കാൽപ്പാടുകളും പതിഞ്ഞ മർവാ കുന്നിനെയും അവരുടെ മകൻ ഇസ്മാഈലിന്റെ പാദം തട്ടി പൊട്ടിയൊഴുകിയ നിത്യകാരുണ്യത്തിന്റെ നീരുറവ സംസമിനെയും വിജയ മുഹൂർത്തത്തിന് കളമൊരുക്കിയ പതിനായിരങ്ങളെയും സർവോപരി സർവശക്തനായ അല്ലാഹുവെയും സാക്ഷിനിർത്തി ബിലാൽ ബാങ്കുവിളിച്ചു.
ശ്രവണമധുരമായ സുന്ദര സ്വരത്തിൽ മക്കയിലെങ്ങും പ്രതിധ്വനിച്ച ചരിത്രപ്രധാനമായ ബാങ്ക്. നേരിയ ഇലയനക്കം പോലും അറിയാവുന്ന, നിറഞ്ഞുനിൽക്കുന്ന നിശ്ശബ്ദതയെ ഭഞ്ജിച്ചുകൊണ്ട് മുഴങ്ങിക്കേട്ട ആ വിജയപ്രഖ്യാപനത്തെ അവിടെ കൂടിയ പതിനായിരങ്ങൾ ആഹ്ലാദം അലയടിക്കുന്ന ഹൃദയത്തോടെയും കൃതജ്ഞതയാൽ കുനിയുന്ന ശിരസ്സുകളോടെയും ഏറ്റുവാങ്ങി.
നൂറ്റാണ്ടുകൾക്കുശേഷം ജനകോടികളുടെ മനസ്സുകളിലിന്നും കഅ്ബയുടെ മുകളിലേക്ക് ചാടിക്കയറുന്ന കറുത്തവനായ ബിലാലിന്റെ ചിത്രം മങ്ങാതെ, മായാതെ നിൽക്കുന്നു. അവരുടെ കാതുകളിൽ സ്വരമാധുര്യമൂറുന്ന അദ്ദേഹത്തിന്റെ ബാങ്കും. അകത്തളങ്ങളിൽ ഈ മഹദ്കൃത്യത്തിന് ഏറ്റവും അനുയോജ്യനായ വ്യക്തിയെത്തന്നെ തെരഞ്ഞെടുത്ത പ്രവാചകന്റെ ഉചിതമായ നിലപാടിനോടുള്ള നന്ദിപൂർവകമായ സ്മരണയും.

## 98. എല്ലാവർക്കും മാപ്പ്

ക്രിസ്ത്വബ്ദം 631. ലോകചരിത്രത്തിൽ തുല്യതയില്ലാത്ത കൊല്ലമാണത്. അന്നാണ് മക്കയിൽ അതിമഹത്തായൊരു വിപ്ലവം അരങ്ങേറിയത്. ദിവ്യവെളിപാടുകളുടെ വെള്ളിവെളിച്ചത്തിലൂടെ സന്മാർഗത്തിലേക്ക് സമൂഹത്തെ ക്ഷണിച്ചതിന്റെ പേരിൽ വീടും നാടും  വിടേണ്ടിവന്ന പ്രവാചകനും അനുചരന്മാരും അവിടെ വിജയികളായി മടങ്ങിയെത്തി. അങ്ങനെ പരമമായ സത്യം പൂർണമായി പുലർന്നു. അസത്യമഖിലം അപ്രത്യക്ഷമായി. നീതി നിലവിൽവന്നു. അനീതി അസ്തമിച്ചു. വിശ്വസാഹോദര്യത്തിന്റെ വെന്നിക്കൊടി വിഹായസ്സിലുയർന്നു. കാട്ടാളത്തത്തിന്റെ കോട്ടകൊത്തളങ്ങൾ തകർന്നടിഞ്ഞു. സ്നേഹത്തിന്റെ പുതുയുഗം പിറന്നു. അക്രമത്തിന്റെ ആധിപത്യം അവസാനിച്ചു. സമത്വമെന്തെന്ന് സമൂഹം അനുഭവിച്ചറിഞ്ഞു. അസമത്വത്തിന്റെ അന്ധതയ്ക്കറുതിയുണ്ടായി. സമൂഹത്തെ അടക്കിഭരിച്ചിരുന്ന 'കൈയൂക്കുള്ളവൻ കാര്യക്കാരനെ'ന്ന കിരാത നിയമം വേരോടെ പിഴുതുമാറ്റപ്പെട്ടു. പകരം കാരുണ്യം സമൂഹത്തെ കൂട്ടിയിണക്കുന്ന കണ്ണിയായി മാറി. മുഷ്കും മുഷ്ടിയും മേധാവിത്വം പുലർത്തിയിരുന്ന, പകയുടെയും പാരുഷ്യത്തിന്റെയും പ്രാകൃതലോകം ചരിത്രത്തിന്റെ ഭാഗമായി. മനുഷ്യത്വം മാനിക്കപ്പെടുന്ന മൂല്യനിഷ്ഠമായ സമൂഹം സ്വാധീനം നേടുകയും ചെയ്തു. ഈ മാറ്റത്തിനൊക്കെയും നിദാനമായി വർത്തിച്ചത് അനശ്വരമായ വിശുദ്ധ വാക്യമാണ്. അതിന്റെ അടിവേരുകൾ സമൂഹഗാത്രത്തിന്റെ ആഴങ്ങളിൽ ആണ്ടിറങ്ങി. ചില്ലകളും ശിഖരങ്ങളും പടർന്നു പന്തലിച്ചു. അവ സദ്ഫലങ്ങൾ ലോകസമക്ഷം സമർപ്പിച്ചു. അതോടെ ബഹുദൈവത്വത്തിന്റെ മുള്ളുവള്ളികൾ വാടിക്കരിഞ്ഞു. സത്യനിഷേധത്തിന്റെ കൊടുംകാടുകൾ തൂത്തുമാറ്റപ്പെട്ടു.
മക്കയിലെ വിശുദ്ധ മന്ദിരം, നൂറ്റാണ്ടുകളായി ശിരസ്സിൽ വഹിച്ചിരുന്ന അസത്യത്തിന്റെ ശിലാപ്രതിമകളും അധർമത്തിന്റെ പ്രതിഷ്ഠകളും തച്ചുടക്കപ്പെട്ടതിൽ സംതൃപ്തി പൂണ്ടു. മുവ്വായിരം വർഷങ്ങൾക്കപ്പുറമുണ്ടായിരുന്ന വിശുദ്ധി വീണ്ടുകിട്ടിയതിൽ നിർവൃതിയടഞ്ഞു. മഹാനായ ഇബ്റാഹീം പ്രവാചകന്റെ കരസ്പർശങ്ങളാൽ പവിത്രമായിത്തീർന്ന കഅ്ബയിൽ കുത്തിനാട്ടപ്പെട്ട കരിങ്കൽ വിഗ്രഹങ്ങൾ വീണുടയുന്നത് തദ്ദേശവാസികൾ കൺകുളിർക്കെ നോക്കിക്കണ്ടു. അങ്ങനെ സത്യപ്രസ്ഥാനം ഒരിക്കൽകൂടി ഭൂമിയിൽ ആധിപത്യം സ്ഥാപിച്ചു. സത്യം, സമത്വം, സാഹോദര്യം, സൗഹാർദം, നീതി, മര്യാദ,

മാന്യത, സത്യവിശ്വാസം, ദൈവഭക്തി, മരണാനന്തര ചിന്ത, പ്രവാചകസ്നേഹം-ഇവയുടെയെല്ലാം പൂർണമായ പ്രകടനങ്ങൾക്കവിടം സാക്ഷ്യം വഹിച്ചു. എല്ലാം നടന്നിട്ടും നബി തിരുമേനിയിലൊരു മാറ്റവും സംഭവിച്ചില്ല. ഭാവവ്യത്യാസങ്ങൾ പ്രത്യക്ഷപ്പെട്ടില്ല. മുന്നേറ്റത്തിൽ മതിമറന്നില്ല. വിജയത്തിൽ വികാരാധീനനായില്ല. എല്ലാം ശാന്തചിത്തനും വിനയാന്വിതനുമായി നോക്കിനിന്നു. അല്ലാഹുവോട് അളവറ്റ നന്ദി പ്രകടിപ്പിച്ചു.
അദ്ദേഹം തന്റെ മുമ്പിലുള്ള യുദ്ധത്തടവുകാരെ സൂക്ഷിച്ചുനോക്കി. ആരെല്ലാമാണവർ? തന്റെ കഴുത്തിൽ ഒട്ടകത്തിന്റെ ചീഞ്ഞളിഞ്ഞ കുടൽമാല കൊണ്ടിട്ടവർ, സാമൂഹിക ബഹിഷ്കരണത്തിന് വിധേയരാക്കിയവർ, പല പ്രാവശ്യം തന്റെ കഥകഴിക്കാൻ കിണഞ്ഞു ശ്രമിച്ചവർ, നാടുകടത്തിയവർ, നിർദയം മർദിച്ചവർ, പരദേശത്തും സ്വൈരമായി പാർക്കാനനുവദിക്കാതെ പടയോട്ടം നടത്തിയവർ, അമ്പെയ്ത് പല്ല് പൊട്ടിച്ചവർ-എല്ലാവരും അക്കൂട്ടത്തിലുണ്ട്. അവരുടെയൊക്കെ ശിരസ്സുകൾ താണിരിക്കുന്നു. കവിളുകൾ കദനഭാരത്താൽ കരുവാളിച്ചിട്ടുണ്ട്. എങ്ങനെയാണവരുടെ പാദം പതറാതിരിക്കുക? ചിന്ത ചിതറാതിരിക്കുക? ഒരുവേള അവരും പിന്നോട്ടു തിരിഞ്ഞുനോക്കിയിരിക്കും. നിമിഷനേരമെങ്കിലും കഴിഞ്ഞകാല ജീവിതത്തിലേക്ക് കണ്ണോടിച്ചാൽ ദുഃഖഭാരത്താൽ അവരുടെ തല ഉയരുകയില്ല. ആ നിമിഷം വരെ പ്രവാചകനും അനുചരന്മാർക്കും അവരൊരു സ്വൈരവും കൊടുത്തിട്ടില്ല. സ്വാസ്ഥ്യം കെടുത്തിയിട്ടേയുള്ളൂ. സ്വദേശം വെടിഞ്ഞിട്ടും അവരെ വെറുതെ വിട്ടില്ല. അവരിൽ പലരെയും പിരടിക്കു പിടിച്ചു പരലോകത്തേക്ക് തള്ളി. കാലുകൾ കൊത്തിനുറുക്കി. കൈകൾ വെട്ടിമുറിച്ചു. നട്ടുച്ച നേരത്ത് ചുട്ടുപഴുത്ത മണലാരണ്യത്തിലൂടെ വലിച്ചിഴച്ചു. നെഞ്ചിൽ കരിങ്കല്ല് കയറ്റിവെച്ചു. ചമ്മട്ടികൊണ്ടടിച്ചുകൊന്നു; ചിലരെ ചുടുവെള്ളത്തിൽ മുക്കി വേവിച്ചും.
എന്നാൽ ഇന്നോ? എട്ടു കൊല്ലം മുമ്പ് തങ്ങൾ ആട്ടിയോടിച്ച മുഹമ്മദ് നാട്ടിൽ തിരിച്ചെത്തിയിരിക്കുന്നു. തനിച്ചല്ല; പതിനായിരങ്ങളോടൊത്ത്. ബന്ധനസ്ഥനായല്ല; ജനലക്ഷങ്ങളുടെ നേതാവായി. ഇന്ന് അദ്ദേഹം നാടിന്റെ നായകനാണ്. അറേബ്യയുടെ ഭരണാധികാരി. സമൂഹത്തിന്റെ നേതാവും സൈന്യത്തിന്റെ മേധാവിയുമാണ്. ഒപ്പം മതാധ്യക്ഷനും. ആജ്ഞകളനുസരിക്കാൻ സദാ സന്നദ്ധരായി അനേകായിരങ്ങൾ അരികിലുണ്ട്. തങ്ങളാണെങ്കിൽ ബന്ധനസ്ഥർ. വധശിക്ഷയും പ്രതീക്ഷിച്ചു കഴിയുന്നവർ. കൊലവിധികൊണ്ടുമാത്രം മുഹമ്മദ് തൃപ്തനാവുമോയെന്ന് സംശയം. ഓരോ അംഗവും അരിഞ്ഞരിഞ്ഞ് ഇഞ്ചിഞ്ചായി കൊന്നാലേ തങ്ങൾ പ്രവർത്തിച്ചതിന് പരിഹാരമാവുകയുള്ളൂ.
'നിങ്ങളെന്താണ് എന്നിൽനിന്ന് പ്രതീക്ഷിക്കുന്നത്?' നബി തിരുമേനിയുടെ ഗൗരവം സ്ഫുരിക്കുന്ന ഈ ചോദ്യമാണ് അവരെ ചിന്തയിൽനിന്നുണർത്തിയത്. അൽപനേരത്തെ മൗനത്തിനുശേഷം തികഞ്ഞ ആശങ്കയോടെയെങ്കിലും അവർ പറഞ്ഞൊപ്പിച്ചു: 'താങ്കൾ മാന്യനായ സഹോദരന്റെ മാന്യനായ മകനാണ്. നന്മയല്ലാതെ ഞങ്ങൾ അങ്ങയിൽനിന്നൊന്നും പ്രതീക്ഷിക്കുന്നില്ല.'
അവരുടെ പ്രതീക്ഷ അസ്ഥാനത്തായിരുന്നില്ല. കാരണം, അവിടെ വിധികർത്താവ് വിട്ടുവീഴ്ചയുടെ വിശ്വരൂപമായിരുന്നു. സ്നേഹസ്വരൂപം. അതിനാൽ, ഫ്രഞ്ച് വിപ്ലവാനന്തരം വിജയികൾ പരാജിതരെ അരിഞ്ഞുനുറുക്കിയതുപോലെ നബി തിരുമേനി എതിരാളികളെ കൊന്നൊടുക്കിയില്ല. റഷ്യൻ വിപ്ലവാനന്തരം കമ്യൂണിസ്റ്റുകൾ സാർ കുടുംബത്തെയും അനുകൂലികളെയും ചെയ്തതുപോലെ കൂട്ടക്കശാപ്പു നടത്തിയില്ല. പകരം മുന്നിൽ അണിനിരന്ന ബന്ധനസ്ഥരെ നോക്കി പ്രവാചക പുംഗവൻ പ്രഖ്യാപിച്ചു: 'ഇന്ന് നിങ്ങൾക്കെതിരെ ഒരു പ്രതികാരവുമില്ല. നിങ്ങൾ പോകൂ! നിങ്ങളെല്ലാം സ്വതന്ത്രരാണ്.'

## 99. സ്വഫ്വാനും മാപ്പ്

പ്രവാചകന്റെ പ്രധാന പ്രതിയോഗികളിൽ ഒരാളായിരുന്നു സ്വഫ്വാൻ. പിതാവ് ഉമയ്യയും തഥൈവ. ഇരുവരും നബി തിരുമേനിയെ നിശിതമായി വിമർശിച്ചു. രൂക്ഷമായി ആക്ഷേപിച്ചു. അദ്ദേഹത്തിനെതിരെ എതിരാളികളെടുത്ത എല്ലാ നടപടികളിലും പങ്കുവഹിച്ചു. അവർ പ്രവാചകനെ പരമാവധി പീഡിപ്പിച്ചു. നാടുകടത്തി. വിദേശത്തായിരുന്നപ്പോൾ അവർക്കെതിരെ പലതവണ പടയോട്ടം നടത്തി.
അവസാനം നബി തിരുമേനി ജേതാവായി മക്കയിൽ മടങ്ങിയെത്തി. കൂടെ പതിനായിരങ്ങളുമുണ്ടായിരുന്നു. അവരൊക്കെയും ധീരരായ പോരാളികളായിരുന്നു. പ്രവാചകശാസന ശിരസ്സാവഹിക്കാൻ സന്നദ്ധരും. അപ്പോൾ എതിരാളികളെല്ലാം പരാജിതരായി പിന്മാറി.

സ്വഫ്‌വാൻ വിഹ്വലനായി. പ്രവാചകനിൽനിന്നും അനുചരന്മാരിൽനിന്നും ഉണ്ടായേക്കാവുന്ന പ്രതികാരം പേടിച്ച് നാടുവിടാൻ തീരുമാനിച്ചു. കടൽ കടക്കാനായി ജിദ്ദയിലേക്ക് പുറപ്പെട്ടു. വിവരമറിഞ്ഞ് വഹബിന്റെ പുത്രൻ ഉമൈർ നബി തിരുമേനിയെ സമീപിച്ചു. അദ്ദേഹം പറഞ്ഞു: 'ദൈവദൂതരേ, ജനനേതാവായ സ്വഫ്‌വാൻ താങ്കളെ ഭയന്ന് നാടുവിടുകയാണ്. അയാൾക്ക് അഭയംനൽകിയാലും.'
'ശരി, അയാൾക്കഭയമനുവദിച്ചിരിക്കുന്നു'- അവിടുന്ന് അരുൾ ചെയ്തു.
'എങ്കിൽ താങ്കൾ അഭയമനുവദിച്ച കാര്യം ബോധ്യമാക്കുന്ന എന്തെങ്കിലും അടയാളം തന്നാലും'- ഉമൈർ ആവശ്യപ്പെട്ടു. തിരുമേനി തലപ്പാവഴിച്ചു കൊടുത്തു. അതുമായി ഉമൈർ സ്വഫ്‌വാനെ പിന്തുടർന്നു. കടപ്പുറത്തുവെച്ചാണ് ഇരുവരും കണ്ടുമുട്ടിയത്. ഉമൈർ പറഞ്ഞു: 'സ്വഫ്‌വാൻ, താങ്കൾ സ്വയം നശിക്കരുത്. താങ്കൾക്ക് നബി തിരുമേനി അഭയം നൽകിയിരിക്കുന്നു. അതിനാൽ, എന്റെ കൂടെ വന്നാലും.'
'അദ്ദേഹമെന്നെ കൊല്ലുമോ? എനിക്ക് പേടിയാവുന്നു'-സ്വഫ്‌വാൻ ഉത്കണ്ഠയോടെ ചോദിച്ചു.
'ഇല്ല, മുഹമ്മദ് വളരെ മാന്യനാണ്. എന്തുവന്നാലും കരാർ പാലിക്കും. താങ്കൾക്ക് അഭയം നൽകിയതിന് തെളിവായി തിരുമേനി ഇതാ തന്റെ തലപ്പാവഴിച്ചുതന്നിരിക്കുന്നു'- ഉമൈർ അറിയിച്ചു.
അങ്ങനെ അവരിരുവരും അവിടെനിന്ന് മടങ്ങി. പ്രവാചകന്റെ അടുത്തെത്തിയ ഉടനെ സ്വഫ്‌വാൻ വിളിച്ചുചോദിച്ചു: 'താങ്കളെനിക്ക് അഭയംനൽകിയിരിക്കുന്നുവെന്ന് ഇയാൾ പറയുന്നു. ശരിയാണോ?'
'അതെ, താങ്കൾക്കു നാം അഭയംനൽകിയിരിക്കുന്നു'-പ്രവാചകൻ പ്രതിവചിച്ചു.
'എങ്കിൽ എനിക്കെന്റെ ഭാവിനിലപാട് നിശ്ചയിക്കാൻ രണ്ടുമാസത്തെ അവധി അനുവദിച്ചാലും'-സ്വഫ്‌വാൻ ആവശ്യപ്പെട്ടു.
'താങ്കൾക്ക് നാലു മാസത്തെ അവധി അനുവദിച്ചിരിക്കുന്നു''-അവിടുന്ന് അരുൾചെയ്തു.

## 100. വിഷം കൊടുത്ത ജൂതപ്പെണ്ണിനും മാപ്പ്

മദീനയിലെ ജൂത നേതാവായിരുന്ന സല്ലമുബ്നു മിശ്കമിന്റെ ഭാര്യ സൈനബ് ഒരാടിനെ അറുത്ത് പാകംചെയ്ത് പ്രവാചകനു കൊടുത്തയച്ചു. അവരതിൽ വിഷം കലർത്തിയിരുന്നു. തന്റെ പിതാവും ഭർത്താവും ഖൈബറിൽ വെച്ച് വധിക്കപ്പെട്ടതിലുള്ള അമർഷമാണ് അവരെ ഈ കൊടും ചതിക്ക് പ്രേരിപ്പിച്ചത്.
നബി തിരുമേനി അനുചരന്മാരോടൊപ്പം ആ ആട്ടിറച്ചി കഴിക്കാനിരുന്നു. അതിൽനിന്ന് ചെറിയൊരു കഷണം വായിൽ വെച്ചപ്പോൾ തന്നെ അരുചി അനുഭവപ്പെട്ടതിനാൽ അദ്ദേഹത്തിന് ചതി മനസ്സിലായി. ഉടനെ അത് തുപ്പിക്കളഞ്ഞ പ്രവാചകൻ പറഞ്ഞു: 'ഇതിൽ വിഷം കലർത്തിയിട്ടുണ്ട്.'
നബി തിരുമേനിയോടൊന്നിച്ച് അതിൽനിന്ന് അൽപം കഴിച്ച ബിശ്റുബ്നു ബർറാഅ് തൽക്ഷണം മരണമടയുകയും ചെയ്തു. അതോടെ നബി തിരുമേനി സൈനബിനെ വിളിച്ചുവരുത്തി വിചാരണ ചെയ്തു. അവർ കുറ്റം സമ്മതിച്ചു. തുടർന്ന് തന്റെ ഹീനകൃത്യത്തിന് ന്യായീകരണമായി അവൾ പറഞ്ഞു: 'താങ്കൾ രാജാവാണെങ്കിൽ വിഷമാംസം കഴിച്ച് കഥ കഴിയട്ടെയെന്ന് ഞാൻ കരുതി. അതല്ല; പ്രവാചകനാണെങ്കിൽ വിഷം കലർത്തിയത് മനസ്സിലാകുമെന്നും ഞാൻ വിശ്വസിച്ചു.'
ഭർത്താവും പിതാവുമില്ലാത്ത സൈനബിനോട് സഹതാപം തോന്നിയ നബി തിരുമേനി ഈ കൊടും ചതിക്ക് പ്രതികാരം ചെയ്യാതെ മാപ്പ് നൽകുകയാണുണ്ടായത്.

## 101. പ്രവാചകൻ പ്രകാശിപ്പിച്ച മഹദ് ഗുണങ്ങൾ

പ്രവാചകൻ തന്റെ അനുചരന്മാരെ സദാ ഓർമിപ്പിച്ചു: 'ക്രിസ്ത്യാനികൾ യേശുവെ വാഴ്ത്തുംപോലെ നിങ്ങളെന്നെ വാഴ്ത്തരുത്. അല്ലാഹുവിന്റെ അടിമ മാത്രമാണ് ഞാൻ. അതിനാൽ ദൈവദൂതനും അവന്റെ ദാസനുമെന്ന് എന്നെക്കുറിച്ച് പറഞ്ഞുകൊള്ളുക.'

ഒരിക്കൽ നബി തിരുമേനി സദസ്സിലേക്ക് കടന്നുവന്നപ്പോൾ അവർ എഴുന്നേറ്റ് നിന്നു. ഉടനെ അവിടുന്ന് അരുൾ ചെയ്തു: അരുത്; ഇതര പ്രദേശത്തുകാർ ചെയ്യുന്ന പോലെ ആദരിക്കാനായി നിങ്ങൾ എഴുന്നേറ്റ് നിൽക്കരുത്.'
വിശ്വാസികൾ കഠിന പീഡനം അനുഭവിച്ച കാലത്ത് അവരിൽനിന്നു പലായനം ചെയ്തെത്തിയവർക്ക് അഭയം നൽകിയ എത്യോപ്യയിലെ നേഗസ് രാജാവിന്റെ നിവേദകസംഘം മദീനയിലെത്തി. വിവരമറിഞ്ഞ പ്രവാചകൻ അവർക്ക് സേവനം ചെയ്യാൻ അതീവ ജാഗ്രത പുലർത്തി. ഇതു ശ്രദ്ധയിൽ പെട്ട അനുചരന്മാർ പറഞ്ഞു: 'ഇതൊക്കെ ഞങ്ങൾ ചെയ്തുകൊള്ളാം.' എന്നാൽ നബി തിരുമേനി ഇതംഗീകരിച്ചില്ല. എല്ലാം സ്വയംതന്നെ ചെയ്തുകൊണ്ട് അവിടുന്ന് പറഞ്ഞു: 'നമ്മുടെ സഹോദരന്മാരോട് അത്യുദാരമായി പെരുമാറിയവരാണവർ. അതിനാലവരോട് പ്രത്യുപകാരം ചെയ്യാൻ ഞാൻ ബാധ്യസ്ഥനാണ്.'
ഇത്തരം സമീപനങ്ങൾക്ക് തന്നെ പ്രേരിപ്പിക്കുന്ന സ്വന്തം നിലപാട് ഒരിക്കൽ അവിടുന്ന് ഇങ്ങനെ വ്യക്തമാക്കി. അലിയുടെ ചോദ്യത്തിന് മറുപടി പറയുകയായിരുന്നു നബി തിരുമേനി: 'അറിവാണെന്റെ മൂലധനം. വിവേകമാണെന്റെ ആദർശത്തിന്റെ അകക്കാമ്പ്; സ്നേഹമാണെന്റെ മൗലികത. പ്രത്യാശയാണെന്റെ വാഹനം. ദൈവസ്മരണയാണെന്റെ സഹചാരി. വിശ്വസ്തതയാണെന്റെ വിഭവം. ദുഃഖമാണെന്റെ കൂട്ടുകാരൻ. ഉൾക്കാഴ്ചയാണെന്റെ ആയുധം. ക്ഷമയാണെന്റെ വസ്ത്രം. സംതൃപ്തിയാണെന്റെ മൂലധനം. ദാരിദ്ര്യമാണെന്റെ അഭിമാനം. വിരക്തിയാണെന്റെ ചര്യ. ദൃഢവിശ്വാസമാണെന്റെ ഇന്ധനം. സത്യസന്ധതയാണെന്റെ ശിപാർശകൻ. അനുസരണമാണെന്റെ തറവാട്. ത്യാഗമാണെന്റെ ശക്തി. പ്രാർഥനയാണെന്റെ സന്തോഷം.'

## 102. പ്രവാചകന്റെ ക്ഷമ; സൈദിന്റെ മനംമാറ്റം

നബി തിരുമേനി തന്റെ ജാമാതാവു കൂടിയായ അലിയോടൊന്നിച്ച് പുറത്തിറങ്ങിയതായിരുന്നു. ഒരു ഗ്രാമീണൻ അദ്ദേഹത്തെ സമീപിച്ച് ഒരു സംഘം ഇസ്‌ലാം സ്വീകരിച്ച സംഭവം വിശദീകരിച്ചു. തുടർന്ന് അവരെ സാമ്പത്തികമായി സഹായിക്കാനാവശ്യപ്പെടുകയും ചെയ്തു. എന്നാൽ നബി തിരുമേനിയുടെയോ അലിയുടെയോ വശം ഒന്നുമുണ്ടായിരുന്നില്ല. ദൂരെ നിന്ന് ഇതൊക്കെ ശ്രദ്ധിച്ചുകൊണ്ടിരുന്ന ജൂത പുരോഹിതൻ സൈദുബ്നു സഅ്ന പ്രവാചകനെ സമീപിച്ചു ചോദിച്ചു: 'മുഹമ്മദേ, താങ്കൾ എനിക്ക് കാരക്ക വിൽക്കാൻ തയ്യാറുണ്ടോ? എങ്കിൽ ഞാനിപ്പോൾ പണം തരാം. കാരക്ക പിന്നീട് തന്നാൽ മതി.'
നബി തിരുമേനി അതംഗീകരിച്ച് വില നിശ്ചയിച്ച് അദ്ദേഹത്തിന് കാരക്ക വിറ്റു. വിലയായി എൺപത് നാണയം സ്വീകരിക്കുകയുംചെയ്തു. തുടർന്ന് ആ സംഖ്യ ഗ്രാമീണനെ ഏൽപിച്ചു. അത് ആവശ്യക്കാർക്ക് നൽകാൻ നിർദേശിക്കുകയും ചെയ്തു.
കാരക്ക നൽകേണ്ട സമയത്തിനു രണ്ടു മൂന്നു ദിവസം മുമ്പ് പ്രവാചകൻ ഒരു മൃതശരീരത്തെ അനുഗമിച്ചു. കൂടെ അബൂബക്കർ, ഉമർ, ഉസ്മാൻ പോലുള്ള പ്രഗൽഭരുമുണ്ട്. പരേതാത്മാവിനു വേണ്ടിയുള്ള നമസ്കാരം നിർവഹിച്ചശേഷം നബി തിരുമേനി ഒരിടത്ത് വിശ്രമിക്കുകയായിരുന്നു. ഈ അവസരമുപയോഗിച്ച സൈദുബ്നു സഅ്ന അദ്ദേഹത്തിന്റെ കുപ്പായവും തട്ടവും പിടിച്ചുവലിച്ചു. രൂക്ഷമായി നോക്കുകയും പരുഷ സ്വരത്തിലിങ്ങനെ പറയുകയും ചെയ്തു: 'മുഹമ്മദേ, എനിക്കു തരാനുള്ള കാരക്ക എവിടെ? നിങ്ങൾ അബ്ദുൽ മുത്ത്വലിബിന്റെ കുടുംബം അവകാശം കൊടുത്തുവീട്ടുന്നതിൽ വീഴ്ച വരുത്തുന്നവരാണെന്നാണ് എന്റെ അറിവ്!'
ഈ സംസാരവും പെരുമാറ്റവും ഉമറുൽ ഫാറൂഖിന് ഒട്ടും ഇഷ്ടപ്പെട്ടില്ല. അദ്ദേഹം സൈദിനെ രൂക്ഷമായി ആക്ഷേപിക്കുകയും കഥ കഴിക്കുമെന്ന് ഭീഷണിപ്പെടുത്തുകയും ചെയ്തു. എന്നാൽ നബിതിരുമേനിയുടെ നിലപാട് തീർത്തും വ്യത്യസ്തമായിരുന്നു. അദ്ദേഹം ഉമറിനെ ശാന്തമാവാനും സംയമനം പാലിക്കാനും ഉപദേശിച്ചു. തുടർന്ന് അയാൾക്കു നൽകാനുള്ള കാരക്ക അളന്നു കൊടുക്കാനാവശ്യപ്പെട്ടു. അയാൾക്ക് അവകാശപ്പെട്ടതിനെക്കാൾ അൽപം കൂടുതൽ കൊടുക്കണമെന്ന് നിർദേശിക്കുകയും ചെയ്തു. ഉമറുൽ ഫാറൂഖ് അത് നടപ്പാക്കുകയും അയാളോട് മാന്യമായി പെരുമാറുകയും ചെയ്തു. പ്രവാചകന്റെ അത്യസാധാരണ ക്ഷമയിലും ഉദാരതയിലും ആകൃഷ്ടനായ ആ ജൂത പുരോഹിതൻ സൈദുബ്നു സഅ്ന സന്മാർഗം സ്വീകരിച്ച് അദ്ദേഹത്തിന്റെ അനുയായിയായി.

## 103. അധ്വാനത്തിന്റെ മഹത്വം

പ്രവാചകനും അനുചരന്മാരും പള്ളിയിൽ ഇരിക്കുകയായിരുന്നു. ഒരാൾ വളരെ ധൃതിയിൽ ചടുലതയോടെ നടന്നുപോകുന്നത് അവരുടെ ശ്രദ്ധയിൽ പെട്ടു. അപ്പോൾ കൂട്ടത്തിലൊരാൾ പറഞ്ഞു: 'അയാൾ ഇത്ര ധൃതിയിൽ ഉന്മേഷത്തോടെ പോകുന്നത് ദൈവമാർഗത്തിലായിരുന്നെങ്കിൽ എത്ര നന്നായിരുന്നു!'
മതത്തെ സംബന്ധിച്ച വികലധാരണയാണ് ഈ പ്രസ്താവത്തിനു കാരണമെന്ന് ബോധ്യമായ പ്രവാചകൻ അയാളെ തിരുത്തി. അവിടുന്ന് അരുൾചെയ്തു: 'അയാൾ തന്റെ വൃദ്ധരായ മാതാപിതാക്കൾക്ക് ആഹാരസമ്പാദനത്തിനുവേണ്ടി അധ്വാനിക്കാനാണ് പോകുന്നതെങ്കിൽ അല്ലാഹുവിന്റെ മാർഗത്തിലാണ്. തന്റെ ഭാര്യയുടെയും കുട്ടികളുടെയും ആവശ്യനിർവഹണത്തിന് ജോലിയെടുക്കാനാണ് പോകുന്നതെങ്കിലും അല്ലാഹുവിന്റെ പാതയിൽതന്നെ. തന്റെ ജീവിതാവശ്യങ്ങൾ പൂർത്തീകരിക്കാൻ പണിയെടുക്കാനാണ് ധൃതിയിൽ പോകുന്നതെങ്കിലും അങ്ങനെത്തന്നെ. മറിച്ച്, തന്റെ പ്രൗഢി പ്രകടിപ്പിക്കാൻ പൊങ്ങച്ചത്തോടെയാണ് പോകുന്നതെങ്കിൽ പിശാചിന്റെ പാതയിലാണ്.'
മറ്റൊരിക്കൽ പ്രവാചകൻ തന്റെ ഒരനുയായിയുമായി ഹസ്തദാനം ചെയ്തു. അയാളുടെ കൈകൾ വല്ലാതെ പരുപരുത്തതായിരുന്നു. അതിനാൽ അവിടുന്ന് ചോദിച്ചു: 'എന്തുപറ്റി, താങ്കളുടെ കൈകൾക്ക്?'
'അധ്വാനത്തിന്റെ തഴമ്പുകളാണ്'– അയാൾ അറിയിച്ചു. അപ്പോൾ പ്രവാചകൻ അയാളുടെ രണ്ടു കൈകളും ചുംബിച്ചു. എന്നിട്ട് അവ രണ്ടും ഉയർത്തിപ്പിടിച്ച് അന്തരീക്ഷത്തിൽ വീശിക്കാണിച്ചു. പതാക പറത്തുംപോലെ. തുടർന്ന് എല്ലാവരും കേൾക്കെ പറഞ്ഞു: 'അല്ലാഹുവിനും അവന്റെ പ്രവാചകനും ഏറ്റവും ഇഷ്ടപ്പെട്ട കൈകൾ നിങ്ങൾക്ക് കാണണമെങ്കിൽ ഇതാ, ഈ കൈകൾ കണ്ടുകൊള്ളൂ!'
മതം മനുഷ്യനെ മടിയനും മുടിയനുമാക്കാനുള്ളതല്ലെന്നും നിരന്തര കർമത്തിനാണത് പ്രേരണ നൽകുന്നതെന്നും പഠിപ്പിക്കുകയായിരുന്നു ഇതിലൂടെ പ്രവാചകൻ. പാടുപെട്ട് പണിയെടുത്തതിന്റെ പാടുകളുള്ള കൈകളാണ് ഏറ്റം ശ്രേഷ്ഠമെന്ന് ജനങ്ങളെ ബോധ്യപ്പെടുത്തുകയും.

## 104. സ്ത്രീസ്വാതന്ത്ര്യം

പ്രവാചകനിയോഗത്തിനുമുമ്പ് അറേബ്യൻ സമൂഹം സ്ത്രീകൾക്ക് ഒട്ടും പരിഗണന നൽകിയിരുന്നില്ല. പ്രധാന പ്രശ്നങ്ങളിലൊന്നും അവരുമായി കൂടിയാലോചിച്ചിരുന്നില്ല. അവരുടെ നിർദേശങ്ങൾ അംഗീകരിക്കുന്നതും അനുസരിക്കുന്നതും അപകടം വരുത്തിവെക്കുമെന്ന് വിശ്വസിക്കുകയും ചെയ്തിരുന്നു.
ഇസ്ലാം ഈ അവസ്ഥക്ക് പൂർണമായ മാറ്റം വരുത്തി. അത് സ്ത്രീകൾക്ക് ഉയർന്ന പദവിയും മാന്യമായ സ്ഥാനവും നൽകി. കുടുംബിനികളുമായി കൂടിയാലോചിക്കുന്ന സമ്പ്രദായം നടപ്പാക്കി. പ്രഥമഘട്ടത്തിൽ പ്രവാചകൻ തന്നെയാണ് ഇതൊക്കെയും പ്രയോഗവത്കരിച്ചത്. അപ്പോൾ ഈ സദ്ഗുണം സമൂഹത്തിൽ സാർവത്രികമായിരുന്നില്ല.
അതിനാൽ ഉമറുൽഫാറൂഖിന്റെ ഭാര്യ അദ്ദേഹത്തോട് 'താങ്കൾക്ക് ഇങ്ങനെ ചെയ്തുകൂടേ' എന്ന് ചോദിച്ചപ്പോൾ കോപത്തോടെ അദ്ദേഹം പറഞ്ഞു: 'ഞാൻ എന്തു ചെയ്യണമെന്ന് നീ തീരുമാനിക്കേണ്ട. എന്റെ പ്രവർത്തനങ്ങളിലിടപെടുകയും വേണ്ട.'
ഇതുകേട്ട ഉമറുൽഫാറൂഖിന്റെ ഭാര്യ പറഞ്ഞു: 'ഇബ്നുൽ ഖത്താബ്, താങ്കളുടെ കാര്യം അദ്ഭുതംതന്നെ. താങ്കളെ വിമർശിക്കാൻ എന്നെ തീരേ അനുവദിക്കുന്നേയില്ല. എന്നാൽ താങ്കളുടെ മകൾ ഹഫ്സ അവളുടെ ഭർത്താവായ നബി തിരുമേനിയെ കുറ്റപ്പെടുത്താറുണ്ട്.'
ഇതുകേട്ട ഉമറുൽഫാറൂഖ് നേരെ മകളുടെ അടുത്തേക്ക് പോയി. എന്നിട്ട് അവളോടു ചോദിച്ചു. 'മോളേ, നബി തിരുമേനിക്ക് കോപം വരുമാറ് നീ അദ്ദേഹത്തെ കുറ്റപ്പെടുത്താറുണ്ടോ?'
'സത്യമായും ഞങ്ങൾ അദ്ദേഹത്തെ വിമർശിക്കാറുണ്ട്'– ഹഫ്സ അറിയിച്ചു.
'എന്നാൽ അല്ലാഹുവിന്റെ ശിക്ഷയും പ്രവാചകന്റെ കോപവും സൂക്ഷിച്ചുകൊള്ളുക'– ഉമറുൽഫാറൂഖ് മകളെ ശാസിച്ചു.
തുടർന്ന് അദ്ദേഹത്തിന്റെ ബന്ധുവും പ്രവാചക പത്നിയുമായ ഉമ്മുസലമയുടെ അടുത്തുചെന്നു. നബി തിരുമേനിയോടുള്ള സമീപനത്തെ സംബന്ധിച്ച് അവരോടും സംസാരിച്ചു. അപ്പോൾ ഉമ്മുസലമ പറഞ്ഞു: 'ഖത്താബിന്റെ മകനേ, താങ്കളുടെ കാര്യം വളരെ വിചിത്രം തന്നെ. എല്ലാ കാര്യത്തിലും ഇടപെട്ടു. ഇപ്പോൾ പ്രവാചകനും അദ്ദേഹത്തിന്റെ

പത്നിമാരും തമ്മിലുള്ള കാര്യത്തിലും ഇടപെടാനാണോ ഭാവം?'
ഉമറുൽഫാറൂഖിന് തന്റെ അബദ്ധം ബോധ്യമായി. ഒരക്ഷരം ഉരിയാടാതെ അദ്ദേഹം സ്ഥലംവിട്ടു.

## 105. പ്രവാചകനെ ഹർഷപുളകിതനാക്കിയ കവിത

സുഹൈറിന്റെ മകൻ കഅ്ബ് പ്രവാചകന്റെ കടുത്ത എതിരാളിയാണ്. അദ്ദേഹത്തിന്റെ നാവിന് വാളിനെക്കാൾ മൂർച്ചയുണ്ട്. നിമിഷ കവിയായിരുന്ന കഅ്ബ് തന്റെ കാവ്യ കഴിവൊക്കെയും ഉപയോഗിച്ചിരുന്നത്, പ്രവാചകനെ പരിഹസിക്കാനും ആക്ഷേപിക്കാനുമായിരുന്നു. അദ്ദേഹത്തിന്റെ വായിൽനിന്ന് പുറത്തുവരുന്ന ഓരോ വാക്കും വിഷം വമിക്കുന്നവയായിരുന്നു. നബി തിരുമേനിയുടെ അഭിമാനം ക്ഷതപ്പെടുത്തുന്നതും വികാരം വ്രണപ്പെടുത്തുന്നതും. അതിനാൽ തന്നെ പ്രവാചകനും അനുചരന്മാരും അയാളെ കഠിനമായി വെറുത്തു. മറ്റാർക്ക് മാപ്പ് നൽകിയാലും കഅ്ബിനെ വെറുതെ വിടരുതെന്നായിരുന്നു അവരുടെ നിലപാട്. അയാളുടെ ദ്രോഹം അത്ര കഠിനമായിരുന്നു. മക്കാ വിജയ വേളയിൽ പ്രവാചകൻ തന്റെ എതിരാളികളുടെ എല്ലാ തെറ്റുകുറ്റങ്ങൾക്കും മാപ്പേകി. അവർ ചെയ്ത കൊടുംക്രൂരതകളും അതിക്രമങ്ങളും മറക്കാനും പൊറുക്കാനും അനുയായികളോടാവശ്യപ്പെട്ടു. എന്നാൽ അപ്പോഴും മാപ്പർഹിക്കാത്ത ഏതാനും ചിലരെ മാറ്റിനിർത്തി. അവർ  വധാർഹരാണെന്ന് വിധിക്കപ്പെട്ടു. കഅ്ബ് അവരിൽ ഒരാളായിരുന്നു. തനിക്കിനി രക്ഷയില്ലെന്ന് മനസ്സിലാക്കിയ കഅ്ബ് വേഷപ്രച്ഛന്നനായി മദീനയിലെത്തി. ആരുംതന്നെ തിരിച്ചറിയാതിരിക്കാൻ ഏറെ ജാഗ്രത പുലർത്തി. പ്രവാചകന്റെ പള്ളിയിലെത്തിയ കഅ്ബ് അദ്ദേഹത്തെ അഭിവാദ്യം ചെയ്തു. നബി തിരുമേനിക്കു ചുറ്റും അവിടുത്തെ അനുചരന്മാരുണ്ടായിരുന്നുവെങ്കിലും അവർക്കൊന്നും ആളെ മനസ്സിലായില്ല. പ്രവാചകനുമായി സംസാരിച്ചുകൊണ്ടിരിക്കെ സ്വാഭാവികമെന്നപോലെ കഅ്ബ് ചോദിച്ചു:
'ഖേദിച്ചും പശ്ചാത്തപിച്ചും അഭയംതേടി സുഹൈറിന്റെ മകൻ കഅ്ബ് അങ്ങയെ സമീപിച്ചാൽ അങ്ങ് അയാൾക്ക് മാപ്പ് കൊടുക്കുമോ?'
'തീർച്ചയായും.' നബി തിരുമേനി പ്രതിവചിച്ചു. ഉടനെ 'താനാണ് കഅ്ബുബ്നു സുഹൈർ' എന്നു പറഞ്ഞ് അയാൾ സ്വയം പരിചയപ്പെടുത്തി. ഈ സംഭവത്തിനു സാക്ഷ്യംവഹിച്ച പ്രവാചകന്റെ അനുചരന്മാർക്കിത് സഹിക്കാവുന്നതിലപ്പുറമായിരുന്നു. അതേവരെ തങ്ങളുടെ കണ്ണിൽ പൊടിയിട്ട് ഒളിച്ചുകഴിഞ്ഞ ശത്രുവാണ് മുന്നിലെന്നറിഞ്ഞ അവർ അദ്ദേഹത്തിന്റെ കഥ കഴിക്കാൻ ആഗ്രഹിച്ചു. എന്നാൽ നബി തിരുമേനി അതംഗീകരിച്ചില്ല. അവിടുന്ന് അയാൾക്ക് നിരുപാധികം മാപ്പുകൊടുത്തു. ഇത് കഅ്ബിനെപ്പോലും വിസ്മയഭരിതനാക്കി. പ്രവാചകന്റെ ഹൃദയവിശാലതയിൽ ആകൃഷ്ടനായ അയാൾ അത്യാകർഷകമായ കവിതയിലൂടെ തിരുസന്നിധിയിൽ മാപ്പപേക്ഷ സമർപ്പിച്ചു. തനിക്കേറെ പ്രിയപ്പെട്ട ആത്മസഖി 'സുആദ'യുടെ വേർപാടിൽ വിരഹദുഃഖത്താൽ  വിലപിച്ച്, വിദൂരതയിൽ വിലയംപ്രാപിച്ച തന്റെ പ്രേമഭാജനവുമായുള്ള സംഗമ സ്വപ്നങ്ങളുടെ തുടക്കത്തോടെ കാൽപനികത മുറ്റിയ ശൈലിയിലാണ് കഅ്ബ് തന്റെ മാപ്പപേക്ഷ പ്രവാചക സന്നിധിയിൽ സമർപ്പിക്കുന്നത്.
'സുആദ വിദൂരതയിലായി. എന്റെ ഹൃദയമിന്ന് തുടിച്ചുകൊണ്ടിരിക്കുകയാണ്' എന്നാരംഭിക്കുന്ന കവിത ആലപിച്ച് തീർന്നതോടെ അതീവ സന്തുഷ്ടനായ പ്രവാചകൻ തന്റെ ഉത്തരീയം കഅ്ബിനു സമ്മാനിച്ചു. ഹൃദയപൂർവം അദ്ദേഹത്തെ അനുമോദിക്കുകയും ചെയ്തു. പതിനാലു നൂറ്റാണ്ടുകൾക്കു ശേഷമിന്നും ലോകമെങ്ങുമുള്ള വിശ്വാസികളുടെ നാവിൻതുമ്പുകളിൽ കഅ്ബിന്റെ ആ കാവ്യശകലങ്ങൾ തത്തിക്കളിക്കുന്നു.

## 106. സമ്പൂർണ സമത്വം

നബി തിരുമേനിയുടെ അടുത്ത അനുയായികളിലൊരാളാണ് അബൂദർരിൽ ഗിഫാരി. പ്രവാചകത്വത്തിന്റെ ആദ്യഘട്ടത്തിൽതന്നെ സന്മാർഗം സ്വീകരിച്ചു. അദ്ദേഹത്തിലൂടെ എഴുപതിലേറെ പേർ നബിതിരുമേനിയുടെ അനുയായികളായിത്തീർന്നു.
എത്യോപ്യൻ അടിമയായിരുന്ന ബിലാലുബ്നു റബാഹ് കരിക്കട്ടപോലെ കറുത്തവനായിരുന്നു. അബൂദർരിൽ ഗിഫാരി അദ്ദേഹവുമായി ശണ്ഠകൂടവെ 'കറുമ്പിയുടെ മോനേ'യെന്ന് വിളിച്ചു. ഇതിൽ പ്രതിഷേധിച്ച് ബിലാൽ പ്രവാചകനോട് പരാതി പറഞ്ഞു. നബി തിരുമേനി ഇരുവരെയും വിളിച്ച് വിവരമന്വേഷിച്ചു. സംഭവം ശരിയാണെന്ന് ബോധ്യമായതിനാൽ അബൂദർരിനോട് കർക്കശസ്വരത്തിൽ പറഞ്ഞു: 'താങ്കൾ അദ്ദേഹത്തെ തന്റെ തൊലിയുടെ

നിറത്തിന്റെ പേരിൽ പരിഹസിച്ചില്ലേ? താങ്കളിലിപ്പോഴും അനിസ്ലാമികതയുണ്ട്. ഗുരുതരമായ തെറ്റാണ് താങ്കൾ ചെയ്തത്. അതിനാൽ താങ്കളുടെ സഹോദരനെ സന്തോഷിപ്പിക്കുക.'
ഇതുകേട്ട് പശ്ചാത്താപവിവശനായ അബൂദർറ് ബിലാലിന്റെ അടുത്തുചെന്ന് തന്റെ തല നിലത്തുവെച്ച് മുഖത്ത് കാലുകൊണ്ട് ചവിട്ടാനാവശ്യപ്പെട്ടു. എന്നാൽ ബിലാൽ അദ്ദേഹത്തെ വാരിയെടുത്ത് ആലിംഗനം ചെയ്യുകയാണുണ്ടായത്.

## 107. അൻസ്വാറുകളുടെ സംതൃപ്തി

ഹുനൈൻ യുദ്ധത്തിൽ ലഭിച്ച സമ്പത്ത് നബി തിരുമേനി വിതരണം ചെയ്തത് പുതുതായി ഇസ്ലാം ആശ്ലേഷിച്ചവർക്കിടയിലായിരുന്നു. ലക്ഷ്യം ഇസ്ലാമിന്റെ നേട്ടവും മുസ്ലിം സമുദായത്തിന്റെ സുരക്ഷിതത്വവും തന്നെ. അതിനാൽ, അൻസ്വാറുകൾക്ക് അതിൽനിന്നൊന്നും ലഭിച്ചില്ല. ഇത് അവരിൽ ചിലരെ അസംതൃപ്തരാക്കി. അവരതിങ്ങനെ പ്രകടിപ്പിക്കുകയും ചെയ്തു: 'പ്രവാചകന് പടച്ചതമ്പുരാൻ പൊറുത്തുകൊടുക്കട്ടെ. അദ്ദേഹം എല്ലാം കൊടുത്തത് ഖുറൈശികൾക്കാണ്. നമ്മെ അവഗണിച്ചിരിക്കുന്നു. അതേസമയം യുദ്ധവിജയത്തിന് വഴിയൊരുക്കിയത് നമ്മുടെ ആയുധങ്ങളാണ്.'
അൻസ്വാറുകളുടെ ഈ പ്രതിഷേധത്തെപ്പറ്റി പ്രവാചകനും കേട്ടറിഞ്ഞു. അതിനാൽ, അവിടുന്ന് അവരെയൊക്കെ വിളിച്ചുവരുത്തി. എല്ലാവരും ഒത്തുകൂടിയപ്പോൾ അവരുടെ പരാതിയെസ്സംബന്ധിച്ച് അന്വേഷിച്ചു. അപ്പോഴവർ പറഞ്ഞു: 'ചില ചെറുപ്പക്കാരാണ് അവ്വിധം പരാതിപ്പെട്ടത്. മുതിർന്നവരും നേതാക്കളുമൊന്നും അതിലിടപെട്ടിട്ടില്ല.'
സന്ദർഭത്തിന്റെ താൽപര്യം പരിഗണിച്ച് നബി തിരുമേനി ചെറുപ്രഭാഷണം നിർവഹിച്ചു. അവിടുന്ന് അരുൾചെയ്തു: 'അൻസാറുകളേ, സമരാർജിതസമ്പത്തിന്റെ വിതരണത്തിൽ നിങ്ങൾ അസംതൃപ്തരാണെന്നറിയാൻ കഴിഞ്ഞു. നിങ്ങൾ അധർമത്തിലാണ്ടുകിടന്ന ഘട്ടത്തിലാണ് ഞാൻ വന്നത്. അങ്ങനെ അല്ലാഹു എന്നിലൂടെ നിങ്ങളെ സന്മാർഗത്തിലാക്കിയില്ലേ? ദരിദ്രരായിരുന്ന നിങ്ങളെ അവൻ സമ്പന്നരാക്കിയില്ലേ? പരസ്പരം പകയും പോരുമായി കഴിഞ്ഞുകൂടിയിരുന്ന നിങ്ങൾക്കിടയിൽ ഞാൻ വഴി അല്ലാഹു ഐക്യവും മമതയും സൗഹാർദവും സാഹോദര്യവും വളർത്തിയില്ലേ?'
'തീർച്ചയായും! അല്ലാഹുവും അവന്റെ ദൂതനും ചെയ്ത ഔദാര്യത്തിന് ഞങ്ങളെന്നും കടപ്പെട്ടവർതന്നെ'–അൻസ്വാറുകൾ പ്രതിവചിച്ചു.
അൽപസമയത്തെ മൗനത്തിനുശേഷം നബി തിരുമേനി അവരോട് ചോദിച്ചു: 'നിങ്ങൾ എന്തുകൊണ്ടിങ്ങനെ തിരിച്ചുചോദിക്കുന്നില്ല: അല്ലയോ മുഹമ്മദ്! സ്വന്തം ജനത അവിശ്വസിച്ച് ആട്ടിയോടിച്ചപ്പോൾ നീ ഞങ്ങളുടെയടുത്തുവന്നു. ഞങ്ങൾ നിനക്കഭയം നൽകിയില്ലേ? നിന്നിൽ വിശ്വാസമർപ്പിച്ചില്ലേ? നിനക്കാരും സഹായികളില്ലാതിരുന്നപ്പോൾ ഞങ്ങൾ സർവതും സമർപ്പിച്ച് സഹായിച്ചില്ലേ? സ്വന്തം വീട്ടിൽനിന്ന് പുറത്താക്കപ്പെട്ടപ്പോൾ നിനക്ക് വീട് നൽകിയില്ലേ? നിനക്ക് സംരക്ഷണമാവശ്യമായിവന്നപ്പോൾ സ്വയം അത് തന്നില്ലേ?'
തുടർന്ന് അവിടുന്ന് സംശയങ്ങൾക്ക് നിവാരണം വരുത്തിക്കൊണ്ടിങ്ങനെ പറഞ്ഞു: 'ജനങ്ങൾ ആടുമാടുകളുമായി പോകുമ്പോൾ നിങ്ങൾ അല്ലാഹുവിന്റെ ദൂതനുമായി തിരിച്ചുപോകുന്നത് നിങ്ങൾക്കിഷ്ടമല്ലേ? മുഴുവനാളുകൾക്കും കിട്ടിയതിനെക്കാൾ ഉത്തമമായതാണ് നിങ്ങൾക്ക് ലഭിച്ചിരിക്കുന്നത്; തീർച്ച.'
'അല്ലാഹുവിന്റെ ദൂതരേ, ഞങ്ങൾ പൂർണ സംതൃപ്തരാണ്'–അൻസ്വാറുകൾ ഏകസ്വരത്തിൽ പ്രതിവചിച്ചു.

## 108. പ്രവാചകന്റെ പള്ളിയിൽ ക്രൈസ്തവ പ്രാർഥന

നജ്റാനിൽനിന്ന് ഒരു സംഘം ക്രൈസ്തവർ പ്രവാചകനെത്തേടിയെത്തി. ഭരണാധികാരി കൂടിയായ നബി തിരുമേനിയുമായി ആശയവിനിമയം നടത്തലായിരുന്നു ലക്ഷ്യം. പ്രവാചകൻ അവരെ സ്വീകരിച്ച് പള്ളിയിലേക്കാനയിച്ചു. അവർക്ക് വിശ്രമത്തിനും മറ്റും സൗകര്യമൊരുക്കിയത് അവിടെ പള്ളിയിൽ തന്നെയായിരുന്നു. പ്രാർഥനാ സമയമായപ്പോൾ നബി തിരുമേനി തന്റെ അതിഥികളായെത്തിയ ക്രൈസ്തവ സഹോദരങ്ങൾക്ക് പള്ളിയിൽ തന്നെ സൗകര്യം ചെയ്തുകൊടുത്തു. അവർ തങ്ങളുടെ മതാചാരമനുസരിച്ച് പ്രവാചകന്റെ പള്ളിയിൽ വെച്ചുതന്നെ ആരാധനാ കർമങ്ങൾ നിർവഹിച്ചു.
ക്രൈസ്തവ സഹോദരന്മാർ നബി തിരുമേനിയുമായി ദീർഘനേരം ആശയവിനിമയം നടത്തി. അവിടുന്ന് അവരുടെമുമ്പിൽ ദൈവിക സന്മാർഗം വിശദമായി വിവരിച്ചു. അതിലൂടെ അവർക്ക്

സത്യം ബോധ്യമായി. എങ്കിലും അതംഗീകരിക്കാൻ അവർ തയ്യാറായില്ല. അവരുടെ നേതാവ് അബൂഹാരിസയുടെ നിലപാടായിരുന്നു അതിനു കാരണം. അദ്ദേഹം മുഖ്യ പുരോഹിതനും നേതാവും അതി സമർഥനുമായിരുന്നു. പ്രവാചകൻ പറഞ്ഞതൊക്കെ സത്യമാണെന്ന് അദ്ദേഹത്തിന് നല്ല ബോധ്യമുണ്ടായിരുന്നു. എന്നിട്ടും എന്തുകൊണ്ട് സന്മാർഗം സ്വീകരിക്കുന്നില്ല എന്ന ചോദ്യത്തിന് അദ്ദേഹം നൽകിയ മറുപടി ഇതായിരുന്നു:
'ഈ ജനത എനിക്കു നൽകിയ സ്ഥാനമാനങ്ങളാണ് എന്റെ പ്രശ്നം. അവരെന്നെ നേതാവാക്കി. ധാരാളം സമ്പത്ത് നൽകി. ആദരണീയ സ്ഥാനവും സമ്മാനിച്ചു. ഞാനിപ്പോൾ പ്രവാചകനെ പിന്തുടർന്നാൽ അവരെന്നെ കയ്യൊഴിക്കും. എനിക്കു നൽകിയ സഹായങ്ങളൊക്കെ തിരിച്ചെടുക്കും. അതിനാൽ, ഞാൻ പ്രവാചകനെ തള്ളിപ്പറയാൻ ബാധ്യസ്ഥനാണ്.'
സത്യം ബോധ്യമായിട്ടും അതിന്റെ നേരെ പുറംതിരിഞ്ഞുനിന്ന അബൂഹാരിസയോടും സംഘത്തോടും പ്രവാചകൻ ഒട്ടും അനിഷ്ടം കാട്ടിയില്ല. അവരോട് ഉദാരമായി പെരുമാറുകയും മാന്യമായി യാത്രയയക്കുകയും ചെയ്തു

## 109. യുവത്വത്തിന് മികച്ച പരിഗണ

അറേബ്യൻ അതിർത്തികൾ ആക്രമിക്കാൻ ബൈസാന്റിയൻ സൈന്യം സജ്ജമാകുന്ന വിവരം പ്രവാചകനറിഞ്ഞു. അതിനെ പ്രതിരോധിക്കണമെങ്കിൽ സിറിയയുടെ അതിർത്തി ഭദ്രമാക്കേണ്ടതുണ്ട്. അതു സാധ്യമാകാൻ കരുത്തുറ്റ സൈന്യത്തെ തയ്യാറാക്കണം. നബി തിരുമേനി തന്റെ അനുചരന്മാരെ ഒരുമിച്ചുകൂട്ടി വിവരം അറിയിച്ചു. സൈനിക സേവനത്തിന് സന്നദ്ധമാകാൻ അവരോടാവശ്യപ്പെട്ടു.
സൈന്യം സംഘടിച്ചു. അവർ യാത്രക്ക് സജ്ജമായി. അബൂബക്ർ സിദ്ദീഖും ഉമറുൽ ഫാറൂഖും ഉൾപ്പെടെ വളരെ പ്രഗത്ഭരും പ്രശസ്തരും അക്കൂട്ടത്തിലുണ്ടായിരുന്നു. എന്നിട്ടും നബി തിരുമേനി ആ സൈന്യത്തിന്റെ നേതൃത്വം ഏൽപിച്ചത് ഇരുപത് വയസ്സുപോലും പ്രായമാകാത്ത ചെറുപ്പക്കാരനെയാണ്. സൈദുബ്നു ഹാരിഥയുടെ മകൻ ഉസാമയെ. അദ്ദേഹത്തിന്റെ പിതാവ് അതിനുമുമ്പു ബൈസാന്തിയൻ പടയുമായി നടന്ന യുദ്ധത്തിൽ രക്തസാക്ഷിയായിരുന്നു.
പ്രായം അറുപതുകളോടടുത്തവരും ഏറെ പാരമ്പര്യമുള്ളവരും ഉൾപ്പെട്ട സൈന്യത്തിന് നേതൃത്വംനൽകാൻ ഒരു ചെറുപ്പക്കാരനെ ചുമതലപ്പെടുത്തിയത് എല്ലാവരെയും അത്ഭുതപ്പെടുത്തി. അത് സ്വാഭാവികവുമാണല്ലോ. ചിലരെങ്കിലും മനസാ അലോസരപ്പെടുകയും ചെയ്തു. എങ്കിലും ആരും ഒന്നും തുറന്നുപറഞ്ഞില്ല. പ്രതിഷേധം പ്രകടിപ്പിച്ചതുമില്ല. എന്നിട്ടും പ്രവാചകൻ അവരുടെ മനോഗതം വായിച്ചറിഞ്ഞു. അദ്ദേഹം നേരത്തെ തന്നെ അത്തരമൊരു പ്രതികരണം പ്രതീക്ഷിച്ചതുമായിരുന്നു.
യുവത്വത്തിന് അർഹമായ പരിഗണനന നൽകണമെന്ന് പ്രവാചകന് നിർബന്ധമുണ്ടായിരുന്നു. അവരെ പരമാവധി പ്രോത്സാഹിപ്പിക്കണമെന്നും. അങ്ങനെ തനിക്കു പിന്നാലെ വരുന്നവർ യുവത്വത്തിന്റെ കരുത്ത് പരിഗണിച്ച് ചെറുപ്പക്കാർക്ക് ഉയർന്ന അംഗീകാരം നൽകണമെന്നും അവിടുന്ന് ആഗ്രഹിച്ചു.
സൈന്യം പുറപ്പെടുന്നതിനുമുമ്പുതന്നെ പ്രവാചകൻ രോഗബാധിതനായി. എന്നിട്ടും തന്റെ അനുചരന്മാരുടെ ആശങ്ക അകറ്റാൻ തിടുക്കം കാണിച്ചു. പള്ളിയിൽ ഒരുമിച്ചുകൂട്ടിയശേഷം പ്രവാചകൻ അവരെ അഭിമുഖീകരിച്ചു: 'ജനങ്ങളേ, ഉസാമയുടെ നേതൃത്വം സ്വീകരിച്ച് സൈനികച്ചുമതല പൂർത്തീകരിക്കുക. അദ്ദേഹത്തിന്റെ നേതൃത്വത്തെപ്പറ്റി പരാതിയുള്ളവർ അറിയുക; അദ്ദേഹത്തിന്റെ പിതാവിന്റെ നേതൃത്വത്തെ സംബന്ധിച്ചും പരാതികളുണ്ടായിരുന്നു. പിതാവിനെപ്പോലെത്തന്നെ ഉസാമയും നേതൃത്വത്തിന് അർഹനാണ്.'
പ്രവാചകന്റെ രോഗം മൂർഛിച്ചു. അവിടുന്ന് ഇഹലോകവാസം വെടിയുകയും ചെയ്തു. അതിനാൽ അബൂബക്കർ സിദ്ധീഖ് ഖലീഫയായി തെരഞ്ഞെടുക്കപ്പെട്ടശേഷമാണ് സൈന്യം യാത്ര തിരിച്ചത്. ഒന്നാം ഖലീഫയും നേതൃത്വം ഏൽപിച്ചത് ഉസാമയെത്തന്നെയാണ്. പ്രവാചക മാതൃക പിന്തുടരാൻ പ്രതിജ്ഞാബദ്ധനായിരുന്നു അദ്ദേഹം. തന്റെ മൂന്നിലൊന്നുപോലും പ്രായമില്ലാത്ത സർവസൈന്യാധിപൻ ഉസാമ വാഹനപ്പുറത്തായിരിക്കെ ഭരണാധികാരിയായ അബൂബക്ർ സിദ്ദീഖ് കാൽനടയായി ഏറെ ദൂരം നടന്നുചെന്ന് അദ്ദേഹത്തെ യാത്രയയയ്ക്കുകയുണ്ടായി. യുവത്വം ചരിത്രത്തിലൊരിക്കലും ഇവ്വിധം അംഗീകരിക്കപ്പെട്ടിരിക്കില്ലെന്നുറപ്പ്. പ്രവാചകന്റെ സവിശേഷമായ സമീപനമാണ് ഇതിനു വഴിയൊരുക്കിയത്.

## 110. പ്രവാചകൻ വിടപറയുന്നു

പ്രിയ പത്നി ആഇശയുടെ മടിയിൽ തലവെച്ച് പ്രവാചകൻ പരലോകം പ്രാപിച്ചു. പള്ളിയിൽ ഒരുമിച്ചുകൂടിയിരുന്ന വിശ്വാസികൾ ചരമ വിവരമറിഞ്ഞ് അമ്പരന്നു. എന്നാൽ അവിടെ ഓടിക്കിതച്ചെത്തിയ ഉമറുൽ ഫാറൂഖ് ഇത് വിശ്വസിച്ചില്ല. മൃതദേഹം നേരിൽ കണ്ടെങ്കിലും ബോധക്ഷയം ബാധിച്ച് കിടക്കുകയാണെന്ന് വിശ്വസിക്കാനാണ് അദ്ദേഹം താൽപര്യംകാണിച്ചത്. മരണം ബോധ്യപ്പെടുത്താൻ മുഗീറ പരമാവധി ശ്രമിച്ചെങ്കിലും പരാജയപ്പെടുകയായിരുന്നു. ഉമർ അദ്ദേഹത്തെയും കൂട്ടി പള്ളിയിലെത്തി. അവിടെ കൂടിയിരുന്ന് പ്രവാചക വിയോഗത്തെ സംബന്ധിച്ച് സംസാരിച്ചുകൊണ്ടിരുന്നവരുടെ നേരെ തിരിഞ്ഞ് ഉച്ചത്തിൽ വിളിച്ചുപറഞ്ഞു: 'പ്രവാചകൻ പരലോകം പ്രാപിച്ചുവെന്ന് ചില കപടവിശ്വാസികൾ വാദിക്കുന്നു. അല്ലാഹുവാണ! അദ്ദേഹം മരിച്ചിട്ടില്ല; തീർച്ച. ഇംറാന്റെ മകൻ മൂസ ദൈവ സന്നിധിയിലേക്കു പോയതുപോലെ അദ്ദേഹവും അല്ലാഹുവിന്റെ അടുത്തേക്ക് പോയതാണ്. അദ്ദേഹവും മരിച്ചുവെന്ന് ജനം പ്രചരിപ്പിച്ചിരുന്നു!! എന്നിട്ട് അദ്ദേഹം മടങ്ങിവന്നില്ലേ?! അല്ലാഹുവാണ! മൂസ മടങ്ങിവന്നതുപോലെ തിരുദൂതരും തിരിച്ചുവരും. മടങ്ങിവന്നാൽ മരിച്ചുവെന്ന് പ്രചരിപ്പിച്ചവരോട് പ്രതികാരം ചെയ്യും.' സ്വബോധം നഷ്ടപ്പെട്ടവനെപ്പോലെയാണ് ഉമർ ഇത് വിളിച്ചുപറഞ്ഞത്.
പള്ളിയിൽ ഒരുമിച്ചുകൂടിയവർക്കും ഉമർ പറയുന്നത് വിശ്വസിക്കാനായിരുന്നു താൽപര്യം. അന്ന് രാവിലെപ്പോലും തങ്ങളോടൊപ്പം കഴിഞ്ഞ നബി തിരുമേനി മരണമടയാതിരിക്കട്ടെയെന്നും ഉമർ പറഞ്ഞത് സത്യമായി പുലരട്ടെയെന്നും അവർ ആത്മാർഥമായി ആഗ്രഹിച്ചു. ഹൃദയംഗമമായി പ്രാർഥിച്ചു.
പ്രവാചകന്റെ മരണ വാർത്ത കേട്ടറിഞ്ഞ അബൂബക്കർ സിദ്ദീഖ് മകൾ ആഇശയുടെ വീട്ടിൽ ഓടിയെത്തി. മൃതശരീരത്തിന്റെ മുഖത്തുനിന്ന് വസ്ത്രം മാറ്റി തിരുമുഖം ചുംബിച്ചുകൊണ്ട് പറഞ്ഞു: 'ജീവിതത്തിലും മരണത്തിലും അങ്ങ് എത്ര പരിശുദ്ധൻ!'
തുടർന്ന് പ്രവാചക മുഖത്ത് സൂക്ഷിച്ചുനോക്കിക്കൊണ്ട് അദ്ദേഹം പറഞ്ഞു: 'അല്ലാഹു നിശ്ചയിച്ച മരണം അങ്ങ് ആസ്വദിച്ചുകഴിഞ്ഞു. ഇനി അങ്ങയ്ക്കൊരു മരണമില്ല.' മൃതശരീരം മൂടി അബൂബക്കർ സിദ്ദീഖ് നേരെ പള്ളിയിലേക്കു പോയി. അപ്പോഴും ഉമറുൽ ഫാറൂഖ് തന്റെ ആക്രോശം തുടരുകയായിരുന്നു. എന്നാൽ അബൂബക്കറിനെ കണ്ടതോടെ ജനം അദ്ദേഹത്തിന്റെ നേരെ തിരിഞ്ഞു. നബി തിരുമേനിയെപ്പറ്റി എന്തും ആധികാരികമായി പറയാൻ അർഹത അദ്ദേഹത്തിനാണെന്ന് അവർക്കൊക്കെ അറിയാമായിരുന്നു. സന്ദർഭത്തിന്റെ ഗൗരവവും താൽപര്യവും തിരിച്ചറിഞ്ഞ അദ്ദേഹം അല്ലാഹുവെ സ്തുതിച്ചശേഷം അവരോട് പറഞ്ഞു: 'അറിയുക; ആരെങ്കിലും മുഹമ്മദിനെയാണ് ആരാധിച്ചിരുന്നതെങ്കിൽ അദ്ദേഹമിതാ അന്ത്യശ്വാസം വലിച്ചിരിക്കുന്നു. അല്ലാഹുവിനെയാണ് ആരാധിച്ചിരുന്നതെങ്കിൽ അല്ലാഹു മരണമില്ലാത്തവനും എന്നെന്നും നിലനിൽക്കുന്നവനുമാണ്.' തുടർന്ന് വിശുദ്ധ ഖുർആനിലെ ഈ സൂക്തം പാരായണം ചെയ്തു:
'മുഹമ്മദ് ദൈവദൂതനല്ലാതാരുമല്ല. അദ്ദേഹത്തിനു മുമ്പും ദൈവദൂതന്മാർ കഴിഞ്ഞുപോയിട്ടുണ്ട്. അദ്ദേഹം മരണപ്പെടുകയോ വധിക്കപ്പെടുകയോ ചെയ്താൽ നിങ്ങൾ പിന്തിരിഞ്ഞുപോവുകയോ? ആരെങ്കിലും പിന്തിരിഞ്ഞുപോകുന്നുവെങ്കിൽ അറിയുക: അവൻ അല്ലാഹുവിന് ഒരു ദ്രോഹവും വരുത്തുകയില്ല. അതോടൊപ്പം നന്ദി കാണിക്കുന്നവർക്ക് അല്ലാഹു അർഹമായ പ്രതിഫലം നൽകും.' (3:144)
ഉമറുൾപ്പെടെ ഏറെപ്പേരും ഈ വിശുദ്ധ വചനം ആദ്യം കേൾക്കുന്നപോലെയായിരുന്നു. പ്രവാചക വിയോഗം സംബന്ധിച്ച വാർത്ത സൃഷ്ടിച്ച വിഭ്രാന്തി അവരെ അത്രയേറെ വിസ്മൃതിയിലകപ്പെടുത്തിയിരുന്നു. ഖുർആൻ സൂക്തം കേട്ടതോടെ തങ്ങളുടെ സർവസ്വമായ നബി തിരുമേനിയുടെ മരണം ഒരു യാഥാർഥ്യമായി അവരംഗീകരിച്ചു. അതോടെ തീവ്ര ദുഃഖം അവരുടെയൊക്കെ സിരകളിലൂടെ കുത്തിയൊഴുകി. അവ നെടുവീർപ്പുകളായും കണ്ണീർ കണങ്ങളായും പുറത്തുവന്നു.

# 111. പ്രവാചകന്റെ വിടവാങ്ങൽ പ്രഭാഷണം

ഹിജ്‌റ വർഷം പത്തിൽ നബി തിരുമേനി ഹജ്ജ് കർമം നിർവഹിച്ചു. കൂടെ ലക്ഷത്തിലേറെ അനുയായികളുമുണ്ടായിരുന്നു. പ്രവാചക ജീവിതത്തിലെ ആദ്യത്തെയും അവസാനത്തെയും ഹജ്ജായിരുന്നു അത്. അറഫാ മലയിലെ 'ഉർനാ' താഴ്‌വരയിൽവെച്ച് നബി തിരുമേനി വിശ്വാസികളുടെ മഹാ സാഗരത്തെ അഭിമുഖീകരിച്ച് സംസാരിച്ചു. 'ഖസ്‌വാ' എന്ന തന്റെ ഒട്ടകപ്പുറത്തിരുന്നു നടത്തിയ ചരിത്ര പ്രസിദ്ധമായ പ്രഭാഷണം ജനം കേൾക്കാനായി റാബിഅഃതുബ്‌നു ഉമയ്യ അത്യുച്ചത്തിൽ ആവർത്തിക്കുകയായിരുന്നു. 'വിടവാങ്ങൽ പ്രസംഗം' എന്ന പേരിലറിയപ്പെടുന്ന ഈ അറഫാ പ്രഭാഷണത്തിൽ അദ്ദേഹം പറഞ്ഞു:
'ജനങ്ങളേ, എന്റെ വാക്കുകൾ ശ്രദ്ധാപൂർവം കേൾക്കുക. ഇനി ഒരിക്കൽകൂടി ഇവിടെ വെച്ച് നിങ്ങളുമായി സന്ധിക്കാൻ സാധിക്കുമോയെന്ന് എനിക്കറിയില്ല.
'ജനങ്ങളേ, നിങ്ങളുടെ രക്തവും ധനവും അന്ത്യനാൾവരെ പവിത്രമാണ്. ഈ മാസവും ഈ ദിവസവും പവിത്രമായ പോലെ. തീർച്ചയായും നിങ്ങൾ നിങ്ങളുടെ നാഥനുമായി കണ്ടുമുട്ടും. അപ്പോൾ അവൻ നിങ്ങളുടെ കർമങ്ങളെക്കുറിച്ച് നിങ്ങളോടു ചോദിക്കും. ഈ സന്ദേശം നിങ്ങൾക്കെത്തിച്ചു തരികയെന്ന ചുമതല ഞാൻ  പൂർത്തീകരിച്ചിരിക്കുന്നു. അല്ലാഹുവേ, നീയിതിനു സാക്ഷി!
'വല്ലവരുടെയും വശം വല്ല അമാനത്തുമുണ്ടെങ്കിൽ അത് അതിന്റെ അവകാശികളെ തിരിച്ചേൽപിച്ചുകൊള്ളട്ടെ. എല്ലാ പലിശ ഇടപാടുകളും ഇന്നു മുതൽ നാം ദുർബലപ്പെടുത്തിയിരിക്കുന്നു. എന്നാൽ മൂലധനത്തിൽ നിങ്ങൾക്കവകാശമുണ്ട്. അതിനാൽ നിങ്ങൾക്കൊട്ടും നഷ്ടം പറ്റുന്നില്ല. പലിശ പാടില്ലെന്ന് അല്ലാഹു വിധിച്ചു കഴിഞ്ഞു.
'ആദ്യമായി എന്റെ പിതൃവ്യൻ അബ്ബാസിന് കിട്ടാനുള്ള പലിശയിതാ ഞാൻ റദ്ദുചെയ്യുന്നു. അനിസ്‌ലാമിക കാലത്തെ എല്ലാ കുടിപ്പകയും ഇന്നത്തോടെ ദുർബലപ്പെടുത്തിയിരിക്കുന്നു. അനിസ്‌ലാമിക കാലത്തെ എല്ലാവിധ കുലമഹിമകളും പദവികളും ഇതോടെ അസാധുവാക്കിയിരിക്കുന്നു.
'ജനങ്ങളേ, നിങ്ങൾക്ക് സ്ത്രീകളോട് ചില ബാധ്യതകളുണ്ട്. അവർക്ക് നിങ്ങളോടും. നിങ്ങൾക്കിഷ്ടമില്ലാത്തവരെ നിങ്ങളുടെ വിരിപ്പ് സ്പർശിക്കാൻ അവരനുവദിക്കരുത്. വ്യക്തമായ നീച വൃത്തികൾ ചെയ്യുകയുമരുത്. സ്ത്രീകളോട് നിങ്ങൾ ദയാപുരസ്സരം പെരുമാറുക. അവർ നിങ്ങളുടെ ആശ്രിതരും പങ്കാളികളുമാണ്. അല്ലാഹുവിന്റെ അമാനത്തായാണ് നിങ്ങളവരെ വിവാഹം ചെയ്തത്.
'ജനങ്ങളേ, വിശ്വാസികൾ പരസ്പരം സഹോദരങ്ങളാണ്. തന്റെ സഹോദരൻ മനസ്സംതൃപ്തിയോടെ തരുന്നതല്ലാതെ ആർക്കും ഒന്നും അനുവദനീയമല്ല. അതിനാൽ നിങ്ങളന്യോന്യം ഹിംസകളിലേർപ്പെടാതിരിക്കുക. അങ്ങനെചെയ്താൽ നിങ്ങൾ സത്യനിഷേധികളാകും.
'ജനങ്ങളേ, എന്റെ വാക്കുകൾ ശ്രദ്ധാപൂർവം കേൾക്കുക; വളരെ വ്യക്തമായ കാര്യം ഇവിടെ വിട്ടേച്ചാണ് ഞാൻ പോകുന്നത്. അല്ലാഹുവിന്റെ ഗ്രന്ഥവും അവന്റെ ദൂതന്റെ ചര്യയുമാണത്.
'ജനങ്ങളേ, നിങ്ങളുടെ ദൈവം ഏകനാണ്. നിങ്ങളെല്ലാം ഒരേ പിതാവിന്റെ മക്കളാണ്. നിങ്ങളെല്ലാം ആദമിൽനിന്നുള്ളവരാണ്. ആദമോ മണ്ണിൽനിന്നും. അതിനാൽ അറബിക്ക് അനറബിയെക്കാളോ അനറബിക്ക് അറബിയെക്കാളോ ഒട്ടും ശ്രേഷ്ഠതയില്ല. ദൈവഭക്തിയുടെ അടിസ്ഥാനത്തിലല്ലാതെ.
'അല്ലാഹുവേ, ഞാൻ ഈ സന്ദേശം എത്തിച്ചുകൊടുത്തില്ലേ? അല്ലാഹുവേ, നീയിതിനു സാക്ഷി. അറിയുക: ഈ സന്ദേശം കിട്ടിയവർ അത് കിട്ടാത്തവർക്ക് എത്തിച്ചുകൊടുക്കട്ടെ.'